**ചർച്ച**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട ഗവർണർ കേരള നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ പ്രതിപക്ഷത്തിന് എന്തുപറ്റി എന്ന ചോദ്യമാണ് കഴിഞ്ഞ ദിവസങ്ങളിലെ പ്രതിപക്ഷ പ്രകടനം കാണുമ്പോൾ ചോദിക്കാൻ തോന്നുന്നത്. പ്രത്യേകിച്ച് നമ്മുടെ പ്രതിപക്ഷ നേതാവിന് എന്താണ് സംഭവിച്ചിരിക്കുന്നത് എന്ന ചോദ്യം അറിയാതെ ചോദിച്ചുപോകുകയാണ്. കഴിഞ്ഞ ദിവസം ഈ സഭയിൽ അദ്ദേഹം നടത്തിയ പ്രകടനം ഈ ലോകമാകെ കണ്ടതാണ്. സാധാരണഗതിയിൽ നമ്മുടെ സഭയിൽ ചില ഒച്ചപ്പാടുകളൊക്കെ ഉണ്ടാകാറുണ്ട്. ഏതെങ്കിലും ഒരു അംഗം സംസാരിക്കുമ്പോൾ ഹിതകരമല്ലാത്ത പ്രയോഗങ്ങൾ വന്നാൽ ചെറിയ ബഹളമുണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ അത്തരമൊരു ചെറിയ ബഹളത്തോട് കേരളത്തിന്റെ പ്രതിപക്ഷനേതാവ് പ്രതികരിച്ച രീതി നമ്മുടെ സഭയുടെ അന്തസ്സിന് നിരക്കുന്നതാണോയെന്ന് ഇനി

സംസാരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ പറയണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അദ്ദേഹം കൈയിലിരുന്ന കടലാസ് ചുരുട്ടിക്കൂട്ടി വലിച്ചെറിയുകയും മോശം പദപ്രയോഗങ്ങൾ വിളിച്ചുപറയുകയും സഹപ്രവർത്തകരായ എം.എൽ.എ.-മാരോട് സഭയുടെ നടുത്തളത്തിലേക്ക് ഇറങ്ങാൻ ആവശ്യപ്പെടുകയുമാണ് ചെയ്തത്. മാത്രമല്ല, ആദരണീയനായ സ്പീക്കറുടെ മുഖത്തേയ്ക്ക് നോക്കി 'പൂസ്' കിട്ടുമെന്ന് പറയുകയാണ്. അത് എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അത് മലബാറിലെ പ്രയോഗമാണോ, മധ്യതിരുവിതാംകൂറിലെ പ്രയോഗമാണോ എന്നൊന്നും മനസ്സിലായിട്ടില്ല. ഞാൻ ആവർത്തിച്ച് കേട്ടുനോക്കി. എന്താണ് 'പൂസ്' എന്ന് ഞാൻ പലരോടും അന്വേഷിച്ചുനോക്കി. 'പൂസ്' എന്ന പ്രയോഗത്തിന് അവർ പറഞ്ഞ അർത്ഥം ഈ സഭയിൽ പറയാൻ കഴിയില്ല. ഏതായാലും സഭയുടെ നാഥനായ സ്പീക്കറുടെ മുഖത്തേയ്ക്ക് നോക്കി വിരൽചൂണ്ടിയാണ് 'പൂസ്' കിട്ടുമെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത്. ഞാൻ നേരത്തെ പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുകയാണ്, ഈ സഭയുടെ അന്തസ്സിനുചേർന്ന പ്രവൃത്തിയാണോ നമ്മുടെ സംസ്ഥാനത്തിന്റെ പ്രതിപക്ഷനേതാവ് ഈ സഭയിൽ സ്വീകരിക്കുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ

ഉപനേതാവിന് സംസാരിക്കാൻ അവസരം ലഭിക്കുകയാണെങ്കിൽ അദ്ദേഹം പറയണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. 'അങ്ങാടിയിൽ തോറ്റാൽ അമ്മയോട്' എന്നൊരു പ്രയോഗമുണ്ട്. ഇവിടെ അങ്ങാടി കോൺഗ്രസ് പാർട്ടിയാണ്. അവിടെ പ്രതിപക്ഷനേതാവ് നിരന്തരം തോറ്റുകൊണ്ടേയിരിക്കുകയാണ്. കെ.പി.സി.സി. യോഗത്തിൽ പങ്കെടുക്കാൻ കഴിയാത്തവിധം രൂക്ഷമായ വിമർശനങ്ങളും ആക്രമണങ്ങളുമാണ് ഏകാധിപതിയുടെ മനോഭാവത്തോടുകൂടി തീരുമാനമെടുക്കുന്ന കേരളത്തിന്റെ പ്രതിപക്ഷനേതാവിനെതിരെ കോൺഗ്രസ് പാർട്ടിക്കകത്തുനിന്നുതന്നെ ഉയരുന്നത്. ചില മാധ്യമങ്ങൾ പറയുന്നത് വിശ്വസിക്കാമെങ്കിൽ, യോഗത്തിന്റെ പകുതിക്കുവച്ച് ഇറങ്ങിപ്പോകേണ്ട സ്ഥിതിയിലേക്ക് അദ്ദേഹം എത്തിച്ചേരുന്നു എന്നുള്ളതാണ്. കെ.പി.സി.സി. അധ്യക്ഷനും പ്രതിപക്ഷനേതാവും തമ്മിലുള്ള ബന്ധം നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുകയാണ്. ഞാനതൊന്നും ഇവിടെ ആവർത്തിക്കുന്നില്ല. ഒരു പത്രസമ്മേളനത്തിൽ കെ.പി.സി.സി. അധ്യക്ഷൻ അദ്ദേഹത്തിന്റെമേൽ നടത്തിയ പദപ്രയോഗം ഈ കേരളം കേട്ടതാണ്. അതിനെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. നമ്മുടെ സഭയിൽ നമ്മെ അലട്ടുന്ന പ്രധാനപ്പെട്ട

പ്രശ്നമെന്താണ്? ഇവിടെ എത്ര പ്രതിപക്ഷനേതാക്കന്മാരാണുള്ളത്; ഏത് പ്രതിപക്ഷനേതാവിനോടാണ് നമ്മൾ പ്രതികരിക്കേണ്ടത്? ആരാണ് പ്രധാനപ്പെട്ടയാൾ എന്ന് സ്ഥാപിച്ചെടുക്കാൻവേണ്ടി മുൻ പ്രതിപക്ഷനേതാവും ഇപ്പോഴത്തെ പ്രതിപക്ഷനേതാവും തമ്മിൽ മത്സരിക്കുകയാണ്. ഇത്തരത്തിൽ കോൺഗ്രസ് പാർട്ടിക്കകത്ത് പ്രതിപക്ഷ നേതൃസ്ഥാനത്തിനും ഭാവിയിൽ എപ്പോഴെങ്കിലും ഒരു മുഖ്യമന്ത്രി കസേര ലഭിച്ചാൽ ആ കസേരയിൽ കയറി ഇരിക്കാനുള്ള മുഖ്യമന്ത്രിയെയുമൊക്കെ നിശ്ചയിക്കുന്നതിനുവേണ്ടി നടക്കുന്നത് ചക്കളത്തിപ്പോരാട്ടവും നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയത്തിന് ഗുണകരമല്ലാത്ത നീക്കങ്ങളുമല്ലേ; അതിന്റെ frustration അല്ലേ പ്രതിപക്ഷനേതാവ് സഭയിൽ ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്? ഇവിടെയിരിക്കുന്ന പ്രതിപക്ഷ നിരയോടും പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷ ഉപനേതാവിനോടുമൊക്കെ എനിക്ക് വളരെ സ്നേഹത്തോടെയും ബഹുമാനത്തോടെയും പറയാനുള്ളത്, നിങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്ന് ശ്വസിക്കാൻപോലും അനുവദിക്കാതെ സർക്കാരിനുനേരെ നടത്തിക്കൊണ്ടിരിക്കുന്ന രീതിയും മനോഭാവവും അവസാനിപ്പിക്കണം എന്നുള്ളതാണ്. നമ്മുടെ

സംസ്ഥാനത്തിന്റെ വിശാലമായ താൽപര്യങ്ങളെ വല്ലാതെ പിന്തുണയ്ക്കണമെന്നൊന്നും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇന്ന് ശ്രീ. കുറക്കോളി മൊയ്തീൻ പറഞ്ഞ കാര്യം കേട്ടപ്പോഴാണ്, 'അത്ര പെട്ടെന്ന് എത്താൻ എന്താ താൽപര്യം, ആർക്കാണ് ഇത്ര ധൃതി' എന്ന് ഏതോ ഒരു അംഗം ചോദിക്കുന്നത് കേട്ടത്. കെ-റെയിൽ എന്ന ഈ നാടിന്റെ ഏറ്റവും വലിയ സ്വപ്നം, ഭാവി തലമുറയെ കണ്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിക്കാൻ ശ്രമിച്ച ഒരു പദ്ധതിയെ അട്ടിമറിക്കാൻ കുറ്റിപിഴാൻ നടന്ന ആളുകൾ, കുറ്റിപ്പറിയന്മാർ അവർ പറയുകയാണ് മെട്രോ വേണം അതുവേണം ഇതുവേണം എന്നൊക്കെ. ഏത് അവസ്ഥയിലാണ് പ്രതിപക്ഷം എത്തിയിരിക്കുന്നത്? പ്രതിപക്ഷത്തിനൊപ്പം ചില മാധ്യമങ്ങളുണ്ട്. അവരെ കൂട്ടുപിടിച്ചുകൊണ്ട് സർക്കാരിനെയും സർക്കാരിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും..., (ബഹളം....) ഈ പതിവ് രീതി പ്രതിപക്ഷം ഉപേക്ഷിക്കണം. ചില മാധ്യമങ്ങൾ തുടർന്നുവന്ന ഇടതുപക്ഷ-മാർക്സിസ്റ്റ് വിരുദ്ധ പ്രചാരവേല ഇപ്പോൾ സർക്കാർ വിരുദ്ധ, സംസ്ഥാന വിരുദ്ധ പ്രചാരവേലയായി മാറ്റിയിട്ടുണ്ട്. അങ്ങനെ കുറച്ച് ആളുകളെ കൂട്ടുപിടിച്ചുകൊണ്ട് കോൺഗ്രസ് നടത്തിക്കൊണ്ടിരിക്കുന്ന ഈ പതിവ് രീതി

ദയവുചെയ്ത് നാടിന്റെ താൽപര്യത്തിനുവേണ്ടി ഉപേക്ഷിക്കണമെന്ന് വളരെ സ്നേഹത്തോടും വിനയത്തോടുംകൂടി പ്രതിപക്ഷത്തോട് അപേക്ഷിക്കുകയാണ്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നും രണ്ടും ഗവൺമെന്റുകൾ അധികാരത്തിൽ വന്നിട്ട് ഒമ്പത് വർഷമാകാൻ പോകുകയാണ്. പ്രതിപക്ഷം ഒരുപാട് അഴിമതിയാരോപണങ്ങൾ ഉന്നയിച്ചു, അതൊന്നും ഞാൻ നിരത്തുന്നില്ല. ഏറ്റവും അവസാനം ബ്രൂവറി, എ.ഐ. ക്യാമറ, കെ-ഫോൺ, പമ്പ മണൽനീക്കം, വടക്കാഞ്ചേരി ലൈഫ് മിഷൻ, എക്സാലോജിക്, കൈതോലപ്പായ, സെക്രട്ടേറിയറ്റ് തീപിടിത്തം, കിഫ്ബി, കെവിൻ വധം, ഈന്തപ്പഴം, വടക്കാഞ്ചേരി പീഡനം, വാളയാർ, റിയാസ് മൗലവി വധം, മണിയാർ പദ്ധതി, സ്പ്രിംഗ്ലർ, മാർക്ക് ദാനം, ഇ-മൊബിലിറ്റി എന്നുതുടങ്ങി ഞാൻ പറഞ്ഞുതുടങ്ങിയാൽ എന്റെ സമയം മുഴുവൻ പോകും. ഈ മാധ്യമങ്ങളെയെല്ലാം കൂട്ടുപിടിച്ച് ഈ നാട്ടിൽ പ്രതിപക്ഷം നടത്തിയ ഏതെങ്കിലുമൊരു അഴിമതി ആക്ഷേപത്തിന്റെ ഒരു ശതമാനമെങ്കിലും തെളിയിക്കാൻ അവർക്ക് സാധിച്ചോ? 2021-ലെ തിരഞ്ഞെടുപ്പിനുമുമ്പ് മാധ്യമങ്ങളുടെ സഹായത്തോടുകൂടി സ്വർണ്ണകടത്തുകേസിൽ നടത്തിയ പ്രചണ്ഡമായ നുണപ്രചാര കോലാഹലം നമ്മുടെ നാട് ഇന്നും മറന്നിട്ടില്ല.

അതടക്കം പ്രതിപക്ഷം സംസ്ഥാനത്ത് ഉയർത്തിയ ഏതെങ്കിലുമൊരു അഴിമതി ആക്ഷേപത്തിൽ ഒരു ശതമാനമെങ്കിലും വസ്തുതയുണ്ടെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ? ആക്ഷേപവുമായി കോടതിയിൽ പോയാലോ, കോടതി അതെടുത്ത് പുറത്തെറിയുകയാണ്. കഞ്ചിക്കോട് ബ്രൂവറിയുടെ കാര്യത്തിൽ, ആയിരം പേർക്കെങ്കിലും തൊഴിൽ കൊടുക്കാൻ സാധിക്കുന്ന ഒരു സംരംഭത്തിന് നിയമങ്ങളും ചട്ടങ്ങളും പാലിച്ച് അനുമതി നൽകിയപ്പോൾ അതിനെ പിന്തുണയ്ക്കുന്നതിനുപകരം അഴിമതി ആക്ഷേപത്തിന്റെ പുകമറ പരത്തി കേരളത്തിലേക്കുള്ള ഒരു വ്യവസായം മുടക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. എന്നിട്ട് എന്തായി? ആറാം തമ്പുരാൻ എന്ന സിനിമയിൽ മോഹൻലാൽ ഇന്നസെന്റിന് പുറകെ 'ഭരതൻ എസ്.ഐ., എന്നെ അറസ്റ്റ് ചെയ്യൂ, എന്നെ അറസ്റ്റ് ചെയ്യൂ' എന്ന് പുറകെ നടന്ന് പറയുന്നതുപോലെ, ഈ ആരോപണം സഭയിൽ മാന്യമായി ഉന്നയിക്കൂ എന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പ്രതിപക്ഷത്തിന്റെ പുറകെ നടന്നുപറയുകയാണ്. നയപ്രഖ്യാപനം കഴിഞ്ഞ് നാലുദിവസം പിന്നിട്ടിട്ടും ഇടയ്ക്ക് ബഹുമാനപ്പെട്ട പഴയ പ്രതിപക്ഷനേതാവ് എന്തോ എഴുതിക്കൊടുത്ത് എന്തോ പറഞ്ഞു എന്നുള്ളത് ഒഴികെ ഗൗരവത്തോടുകൂടി

ഒരു അഴിമതി ആക്ഷേപം ഉന്നയിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. അതുകൊണ്ടാണ് 'നിയമത്തിന്റെ അണുയിട വ്യതിചലിക്കാതെയാണ് അനുമതി നൽകിയത് എന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ശിരസ്സുയർത്തി പറഞ്ഞത്. പ്രതിപക്ഷം സംസാരിക്കുന്നത് കർണാടകയിലെ കോൺഗ്രസ്സുകാരായിട്ടുള്ള സ്പിരിറ്റ് മുതലാളിമാർക്കുവേണ്ടിയാണെന്നുള്ള കാര്യം ഈ നാട്ടിൽ എല്ലാവർക്കുമറിയാം. സംസ്ഥാനത്തിന്റെ ഒരു വികസന പ്രവർത്തനവും നടത്താൻ ഞങ്ങൾ അനുവദിക്കില്ലെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു കേരള വിരുദ്ധ, വികസന വിരുദ്ധ കൂട്ടമായി കേരളത്തിന്റെ പ്രതിപക്ഷം അധഃപതിച്ചിരിക്കുകയാണ്. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. മാധ്യമങ്ങളുടെ സഹായത്തോടുകൂടി ജനങ്ങളുടെ മനസ്സ് മാറ്റികളയാമെന്നാണ് പ്രതിപക്ഷം കരുതുന്നതെങ്കിൽ 2021-ന്റെ തനിയാവർത്തനമായിരിക്കും 2026-ൽ ഉണ്ടാകാൻ പോകുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. മാധ്യമങ്ങളുടെ ഇടത് വിരുദ്ധത കേരള വിരുദ്ധതയിലേക്ക് എത്തിയിരിക്കുകയാണ്.

ജനുവരി 17-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനം നടത്തുകയുണ്ടായി. എന്റെ ഇത്രയും കാലത്തെ അനുഭവത്തിൽ ഗവർണറുടെ നയപ്രഖ്യാപനം പത്രങ്ങളിൽ ഒന്നാം പേജിൽ സ്ഥാനം പിടിക്കുകയാണ് പതിവ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുണ്ടെന്ന് പറയുന്ന ഒരു പത്രത്തിന്റെ ഒന്നാമത്തെ പേജ് പിറ്റേദിവസം ഞാൻ നോക്കി. അതിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഒരു വരിപോലും ഉണ്ടായിരുന്നില്ല. അതാണ് നമ്മുടെ നാടിന്റെ സ്ഥിതി. മാധ്യമങ്ങളുടെ ഈ ധാർമ്മിക വിരുദ്ധ പ്രചാരവേല കുറച്ചൊക്കെ നമ്മുടെ സമൂഹത്തെ ബാധിക്കുന്നുണ്ടെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അവർ വാർത്തകൾ വായുവിൽനിന്നും സൃഷ്ടിച്ച് പ്രചരിപ്പിക്കുമ്പോൾ ജുഡീഷ്യറിയെപോലും അത് സ്വാധീനിക്കുന്നുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. സമീപകാലത്ത് രണ്ട് പ്രധാന വിഷയങ്ങൾ കേരളത്തിലുണ്ടായി. ഒന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമതി പി. പി. ദിവ്യയുടെ പ്രശ്നമാണ്. അവർക്ക് ഉത്തമ ബോധ്യമുണ്ടായിരുന്ന ഒരു കാര്യം അനവസരത്തിൽ അവർ പറഞ്ഞു എന്നതായിരുന്നു അവിടത്തെ പ്രശ്നം. അത് അനവസരത്തിലുള്ളതായിരുന്നുവെന്ന് മനസ്സിലാക്കി ഞങ്ങളുടെ പാർട്ടി

കർശന നിലപാട് സ്വീകരിച്ചു. മികച്ച പ്രകടനത്തിന് നിരവധി അവാർഡുകൾ വാങ്ങിയ ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റായ അവരെ ആ സ്ഥാനത്തുനിന്നും രാജി വയ്പിച്ച്, ജില്ലാ കമ്മിറ്റിയിൽനിന്നും ഒഴിവാക്കി, പാർട്ടിയുടെ ഒരു  സാധാരണ അംഗമായി തരംതാഴ്ത്തി. ഞങ്ങളുടെ പാർട്ടിയിൽ ഒരു ജില്ലാ കമ്മിറ്റി അംഗമാകുക എന്നുപറഞ്ഞാൽ ഒട്ടേറെ സമരങ്ങളിലൂടെയും യാതനകൾ സഹിച്ചുമാണ് എത്തിച്ചേരുന്നത്. അങ്ങനെ വളർന്നുവന്ന ഭാവിയുള്ള ഒരു യുവനേതാവിനെതിരെയാണ് ഞങ്ങളുടെ പാർട്ടി അത്രയും കാർക്കശ്യത്തോടുകൂടി നടപടി സ്വീകരിച്ചത്. സമീപകാലത്ത് വയനാട്ടിൽ ഒരു അച്ഛൻ മകന് വിഷം നൽകി ആത്മഹത്യ ചെയ്തല്ലോ; അതിന് കാരണക്കാരായവരുടെ പേര് എഴുതിവച്ചിട്ടാണ് അദ്ദേഹം ആത്മഹത്യ ചെയ്തത്. ആ കുറിപ്പിൽ പേരുണ്ടായവർക്കെതിരെ എന്ത് നടപടിയുണ്ടായി? ആദ്യത്തെ വിഷയത്തിൽ ശ്രീമതി പി. പി. ദിവ്യ മുൻകൂർ ജാമ്യത്തിനായി കോടതിയെ സമീപിച്ചു. അവരുടെ പേരിൽ ആരും കുറിപ്പൊന്നും എഴുതിവച്ചിട്ടില്ല.  മാത്രമല്ല, അവർ കാരണമാണ് ആത്മഹത്യ ചെയ്തത് എന്നതിന് തെളിവും കിട്ടിയിട്ടില്ല. തനിക്ക് ഉത്തമബോധ്യമുള്ളൊരു കാര്യം അനവസരത്തിൽ പറഞ്ഞു എന്നൊരു തെറ്റ് മാത്രമേ ശ്രീമതി പി. പി. ദിവ്യ

ചെയ്തിട്ടുള്ളൂ. അതാണോ അതോ മറ്റെന്തെങ്കിലും കാരണം കൊണ്ടാണോ ആത്മഹത്യ ചെയ്തത് എന്നത് ഇനിയും തെളിയിക്കേണ്ടിയിരിക്കുകയാണ്. അത് പോലീസ് പരിശോധിക്കട്ടെ. ശ്രീമതി പി. പി. ദിവ്യ മുൻകൂർ ജാമ്യത്തിന് അപേക്ഷ നൽകി നാല് ദിവസം മാറിനിന്നപ്പോൾ വന്ന വാർത്ത എന്താണ്? ശ്രീമതി പി. പി. ദിവ്യയെ ശ്രീ. പിണറായി വിജയൻ അദ്ദേഹത്തിന്റെ വീട്ടിൽ ഒളിപ്പിച്ചിരിക്കുന്നു, ശ്രീമതി പി. പി. ദിവ്യ ഒളിവിലിരിക്കുന്നത് എ.കെ.ജി. സെന്ററിൽ ആണ് എന്നൊക്കെയാണ്. എന്തൊക്കെ പ്രചാരണങ്ങളാണ് മാധ്യമങ്ങളും പ്രതിപക്ഷവും നടത്തിയത്. ഒടുവിൽ ആത്മഹത്യാ പ്രേരണപോലും ചുമത്താൻ തെളിവില്ലാത്ത അവർക്ക് മുൻകൂർ ജാമ്യം നിഷേധിക്കപ്പെട്ട് തടവിൽ കിടക്കേണ്ടിവന്നു. ഇനി വയനാട് ആത്മഹത്യയിലേക്ക് വരാം. ഇവിടെയും പ്രതിഭാഗത്തുള്ള കോൺഗ്രസ് നേതാക്കൾ ജാമ്യാപേക്ഷ നൽകി ഒളിവിൽപോയി. ഇതിനെക്കുറിച്ച് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത് ഒളിവിൽ പോകുന്നതൊക്കെ സ്വാഭാവികമാണ് എന്നാണ്. ഇവിടെ മാധ്യമങ്ങൾക്ക് പ്രതിപക്ഷനേതാവിന്റെ അടുക്കള പരിശോധിക്കണ്ട, കെ.പി.സി.സി. ആസ്ഥാനം റെയ്ഡ് ചെയ്യേണ്ട, ശ്രീ. കെ. സുധാകരൻ പറഞ്ഞതും വിഴുങ്ങി

വീട്ടിൽപ്പോയി. ആത്മഹത്യാ കുറിപ്പിൽ പറഞ്ഞ കോൺഗ്രസ് നേതാക്കന്മാർ മുൻകൂർ ജാമ്യത്തിന് അപേക്ഷിച്ചപ്പോൾ അവർക്ക് മുൻകൂർ ജാമ്യം നൽകി. ആത്മഹത്യാ കുറിപ്പിൽ അവരുടെ പേര് കൃത്യമായുണ്ട്, കാരണമുണ്ട്, തെളിവുണ്ട്, ഒന്നല്ല രണ്ടുപേരുടെ ജീവനാണ് പൊലിഞ്ഞത്. അവിടെ ജാമ്യം ലഭിച്ചു. ഇതൊന്നും ഇല്ലാഞ്ഞിട്ടും ശ്രീമതി പി. പി. ദിവ്യക്ക് മുൻകൂർ ജാമ്യമില്ല. നമ്മുടെ സംസ്ഥാനത്ത് മാധ്യമങ്ങൾ നടത്തുന്ന കള്ളപ്രചാരവേലയിൽ കോടതിപോലും പെട്ടുപോകുകയാണെന്ന് കരുതാതിരിക്കാൻ നിവൃത്തിയില്ലാത്ത വിധത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. രണ്ടുതരം നീതി നമ്മുടെ സമൂഹത്തിൽ നടപ്പാകുന്നില്ലേയെന്ന് ആരും ചിന്തിച്ചുപോകും. ഇപ്പോൾ പുതിയ സങ്കടം സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ പരിപാടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രകീർത്തിച്ച് ഗാനമാലപിച്ചു എന്നതാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ഈ സംസ്ഥാനത്തിലെ 85 ലക്ഷം കുടുംബങ്ങളുടെയും മനസ്സിലുണ്ട്. കോൺഗ്രസിലെയും മുസ്ലീം ലീഗിലെയും നേതാക്കന്മാർ നമ്മുടെ മുഖ്യമന്ത്രിയുടെ ആർജ്ജവത്തെയും നിശ്ചയദാർഢ്യത്തെയും സത്യസന്ധതയെയും കഴിവിനെയും അദ്ദേഹത്തെപ്പോലൊരു മുഖ്യമന്ത്രി

സംസ്ഥാനത്ത് അധികാരത്തിലിരിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് കോൺഗ്രസിലെയും മുസ്ലീം ലീഗിലെയും നേതാക്കന്മാർ വ്യക്തിപരമായി എന്നോട് സംസാരിക്കുമ്പോൾ പറഞ്ഞിട്ടുണ്ട്. മാധ്യമങ്ങളുടെ പിന്നാലെ സഞ്ചരിക്കാത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടുകളെ വളരെ അനുകൂലിച്ച് സംസാരിക്കുന്ന മാന്യ സ്നേഹിതന്മാരെ പ്രതിക്ഷത്തിന്റെ ഭാഗത്ത് എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ പേരൊന്നും പറയാനാഗ്രഹിക്കുന്നില്ല. ഞാൻ അടുത്തിടെ ഒരു വീഡിയോ കാണുകയുണ്ടായി. ഒരു മിമിക്രി ആർട്ടിസ്റ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശബ്ദം അനുകരിച്ചശേഷം മൈക്കുമായി നാലോ അഞ്ചോ വയസ് പ്രായമുള്ള ഒരു കുട്ടിയുടെ അടുത്തേക്ക്  പോയി ഇത് ആരുടെ ശബ്ദമാണെന്ന് പറയാമോയെന്ന് ചോദിക്കുകയും സഖാവിന്റെ ശബ്ദമാണെന്ന് ആ കുട്ടി പറയുകയും ചെയ്യുന്ന വീഡിയോ ആണത്. നാലോ അഞ്ചോ വയസ്സ് പ്രായമുള്ള കുട്ടികൾ മുതലുള്ള സംസ്ഥാനത്തെ ലക്ഷക്കണക്കിന് ആളുകളുടെ ഹൃദയത്തിൽ അദ്ദേഹം വസിക്കുന്നതുകൊണ്ടാണ് ആ കുട്ടി അദ്ദേഹത്തെ സഖാവ് എന്ന്  പറയാനുള്ള കാരണം. ജനങ്ങളോടാണ് അദ്ദേഹത്തിന്റെ സഹാനുഭൂതിയെന്നത് ഈ സംസ്ഥാനം കണ്ടിട്ടുള്ളതാണ്. അതിനാലാണ്

അദ്ദേഹം ജനങ്ങളുടെ മനസ്സിൽ സഖാവായും ക്യാപ്റ്റനായും നിൽക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തെക്കുറിച്ച് പാട്ടുകളൊക്കെ എഴുതുന്നത് സ്വാഭാവികമാണ്. അതിന് നിങ്ങൾ വല്ലാതെ സങ്കടപ്പെടേണ്ടതില്ല. നിങ്ങളും പാട്ടുകൾ എഴുതാറുണ്ടല്ലോ? നമ്മുടെ പ്രിയപ്പെട്ട പി. ജെ. ജോസഫ് ശ്രീ. രാഹുൽഗാന്ധിയെക്കുറിച്ച് ഒരു പാട്ട് ആലപിക്കുന്നത് വീഡിയോയിലൂടെ കാണാനിടയായി. കോൺഗ്രസ്സിന്റെ ഒരു പരിപാടിയിൽ ശ്രീ. കെ. സി. വേണുഗോപാലിനെപോലും പുകഴ്ത്തുന്നുണ്ട്.

'എന്റെ നാട് കേരളനാട്

ആന്റണി ജനിച്ച നാട്

കെ.സി.-യും ജനിച്ച നാട്'

എന്ന് പാടാൻ നിങ്ങൾക്ക് നാണമില്ലേ? ഇത്തരത്തിൽ പാട്ട് എഴുതി ശ്രീ. പി. ജെ. ജോസഫിനെക്കൊണ്ട് പാടിച്ചിട്ട് ഇവിടെ വന്ന് ശ്രീ. പിണറായി വിജയനെ അനുകൂലിച്ച് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷനിലെ അംഗങ്ങൾ പാടിയതിനെക്കുറിച്ച് വിമർശിക്കുന്നത്. അവർ ശ്രീ. പിണറായി വിജയന്റെ ഓഫീസും കാണുകയാണ് മുമ്പ് അധികാരത്തിലിരുന്ന ഉമ്മൻ ചാണ്ടിയുടെ ഓഫീസും കാണുകയാണ്. ഒരു

മുഖ്യമന്ത്രി എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് അവർ മനസ്സിലാക്കുകയാണ്. അവിടത്തെ ആയിരക്കണക്കിന് ജീവനക്കാർ ഒരുമിച്ചുകൂടി അവരുടെ ഹൃദയത്തിൽനിന്നാണ് പാടിയത്. അതിന് നിങ്ങൾ വേദനിച്ചിട്ടും ആക്ഷേപിച്ചിട്ടും കാര്യമില്ല.

സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പ് നടത്തിയ ഏറ്റവും നല്ല ശ്ലാഘനീയമായ പ്രവർത്തനത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ വകുപ്പ് നടത്തിയ യുവജനോത്സവം കുറ്റമറ്റ രീതിയിൽ, ആർക്കും ചെറിയൊരു പരാതിക്കോ ആക്ഷേപത്തിനോ ഇടനൽകാത്ത വിധത്തിൽ നടത്താൻ സാധിച്ചു.

കഴിഞ്ഞ ദിവസം സി.&എ.ജി.-യുടെ ഒരു റിപ്പോർട്ട് കാണാനിടയായി. സി.&എ.ജി. എന്ന ഭരണഘടനാ സ്ഥാപനത്തെ കേന്ദ്ര ഗവൺമെന്റ് എങ്ങനെയാണ് രാഷ്ട്രീയവൽക്കരിക്കുന്നതെന്ന് നമ്മൾ കാണുകയാണ്. എന്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം പി.പി.ഇ. കിറ്റിന്റെ കാര്യം ഇങ്ങനെ പറഞ്ഞതെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. അതിനെ നിങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് അനുകൂലിക്കുന്നതെന്നും മനസ്സിലാകുന്നില്ല.

നമ്മുടെ സംസ്ഥാനത്ത് വലിയ തോതിലുണ്ടായ കോവിഡ് മഹാമാരിയെ ചെറുക്കുന്നതിനുവേണ്ടി സ്വീകരിച്ച ശക്തമായ നിലപാടിന്റെ ഭാഗമായിരുന്നു പി.പി.ഇ. കിറ്റ്. ഇന്ന് രാവിലെ ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗം കേട്ടു. മലയോരത്തിന്റെ ആളായി അദ്ദേഹം മാറുകയാണ്. മലയോരവും തീരദേശവുമടങ്ങുന്ന കേരളത്തിലെ ആകെ ജനങ്ങളുടെ പ്രശ്നമാണ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്. മലയോര ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു വീഴ്ചയും വരുത്തിയിട്ടില്ല. മലയോരത്തെയും അടിവാരത്തെയും സമതല പ്രദേശത്തേയും ജനങ്ങളെന്ന് ഈ സംസ്ഥാനത്തെ ജനങ്ങളെ വിഭജിക്കുന്നതിനുവേണ്ടിയും വിദ്വേഷം പരത്തുന്നതിനുവേണ്ടിയും നടത്തുന്ന നീചമായ പരിശ്രമമാണ് യഥാർത്ഥത്തിൽ ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗത്തിനകത്ത് നിഴലിച്ച് കാണാൻ സാധിച്ചത്. ഇത്തരം സമീപനം ഉപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യത്തിനുവേണ്ടി ഇനിയെങ്കിലും പ്രവർത്തിക്കാൻ നിങ്ങൾക്ക് സാധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ബഹുമാന്യനായ കഴക്കൂട്ടം അംഗത്തിന്റെ പ്രസംഗത്തിലൂടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് നിയമസഭാ നടപടികൾ എങ്ങനെ നടത്തണമെന്നതിന്റെ സാരോപദേശമാണ് നൽകിയത്. നിയമസഭയിൽ സ്പീക്കറുടെ കസേര എങ്ങനെ മറിച്ചിടണമെന്നും കമ്പ്യൂട്ടർ എങ്ങനെ തല്ലിപ്പൊട്ടിക്കണമെന്നും ലോകത്തിന് മുഴുവൻ കാണിച്ചുകൊടുത്ത ആൾക്കാരാണ് പ്രതിപക്ഷ നേതാവിനെ നിയമസഭാ നടപടിക്രമങ്ങൾ പഠിപ്പിക്കുന്നത് എന്നത് അങ്ങേയറ്റം വിരോധാഭാസമാണെന്ന് പറയാതെ നിവൃത്തിയില്ല. മറ്റൊന്ന്, പത്രമാധ്യമങ്ങളിൽ കെ.പി.സി.സി.-യുടെ വാർത്തകൾ വരുന്നുവെന്നുള്ളതാണ് അദ്ദേഹം പറഞ്ഞത്. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകൾ വിശ്വസിക്കുമ്പോൾ, ഇന്ന് കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരെ ഏറ്റവും കൂടുതൽ വിമർശനം നടത്തുന്നത് പാർട്ടി ജില്ലാ സമ്മേളനങ്ങളിലാണെന്ന വാർത്തകളും വരുന്നുണ്ടെന്ന കാര്യം അങ്ങ് വിസ്മരിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സി.&എ.ജി. റിപ്പോർട്ട് രാഷ്ട്രീയപ്രേരിതമാണെന്ന് പറഞ്ഞാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. ഒന്നാം പിണറായി

സർക്കാർ കാലത്ത് വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട സി.&എ.ജി. റിപ്പോർട്ട് വന്നപ്പോൾ ഒരു ജുഡീഷ്യൽ കമ്മീഷനെ വച്ച് അന്വേഷണം നടത്താൻ തയ്യാറായ ആ ഗവൺമെന്റിന്റെ പ്രതിനിധിയും അന്ന് ആ മന്ത്രിസഭയിൽ അംഗവുമായിരുന്ന ആളാണ് ഇന്ന് സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ച് രാഷ്ട്രീയപ്രേരിതമാണെന്ന് ആക്ഷേപിക്കുന്നത് എന്നുള്ള കാര്യം മനസ്സിലാക്കണം. അന്ന് അദ്ദേഹത്തിന് സി.&എ.ജി. വിശുദ്ധ സി.&എ.ജി. ആയിരുന്നു. ഇന്ന് വെറുക്കപ്പെട്ട സി.&എ.ജി. ആയിമാറുന്നുവെന്നതാണ് യാഥാർത്ഥ്യം.

രാജീവ് ഗാന്ധിക്കെതിരായി ബോഫോഴ്സ് ആരോപണമുണ്ടായി. ഇന്ത്യ മുഴുവൻ അതിന്റെ പ്രചണ്ഡമായ പ്രചാരണം നടത്തി ആഘോഷിച്ച് രാജീവ് ഗാന്ധിയെ താഴെയിറക്കാനുള്ള നടപടിയുമായി മുന്നോട്ടുപോയതാണ്. പാമോയിൽ കേസിൽ കെ. കരുണാകരൻ ആറുകോടി രൂപയുടെ അഴിമതി നടത്തിയെന്നാരോപിച്ച് കേരളമെമ്പാടും പ്രചണ്ഡമായ സമരം നടത്തിയവരാണ് സി.&എ.ജി. റിപ്പോർട്ടിനെക്കുറിച്ച് പറയുന്നത്. ഇപ്പോൾ സി.&എ.ജി. റിപ്പോർട്ട് രാഷ്ട്രീയപ്രേരിതമായത് എങ്ങനെയാണ്? ഞങ്ങൾക്കെതിരെ പറയുമ്പോൾ സി.&എ.ജി. നല്ലത്;

ഭരണപക്ഷത്തിനെതിരെ പറയുമ്പോൾ സി.&എ.ജി. മോശം എന്നുള്ളരീതിയിൽ കാര്യങ്ങൾ പോകുന്നുവെന്നതാണ് യാഥാർത്ഥ്യം. അതൊന്നും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നിയമസഭയിൽ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു നയവുമില്ലെന്നതാണ് യാഥാർത്ഥ്യം. ഗവൺമെന്റിന്റെ നയപരിപാടികളുമായി യാതൊരു ബന്ധവുമില്ല. സാമ്പത്തികരംഗം കൈകാര്യം ചെയ്യുന്നതിൽ ഈ ഗവൺമെന്റ് സമ്പൂർണ്ണമായി പരാജയപ്പെട്ട് നിൽക്കുകയാണ്. 2016-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളം രൂപീകൃതമായതുമുതൽ 2016 വരെ കേരളത്തിന്റെ ആകെ കടം 1.62 ലക്ഷം കോടി രൂപയായിരുന്നു. 2016 മുതൽ കഴിഞ്ഞവർഷം വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ ആകെ കടം 4.29 ലക്ഷം കോടി രൂപയായി വർധിച്ചു. എട്ട് വർഷംകൊണ്ട് 2.67 ലക്ഷം കോടി രൂപയുടെ വർധനയാണുണ്ടായിരിക്കുന്നത്. വരുന്ന മാർച്ച് മാസത്തോടുകൂടി ആകെ കടം 4.48 ലക്ഷം കോടി രൂപയാകുമെന്നാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്. വികസന പദ്ധതികൾക്കായി കടമെടുക്കുന്നതിൽ തെറ്റില്ലായെന്ന്

വേണമെങ്കിൽ നമുക്ക് പറയാം. പക്ഷേ വികസന പദ്ധതികൾക്ക് എന്നപേരിൽ എടുക്കുന്ന തുക പഴയ കടം തിരിച്ചടയ്ക്കാൻ ഉപയോഗിക്കുന്നുവെന്നതാണ് കേരളത്തിന്റെ സാമ്പത്തിക മാനേജ്മെന്റിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. ഇത് ഒരുകാരണവശാലും ന്യായീകരിക്കാൻ കഴിയുന്നതല്ല. ഒരു വശത്ത് സംസ്ഥാനത്തിന്റെ നികുതി വരുമാനവും നികുതിയേതര വരുമാനവും വലിയ തോതിൽ വർധിക്കാത്ത സ്ഥിതിയും മറുവശത്ത് കടമെടുത്ത തുകയുടെ നല്ലൊരു പങ്കും ശമ്പളവും പെൻഷനും മറ്റുഭരണപരമായ ആവശ്യങ്ങൾക്കും ചെലവഴിക്കേണ്ട അവസ്ഥയുമാണുള്ളത്. കടമെടുത്ത് വികസനം നടക്കുന്നില്ലായെന്നത് ഇതിൽനിന്നും നമുക്ക് വ്യക്തമായ കാര്യങ്ങളാണ്. ഇപ്പോൾ കടമെടുക്കുന്നതിൽ ഭൂരിഭാഗം തുകയും നേരത്തെയുള്ള കടത്തിന്റെ തിരിച്ചടവിനായി ഉപയോഗിക്കുമ്പോൾ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ അവശേഷിക്കുന്ന തുക നാമമാത്രമാണ്. ബജറ്റിൽ ഓരോ വർഷവും  പ്രഖ്യാപിക്കുന്ന പദ്ധതികൾ വലിയ തോതിൽ വെട്ടിക്കുറയ്ക്കുന്നു. വികസനത്തിനല്ല പണം ചെലവഴിക്കുന്നതെന്നത് ഇതിന് ഉത്തമ ഉദാഹരണമാണ്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് കടുത്ത അനീതിയാണ് ഈ സർക്കാർ കാട്ടുന്നത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ഒരു സമ്പൂർണ്ണ സർക്കാർ എന്ന സമീപനം സ്വീകരിച്ചുകൊണ്ട് വകുപ്പുതല പദ്ധതികളുടെ തടസ്സമില്ലാത്ത സംയോജനത്തിനുള്ള പരിപാടികൾ ഒരുക്കിയിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ സർക്കാരിന്റെ വെബ്സൈറ്റ് പ്രകാരം പ്ലാനിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ വെറും 39% മാത്രമാണ് നൽകിയിരിക്കുന്നതെന്നത് വ്യക്തമാണ്. നടപ്പുസാമ്പത്തിക വർഷം 7740.30 കോടി രൂപ വകയിരുത്തിയതിൽ നാളിതുവരെയായി 3017.51 കോടി രൂപമാത്രമാണ് (38.95%) ചെലവഴിച്ചത്. 2024-25-ൽ മെയിന്റനൻസ് ഗ്രാന്റ് അടക്കം പന്തീരായിരത്തോളം ബില്ലുകളിലായി 3226.80 കോടി രൂപ ട്രഷറിയിൽ പെൻഡിംഗിലാണ്. 2023-24 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ 71.52% മാത്രമാണ് ചെലവഴിച്ചത്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ സ്വാഭാവിക മൃത്യുവിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. കൂടാതെ, 31-08-2024-ൽ പുറത്തിറക്കിയ

ഉത്തരവുപ്രകാരം ഈ സാമ്പത്തിക വർഷം പത്ത് കോടി രൂപയ്ക്കുമേൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ അനിവാര്യതയെ സംബന്ധിച്ച് ചീഫ് സെക്രട്ടറി, ധനകാര്യ-ആസൂത്രണവകുപ്പ് സെക്രട്ടറിമാർ, വകുപ്പുസെക്രട്ടറിമാർ എന്നിവരുടെ സമിതി പരിശോധിച്ച് മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്നാണ് ഉത്തരവിറക്കിയിട്ടുള്ളത്. പത്ത് കോടി രൂപയിൽ താഴെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യതയെ സംബന്ധിച്ച് വകുപ്പുസെക്രട്ടറി, വകുപ്പ് അധ്യക്ഷൻമാർ എന്നിവരുമായി കൂടിയാലോചിച്ച് ഭരണാനുമതി നൽകിയ തുകയുടെ മൊത്തം 50% കുറച്ച് ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കാനാണ് ഉത്തരവിൽ പറയുന്നത്. ബഡ്ജറ്റിൽ 20% തുക നീക്കിവച്ചിട്ടുള്ള നിയോജകമണ്ഡല വികസന പദ്ധതികൾപോലും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനുവേണ്ടി ധനകാര്യ വകുപ്പിന് ലഭിച്ചാൽ ഓരോ കാരണങ്ങൾ പറഞ്ഞ് പിടിച്ചുവയ്ക്കുന്ന രീതിയാണ് നിലവിലുള്ളത്. അതിനാൽ വികസന പ്രവർത്തനങ്ങളൊന്നും നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിൽ സംസ്ഥാനത്തുള്ളത്.

ആരോഗ്യ മേഖലയെ സംബന്ധിച്ച് പറയുമ്പോൾ തകർന്ന് തരിപ്പണമായിരിക്കുകയാണ്. സംസ്ഥാനത്ത് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പടർന്നുപിടിക്കുകയാണ്. നിർമ്മാർജ്ജനം ചെയ്ത നിരവധി രോഗങ്ങൾ തിരിച്ചുവരികയാണ്. 2011-ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന സമയത്ത് ഭാഗ്യക്കുറി വില്പനയിലൂടെ വെറും ഭാഗ്യമല്ല ലക്ഷ്യമിട്ടിരുന്നത്. ഭാഗ്യക്കുറി വില്പനയിലൂടെ ജീവകാരുണ്യം എന്ന ആശയത്തിന്റെ സാക്ഷാത്കാരമായിരുന്നു കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ നടപ്പാക്കിയത്. ഇതിലൂടെ സഹായം ലഭ്യമായിരുന്ന കാൻസർ, ഹൃദ്രോഗം, വൃക്ക, കരൾ എന്നിവ സംബന്ധമായ രോഗങ്ങൾ നേരിടുന്ന രോഗികൾ, ഹീമോഫീലിയ രോഗികൾ എന്നിവർക്ക് സഹായം ലഭ്യമായിരുന്നു. ഇന്ന് അത് ഏകദേശം നിലച്ച അവസ്ഥയിലാണ്. കാരുണ്യ സുരക്ഷാ പദ്ധതിക്ക് ഇന്ന് പണം നൽകാത്തതുകാരണം ആശുപത്രികളിൽ ചികിത്സ മുടങ്ങുന്ന അവസ്ഥയാണ്. 1000 കോടി രൂപയിലേറെയാണ് ഈ പദ്ധതിയുടെ കുടിശ്ശിക. മരുന്നുവിതരണ കമ്പനികൾക്ക് കോടിക്കണക്കിന് രൂപയുടെ കുടിശ്ശികയായതുകൊണ്ട് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ,

താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ മരുന്നുക്ഷാമം രൂക്ഷമാണ്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനുമാത്രം 600 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. രോഗികളുടെ എണ്ണം കൂടിയതാണ് മരുന്നുക്ഷാമത്തിന് കാരണമെന്ന ആരോഗ്യ വകുപ്പുമന്ത്രിയുടെ വാദമാണ് ഏറ്റവും വിചിത്രം. കോവിഡ് സമയത്ത് ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ എന്നുപറഞ്ഞ് എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുകൾ പിടിച്ചെടുത്തെങ്കിലും ഇതിനായി ചെലവഴിച്ചിട്ടില്ലെന്നത് പ്രതിഷേധാർഹമാണ്. എറണാകുളം ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിനായി നാല് ഇരുമ്പുകുറ്റികൾ സ്ഥാപിച്ചിട്ട് വർഷം മൂന്ന് കഴിഞ്ഞെങ്കിലും ഐസൊലേഷൻ വാർഡ് എന്നത് ഒരു സ്വപ്നമായി അവശേഷിക്കുകയാണ്. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനാണ് ഇതിന്റെ പ്രവർത്തന ചുമതല എന്ന് മനസ്സിലാക്കുന്നു. ഈ സ്ഥാപനത്തെക്കുറിച്ച് വളരെയേറെ ആക്ഷേപങ്ങൾ നിലനിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. എന്റെ നിയോജകമണ്ഡലത്തിലെ പി.&ടി. കോളനിയെ ലൈഫ്

പദ്ധതിയിലുൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ഏകദേശം 15 കോടി രൂപ മുടക്കി ജി.സി.ഡി.എ. നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണവും തൃശ്ശൂരിലെ ഇതേ സൊസൈറ്റിയെയാണ് ഏൽപ്പിച്ചത്. നിർമ്മാണത്തിന്റെ അപാകതയെത്തുടർന്ന് ഫ്ലാറ്റുകൾ ചോർന്നൊലിക്കുന്നതിനാൽ ഈ കമ്പനിയെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യണമെന്ന് ജി.സി.ഡി.എ. സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സർക്കാർ ഈ ഏജൻസിയെ തന്നെയാണ് ഇതിന്റെ നിർമ്മാണ പ്രവൃത്തിയും ഏൽപ്പിച്ചിരിക്കുന്നത്. എറണാകുളം ജില്ലയിലെ മുനമ്പത്ത് ഏകദേശം അറുന്നൂറോളം കുടുംബങ്ങൾ സമരത്തിലാണ്. കഴിഞ്ഞ 100 ദിവസമായി തങ്ങൾ ജനിച്ചുവീണ മണ്ണിൽ തങ്ങളുടെ റവന്യൂ അവകാശം പുനഃസ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടിയാണ് അവർ സമരം ചെയ്യുന്നത്. അവരുടെ ഭൂമിക്ക് കൈവശാവകാശ രേഖകളും ആധാരവുമുണ്ട്. അതുപ്രകാരം റവന്യൂ രേഖകൾ പോക്കുവരവ് ചെയ്ത് അവർ പ്രസ്തുത ഭൂമി വർഷങ്ങളായി കൈവശം വച്ച് അനുഭവിച്ചുവരികയാണ്. എന്നാൽ ഇപ്പോൾ നഷ്ടമാകുന്നു. അവർക്ക് ഈ അവകാശം സർക്കാർ അടിയന്തരമായി പുന:സ്ഥാപിച്ചുകൊടുക്കണം. സർക്കാർ ഈ വിഷയത്തിൽ ബോധപൂർവമായി മതന്യൂനപക്ഷങ്ങളെ തമ്മിലകറ്റി ബി.ജെ.പി.-ക്ക് നേട്ടം

കൊയ്യാൻ അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. ബി.ജെ.പി.-ക്ക് ഒത്താശ ചെയ്യുന്ന ഈ നടപടി സർക്കാർ അവസാനിപ്പിക്കണം. നിങ്ങൾ ശബരിമല വിഷയത്തിലും തൃശ്ശൂർപൂരത്തിലും ബി.ജെ.പി.-ക്കുവേണ്ടി ചെയ്തുകൊടുത്ത സഹായം കേരളത്തിലെ പൊതുസമൂഹം മറന്നിട്ടില്ല. ഇതുതന്നെയാണ് മുനമ്പത്തും ആവർത്തിക്കുന്നത്. മുസ്ലീംലീഗിന്റെ നേതൃത്വത്തിൽ മുസ്ലീംലീഗും മുസ്ലീം മുഖ്യധാരാ സംഘടനകളും ഈ പ്രശ്നം പരിഹരിക്കുന്നതിന് മുന്നോട്ടുവന്നെങ്കിലും ഈ വിഷയം സർക്കാർ നീട്ടിക്കൊണ്ടുപോകരുതെന്നും അടിയന്തരമായി പരിഹരിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു നയവുമില്ലാത്ത നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. വി. ശശി</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നടത്തിയ പ്രസംഗത്തിലെ എല്ലാ പരാമർശങ്ങളെയും പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഭരണത്തുടർച്ചയുടെ ഒമ്പതാം വർഷം പിന്നിടുന്ന ഒരു ജനകീയ

സർക്കാർ നടത്തിയ വികസനപ്രവർത്തനങ്ങളും അത് സമൂഹത്തിൽ സൃഷ്ടിച്ച ഗുണപരമായ മാറ്റങ്ങളും നേട്ടങ്ങളും യാഥാർത്ഥ്യബോധത്തോടെയാണ് ബഹുമാനപ്പെട്ട ഗവർണ്ണർ തന്റെ പ്രസംഗത്തിലൂടെ അവതരിപ്പിച്ചത്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും കൈവരിച്ച നേട്ടങ്ങൾ വിശദമായിത്തന്നെ അദ്ദേഹം വിലയിരുത്തുന്നുണ്ട്. കൃഷി വകുപ്പ് കാലാവസ്ഥാ പ്രതിരോധ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി 2365.48 കോടി രൂപയുടെ Kerala Climate Resilient Agri Value Chain Modernization (KERA) പദ്ധതി നടപ്പാക്കുന്നത് ശ്രദ്ധേയമാണ്. തരിശുരഹിത ഗ്രാമങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് പദ്ധതികൾ നടപ്പാക്കിവരുന്നത്. മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലും നടപ്പാക്കുന്ന വിവിധ പദ്ധതികൾ കർഷകരുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കേരളത്തിന്റെ ക്ഷീരോല്പാദന ആവശ്യങ്ങൾ സുസ്ഥിരമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണെന്ന് വ്യക്തമാണ്. ആരോഗ്യ-കുടുംബക്ഷേമ വകുപ്പും ഭക്ഷ്യ-പൊതുവിതരണ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും മാനവ വികസന മേഖലകളിലെല്ലാം വലിയ മുന്നേറ്റമുണ്ടായതായി സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ

അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സർക്കാരിനെ പ്രശംസിക്കുന്നുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ പുരോഗതി രാജ്യത്ത് മാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാകുന്ന വിവിധ നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞുവെന്ന് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. അതിദാരിദ്ര്യനിർമ്മാർജ്ജനം ചെയ്ത ഏക സംസ്ഥാനമെന്ന ലക്ഷ്യത്തിലേയ്ക്ക് കേരളം നീങ്ങുകയാണ്. ബഹുമുഖ ദാരിദ്ര്യം അളക്കുന്നതിന് നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചികയിൽ ഇപ്പോൾ ഏറ്റവും കുറവുള്ള (0.71 ശതമാനം) സംസ്ഥാനമാണ് കേരളം. 2025-ലെ ആദ്യപാതത്തിൽത്തന്നെ അവശേഷിക്കുന്ന 64,006 കുടുംബങ്ങളെക്കൂടി അതിദാരിദ്ര്യ സൂചികയിൽനിന്ന് കരകയറ്റി, അതിദാരിദ്ര്യമില്ലാത്ത നാടായി കേരളം മാറുകയാണ്. 'മാലിന്യ മുക്ത നവകേരളം' ആണ് മറ്റൊരു പ്രധാന ലക്ഷ്യം. അതിലും 2025 മാർച്ച് മാസത്തിനകം ലക്ഷ്യം കൈവരിക്കാനുള്ള തീവ്രശ്രമത്തിലാണ് കേരളം. തദ്ദേശസ്വയംഭരണ വകുപ്പ് നേതൃത്വം നൽകുന്ന പ്രസ്തുത പദ്ധതിയിലൂടെ പകുതിയിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ പദവിയിലേയ്ക്ക് എത്തിക്കഴിഞ്ഞു. പതിനായിരത്തിൽപ്പരം ഓഫീസുകൾ ഹരിതപട്ടത്തിലേയ്ക്ക് മാറിയിട്ടുണ്ട്. അജൈവ പാഴ്വസ്തുക്കൾ

ശേഖരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 33000 ഹരിത കർമ്മ സേനകളാണ് വാതിൽപ്പടിയിലെത്തി മാലിന്യം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. മാലിന്യ മുക്ത നവകേരള സൃഷ്ടിക്കുള്ള പ്രയത്നമാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്. ഡിജിറ്റൽ വിടവ് നികത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് കെ-ഫോൺ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്. കേരളത്തിലെവിടെയും ഹൈ സ്പീഡ് ഡാറ്റാ കവറേജ് ഉറപ്പാക്കണം. അതോടൊപ്പം ദരിദ്രരായ ഇരുപതുലക്ഷം പേർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷനും നൽകണം. പാവപ്പെട്ട സ്കൂൾ വിദ്യാർഥികൾക്ക് സൗജന്യ ഹൈസ്പീഡ് ഇന്റർനെറ്റ് സർവീസും വിദ്യാഭ്യാസ ആവശ്യത്തിനുള്ള മുഴുവൻ ഫീച്ചേഴ്സുമുൾക്കൊള്ളുന്ന ലാപ്ടോപ്പും ലഭ്യമാക്കണം. ഇതൊക്കെയാണ് കെ-ഫോൺ പദ്ധതിയിലൂടെ ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുന്നതിനും നികത്തുന്നതിനും ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്. ഐ.ടി. രംഗത്ത് വലിയൊരു കുതിച്ചുചാട്ടമാണ് ഇക്കാലയളവിൽ സംസ്ഥാനത്തുണ്ടായത്. ഐ.ടി. ഇതര സേവന മേഖല സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്തുറ്റ സംഭാവനയായി

മാറുകയാണ്. കേരളത്തിലെ ഐ.ടി. പാർക്കുകൾ ഹബ് ആൻഡ് സ്പോക്ക് മോഡലിലൂടെ വികേന്ദ്രീകൃത നിക്ഷേപങ്ങളെ ആകർഷിക്കുന്നു. കൂടാതെ ഐ.ടി. ഇടനാഴികളിലൂടെ വിപുലീകരണം, ഡാറ്റ ലൈറ്റ് ഐ.ടി. പാർക്കുകൾ തുടങ്ങിയവയിലൂടെ വികസനത്തിനും കയറ്റുമതിക്കും കൂടുതൽ ഊന്നൽ നൽകുന്ന പരിപാടികളും സംസ്ഥാനം നടപ്പാക്കിവരികയാണ്. 2016 മുതൽ നാളിതുവരെ ടെക്നോപാർക്കിൽ ഏകദേശം 22000 തൊഴിലവസരങ്ങൾ, 44616 കോടി രൂപയുടെ കയറ്റുമതി, ഇൻഫോപാർക്കിൽ മാത്രം 37900 തൊഴിലവസരങ്ങൾ, 40700 കോടി രൂപയുടെ കയറ്റുമതി, സൈബർപാർക്കിൽ നിരവധി തൊഴിലവസരങ്ങൾ, 215 കോടി രൂപയുടെ കയറ്റുമതി ഇങ്ങനെ നിലവിലെ കണക്കനുസരിച്ച് 1,50,000-ൽപ്പരം അധികം പ്രൊഫഷണലുകൾക്ക് 1200-ഓളം കമ്പനികളിലായി ഐ.ടി. പാർക്കുകളിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ വലിയ മാറ്റമാണ് ഇക്കഴിഞ്ഞ ആറുവർഷക്കാലംകൊണ്ട് സൃഷ്ടിക്കാൻ സാധിച്ചത്. കേരളം ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന വാഗ്ദാനം പാലിക്കുന്നതിന്റെ ആദ്യ ചുവടുവയ്പ്പാണ് ഡിജിറ്റൽ സയൻസ് പാർക്ക്. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയോട് ചേർന്നാണ് ഡിജിറ്റൽ

സയൻസ് പാർക്ക് പ്രവർത്തിക്കുന്നത്. ഇലക്ട്രോണിക് ഉല്പന്നങ്ങൾ, ഡിസൈനിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഏർപ്പെട്ടിട്ടുള്ള സ്റ്റാർട്ടപ്പുകളെയും വ്യവസായങ്ങളെയും പിന്തുണയ്ക്കുന്നതിനുള്ള സൗകര്യങ്ങളോടെ രണ്ട് മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനും മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ തുടക്കം കുറിച്ച ശ്രദ്ധേയമായ പദ്ധതിയാണ് 'കേരള നോളജ് എക്കണോമി മിഷൻ'. അഞ്ചുവർഷംകൊണ്ട് 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിന് നൈപുണ്യ പരിശീലനം, വ്യവസായ പുന:സംഘടന, കാർഷിക നവീകരണം എന്നിവയ്ക്ക് പരിപാടികൾ തയ്യാറാക്കി നടപ്പാക്കിവരുന്നു. വീടുകൾ കേന്ദ്രീകരിച്ച് തൊഴിൽരഹിതരുടെ വിവരങ്ങൾ ശേഖരിക്കുന്നു. കൂടാതെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളും നടത്തിവരികയാണ്. വിഴിഞ്ഞം തുറമുഖം ഒരു സ്വപ്നസാഫല്യമായി മാറിയിട്ടുണ്ട്. കേരളം കാത്തിരുന്ന അഭിമാന

പദ്ധതിയാണിത്. നിശ്ചയദാർഢ്യത്തിന്റെ പ്രതീകമായി അത് യാഥാർത്ഥ്യമാകുകയാണ്. ആദ്യ കപ്പൽ ഒക്ടോബർ 15-ന് എത്തിക്കഴിഞ്ഞു. 7,700/- കോടി രൂപ മുതൽ മുടക്കിൽ PPP ( Public-Private Partnership) അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന വിഴിഞ്ഞം തുറമുഖം ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി രേഖപ്പെടുത്തുന്നു. പാതകൾ അതിവേഗം പൂർത്തീകരിക്കുന്നതിലേക്ക് ഗവൺമെന്റ് മുന്നേറുകയാണ്. മുംബൈ-കന്യാകുമാരി ദേശീയപാത 66-ന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ 5,580/- കോടി രൂപ കേരളം നൽകി. അതിന്റെ പ്രവർത്തനം അതിവേഗം പുരോഗമിക്കുന്നു. ദേശീയപാത 85: കൊച്ചി-മൂന്നാർ-തേനി നാലുവരിപ്പാത, ദേശീയപാത 554: വാളയാർ-വടക്കാംചേരി പാത, തിരുവനന്തപുരം-കോട്ടയം-അങ്കമാലി നാലുവരിപ്പാത തുടങ്ങിയ ദേശീയപാതകളുടെ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ മുന്നേറുകയാണ്. ദേശീയപാത വികസനത്തോടൊപ്പം മലയോരപാത, തീരദേശ ജലപാത, ലെവൽ ക്രോസുകളില്ലാത്ത കേരളം തുടങ്ങിയ പദ്ധതികളും പുരോഗമിക്കുകയാണ്. കേരളത്തിന്റെ വികസനം കൂടുതൽ തിളക്കമാർന്ന രീതിയിൽ മുന്നേറുന്നൊരു കാഴ്ചയാണ് നമുക്ക് ഇന്ന് കാണാൻ സാധിക്കുന്നത്. സാമ്പത്തിക

സ്വാതന്ത്ര്യത്തിനും കാര്യക്ഷമമായ വിഭവ സമാഹരണത്തിനും സംസ്ഥാന സർക്കാർ ശ്രദ്ധേയമായ മുന്നേറ്റങ്ങളുണ്ടാക്കിയിട്ടുള്ളതായി ബഹുമാനപ്പെട്ട ഗവർണ്ണർ വിലയിരുത്തുന്നുണ്ട്. 2020-21-ൽ സംസ്ഥാനത്തിന്റെ സ്വന്തം നികുതിയിൽ നിന്നുള്ള വരവ് 47,6661/- കോടി രൂപയായിരുന്നുവെങ്കിൽ 2023-2024-ൽ പ്രസ്തുത തുക 77,638/- കോടി രൂപയായി വർധിപ്പിച്ചു. സർക്കാരിന്റെ പ്രതിബദ്ധത ഈ വർധനവിനെ അടിവരയിടുന്നു. കേന്ദ്ര വിഭജന പൂളിൽ നിന്നുള്ള കേരളത്തിന്റെ വിഹിതം പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.75 ശതമാനമായിരുന്നെങ്കിൽ അത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.92 ശതമാനമായി ക്രമാനുഗതമായി കുറഞ്ഞു. ജി.എസ്.ടി. നഷ്ടപരിഹാരമില്ല, റവന്യൂ കമ്മി ഗ്രാന്റില്ല, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം പല കാരണങ്ങൾ ചൂണ്ടിക്കാട്ടി നിഷേധിക്കുന്നു, പുതിയ വായ്പ നിയന്ത്രണങ്ങൾ.... ഇതെല്ലാം കാരണം സംസ്ഥാന ഗവൺമെന്റ് കടുത്ത സാമ്പത്തിക വെല്ലുവിളി നേരിടുന്നുവെന്ന വസ്തുത ഗവർണ്ണർ തന്റെ പ്രസംഗത്തിൽ വ്യക്തമാക്കുന്നുണ്ട്. പതിനാറാം ധനകാര്യ കമ്മീഷന്റെ കേരള സന്ദർശന വേളയിൽ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

മാത്രമല്ല സംസ്ഥാനത്തിന് അനുകൂലമായ സമീപനം പ്രതീക്ഷിക്കുന്നതായും ബഹുമാനപ്പെട്ട ഗവർണ്ണർ തന്റെ പ്രസംഗത്തിൽ പരാമർശിക്കുന്നുണ്ട്. പതിനാറാം ധനകാര്യ കമ്മീഷനിൽ നിന്ന് നമുക്ക് നല്ലത് പ്രതീക്ഷിക്കാം എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തിന് ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

ഒ.എൻ.വി. കുറുപ്പിന്റെ മനോഹരമായ 'സരയുവിലേക്ക്' എന്നൊരു കവിതയുണ്ട്. ' സ്വന്തമീണം രചിക്കുന്ന ശരവേഗമാണു ഞാൻ' എന്നുപറയുന്ന മനോഹരമായ വരിയാണ് അതിലുള്ളത്. സത്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഈ എട്ട് വർഷക്കാലത്തെ പ്രവർത്തനവും അതിനുശേഷം മുന്നോട്ട് നയിക്കാൻ പോകുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപമായി നമ്മുടെ നയപ്രഖ്യാപനത്തെ കാണാൻ കഴിയുന്നത്. കഴിഞ്ഞ ശബരിമല തീർഥാടനകാലം വളരെയേറെ ഭക്തജനങ്ങൾക്ക് ഒരുപാട്

സന്തോഷത്തോടുകൂടി മടങ്ങിപ്പോകാൻ ഈ ഗവൺമെന്റിന്റെ നല്ലൊരു പ്രവർത്തനത്തിലൂടെ കഴിഞ്ഞതിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പലപ്പോഴും ഒരുപാട് പരാതികളുണ്ടാക്കുന്നൊരു കാലഘട്ടമാണ്. അതോടൊപ്പം പ്രതിപക്ഷത്തുനിന്ന് എന്റെ പ്രിയ സുഹൃത്ത് ഇവിടെ പ്രസംഗിച്ചത് ഇതിന് നയമില്ലെന്നാണ്. സത്യത്തിൽ ഇത് വായിച്ചുനോക്കുമ്പോൾ വളരെ കൃത്യമായൊരു രൂപ രേഖയാണ് ഇതിലുള്ളത്. അടിസ്ഥാന മേഖലയിലുണ്ടാകുന്ന വികസനം, ഭൗതിക സാഹചര്യങ്ങളിലുണ്ടാകുന്ന വലിയ മാറ്റങ്ങൾ, വിദ്യാഭ്യാസ രംഗം ഉൾപ്പെടെയുള്ള  മേഖലകളിലെ ഘടനാപരമായ മാറ്റങ്ങൾ, സ്പോർട്സ് ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന മേഖലകൾ, BM&BC (Bituminous Macadam and Bituminous Concrete) ലെവലിലേക്കുള്ള കേരളത്തിലെ റോഡുകൾ..... വലിയൊരു പങ്ക് റോഡുകളും ആ ലെവലിലേക്ക് എത്തിക്കഴിഞ്ഞു. വലിയ മാറ്റം കേരളത്തിലുണ്ടാകുന്നുണ്ട്. ആ മാറ്റം കാണുന്നില്ലെന്ന് പറയുമ്പോൾ കാട്ടാക്കട മുരുകന്റെ കവിതപോലെ 'കണ്ണടകൾ വേണം'. എന്ത് കണ്ണടകൾ വച്ചാണ് ഇനി പ്രതിപക്ഷത്തിന് കേരളത്തിലുണ്ടാകുന്ന വികസനത്തിന്റെ മാറ്റങ്ങളെ കാണാൻ കഴിയുന്നത്

എന്നുള്ളത് എനിക്ക് സംശയമുള്ള കാര്യമാണ്? ഒരുപക്ഷേ അതിന് പ്രത്യേകമായി എന്തെങ്കിലും കണ്ണടകൾ കണ്ടെത്തേണ്ട കാര്യമാണ്. കേരളത്തിലെ അടുത്ത ജനറേഷൻ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട അടിസ്ഥാന മേഖലകളെ എങ്ങനെയാണ് ഗവൺമെന്റ് കാണാൻ പോകുന്നതെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കാം. കാരണം, എട്ട് വർഷക്കാലത്തിൽ നടത്തിയ പ്രവർത്തനങ്ങളെയും അതിൽ ഊന്നിക്കൊണ്ടുള്ള മാറ്റങ്ങൾ..... പ്രത്യേകിച്ച് ഇവിടെ സൂചിപ്പിച്ചപോലെ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. നമുക്കറിയാം നമ്മുടെ കുട്ടികൾ വിദേശത്തേക്ക് പോകുന്നുവെന്നുള്ള പരാതികൾ നിലനിൽക്കുമ്പോൾ അവരെ നമ്മുടെ മണ്ണിൽ തന്നെ പിടിച്ചുനിർത്താൻ വേണ്ടിയുള്ള സമൂലവും ഘടനാപരമായ മാറ്റമാണ് യഥാർത്ഥത്തിൽ ഉണ്ടാകുന്നത്. Outcome based Education ഉൾപ്പെടെയുള്ള നാല് വർഷകാലത്തെ വിദ്യാഭ്യാസമുൾപ്പെടെ..... ആ വലിയ മാറ്റങ്ങൾ വളരെ പ്രധാനപ്പെട്ട കാര്യമാണ്. JJM (Jal Jeevan Mission) കുടിവെള്ള കാര്യത്തിലാണെങ്കിലും 54 ശതമാനത്തോളം JJM പദ്ധതികൾ പൂർത്തീകരിച്ച് കഴിഞ്ഞു. 2025-ഓടെ പൂർത്തീകരിക്കുക എന്ന

ലക്ഷ്യത്തോടുകൂടിയാണ് അതിന്റെ പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്പോർട്സ് രംഗം; ഇന്ന് അന്തർദേശീയ രംഗത്ത് സ്പെയിൻ, അർജന്റീന ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി കൊളാബറേറ്റ് ചെയ്തുകൊണ്ടുള്ള ഡെവലപ്മെന്റ് വലിയൊരു മാറ്റത്തിലേക്ക് പോകുകയാണ്. അതോടൊപ്പം 2028 ലക്ഷ്യം കണ്ടുകൊണ്ടുള്ള ഒളിമ്പിക്സ് സപ്പോർട്ട് സ്കീം എല്ലാം ഈ രംഗത്തുണ്ടാക്കുന്ന മാറ്റങ്ങളാണ്. ഏത് രംഗം പരിശോധിച്ചാലും വലിയ മാറ്റങ്ങളാണ് സത്യത്തിൽ കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ യാഥാർഥത്തിൽ ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടുകൂടിയ പ്രവർത്തനത്തിന്, മുന്നോട്ടുള്ള യാത്രയ്ക്ക് കരുത്ത് പകരുന്നതും അതോടൊപ്പം അതിനെ വളരെ ദിശാബോധത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന തലത്തിലുള്ള വലിയ ആശയങ്ങളാണ് നമ്മുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് മുന്നോട്ട് വയ്ക്കുന്നത്. കഴിഞ്ഞ എട്ട് വർഷക്കാലമായി ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ട് വച്ച നയം, ഭൗതിക സാഹചര്യമുൾപ്പെടെ അടിസ്ഥാന മേഖലയിലെ ഘടനാപരമായ മാറ്റങ്ങൾ ഉൾപ്പെടെ കേരളത്തിന്റെ സമഗ്രമായ സർവശേഷിയായ വികസന പരിപ്രേക്ഷ്യത്തിന് കൂടുതൽ കരുത്ത്

നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഒരിക്കൽ കൂടി ഞാൻ നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് വാക്കുകൾ നിർത്തുന്നു. നമസ്കാരം.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ നിശ്ചലമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. ഒട്ടനവധി വിഷയങ്ങൾ ഇന്ന് നമ്മുടെ മുമ്പിലുണ്ട്. അത് കാർഷിക മേഖലയാകട്ടെ, വ്യവസായ മേഖലയാകട്ടെ, ആരോഗ്യ മേഖലയാകട്ടെ, വന്യജീവി ആക്രമണമാകട്ടെ തുടങ്ങി എല്ലാ മേഖലകളും നമ്മൾ പരിശോധിച്ച് കഴിഞ്ഞാൽ ഇതിനകത്തുള്ള പ്രതിസന്ധികൾ നമുക്ക് കാണാൻ കഴിയും. ഏറ്റവും രൂക്ഷമായി നിലനിൽക്കുന്ന മരുന്നുക്ഷാമത്തെപ്പറ്റി കഴിഞ്ഞ ഏതാനും ദിവസങ്ങളായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു ഗവൺമെന്റിന്റെ പ്രയോരിറ്റിയായി വരേണ്ട കാര്യങ്ങളിൽ ഒന്നുതന്നെയാണ് ഇത്. മരുന്നുക്ഷാമം അതിരൂക്ഷമായി ഇന്ന്

നമ്മുടെ ആശുപത്രികളിൽ നിലകൊള്ളുന്നു. ഒപ്പംതന്നെ ഏറ്റവും പ്രാധാന്യത്തോടെ നോക്കികാണേണ്ട ഒന്നാണ് നമ്മുടെ ആരോഗ്യ കേന്ദ്രങ്ങൾ. ഏറ്റവും താഴെത്തട്ടിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ മതിയായ സ്റ്റാഫ് പാറ്റേൺ ഇല്ലാതായിപ്പോകുന്നത് പ്രതിസന്ധി സൃഷ്ടിക്കുകയാണ്. സി.എച്ച്.സി./എഫ്.എച്ച്.സി.-കളിൽ മതിയായ ഡോക്ടർമാരില്ലാതെ അല്ലെങ്കിൽ നിലവിലെ അംഗീകൃത തസ്തികകളിൽ ഇവരുടെ സേവനങ്ങൾ ലഭ്യമല്ലാതെ പോകുന്ന സാഹചര്യങ്ങളുണ്ട്. അതുകൊണ്ടുതന്നെ പലപ്പോഴും പെട്ടെന്നൊരു രോഗാവസ്ഥയിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ചെല്ലുമ്പോൾ അവിടെ ആവശ്യമായ ക്രമീകരണങ്ങളോ ചികിത്സയോ ലഭിക്കാതെ പോകുന്നു. അവശ്യസ്റ്റാഫുകളുടെ കുറവാണ് ഞാൻ സൂചിപ്പിച്ചത്. നിലവിലുള്ള സ്റ്റാഫുകൾ വർക്ക് ചെയ്യുന്നുണ്ട്. അതിനെ ഞാൻ ആക്ഷേപിക്കുന്നില്ല. പക്ഷേ, സ്റ്റാഫുകളുടെ കുറവ് പൊതുജനങ്ങൾക്ക് സർവ്വീസ് കൊടുക്കുന്നതിൽ പലപ്പോഴും തടസ്സം സൃഷ്ടിക്കുന്ന ഒന്നാണ്. അതുകൊണ്ട് സി.എച്ച്.സി./എഫ്.എച്ച്.സി.-കൾ അടക്കമുള്ള ആശുപത്രികൾക്ക് കൂടുതൽ ഡോക്ടർമാരുടെ സേവനങ്ങൾ, പുതിയ തസ്തികകൾ സൃഷ്ടിച്ച് ഡോക്ടർമാരെയും മറ്റ് മെഡിക്കൽ സ്റ്റാഫുകളുടേയും

ലഭ്യത ഉറപ്പുവരുത്താൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ട്. ഐസൊലേഷൻ വാർഡുകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. 2021-ൽ എം.എൽ.എ.-മാരുടെ ഫണ്ട് ഗവൺമെന്റ് തന്നെ ഏറ്റെടുത്ത് നിർമ്മിച്ചവയാണ് ഐസൊലേഷൻ വാർഡുകൾ. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ഈ വാർഡുകളുടെ നിർമ്മാണ ചുമതല. ഈ സൊസൈറ്റിയാണ് 65-70-ഓളം ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിലും അപാകത സംഭവിച്ചിട്ടുണ്ട്. ടി വാർഡുകൾ തുറന്ന് കഴിഞ്ഞ് അതിലെ അപാകത വന്നപ്പോഴാണ് ഞാൻ ഈ വിഷയം ശ്രദ്ധിച്ചത്. ശുദ്ധ തട്ടിപ്പാണ് അവിടെ നടന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. ടി. ജെ. വിനോദ് പല ഐസൊലേഷൻ വാർഡുകളുടെയും ദുരവസ്ഥയെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ഐസൊലേഷൻ വാർഡിൽ കയറിക്കഴിഞ്ഞാൽ പൊട്ടിപ്പൊളിഞ്ഞ ടൈലുകൾ കാണാൻ സാധിക്കും. ഗുണമേന്മ കുറഞ്ഞ ടൈലുകളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ ഓക്സിജൻ പൈപ്പിലൂടെ ഒന്നും കടന്നുവരാൻ കഴിയാത്ത

സാഹചര്യമാണ്. ടോയ്ലെറ്റിൽ ഫ്ലഷ് പ്രവർത്തിപ്പിച്ചാൽ മാലിന്യം പോകാത്ത സാഹചര്യമാണ്. ഒരു സ്വിച്ച് ഓൺ ആക്കിയാൽ എല്ലാ ലൈറ്റുകളും ഓണാകുന്ന സാഹചര്യം. ടി വാർഡുകൾ ചോർന്നൊലിക്കുന്ന നിലയിലാണ് ഉള്ളത്. ഇങ്ങനെയാണോ ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കേണ്ടത്? ഇനിയൊരു പാൻഡമിക് വന്നുകഴിഞ്ഞാൽ ആൾക്കാരെ മാറ്റിപാർപ്പിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് എം.എൽ.എ.-മാരുടെ ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിലേക്ക് പോയത്. എന്റെ നിയോജകമണ്ഡലത്തിലെ ഐസൊലേഷൻ വാർഡിന്റെ അനുഭവമാണ് ഞാൻ പറഞ്ഞത്. അതിന് സമാനമായ സ്ഥിതിയാണ് പല സ്ഥലങ്ങളിലും ഉള്ളതെന്ന് പല എം.എൽ.എ.-മാരുമായി സംസാരിച്ചപ്പോൾ എനിക്ക് അറിയാൻ കഴിഞ്ഞു. അതിനെക്കുറിച്ച് സമഗ്രമായ അന്വേഷണമുണ്ടാകണം. ഈ സൊസൈറ്റിക്ക് എന്തിന്റെ അടിസ്ഥാനത്തിൽ ഇത്രയും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ഒരുമിച്ച് അനുമതി കൊടുത്തുവെന്നതിനെക്കുറിച്ചും പരിശോധിക്കപ്പെടേണ്ടതായിട്ടുണ്ട്. അതിനകത്തുണ്ടായ അപാകതകൾ പരിഹരിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. ജൽജീവൻ മിഷൻ പ്രവൃത്തികൾ

ഏകദേശം എല്ലാ സ്ഥലങ്ങളിലും നിശ്ചലമായി പോകുന്ന സാഹചര്യമാണ്. ഇതിന്റെ പ്രവൃത്തികൾ ചില സ്ഥലങ്ങളിൽ പുരോഗമിക്കുന്നുണ്ടെങ്കിലും ബഹുഭൂരിഭാഗം സ്ഥലങ്ങളിലും വേണ്ടത്ര നിലയിൽ മുന്നോട്ടുപോകുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. റോഡുകൾ കുത്തിപ്പൊളിച്ച് തകർന്ന് തരിപ്പണമായി കിടക്കുന്നതാണ് ഏറ്റവും ഗുരുതരമായ പ്രതിസന്ധി. പല പഞ്ചായത്തുകളും ജൽജീവൻ മിഷൻ പ്രവൃത്തികളുമായി മുമ്പോട്ടുപോകാൻ സഹകരിക്കുന്നില്ല. കാരണം, പൊളിഞ്ഞ റോഡുകൾ റെസ്റ്റോറേഷൻ നടത്താത്ത സാഹചര്യമാണുള്ളത്.

കേരളത്തിൽ വാഹനാപകടങ്ങൾ വർധിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ ചോദ്യോത്തരമുണ്ടായിരുന്നു. റോഡുകളിൽ അപകടങ്ങൾ ഏറെയുണ്ടാകുന്ന ഇടങ്ങളിൽ ബ്ലാക്ക് സ്പോട്ടുകൾ നിർണയിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ നിർണയിക്കപ്പെട്ട ബ്ലാക്ക് സ്പോട്ടുകളിൽ തുടർനടപടികൾ ഉണ്ടാകുന്നില്ല. അതേ സ്പോട്ടുകളിൽ വീണ്ടും അപകടങ്ങൾ വർധിക്കുകയാണ് ചെയ്യുന്നത്. ഒരു പ്രശ്നമുണ്ടാകുമ്പോൾ അടിയന്തരമായി ഇടപെടലുകളുണ്ടാകുന്നുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിക്കുന്നില്ല. നയപ്രഖ്യാപന പ്രസംഗത്തിൽ മീനച്ചിലാർ പദ്ധതി

നടപ്പാക്കുമെന്ന പ്രഖ്യാപനം ഗവർണർ നടത്തുകയുണ്ടായി. മീനച്ചിലാർ പദ്ധതി നടപ്പാക്കുമ്പോൾ ഒരു ഭൂപ്രദേശം പൂർണമായും ഉണങ്ങി വരണ്ടുപോകുന്ന സാഹചര്യമാണ് സംഭവിക്കാൻ പോകുന്നത്. സമയകുറവുകാരണം മീനച്ചിലാർ പദ്ധതി സംബന്ധിച്ച വിശദാംശങ്ങളിലേക്ക് പോകുന്നില്ല. മീനച്ചിലാർ പദ്ധതി നടപ്പാക്കിയാൽ മൂവാറ്റുപുഴ താലൂക്കടക്കമുള്ള ഒട്ടനവധി പ്രദേശങ്ങളിൽ ജലലഭ്യത കുറഞ്ഞുപോകും. വെള്ളം ആശ്രയിച്ച് നിൽക്കുന്ന ആലപ്പുഴ ടൗൺ, പശ്ചിമ കൊച്ചി അടക്കമുള്ള സ്ഥലങ്ങളിലേക്കും എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്കും ചേർത്തല അടക്കം വെള്ളം കൊണ്ടുപോകുന്നത് മൂവാറ്റുപുഴ നദിയിൽ നിന്നാണ്. ഈ വേനൽക്കാലത്ത് തന്നെ ജലലഭ്യതയില്ലാത്ത അവസ്ഥയിൽ ഈ പദ്ധതി കൂടി നടപ്പാക്കിയാൽ അവിടത്തെ ജലനിരപ്പ് താഴുകയും ചെയ്യും. ആലപ്പുഴ, എറണാകുളം ജില്ലയിലെ പശ്ചിമ പ്രദേശങ്ങൾ, മൂവാറ്റുപുഴ, പിറവം അടക്കമുള്ള ഒട്ടനവധി പ്രദേശങ്ങൾക്ക് ഉപകാരപ്പെടുന്ന 200-ൽപ്പരം കുടിവെള്ള പദ്ധതികൾ ഇല്ലാതായി പോകുന്ന സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. അത് ആ പ്രദേശങ്ങളിലെ കാർഷിക മേഖലയെ ബാധിക്കുന്ന നിലയിലേക്ക് വരുന്നുണ്ട്. സർക്കാർ

അവധാനതയില്ലാതെ ഒരു പദ്ധതിയിലേക്ക് കടക്കുകയാണ്. 20 വർഷംമുമ്പുതന്നെ ഈ പദ്ധതി വേണ്ടെന്ന് വച്ചതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പല തവണ പഠനം നടത്തി ഇത് വേണ്ടെന്ന് വച്ചിട്ടും വീണ്ടും നടപ്പാക്കാൻ പോകുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ല. ഈ പദ്ധതി നടപ്പായാൽ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണെന്നാണ് പഠനം നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. അങ്ങനെ അനവധി വിഷയങ്ങളാണുള്ളത്. മീനച്ചിലാർ പദ്ധതി ഗവർണർ നയപ്രഖ്യാപനപ്രസംഗത്തിൽ വായിപ്പിച്ചിരിക്കുകയാണ്. ആ പദ്ധതിയുമായി മുന്നോട്ടുപോകരുതെന്നും അത് നിർത്തലാക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. ഈ നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഇന്നലെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി സഭയിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് നടത്തിയ പ്രസംഗവും അദ്ദേഹം അവലംബിച്ച ശൈലിയും കേരള നിയമസഭയുടെ ചരിത്രത്തിൽതന്നെ വ്യത്യസ്തമായ ചില ആംഗ്യങ്ങൾകൊണ്ട് സഭയിൽ

പ്രകോപനങ്ങളുണ്ടാക്കാനും സഭയുടെ ശരിയായ നടത്തിപ്പിനെ ഇല്ലാതാക്കാനും കഴിയുന്ന വിധത്തിലുള്ളതായിരുന്നു. പ്രതിപക്ഷനേതാവിന്റെ ചില രീതികൾ കാണുമ്പോൾ, കഴിഞ്ഞ ദിവസം എറണാകുളം ജില്ലയിലുണ്ടായ ഒരു സംഭവത്തിന്റെ ഭാഗമായി അദ്ദേഹത്തിന്റെ ചില രീതികൾ അവലംബിക്കുന്ന മറ്റൊരാൾ എറണാകുളത്തെ കോൺഗ്രസ് കമ്മിറ്റിയുടെ ചുമതലയിലുണ്ടെന്ന് സ്വാഭാവികമായി മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അവഹേളിച്ചുകൊണ്ട് ഒരു പൊതുപ്രവർത്തകന് ചേരാത്തവിധത്തിലുള്ള പദപ്രയോഗങ്ങൾ നടത്തിയും സമരത്തിന്റെ ഭാഗമായി ഒരു കാരണവശാലും സ്വീകരിക്കാൻ പാടില്ലാത്ത ചില സംസാരശൈലി ഉയർത്തിയും എറണാകുളത്തെ ഡി.സി.സി. പ്രസിഡന്റ് ചില ഇടപെടലുകൾ നടത്തുകയും അത് മാധ്യമങ്ങളിലാകെ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തകർ ഇന്ന് സ്വീകരിക്കേണ്ട പൊതുശൈലിയെ സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകി എങ്ങനെയാണ് ഇനി അങ്ങോട്ട് കോൺഗ്രസിന്റെ പ്രവർത്തനം എന്ന് പ്രത്യേകം നിർദേശിച്ച് പരിശീലനം കൊടുത്ത് പ്രവർത്തകരെ ഇറക്കിവിട്ടിരിക്കുകയാണോ എന്നൊരു സ്വാഭാവിക സംശയം

തോന്നുന്നുണ്ട്. അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഉന്നയിക്കപ്പെട്ട പല പ്രശ്നങ്ങളുടെയും ഉള്ളടക്കത്തെസംബന്ധിച്ച് ആധികാരികമായി പരിശോധിച്ചാൽ സ്ത്രീത്വം ഉൾപ്പെടെയുള്ള വിവിധങ്ങളായ പ്രശ്നങ്ങളിൽ കോൺഗ്രസിന്റെ സമീപനം എന്തായിരുന്നുവെന്ന് കഴിഞ്ഞകാല രാഷ്ട്രീയ ചരിത്രം വിശകലനം ചെയ്യുമ്പോൾ കാണാൻ സാധിക്കും. നിലമ്പൂരിലെ കോൺഗ്രസ് മണ്ഡലം കമ്മിറ്റി ഓഫീസിൽ കൊല്ലപ്പെട്ട രാധ എന്ന സ്ത്രീയുടെ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഒരു വലിയ കാലം നമ്മുടെ ഇന്ത്യാ രാജ്യമാകെ ചർച്ച ചെയ്ത ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായിരുന്നു നൈനാ സാഹ്നിയുടെ ചരിത്രം. സ്ത്രീകളുമായി ബന്ധപ്പെട്ട് ഇത്തരം സമീപനങ്ങൾ സ്വീകരിച്ച കോൺഗ്രസ്സാണ് ഈ കഴിഞ്ഞദിവസം നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്റെ ഭാഗമായി കോൺഗ്രസ്സിന്റെ പ്രതിപക്ഷനേതാവ് ഉൾപ്പെടെ സംസാരിക്കുമ്പോൾ സ്ത്രീകൾ അവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അതിവൈകാരികമായി ഞങ്ങളൊന്നും ഇതിന്റെ ഭാഗമായി ഒരിക്കലും ഒരുകാലത്തും ഇങ്ങനെയൊരു സമീപനം സ്വീകരിച്ചിട്ടില്ലെന്ന് ജനങ്ങളെ ആകെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലേക്ക് ഇടപെട്ട് പോരുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്

കേരളത്തിൽ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ സമാനതകളില്ലാത്ത നിരവധി വികസന പ്രവർത്തനങ്ങളുണ്ട്. ആ വികസന പ്രവർത്തനങ്ങളെ എല്ലാവിധത്തിലും തകർക്കുന്ന സമീപനമാണ് കേരളത്തിലെ യു.ഡി.എഫ്. കഴിഞ്ഞ കുറെ കാലങ്ങളായി നടത്തിക്കൊണ്ടിരിക്കുന്നത്. അവർ എതിർത്ത പല പദ്ധതികളും മാതൃകാപരമായി നടപ്പാക്കിയ നാടാണ് നമ്മുടെ കേരളം. ജനങ്ങളുടെ വലിയ പിന്തുണയുടെ ഭാഗമായും അവർ അംഗീകരിക്കുകയും ചെയ്തുകൊണ്ടാണ് ഓരോ വികസന പ്രവർത്തനവും സമയബന്ധിതമായി പൂർത്തീകരിക്കാൻ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത് എന്നത് ഒരു യാഥാർത്ഥ്യമെന്നപോലെ നമ്മുടെ മുന്നിലുണ്ട്. കോൺഗ്രസ്സിന്റെ തെറ്റായ പ്രചാര പ്രവർത്തനങ്ങളെയാണ് നാം ഇവിടെ കാണേണ്ടത്. അതിന്റെ ഭാഗമായി കേരളത്തിലെ വികസന പ്രവർത്തനങ്ങളെ തകർക്കുകയാണ്. അതിന് വലതുപക്ഷ മാധ്യമങ്ങളുടെ വലിയ പിന്തുണ ആർജ്ജിക്കുകയാണ്. എന്തുനിലയിൽ ഏത് കാര്യങ്ങൾ പറഞ്ഞാലും അത് മാധ്യമങ്ങളിലൂടെ ഒന്ന് നൂറാക്കി കാണിച്ച് ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കുകയാണ്. ജനങ്ങളിലുണ്ടാകുന്ന തെറ്റിദ്ധാരണയുടെ

ഭാഗമായി വോട്ട് തേടി നാല് സീറ്റ് ലഭിക്കുകയെന്നുള്ള ലക്ഷ്യത്തിന്റെ ഭാഗമായി മാത്രം രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന നിലയിലേക്ക് കേരളത്തിലെ കോൺഗ്രസ് തരംതാഴ്ന്നിരിക്കുന്നുവെന്നതാണ് സമീപകാലയളവിലെ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. എത്രയേറെ വികസന പദ്ധതികളാണ് ഇക്കാലയളവിൽ നമ്മുടെ ഗവൺമെന്റിന് നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളത്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാമത് എത്തിയിരിക്കുന്നു. കേരളത്തിനെ ഏറ്റവും നല്ല നിലയിൽ ഉയർത്തി കാണിക്കാൻ കഴിയുന്ന ഒരു വലിയ നേട്ടമാണിത്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ നമ്മുടെ കേരളം ഒന്നാമതാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിൽ നമ്മുടെ കേരളം ഒന്നാമത് എത്തിയിരിക്കുന്നു. നമുക്ക് അഭിമാനിക്കാവുന്ന നിരവധി നേട്ടങ്ങൾ ഇക്കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞില്ലേ; നീതി ആയോഗിന്റെ സൂചിക പ്രകാരം ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് നമ്മുടെ കേരളം. 2021-ൽ ഇൻഡ്യാ ടുഡേ നടത്തിയ ഹാപ്പിനെസ് ഇൻഡക്സ് സർവേയിൽ കേരളം ഒന്നാമത് എത്തിയിരിക്കുന്നു. അങ്ങനെ ഓരോഘട്ടവും നാം നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെയും ജനക്ഷേമ പ്രവർത്തനങ്ങളുടെയും

കാര്യത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന നാടായി കേരളം ഉയരുകയാണ്. രാജ്യത്തെ ആദ്യത്തെ സൂപ്പർ ഫാബ് ലാബും രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവകലാശാലയും ആരംഭിക്കാൻ നമ്മുടെ കേരളത്തിൽ കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടമാണ്. അതുപോലെ രാജ്യത്തെ ആദ്യ ഗ്രാഫീൻ സെന്ററും രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്കും കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമായ നേട്ടമാണ്. രാജ്യത്തെ ആദ്യ വാട്ടർ മെട്രോ നമ്മുടെ കേരളത്തിലാണെന്നുള്ളത് നമുക്ക് എല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ദേശീയപാത വികസനമുൾപ്പെടെ ഏറ്റവും മികവാർന്ന നിലവിൽ ഏറ്റെടുക്കാൻ നമുക്ക് കഴിഞ്ഞു. ഒരു പക്ഷേ യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് ഏറ്റെടുക്കേണ്ടതായ/ഏറ്റവും ശരിയായ നിലയിൽ നടപ്പാക്കേണ്ട പദ്ധതിയായിരുന്ന ദേശീയപാതയുടെ വികസനം. ദേശീയപാത വികസനം യു.ഡി.എഫ്. ഗവൺമെന്റ് ഉപേക്ഷിച്ച് വഴിമാറി പോകുന്ന സാഹചര്യമാണ് അന്നുണ്ടായത്. ആ സാഹചര്യമുൾപ്പെടെ അതിൽ ഉയർന്നുനിന്നിരുന്ന എല്ലാ പ്രതിസന്ധികളെയും മറികടന്നുകൊണ്ട് നമ്മുടെ കേരളത്തിന്റെ അനിവാര്യവും ഏറ്റവും സുപ്രധാനപരവുമായ ഒരു

വികസന പ്രവർത്തനമെന്നുള്ള നിലയിൽ ആ വികസന പ്രവർത്തനത്തെ കണ്ടുകൊണ്ടാണ് അയ്യായിരത്തിലധികം കോടി രൂപ കേരളത്തിലെ ഗവൺമെന്റ് അനുവദിച്ചുകൊണ്ട് ദേശീയപാതയുടെ വികസനം ഇന്ന് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നത്. ഇത് നമ്മുടെ കേരളം മാതൃകാപരമായി കൈവരിച്ച ഏറ്റവും ശരിയായ വികസന കാഴ്ചപ്പാടിന്റെ ഭാഗമായി നടപ്പാലാക്കാൻ സാധിച്ചുവെന്ന് നാം കാണേണ്ടതുണ്ട്. സമ്പൂർണ ഭവന വൈദ്യുതീകരണം നടത്തിയ രാജ്യത്തെ ഒരേയൊരു സംസ്ഥാനമെന്ന പ്രത്യേകത കേരളത്തിനുണ്ടെന്ന് നാം തിരിച്ചറിയണം. സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണം ഞാൻ പ്രത്യേകം ഈ സന്ദർഭത്തിൽ വിശദീകരിക്കേണ്ടതില്ല. ഗ്രാമീണ മേഖലയിലെ സ്കൂളുകൾ ഒരു കാലത്ത് നിരവധി പരിമിതികൾ നേരിട്ടിരുന്നു. ക്ലാസ് മുറികളുടെ അപര്യാപ്തത, ക്ലാസ് മുറികളിലെ ഭൗതിക സൗകര്യങ്ങളുടെ പരിമിതികൾ തുടങ്ങി നമ്മുടെ പൊതുവിദ്യാലയങ്ങളുൾപ്പെടെ നേരിട്ടിരുന്ന എല്ലാനിലയിലുമുള്ള പ്രതിസന്ധികളെയും മറികടന്ന് പൊതുവിദ്യാലയങ്ങളുടെ മാതൃകയിൽ ഏറ്റവും മികവാർന്ന പ്രകടനം ഇന്ത്യയിൽ കാഴ്ചവയ്ക്കാൻ കഴിയുന്ന നാടായി കേരളം മാറിയെന്നുള്ളത് ഈ ഗവൺമെന്റിന്റെ ഏറ്റവും ഉയർന്ന

നേട്ടങ്ങളിലൊന്നാണ്. ഇന്റർനെറ്റ് സൗകര്യം ജനങ്ങളുടെ അവകാശമായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. ലോകരാജ്യങ്ങളിലെ വികസിത സങ്കല്പങ്ങളോട് കിടപിടിക്കുന്ന നാടാണ് കേരളം. ഇന്റർനെറ്റ് സൗകര്യവും ഇന്റർനെറ്റ് സാക്ഷരതയുമുൾപ്പെടെയുള്ള കാര്യങ്ങളിലൂടെ കേരളം വലിയ നേട്ടം കൈവരിച്ചിരിക്കുന്നുവെന്നത് അനുഭവങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടുകയാണ്. അങ്ങനെ കേരളത്തിൽനിന്നും വിദ്യാഭ്യാസംനേടി ഉന്നതവിദ്യാഭ്യാസത്തിന്റെ അനന്തമായ സാധ്യതകളിലേയ്ക്ക്, ലോകത്തിന്റെ വിവിധ കോണുകളിലേയ്ക്ക് യാത്ര ചെയ്ത് അവിടെ വിദ്യാഭ്യാസം നേടുന്ന കുട്ടികൾ കേരളത്തിന്റെ അഭിമാനമായി, ലോകത്തിന്റെ വിവിധ മേഖലകളിൽ ഇന്ന് കഴിവ് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ നേട്ടത്തിന്റെയെല്ലാം ഏറ്റവും ശരിയായ മാതൃകകൾ തീർക്കാൻകഴിഞ്ഞു എന്ന പ്രത്യേകത ഈ കാലത്തെ അടയാളപ്പെടുത്തുകയാണ്.

നമ്മുടെ കേരളത്തിലാണ് മികവാർന്ന ആരോഗ്യപരിചരണ സംവിധാനങ്ങളുള്ളത്. ജനകീയ ആരോഗ്യകേന്ദ്രങ്ങളുൾപ്പെടെ ആരോഗ്യമേഖലയിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ

കോളേജുകൾവരെ ഏറ്റവും ശരിയായി അതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞത് കേരളത്തിന്റെ ശ്രദ്ധേയമായ നേട്ടമാണ്. ഇങ്ങനെ ഏറെ മുന്നേറാനും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും കഴിയുന്ന നിലയിൽ കേരളം മുന്നോട്ടുപോകുമ്പോഴാണ് ആ വികസന പ്രവർത്തനങ്ങളെ തകർക്കുന്ന വിധത്തിലുള്ള തെറ്റായ പ്രചാരവേലകൾ നടത്തി കേരള ഗവൺമെന്റിനെ ഇകഴ്ത്തിക്കാണിക്കാനും ഇവിടെ ഒരു വികസനപ്രവർത്തനവും നടക്കുന്നില്ലെന്ന പ്രതീതി ജനിപ്പിക്കാനുമുള്ള ബോധപൂർവമായ പരിശ്രമങ്ങൾക്ക് കേരളത്തിലെ കോൺഗ്രസും യു.ഡി.എഫ്.-ഉം ഇപ്പോൾ ശ്രമിക്കുന്നത്. അങ്ങനെ കെ-റെയിൽ ഉൾപ്പെടെ നിരവധി പദ്ധതികളെ ഇവർ തകർത്തിട്ടുണ്ട്. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് സമാനതകളില്ലാത്ത മുന്നേറ്റം സാധ്യമാക്കാൻ കഴിയുന്നവിധത്തിൽ മാതൃകാപരമായി നമ്മൾ ഏറ്റെടുത്ത വികസന പ്രവർത്തനമായിരുന്ന 'കെ-റെയിൽ'. നിക്ഷിപ്ത താൽപര്യത്തിന്റെയും രാഷ്ട്രീയ ദുഷ്ടലാക്കിന്റെയും ഭാഗമായി ആ കെ-റെയിലിനെ തകർത്തെറിഞ്ഞത് ഈ കേരളത്തിലെ യു.ഡി.എഫ്. ആണ്. നിരവധി പദ്ധതികൾ, AI ക്യാമറയുൾപ്പെടെ സ്ഥാപിച്ചപ്പോൾ അതിനെതിരെ ഉയർത്തിക്കൊണ്ടുവന്ന ആരോപണങ്ങൾ

നാം കണ്ടതാണ്. എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഗെയിൽ പൈപ്പ്ലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾ വിജയകരമായി നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞു. ആ പദ്ധതിയെല്ലാം തകർക്കാൻ ശ്രമിച്ചവരാണ് കേരളത്തിലെ യു.ഡി.എഫ്. അങ്ങനെ നിരവധി പദ്ധതികളെ തകർത്ത് കേരളത്തെ പിന്നോട്ട് നടത്താനുള്ള ശ്രമം യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുമ്പോൾ ആ ശ്രമത്തെ ഏറ്റവും ശരിയായ നിലയിൽ നേരിട്ട്, കേരളത്തെ ലോകത്തിനുമുന്നിൽ മാതൃകയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ഗവൺമെന്റിന് എല്ലാവിധത്തിലുമുള്ള പിന്തുണ നൽകിക്കൊണ്ടും ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഐക്യകേരളം നിലവിൽ വന്ന് 68 വർഷം പൂർത്തിയായ ഈ ഘട്ടത്തിൽ ഐക്യകേരളത്തിൽ നിന്ന് നവകേരളത്തിലേയ്ക്കുള്ള വികസന ക്ഷേമപദ്ധതികളിലൂടെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നെല്ലാം വേറിട്ട പുരോഗതിയാണ് കേരളത്തിൽ ദൃശ്യമായിക്കൊണ്ടിരിക്കുന്നത്. വികസന ക്ഷേമപ്രവർത്തനങ്ങൾ

നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങൾക്കും എല്ലാവിഭാഗം ജനങ്ങൾക്കും ഉപകരിക്കണമെന്ന തരത്തിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നത്. അത്തരത്തിൽ വലിയ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും പ്രവർത്തനങ്ങൾ വിഭാവനം ചെയ്തുകൊണ്ടും മുന്നോട്ടുപോകുമ്പോൾ എല്ലാതരത്തിലും അത്തരം പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താൻ ശ്രമങ്ങളുണ്ടായാലും ഒരിഞ്ചുപോലും പുറകോട്ടില്ലെന്ന നിശ്ചയദാർഢ്യത്തോടെ, ഉത്തമബോധ്യത്തോടെ മുന്നേറുകയാണ് സർക്കാർ. സമൂഹത്തിൽ ഏറ്റവും വലിയ കരുതൽ ആവശ്യമുള്ള പട്ടികജാതി പട്ടികവർഗമേഖലയിലെ സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, കുഞ്ഞുങ്ങൾ എന്നിങ്ങനെ പ്രത്യേക കരുതലും ശ്രദ്ധയും ആവശ്യമുള്ളവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി, പൊതുസമൂഹത്തോടൊപ്പം ഉറച്ചുനിൽക്കുന്നതിനായി മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുകയും നിരവധി പദ്ധതികളാവിഷ്കരിക്കുകയും സമയബന്ധിതമായി അവ നടപ്പിലാക്കുകയും ചെയ്യുകയാണ് സർക്കാർ.

കേന്ദ്രം അതിഭീകരമായ പകപോക്കലാണ് നമ്മുടെ സംസ്ഥാനത്തിനെതിരെ നടത്തുന്നതെന്ന് പറയേണ്ടിവരും. നമുക്കവകാശപ്പെട്ട നേട്ടങ്ങൾ ഓരോന്നായി നിഷേധിക്കുകയും നാടിന്റെ വികസനത്തെ അട്ടിമറിക്കുന്നതിനായി ബോധപൂർവമായ ശ്രമം നടത്തുകയും ചെയ്യുന്ന രീതിയിലാണ് കേന്ദ്രനയങ്ങൾ. അവകാശബോധമുള്ള മലയാളികളെ അവഹേളിക്കുന്ന നിലപാടാണ് കേന്ദ്രഭരണകൂടം സ്വീകരിച്ചുവരുന്നത്. അവർക്കെതിരെ പ്രതികരിക്കുവാൻ പ്രതിപക്ഷകക്ഷികളടക്കമുള്ള പലർക്കും വല്ലാത്ത മടി നേരിടുന്നുവെന്നതും എന്നെ അത്ഭുതപ്പെടുത്തുന്നു. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും സർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസികളുടെയും റിപ്പോർട്ടിൽ ഏറ്റവും മികച്ച സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെടുന്നത് അഭിമാനകരമായ നേട്ടമാണ്. അവകാശപ്പെട്ട തുകകൂടി കൃത്യമായി ലഭിച്ചിരുന്നുവെങ്കിൽ കേരളത്തിലെ സാധാരണക്കാരനെ തേടിയെത്തുന്നത് എന്തായിരിക്കുമെന്ന് നമ്മൾ ഒന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. 2023-2024-ലെ റിപ്പോർട്ടുപ്രകാരം ഗ്രാമീണമേഖലയിൽ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന വേതനം കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടാണ് വിവിധ

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും തൊഴിൽതേടി ആയിരക്കണക്കിന് അതിഥിതൊഴിലാളികൾ നമ്മുടെ കേരളത്തിലെത്തുന്നതും കുടുംബാംഗങ്ങളുമായി വന്ന് മക്കളെ വിദ്യാഭ്യാസം ചെയ്യിച്ച്, സുഖകരമായ ജീവിതം സ്വപ്നം കണ്ട് അത് കെട്ടിപ്പടുക്കുന്നതിന് കേരളത്തിലെ മണ്ണ് തിരഞ്ഞെടുക്കുന്നത്.

കേന്ദ്രസർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയം തയ്യാറാക്കിയ റാങ്കിങ് പ്രകാരം രാജ്യത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിൽ ഏറ്റവും മികച്ച നേട്ടമുണ്ടാക്കിയ വർഷമാണ് ഈ കഴിഞ്ഞുപോയതെന്ന് അഭിമാനപൂർവം പറയാൻ കഴിയും. വളരെയധികം സ്റ്റാർട്ടപ്പ് സംരംഭങ്ങളാണ് ഈ കാലത്തിനിടെ കേരളത്തിൽ പ്രവർത്തനമാരംഭിച്ചത്. കേരളത്തെപ്പോലെ അതിലോലമായ പാരിസ്ഥിതികാവസ്ഥയുള്ള നാടിനിണങ്ങുന്ന വികസനമാതൃക ഇതുതന്നെയാണ്. വരുംകാലങ്ങളിൽ ഈ മേഖലയിലുണ്ടാകുന്ന വലിയ മുന്നേറ്റത്തിന് അടിത്തറ പാകുവാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടെന്നത് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

മൂന്നുവർഷം കൊണ്ട് 180887 കുടുംബങ്ങൾക്ക് പട്ടയം നൽകി കിടപ്പാടത്തിന്റെ ഉടമകളാക്കി മാറ്റിയ സർക്കാരാണ് നമ്മുടേത്. 120000 പേർക്കുകൂടി പട്ടയം കൊടുക്കാനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത കേരളമെന്ന ലക്ഷ്യത്തിലേയ്ക്ക് നാം അടുത്തുകൊണ്ടിരിക്കുകയാണ്. 4.2 ലക്ഷം വീടുകളാണ് ഈ ഭരണകാലയളവിൽ പൂർത്തീകരിച്ചുനൽകിയത്. 113000 വീടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കേന്ദ്രം കേരളത്തെ സാമ്പത്തികമായി ശ്വാസംമുട്ടിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് ഈ നേട്ടങ്ങളെല്ലാം. പ്രകൃതിദുരന്തങ്ങളിൽ അർഹമായ സാമ്പത്തിക സഹായം നൽകുന്നില്ലെന്നു മാത്രമല്ല; രക്ഷാപ്രവർത്തനത്തിൽ സഹകരിച്ച ദൗത്യസംഘത്തിന്റെ സഹായംപോലും കേരളസർക്കാരിൽനിന്നും ഈടാക്കുകയാണ്. ഉരുൾപൊട്ടലിനെത്തുടർന്ന് മുണ്ടക്കൈയിലും ചൂരൽമലയിലും നാശനഷ്ടങ്ങളുണ്ടായി. ഈ വയനാടൻ ഗ്രാമങ്ങൾ സാമ്പത്തിക സഹായം ചോദിച്ചപ്പോൾ സ്വീകരിച്ച വിചിത്രമായ സമീപനം നാം കണ്ടതാണ്. വിശദമായ പഠനറിപ്പോർട്ട് നൽകാൻ താമസിച്ചതിനാലാണ് സാമ്പത്തികസഹായം പ്രഖ്യാപിക്കാത്തതെന്ന

വിചിത്രമായ വാദം നാം കണ്ടു. മാത്രമല്ല, കേന്ദ്രം ഉരുൾപൊട്ടൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമവും പാർലമെന്റിലുണ്ടായി. അങ്ങനെ ഒരു മുന്നറിയിപ്പ് ഉണ്ടായിരുന്നില്ലെന്ന് തെളിവ് സഹിതം പിന്നീടാണ് വ്യക്തമാകുന്നത്.

വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് പല മടങ്ങായി തിരിച്ചടച്ചാൽ മാത്രമേ മതിയാകൂവെന്ന നിലപാടാണ് കേന്ദ്ര ഭരണകൂടം മുന്നോട്ട് വച്ചിരിക്കുന്നത്. ഇത് നയത്തിൽനിന്നുള്ള വ്യതിയാനമാണ്. മറ്റ് സംസ്ഥാനങ്ങൾക്കൊന്നും ബാധകമല്ലാത്ത മാനദണ്ഡങ്ങളാണ് കേരളത്തിന് മാത്രമായി അവതരിപ്പിക്കുന്നത്. കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുമായി നടത്തിയ ഓൺലൈൻ യോഗത്തിൽ കേരളത്തിന്റെ ഭാഗം കേൾക്കുവാൻ കേന്ദ്രമന്ത്രി തയ്യാറായിട്ടില്ലെന്ന് ഈ സാഹചര്യത്തിൽ നാം ഓർക്കേണ്ടതാണ്. കേരളത്തിന്റെ പശ്ചാത്തലവികസനത്തിന് അത്ഭുതകരമായ നേട്ടങ്ങൾ സൃഷ്ടിക്കാൻ കരുത്തുനൽകിയ കിഫ്ബി വായ്പ സംസ്ഥാന സർക്കാരിന്റെ ബാധ്യതയെന്ന നിലയിലാണ് കേന്ദ്രവും പ്രതിപക്ഷവും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ മാനദണ്ഡം കേന്ദ്ര

സർക്കാരിന് ബാധകമാകുന്നുണ്ടോയെന്ന് പരിശോധിക്കുമ്പോഴാണ് ഇതിലെ ഇരട്ടത്താപ്പ് മനസ്സിലാകുന്നത്.

223 റോഡുകൾ, 91 പാലങ്ങൾ 57 മേൽപ്പാലങ്ങൾ, 61 ഫ്ലൈ ഓവറുകൾ, ഒരു അണ്ടർ പാസേജ് എന്നിവയുൾപ്പെടെ നിർമ്മിക്കുന്നതിനായി 18,445 കോടിരൂപ ചെലവഴിച്ച് സംസ്ഥാനത്തിന്റെ മുഖഛായ മാറ്റിയ പദ്ധതിയാണ് കിഫ്ബി. സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിന് സ്ഥലമേറ്റെടുക്കുവാൻ കഴിയില്ലെന്നും ദേശീയപാതയുടെ വീതി 45 മീറ്ററായി ചുരുക്കണമെന്നും പറഞ്ഞ് കത്ത് എഴുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ദേശീയപാതയ്ക്ക് സ്ഥലമേറ്റെടുക്കുവാൻ ഈ പുരയിടത്തിനകത്ത് പ്രവേശിക്കരുതെന്ന് പോസ്റ്റർ ഒട്ടിച്ചിരുന്ന വീട്ടുടമകളുണ്ടായിരുന്ന നമ്മുടെ നാട്ടിൽ, ഒരിക്കലും നടക്കില്ലെന്ന് പറഞ്ഞ ദേശീയപാതാ വികസന പദ്ധതി ഇന്ന് യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. ഈ വർഷം ദേശീയപാതാവികസനം പൂർണ്ണമാവുകയുമാണ്. ഇതിനായി സ്ഥലമേറ്റെടുക്കുന്നതിന് 55,580 കോടിരൂപ കിഫ്ബി വഴിയാണ് കണ്ടെത്താൻ കഴിഞ്ഞത്. ആരോഗ്യമേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള കിഫ്ബിയുടെ സംഭാവന വളരെ വലുതാണ്. 10

പുതിയ കാത്ത് ലാബുകൾ, 4 ജനറൽ ആശുപത്രികൾ, പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ, എല്ലാ നിയമസഭാമണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ എന്നിവയെല്ലാം കിഫ്ബിയിലൂടെ യാഥാർത്ഥ്യമാക്കിയിരിക്കുന്നു.

സാധാരണക്കാരന്റെ മക്കൾ പഠിച്ചിരുന്ന സർക്കാർ വിദ്യാലയങ്ങളുടെ മുഖച്ഛായ മാറ്റിയതും കിഫ്ബി തന്നെയാണ്. 44750 ക്ലാസ് റൂമുകളും 11257 സ്കൂൾ ലാബുകളും 268 സ്കൂൾ കെട്ടിടങ്ങളും കിഫ്ബിയിലൂടെയുള്ള മുതൽമുടക്കാണ്. എത്രമാത്രം കൃത്യമായ മാനദണ്ഡങ്ങളിലൂടെയാണ് സ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടതെന്ന് നമുക്കറിയാം. ഭരണപ്രതിപക്ഷമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ വിദ്യാലയത്തിന് 5 കോടിരൂപ വീതവും 1000 കുട്ടികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങൾക്കും 3 കോടിരൂപ വീതവും 500 കുട്ടികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങൾക്കും ഒരു കോടിരൂപ വീതവും കൊടുക്കുകയും ഇപ്പോൾ അത് 1.30 കോടിരൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഇൻഡസ്ട്രിയൽ പാർക്കുകളും വിൽക്കാൻ വച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും വാങ്ങുന്നതിനുള്ള പണം കിഫ്ബിയിലൂടെയാണ് കണ്ടെത്തിയത്. സാംസ്കാരിക നിലയങ്ങൾ, മലയോരപാതകൾ,

തീരദേശപാത എന്നിവയും കിഫ്ബിയുടെ മുതൽമുടക്കാണ്. കേരളത്തിൽ പശ്ചാത്തല സൗകര്യ വികസന വിപ്ലവം സൃഷ്ടിച്ച കാലമാണ് കിഫ്ബിയുടെ കാലം. അത് സൃഷ്ടിച്ച വികസനത്തെ ഭയക്കുന്നവരാണ് കിഫ്ബിക്കെതിരായി അടിസ്ഥാനരഹിതമായ ആരോപണങ്ങളുമായി ഇറങ്ങിയിരിക്കുന്നത്. ഇവരെ പൊതുസമൂഹം ഒറ്റപ്പെടുത്തിയിരിക്കുന്നു. ഇവരുടെ വാദഗതികൾ പൊതുസമൂഹം അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുന്നു. ഏറെ അഭിമാനകരമായ നേട്ടങ്ങളാണ് കേരളം കൈവരിച്ചിട്ടുള്ളത്. അർഹതപ്പെട്ട/അവകാശപ്പെട്ട തുക കേന്ദ്രത്തിൽനിന്നും കൃത്യമായി ലഭിച്ചിരുന്നെങ്കിൽ എത്രത്തോളം വികസനമായിരുന്നു കേരളത്തിലെ സാധാരണക്കാരനെ തേടിയെത്തുകയെന്ന് നമ്മൾ ആലോചിക്കേണ്ടതായിട്ടുണ്ട്. ദേശീയതലത്തിൽ പിന്നാക്ക വിഭാഗങ്ങൾക്കെതിരെ വൻതോതിലുള്ള ആക്രമണങ്ങളുണ്ടാകുന്നു. ഭരണഘടനാ ശിൽപ്പിയായ ഡോ. ബി. ആർ. അംബേദ്കറെ അവഹേളിക്കുന്നു. വലിയ ആശങ്ക സൃഷ്ടിക്കുന്ന തലത്തിൽ അക്രമസംഭവങ്ങളുടെ എണ്ണം അനുദിനം വർധിച്ചുവരുന്നു. ഇതൊന്നും പെട്ടെന്നുണ്ടാകുന്ന പ്രകോപനത്തിൽനിന്നല്ല സംഭവിക്കുന്നതെന്ന് ആർക്കും മനസ്സിലാക്കാൻ സാധിക്കും. കേരളത്തിൽ

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഇതര സംസ്ഥാനങ്ങൾക്കുതന്നെ മാതൃകയാണ്. കേരളത്തിന്റെ ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിന് വാർഷിക പദ്ധതിയുടെ 9.81 ശതമാനം തുകയും 1.45 ശതമാനം വരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വാർഷിക പദ്ധതിയുടെ 2.83 ശതമാനം തുകയുമാണ് സംസ്ഥാന സർക്കാർ ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഈ രാജ്യത്ത് പട്ടികജാതി വിഭാഗത്തെ സംരക്ഷിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നേറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേകർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു, അനുകൂലിക്കുന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ നിശ്ചയദാർഢ്യവും ജനോപകാരപ്രദവുമായ നയങ്ങളാണ് കേരളത്തിൽ സർക്കാർ ചെയ്യുന്നത് എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് ഈ നയപ്രഖ്യാപനം.

രാജ്യത്ത് പലവിധ വകുപ്പുകൾക്കുള്ള റേറ്റിംഗിൽ കേരളത്തിന് ഒന്നുംരണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നത്  ഇതിന് ഉദാഹരണങ്ങളാണ്.  ഈ വസ്തുതകൾ കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കിയിട്ടും പ്രതിപക്ഷവും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും ബി.ജെ.പി.-യുടെ കേരളാ ഘടകവും മനസ്സിലാക്കുന്നില്ല. അവർ 'മച്ചാൻ മച്ചാൻ' കളിക്കുകയാണ്.  കേന്ദ്രസർക്കാർ എല്ലാ വിധത്തിലും സാമ്പത്തികമായി ഞെരുക്കിയിട്ടും കേരള സർക്കാർ പിടിച്ചു നിൽക്കുന്നുവെന്നത് വളരെ വലിയൊരു സംഭവവും  മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും നിശ്ചയദാർഢ്യവുമാണ്. കേരളത്തോട് കേന്ദ്രം കാണിക്കുന്ന അവഗണനയിലും ചിറ്റമ്മനയത്തിലും പ്രതിഷേധിച്ച് ഡൽഹിയിലെ ജന്തർമന്തർ റോഡിൽ സംസ്ഥാനത്തെ മുഖ്യമന്ത്രിമാരും മന്ത്രിമാരും ഞങ്ങളെല്ലാവരും സമരം ചെയ്തപ്പോൾ  ഇന്ത്യയുടെ നാനാഭാഗത്തുനിന്നുള്ളവർ നേരിട്ടും അല്ലാതെയും ഈ സമരത്തിന് പിന്തുണയറിയിച്ചിട്ടും സംസ്ഥാനത്തെ പ്രതിപക്ഷം അതിൽ പങ്കെടുത്തില്ലെന്നത് വളരെ ഖേദത്തോടുകൂടിയാണ് കേരളത്തിലെ ജനങ്ങൾ ഓർക്കുന്നത്. കോവിഡ്,  നിപ, വെള്ളപ്പൊക്കം, ഏറ്റവും  അവസാനമായി നടന്ന വയനാട് ദുരന്തം എന്നിവയിലെല്ലാം സംസ്ഥാനത്തെ ജനതയെ

നെഞ്ചോട് ചേർത്തുനിർത്തിയൊരു സർക്കാരാണ് കേരളത്തിലുള്ളത്. ആ ദുരന്തമുഖത്ത് നൽകിയ സഹായങ്ങൾക്കെല്ലാം കേന്ദ്രം കൃത്യമായി കൂലി ചോദിച്ചുവാങ്ങിയ കാഴ്ചയും നമ്മൾ കണ്ടതാണ്. പട്ടിണി കിടക്കേണ്ട അവസ്ഥ വന്നപ്പോൾ അനുവദിച്ച അരിക്ക് പിന്നീട് കാശ് വാങ്ങിയതും കേന്ദ്ര സർക്കാരാണ്. ഇത്തരത്തിലുള്ള കേന്ദ്ര സർക്കാരിനെതിരെ ഒരു അക്ഷരം മിണ്ടാനോ അവർക്കെതിരെ കൈ ചൂണ്ടാനോ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നത് ഖേദകരമാണ്. ഇതൊന്നുമല്ല തന്റെ പ്രശ്നമെന്നും ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമവും അവരുടെ കണ്ണീരൊപ്പലുമാണെന്ന രീതിയിൽ മുന്നോട്ടുപോകുകയാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി. എന്തെല്ലാം പദ്ധതികളാണ് കേരളത്തിൽ പുതുതായി വന്നുകൊണ്ടിരിക്കുന്നത് പ്രതിപക്ഷം നടത്തുന്ന പത്രസമ്മേളനങ്ങൾ ശ്രദ്ധിച്ചാൽ നമുക്ക് മനസ്സിലാകും. പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ പ്രതിപക്ഷം അതിനെതിരെ ആഞ്ഞടിച്ച് പത്രസമ്മേളനങ്ങൾ നടത്തും. എന്നാൽ അതിന്റെ വസ്തുതകൾ മനസ്സിലാക്കി ജനങ്ങൾ ഇതിനെല്ലാം അനുകൂലമാണെന്നും സർക്കാരിനൊപ്പം തന്നെയാണെന്നും അറിയുമ്പോൾ അത്തരമൊരു കാര്യം പറഞ്ഞതായി ഭാവിക്കാതിരിക്കുന്നൊരു പ്രതിപക്ഷത്തെയാണ് ഇന്ന് കേരളത്തിൽ

കാണുന്നത്. കേരളത്തിൽ പുതുതായി വന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സർക്കാരിന്റെ പ്രവർത്തനത്തെ നല്ലരീതിയിൽ വിലയിരുത്തിയെന്നത് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും കാണാൻ സാധിക്കും. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിലും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിലും പ്രതിജ്ഞാബദ്ധമായൊരു സർക്കാരാണിന്നുള്ളത്. അതിന് ഏറ്റവും നല്ലൊരു ഉദാഹരണമാണ് ദേശീയപാതാ വികസനം. 2025-ഓടുകൂടി കേരളത്തിൽ ആറുവരി പാത യാഥാർത്ഥ്യമാകുമെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിൽ കാണിച്ച ഇച്ഛാശക്തിയൊന്നുകൊണ്ട് മാത്രമാണ് ഇത്രയുംവേഗം ദേശീയ പാതയുടെ പണി പൂർത്തീകരിക്കാൻ സാധിച്ചത്. സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ കാര്യം പ്രത്യേകിച്ച് പറയേണ്ടതുണ്ട്. 'കുണ്ടും കുഴിയുമില്ലാത്ത റോഡ്' എന്ന സ്വപ്നം യാഥാർത്ഥ്യമായിരിക്കുകയാണ്. എവിടെയെങ്കിലും റോഡ് തകർന്നിരിക്കുന്ന അവസ്ഥയുണ്ടെങ്കിൽ അത് പൊതുജനങ്ങൾ അറിയിക്കുന്നപക്ഷം അവ അപ്പോൾതന്നെ നവീകരിക്കുന്ന പദ്ധതിയുണ്ട്. കൂടാതെ എം.എൽ.എ.-മാർ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയാലും സത്വരമായി ഇടപെട്ട്

യുദ്ധകാലാടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നുണ്ട് എന്നത് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഏറ്റവും ഒടുവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ എല്ലാ മണ്ഡലങ്ങളിലും റോഡ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നത്. നമ്മൾ ഓരോ മണ്ഡലത്തിലൂടെയും യാത്ര ചെയ്യുമ്പോൾ തങ്ങളുടെ റോഡ് ശരിയാക്കണമെന്ന് ജനങ്ങൾ പറയാറുണ്ട്. പക്ഷേ ഇതിലൊന്നും പെട്ടെന്ന് നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1000 കോടി രൂപയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് ഭരണാനുമതി നൽകിയിരിക്കുകയാണ്. പ്രാദേശിക ഭരണകൂടങ്ങളുടെ മേൽനോട്ടത്തിലാണിത് നടക്കുന്നത്. കേരളത്തിൽ സഹകരണ വകുപ്പ് വളരെ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. സഹകരണ മേഖലയ്ക്കുള്ളിൽ നേരിട്ടുള്ള വ്യാപാരത്തിനായി 'അങ്ങാടി കേരള ആപ്പ് എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിക്കാൻ തീരുമാനിച്ചതിനുപുറമെ വനിത സഹകരണസംഘങ്ങളുടെ അപെക്സ് ബോഡിയായ വനിത ഫെഡറേഷൻ, 45 വയസ്സിന് താഴെയുള്ള സെക്കന്ററിതല യോഗ്യതയുള്ള സ്ത്രീകളെ ശാക്തീകരിക്കുന്നതിനും തൊഴിലവസരങ്ങൾ, സാമ്പത്തിക സ്വാശ്രയത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലേക്കുമായി ഒരു തൊഴിൽ

പരിശീലന സംരംഭം ആരംഭിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

ദേവസ്വം വകുപ്പ് കുറ്റമറ്റ രീതിയിലാണ് പ്രവർത്തിക്കുന്നത്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഇപ്രാവശ്യത്തെ മണ്ഡല-മകരവിളക്ക് കാലത്ത് യാതൊരു മുറുമുറുപ്പും അസ്വസ്ഥതയുമില്ലാതെ ശബരിമലയിൽ തീർത്ഥാടനത്തിന് പോയവർ തിരിച്ചുവന്നത്. പോലീസ് ശബരിമലയിൽ നടത്തിയ പ്രവർത്തനങ്ങൾ എല്ലാനിലയിലും ശ്ലാഘനീയമാണ്. എ.ഡി.ജി.പി. ശ്രീ. എസ്. ശ്രീജിത്തിന്റെയും സ്പെഷ്യൽ ഓഫീസറുടെയും നേതൃത്വത്തിൽ ശബരിമലയിൽ പോലീസ് നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി മലകയറിയ ഭക്തന്മാർക്കെല്ലാം വളരെ സുരക്ഷിതരായി അവിടെ എത്തിച്ചേരാനും തിരിച്ചുവരാനും സാധിച്ചു. അതുപോലെ ദേവസ്വം ബോർഡ് പ്രസിഡണ്ട് ശ്രീ. പി. എസ്. പ്രശാന്ത് ഇക്കാര്യത്തിൽ നന്നായി ഇടപെട്ട് പ്രവർത്തിക്കുകയുണ്ടായി. കേരളം ഭൂരഹിതരില്ലാത്ത സംസ്ഥാനമായി മാറാൻ പോകുന്നുവെന്നതാണ് മറ്റൊരു ശ്രദ്ധേയമായ വസ്തുത. എല്ലാ വിഭാഗം ആളുകൾക്കും പട്ടയം നൽകുന്ന പദ്ധതി പൂർത്തീകരിക്കാൻ പോകുകയാണ്. ഈ പദ്ധതികളെല്ലാം നടപ്പിലാക്കുമ്പോഴും റവന്യൂ വരുമാനം

വർധിപ്പിക്കാനുള്ള നടപടിയിലേയ്ക്ക് സർക്കാർ ആത്മാർഥമായ ശ്രമം നടത്തുമ്പോൾ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെയും കുറഞ്ഞുവരുന്ന റവന്യൂകമ്മി ഗ്രാന്റിന്റെയും ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് കേന്ദ്ര സർക്കാർ ചില്ലറ പ്രതിസന്ധികളൊന്നുമല്ല ഉണ്ടാക്കുന്നത്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും വലിയ മാറ്റങ്ങളാണ് ഇന്ന് കാണുന്നത്. അഗ്രോ ബിസിനസ്സ് കമ്പനികൾ, അഗ്രി പാർക്കുകൾ, തരിശുരഹിത ഗ്രാമങ്ങൾ, ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തത, വെറ്ററിനറി സേവനങ്ങൾ ഡിജിറ്റലായി സംയോജിപ്പിക്കുന്നതിന് " ഇ-സമൃദ്ധ" പ്ലാറ്റ്ഫോം, മൊബൈൽ വെറ്ററിനറി സേവനങ്ങൾ എന്നിവ പ്രശംസാർഹമാണ്. ഇന്ത്യാ രാജ്യത്തിനാകെ മാതൃകയായ പദ്ധതികളാണ് ആരോഗ്യമേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഹൃദയ പരിചരണം, ഡയാലിസിസ് യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നിവ പല സ്ഥലങ്ങളിലും ആരംഭിക്കുകയും മറ്റ് സ്ഥലങ്ങളിൽ ആരംഭിക്കാനിരിക്കുകയുമാണെന്ന് നാം മനസ്സിലാക്കണം. വിദ്യാഭ്യാസ മേഖല സമഗ്ര പുരോഗതിയുടെ പാതയിലാണ്. പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളുടെ കുത്തൊഴുക്ക് തുടരുകയാണ്.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നത് അന്തസ്സായി കുട്ടികളും രക്ഷിതാക്കളും കാണുന്ന കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോകുന്നത്. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. വനം-വന്യജീവി, ഊർജ്ജ മേഖല, ഉന്നത വിദ്യാഭ്യാസം എന്നിവയെല്ലാം ഒന്നിനൊന്ന് മെച്ചപ്പെട്ട് ജീവിതത്തിലേയ്ക്ക് വരുമ്പോൾ ഈ സർക്കാർ ജനങ്ങളോട് പ്രതിജ്ഞാബദ്ധമായി മുന്നോട്ടുപോകുന്ന കാഴ്ചയാണ് നാം കാണുന്നത്. അതാണ് ഗവർണ്ണർ ഇവിടെ സൂചിപ്പിച്ചത്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ അവസാന പ്രസംഗത്തിൽവരെ പറഞ്ഞ ഒരു കാര്യം ശരിയാണ്, കുഴപ്പങ്ങളൊന്നും കൂടാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്. ഒരു നയപ്രഖ്യാപനംകൂടി വന്നതും ശരിയാണ്. എന്നാൽ പറയുന്നതൊന്നും ചെയ്യാൻ കയ്യിൽ കാശില്ല. അതിനാൽ ഒന്നും നടക്കുന്നില്ലെന്നുള്ള കാര്യം ആരും തുറന്നുപറയുന്നില്ലെങ്കിലും എല്ലാവർക്കും നല്ലതുപോലെ അത് അറിയാം. യഥാർത്ഥത്തിൽ കയ്യിൽ കാശില്ല, എന്നാലും വർഷാവർഷം ഗവർണ്ണർ വന്ന് നല്ലൊരു പ്രഭാഷണം നടത്തും. ആ പ്രഭാഷണത്തിൽ കാര്യങ്ങളൊക്കെ

വളരെ ശുഭമെന്ന് പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ; കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായിക്കൊണ്ടിരിക്കുന്നുവെന്ന് എല്ലാവർക്കും ബോധ്യമുണ്ട്. കേരളം എക്കണോമിക്കലി വീക്കായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പല ഒന്നാം സ്ഥാനങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. കുറെക്കാലമായി കേരകൃഷിയിൽ കേരളം ഒന്നാമതായിരുന്നുവെന്നത് അടിസ്ഥാനപരമായി ആർക്കും തർക്കമില്ലാത്ത ഒരു കാര്യമാണ്. ഇന്ത്യയിൽത്തന്നെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കേരളത്തിന്റെ പേരുതന്നെ അതല്ലേ? എന്നാൽ ഇപ്പോൾ കേരകൃഷിയിൽ ഒന്നാം സ്ഥാനം കർണാടകത്തിനാണ്. Kerala slips to third in coconut production. കേരളത്തിന്റെ ഏറ്റവും വലിയ ശക്തിയെന്നുപറയുന്നത് വിദേശങ്ങളിൽനിന്നുള്ള റെമിറ്റൻസാണ്. അതുകൊണ്ടാണ് നമ്മൾ പിടിച്ചുനിന്നത്, അല്ലാതെ ആരുടെയും കഴിവുകൊണ്ടല്ല. മാറിമാറിവന്ന ഗവൺമെന്റുകളുടെ അതതുകാലത്ത് സംഭാവനകളും കുറവുകളും കഴിവുകളുമൊക്കെയുണ്ടെങ്കിലും യഥാർഥത്തിൽ കേരളം കേരളമായി വ്യത്യസ്തമായി, നമ്പർ വണ്ണായിനിന്നത് കേരളത്തിൽ വന്നുകൊണ്ടിരുന്ന വിദേശ റെമിറ്റൻസുകൊണ്ടാണ്. എന്നാൽ വിദേശ റെമിറ്റൻസിൽ ഒന്നാം

സ്ഥാനത്ത് ഇപ്പോൾ കേരളമല്ല, മഹാരാഷ്ട്രയാണ്. ഒന്നോരണ്ടോ രംഗങ്ങളിൽ കേരളം നമ്പർ വണ്ണാണെന്ന് പറയുന്നുണ്ട്. അത് ആർക്കും ബോധ്യമില്ലാത്തൊരു കാര്യമാണ്. അതിലൊന്ന് ഇൻവെസ്റ്റ്മെന്റാണ്. അതെങ്ങനെയാണെന്ന് എനിക്കറിയില്ല. അതുപോലെ മറ്റ് ചില മേഖലകളെക്കുറിച്ചും പറയുന്നുണ്ട്. ലിറ്ററസി, എഡ്യൂക്കേഷൻ, ഐ.ടി., ഐ.ടി. എഡ്യൂക്കേഷൻ, ഐ.ടി. അപ്ലൈൻസിന്റെ ഇംപ്ലിമെന്റേഷൻ തുടങ്ങിയ പല മേഖലകളിലാണ് കേരളം നമ്പർ വണ്ണാണെന്ന് അഭിമാനപൂർവം പറഞ്ഞുകൊണ്ടിരുന്നത്. അതിലെല്ലാം മറ്റ് സംസ്ഥാനങ്ങൾ വളരെയധികം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. കേരളം പൊതുവിൽ വീക്കായിക്കൊണ്ടിരിക്കുന്നുവെന്നാണ് എന്റെ പക്ഷം. വീക്കാകുക എന്നുപറഞ്ഞാൽ അത് വളരെ അപകടകരമായ കാര്യമാണ്. കാരണം കേരളത്തിലെ വിദ്യാഭ്യാസം ഉന്നതനിലവാരം പുലർത്തുന്നതുകൊണ്ടാണ് ലോകത്തിലെ എല്ലാ രാജ്യങ്ങളിലും നമുക്ക് അവസരം ലഭിച്ചുകൊണ്ടിരുന്നത്. എന്നാലിപ്പോൾ എഡ്യൂക്കേഷന്റെ ക്വാളിറ്റി കുറവുകാരണം ഒരുഘട്ടം കഴിഞ്ഞാൽ കുട്ടികൾ പഠിക്കാൻ വേറെ രാജ്യം നോക്കുകയാണ്. ഇത്തരം സ്ഥിതിയിലും കേരളത്തിൽ യാതൊരു

കുഴപ്പവുമില്ല, എല്ലാം ശരിയാണെന്ന് വർഷാവർഷം ഗവർണ്ണർ പറഞ്ഞിട്ട് കാര്യമില്ല. അതുപോലെ പ്രതിപക്ഷം എന്തുപറഞ്ഞാലും ശരി ഞങ്ങളെയത് ബാധിക്കില്ല, ഞങ്ങൾ ഈ ഉറച്ചഭരണം തുടർന്നുകൊണ്ടേയിരിക്കുമെന്ന നിലപാടാണ് ഭരണപക്ഷത്തിനുള്ളത്. എന്നാൽ കേരളത്തിന്റെ സ്ഥിതി മോശമായിക്കൊണ്ടിരിക്കുന്നു എന്നതൊരു വസ്തുതയാണ്. കേന്ദ്രഗവൺമെന്റിൽനിന്നും സെൻട്രൽ അസിസ്റ്റൻസ് ലഭിക്കുന്നില്ല, കേന്ദ്രസർക്കാർ സഹായിക്കുന്നില്ല, മൈൻഡ് ചെയ്യുന്നില്ലെന്ന് പറയുന്നു. വയനാട് ദുരന്തം വന്നപ്പോൾ, അതിലെങ്കിലുമൊരു വ്യത്യാസം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് എല്ലാവരും വിചാരിച്ചു. അതിൽപ്പോലും ഹൃദയശൂന്യമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. പ്രധാനമന്ത്രി അവിടെ സന്ദർശിക്കുന്നതും ചിരിക്കുന്നതും ഫോട്ടോ എടുക്കുന്നതുമൊക്കെ കണ്ടപ്പോൾ കേന്ദ്രം സഹായിക്കുമെന്ന് എല്ലാവരും ഉറച്ചുവിശ്വസിച്ചു. എന്നാൽ കേന്ദ്രസർക്കാർ സഹായിക്കില്ല, പ്രത്യേക സഹായങ്ങളൊന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കില്ല എന്നുള്ളതുറപ്പായി. അതിനാൽ കേന്ദ്രസർക്കാരിൽനിന്നും സ്വാഭാവികമായി നമുക്ക് കിട്ടുന്ന അസിസ്റ്റൻസുകൾ നേടിയെടുക്കാൻ കേരളത്തിന് കഴിയണ്ടേ;

ഭരണത്തിന്റെ എഫിഷ്യൻസി ഇംപ്രൂവ് ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയണ്ടേ? അതാണ് എന്റെ ചോദ്യം, കേന്ദ്രസർക്കാരിൽനിന്നും സ്വാഭാവികമായി കിട്ടുമായിരുന്ന വൻതുകയുള്ള യു.ജി.സി. അസിസ്റ്റൻസ് നേടിയെടുക്കാൻ നമുക്ക് കഴിയുന്നില്ല. ഹയർ എഡ്യൂക്കേഷനിലുള്ള ക്വാളിറ്റി കുറവ് ഒരുവശത്ത് പറയുമ്പോഴും കേന്ദ്ര സർക്കാരിന്റെ ഒരു മേഴ്സിയും കൂടാതെ നമുക്ക് നിയമപരമായി ലഭിക്കേണ്ട യു.ജി.സി. ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കാൻ നമുക്ക് കഴിയുന്നില്ല. അതുപോലെ എത്ര രംഗങ്ങൾ. ഇന്ന് രാവിലെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ആന കിണറ്റിൽ വീണതിനെക്കുറിച്ച് സംസാരിച്ചു. വന്യമൃഗങ്ങൾ വരാതിരിക്കാനായി ശാസ്ത്രീയമായി കണ്ടുപിടിച്ചതാണ് വൈദ്യുതി വേലി സ്ഥാപിക്കുകയെന്നത്. യഥാർത്ഥത്തിൽ വേലി കെട്ടാൻ കാശില്ലാത്തതുകൊണ്ടാണ് അപ്രകാരം ചെയ്യാത്തത്. അതുകൊണ്ടാണ് ഇന്ന് ഊർങ്ങാട്ടിരിയിൽ ആന വീണതെന്ന് ഡിപ്പാർട്ട്മെന്റിനോട് ചോദിച്ചാൽ മനസ്സിലാകും. അവിടെ വൈദ്യുതി വേലികെട്ടുകയെന്നത് എത്രയോ കാലമായുള്ള ആവശ്യമായിരുന്നു. അതുമാത്രമാണ് കാരണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ കാശില്ലാത്തതിനാൽ വേണ്ടരീതിയിൽ ഇത്

ചെയ്യാൻ സർക്കാരിന് സാധിക്കുന്നില്ല. അതുപോലെ കാശില്ലാത്ത നിലയിൽ പ്രവർത്തനം മോശമായിപ്പോയ ഏതെല്ലാം രംഗങ്ങളുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ആയുർദൈർഘ്യം എന്നീ രംഗങ്ങളിലെല്ലാം കേരളം ഒന്നാമതാണെന്ന് നമ്മൊളൊക്കെ മന്ത്രിമാരായിരുന്ന സമയത്ത് ലോകം മുഴുവൻ പോയിപറഞ്ഞതാണ്. ഇതൊക്കെ പഴങ്കഥകളായി മാറിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒന്നിനും കാശില്ലാതെ ബുദ്ധിമുട്ടുകയാണ്. അത് ഏതെങ്കിലുമൊരു മന്ത്രിയുടേയോ ധനകാര്യ വകുപ്പുമന്ത്രിയുടെയോ കുറ്റമല്ല. ദീർഘകാലം തുടർന്നുവെന്നല്ലാതെ ഭരണത്തിന്റെ എഫിഷ്യൻസി എന്നുപറയാൻ മറ്റൊന്നുമില്ല. മരുന്നുക്ഷാമം ഇല്ലാതാക്കുക എന്നത് വളരെയധികം ശ്രദ്ധിക്കേണ്ട കാര്യമാണ്. മെഡിക്കൽ കോളേജ് ഉൾപ്പെടെ പല ആശുപത്രികളിലും മരുന്നില്ല. കൂടാതെ, ജീവനക്കാരുടെ ഇൻഷ്വറൻസ് വേണ്ടരീതിയിൽ പ്രാവർത്തികമല്ല. ആരോഗ്യ രംഗത്ത് മുമ്പുണ്ടായിരുന്ന പല പദ്ധതികളും ഇപ്പോഴില്ല. പ്രൈവറ്റ് ആശുപത്രികളിൽ പോയാൽ അതൊന്നും

എടുക്കുന്നില്ല. അങ്ങനെ ആരോഗ്യരംഗത്ത് കേരളത്തിനുണ്ടായിരുന്ന പൊസിഷൻ വീക്കായിക്കൊണ്ടിരിക്കുകയാണ്.

കുടിവെള്ളത്തിന്റെ കാര്യം പറയുകയാണെങ്കിൽ, കേന്ദ്രഗവൺമെന്റ് ഫണ്ട് നീക്കിവച്ചിട്ടുള്ള ജൽ ജീവൻ മിഷൻപോലുള്ള പദ്ധതികൾക്ക് ഫണ്ട് ലഭിക്കുന്നുണ്ടോ? ആ ഫണ്ട് വാങ്ങിയെടുക്കാൻ കഴിയാത്തതുകൊണ്ട് പല സെൻട്രൽ സ്കീമുകളും നമുക്ക് ഇല്ലാതായിപോകുന്നു. ഇതെല്ലാം സാധാരണ ആളുകളെയാണ് ബാധിക്കുന്നത്. ചികിത്സാ രംഗത്ത് അത്യാധുനിക ഉപകരണങ്ങളും രീതികളും ലോകത്ത് വന്നുകൊണ്ടിരിക്കുമ്പോൾ അതിൽ പലതും വാങ്ങാൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ പൊതുവിതരണ സമ്പ്രദായം പഴയതുപോലെയാണോ? അത് തകർന്നുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷം പറയുന്നതൊന്നും ഞങ്ങൾക്ക് ഏശുകയില്ല, ഞങ്ങൾ തുടരുന്നുവെന്ന് പറയുമ്പോഴും തുടരുന്ന ആ ഭരണംകൊണ്ട് വന്നുകൊണ്ടിരിക്കുന്ന മാറ്റമെന്ന് പറയുന്നത്, കേരളത്തിന്റെ സാമ്പത്തിക സ്ഥിതി തകരുകയാണെന്നതാണ്. അതുപോലെയാണ് പൊതുമേഖല സ്ഥാപനങ്ങളുടെ കാര്യവും. നമ്മുടെ ഭരണകാലത്ത് ഇത്ര പൊതുമേഖല സ്ഥാപനങ്ങളിൽ ഇത്ര ശമ്പള കുടിശ്ശികയുണ്ട് എന്നാണ് പറയുന്നത്.

ഇപ്പോൾ അങ്ങനെയല്ല, ശമ്പളം എവിടെയും കൊടുക്കുന്നില്ല. വർഷത്തിൽ ഒന്നോരണ്ടോ മാസം എവിടെ കൊടുക്കാൻ കഴിഞ്ഞുവെന്നാണ് പറയുന്നത്.

കേരളത്തിൽ ഇപ്പോൾ ബ്രൂവറി അനുവദിച്ചു. അതൊരു ഇൻവെസ്റ്റ്മെന്റാണ് എന്നുപറയുന്നു. അതിനേക്കാൾ വലിയ ഇൻവെസ്റ്റ്മെന്റായിരുന്നു സ്മാർട്ട് സിറ്റി. എത്രപേർക്ക് തൊഴിൽ കൊടുക്കുന്നതായിരുന്നു. ഇൻവെസ്റ്റ്മെന്റായി കണക്കാക്കുകയാണെങ്കിൽ അതാണ് വലുത്. ഇത്ര വലിയൊരു ഇൻവെസ്റ്റ്മെന്റിന്റെ അത്യാവശ്യം നമുക്കുണ്ടോ; അതിനേക്കാൾ പ്രയോറിറ്റി ആയിട്ടുള്ള ഇൻവെസ്റ്റ്മെന്റും ബാക്കിയുള്ള കാര്യങ്ങളുമൊക്കെ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളം ലഹരിയുടെ വലിയൊരു സെന്ററായി മാറിക്കൊണ്ടിരിക്കുകയാണ്. മദ്യവും മയക്കുമരുന്നും അധോലോകവുമെല്ലാം ഇവിടെ വളരെ ഗൗരവമുള്ള വിഷയമാണ്. വയനാട് പ്രോജക്ട് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട ഒരു പദ്ധതിയാണ്. ഇപ്പോൾത്തന്നെ അഞ്ചാറു മാസം കടന്നുപോയി. ഈ പദ്ധതി വൈകുന്നതുകൊണ്ട് ദുരന്തത്തിന് ഇരയായവരുടെ കഷ്ടപ്പാടുകൾ അനുദിനം വാർത്തകളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഭരണത്തുടർച്ച ലഭിച്ചിരിക്കുന്നുവെന്നും ഞങ്ങളാണ് ജയിച്ചതെന്നും ഭരണകക്ഷി

പറയുന്നതിന്റെ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. അടുത്തകാലത്തുണ്ടായ എല്ലാ തിരഞ്ഞെടുപ്പുകളിലും ജയിച്ചിരിക്കുന്നത് യു.ഡി.എഫ്. ആണ്. പാർലമെന്റ് തിരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഇപ്പോൾ നടന്ന ഉപതിരഞ്ഞെടുപ്പുകളിലുമൊക്കെ ജയിച്ചത് യു.ഡി.എഫ്. ആണ്. എൽ.ഡി.എഫ്. ആണ് ജയിച്ചത്, എൽ.ഡി.എഫ്. മാത്രമേ ജയിക്കുകയുള്ളൂവെന്ന് പറയുന്നതിന്റെ കാരണം എനിക്ക് മനസ്സിലാകുന്നില്ല. പൊതുവിൽ രാഷ്ട്രീയം പരിശോധിച്ചാൽ മനസ്സിലാകുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എൽ.ഡി.എഫ്. നേതാക്കന്മാർ ഇപ്പോൾ മുസ്ലീംലീഗിനെ വളരെ കാര്യമായി വിമർശിക്കുന്നുണ്ടെന്നുള്ളതാണ്. ആരോഗ്യകരമായ വിമർശനം നല്ലതാണ്. അതിൽ വിരോധമില്ല. പക്ഷെ പാർലമെന്റ് തിരഞ്ഞെടുപ്പിനുമുമ്പ് ഞങ്ങളെ വിമർശിക്കാൻവേണ്ടി ഉപയോഗിച്ചത് ന്യൂനപക്ഷങ്ങളുടെ കാര്യം വേണ്ട രീതിയിൽ ചെയ്യുന്നില്ലെന്നതാണ്. അതുകൊണ്ട് ഇടതുപക്ഷം വന്നാലെ ന്യൂനപക്ഷങ്ങൾക്ക് രക്ഷയുള്ളൂവെന്നും അല്ലെങ്കിൽ ന്യൂനപക്ഷങ്ങൾ രണ്ടാം ക്ലാസ് പൗരന്മാരാകുമെന്നുമാണ്. പാർലമെന്റ് തിരഞ്ഞെടുപ്പിനുശേഷം ഇപ്പോൾ നിങ്ങൾ പറയുന്നത് ന്യൂനപക്ഷ വർഗ്ഗീയതയാണ് ഏറ്റവും വലിയ

പ്രശ്നമെന്ന്. കുറഞ്ഞ സമയംകൊണ്ടാണ് മാറ്റിമാറ്റി പറയുന്നത്. ഭൂരിപക്ഷ വർഗ്ഗീയതയിൽനിന്ന് ന്യൂനപക്ഷ വർഗ്ഗീയതയിലേയ്ക്കുള്ള നയം മാറ്റാണ് കാണുന്നത്. ഞങ്ങൾ എല്ലാക്കാലത്തും ഒരേ ലൈനിലൂടെയാണ് പോകുന്നത്. ഞങ്ങൾ മാറ്റിമാറ്റി പറയാറില്ല. മുനമ്പം വിഷയത്തിൽ ഞങ്ങൾ ഉറച്ച നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ആ വിഷയത്തിന് രമ്യമായ പരിഹാരമുണ്ടാകണം. ആ വിഷയം നീട്ടിക്കൊണ്ട് പോകാൻ പാടില്ല. ഭൂരിപക്ഷ വർഗ്ഗീയതയാണ് ഏറ്റവും വലിയ ഭീഷണിയെന്ന് ഭരണപക്ഷം പറഞ്ഞ കാലമുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ പറയുന്നത് ന്യൂനപക്ഷ വർഗ്ഗീയതയാണ് ഏറ്റവും വലിയ ഭീഷണിയെന്ന്. ഇക്കാലത്തൊക്കെ മുസ്ലീംലീഗ് മതേതരത്വ കാഴ്ചപ്പാടിൽനിന്ന് മാറാൻ തയ്യാറായിട്ടില്ല. ജമാഅത്തെ ഇസ്ലാമിയെയൊക്കെ ചൂണ്ടിക്കാണിച്ചാണ് ഞങ്ങളെ വിമർശിക്കുന്നത്. 'തണ്ടിലേറ്റി നടത്തുന്നതും ഭവാൻ' എന്നുപറഞ്ഞതുപോലെ ഇതൊന്നും ഒരുകാലത്തും മുസ്ലീംലീഗ് ഏറ്റിയിട്ടില്ല. എല്ലാക്കാലത്തും ചുമക്കുകയും താഴെയിടുന്നതുമൊക്കെ ഭരണപക്ഷമാണ്. എന്നിട്ട് തിരിഞ്ഞുനിന്ന് മുസ്ലീംലീഗാണ് ഇതൊക്കെ ചെയ്യുന്നതെന്നാണ് പറയുന്നത്. മുസ്ലീംലീഗ് മതേതരത്വ പാതയിൽനിന്ന് അരയിഞ്ചുപോലും വ്യതിചലിക്കുന്ന

വിഷയം ഒരുകാലത്തുമുണ്ടായിട്ടില്ലെന്ന് പറയാൻ ഞാൻ ഈ വേദി ഉപയോഗിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാന്യനായ കേരള ഗവർണ്ണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നടത്തിയ പ്രസംഗത്തിന്മേൽ ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി ഉപക്ഷേപത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളം ഒരു ബദൽ വികസന കാഴ്ചപ്പാടാണ് കഴിഞ്ഞ ഒൻപത് വർഷക്കാലമായി മുന്നോട്ടുവച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ആദരണീയനായ പി. കെ. കുഞ്ഞാലിക്കുട്ടി സംസാരിച്ചപ്പോൾ കാര്യങ്ങളൊന്നും നടക്കുന്നില്ലെന്ന ഒരു പൊതു വിമർശനമാണ് നടത്തിയത്. കേരളത്തിലെ കാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തുന്ന എല്ലാവർക്കും പറയാവുന്ന ഒരു കാര്യമാണ്, സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഇത്രമേൽ കടുത്ത ഉപരോധം കേന്ദ്ര സർക്കാർ കേരളത്തോട് നടത്തിയിട്ടും സേവന സന്നദ്ധ പ്രവർത്തനങ്ങളിലോ വികസന കാര്യങ്ങളിലോ പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ ഒരിഞ്ച് പുറകോട്ട് പോയിട്ടില്ലെന്നത് ഈ നാടിന്റെ അനുഭവമാണ്. സാധാരണ നിലയിൽ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഫെഡറൽ തത്വത്തിന് വിരുദ്ധമായി ഏകപക്ഷീയമായ ഒരു

വിരോധം കേരളത്തോട് പ്രകടിപ്പിക്കുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽനിന്ന് ഈ സമ്മേളനത്തിലേയ്ക്ക് വരുമ്പോൾ ബഹുമാന്യരായ ചില നിയമസഭാംഗങ്ങൾ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാടുകളെക്കുറിച്ച് പറയേണ്ടതല്ലേ. ഇടതുപക്ഷ സർക്കാർ എന്ന രാഷ്ട്രീയ നിലയിലല്ലാതെ കേരളം എന്ന വികാരം ഉയർത്തിക്കൊണ്ടുവരാൻ ശക്തമായ നിലപാട് സ്വീകരിക്കാൻ ഈ നിമിഷം വരെ പ്രതിപക്ഷം തയ്യാറായിട്ടുണ്ടോ; എന്തുകൊണ്ടാണ് തയ്യാറാകാത്തത്? ഈ സംസ്ഥാനത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ഇവിടുത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മന്ത്രിമാരും എം.എൽ.എ.-മാരും ചേർന്ന് ഐതിഹാസികമായ ഒരു പ്രക്ഷോപമല്ലേ രാജ്യ തലസ്ഥാനത്ത് നടത്തിയത്. രാജ്യത്തെതന്നെ പ്രഗത്ഭരായ ഒട്ടേറെ വ്യക്തികൾ, മുൻ കോൺഗ്രസ് നേതാക്കന്മാർ, ശ്രീ. കപിൽ സിബലിനെ പോലുള്ളവർ, മൂന്ന് പ്രധാനപ്പെട്ട മുഖ്യമന്ത്രിമാർ, അവരുടെ സർക്കാരുകൾ സമരത്തിന്റെ ഭാഗമായി വന്നില്ലേ. ലേക് സഭ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ coalition സർക്കാരിലേയ്ക്ക് ബി.ജെ.പി. ഗവൺമെന്റ് മാറി. ഇവിടെ ബി.ജെ.പി. ആഗ്രഹിച്ച വിജയമുണ്ടായില്ല.

ആ coalition സർക്കാരിന്റെ ഭാഗമായി ശ്രീ. നിതീഷ് കുമാറും ശ്രീ. എൻ. ചന്ദ്രബാബു നായിഡുവും ഉൾപ്പെട്ട സർക്കാർ നിലവിൽ വന്നിട്ടും ബി.ജെ.പി.-യുടെ നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇന്ത്യൻ പാർലമെന്റിനകത്ത് പ്രക്ഷുബ്ധമായ, കേരളത്തിന്റെ അവകാശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഏറ്റവും ശക്തമായ നിലപാട് സ്വീകരിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട 19 എം.പി.-മാർ ഈ ഘട്ടത്തിലും അറച്ചുനിൽക്കുന്നുവെന്ന ഏറ്റവും നിർഭാഗ്യകരമായ കാഴ്ച നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. വിഭവങ്ങൾ പരിമിതമായ സംസ്ഥാനമാണ് കേരളം. വയനാട് ദുരന്തത്തിൽ എത്രമാത്രം മനസ്സാക്ഷിയില്ലാത്ത, മനുഷ്യത്വരഹിതമായ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ഇത്രയേറെ വിവേചനം കാണിക്കുന്നത് എന്തിനാണ്? ഒറ്റയ്ക്കും തെറ്റയ്ക്കും സംസാരിച്ചാൽ മതിയോ? അതിന്റെ ഭാഗമായി ഏറ്റവും ശക്തമായ നിലപാട് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നില്ലെന്നത് പ്രധാന കാര്യമായി കാണേണ്ടതാണ്. കേരളത്തിലെ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാൻ, രണ്ട് ഗഡു ക്ഷേമപെൻഷൻ

കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചിട്ടുണ്ട്. 33 ലക്ഷമുണ്ടായിരുന്ന ക്ഷേമപെൻഷൻകാർ ഇപ്പോൾ 62 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇരട്ടിയിലേറെ ആളുകൾക്ക് ക്ഷേമപെൻഷൻ നൽകിയത് കഴിഞ്ഞ ഒൻപത് വർഷക്കാലമായിവന്ന മാറ്റമാണ്. എല്ലാ മേഖലകളെക്കുറിച്ചുമുള്ള കാര്യങ്ങൾ എല്ലാവരും ഇവിടെ വിശദീകരിച്ച് പറഞ്ഞതാണ്. കേരളം പിന്നോക്കം പോയിയെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇവിടെ പറയുകയുണ്ടായി. ഏത് മേഖലയിലാണ് കേരളം പിന്നോട്ടുനിൽക്കുന്നത്. നാം നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്താൻ വിദ്യാഭ്യാസ, ആരോഗ്യ, പൊതു അടിസ്ഥാന വികസന സൗകര്യ മേഖലയിൽ ആധുനിക കാഴ്ചപ്പാടോടുകൂടി ഉണ്ടാക്കിയിട്ടുള്ള, ഒരു പക്ഷെ 25 വർഷങ്ങൾക്ക് അപ്പുറത്ത് നടക്കേണ്ട വികസനങ്ങളാണ് കിഫ്ബി വഴി കേരളത്തിൽ നടപ്പാക്കാൻ സാധിച്ചതെന്നത് ഏറ്റവും പ്രധാനപ്പെട്ട മുന്നേറ്റമാണ്. അതിൽ നിയോജകമണ്ഡല വിവേചനമില്ലാതെ കേരളത്തിലെ എല്ലാവർക്കും ഒരുപോലെ വികസന പദ്ധതികൾ മുന്നോട്ടുകൊണ്ടുവരാനുള്ള

സാഹചര്യമുണ്ടായില്ലേ? ഇത് നമ്മുടെ സമ്പദ് ഘടനയിലുണ്ടാക്കിയിട്ടുള്ള ചലനം നിസാരമല്ല. ആശുപത്രികൾ, സ്കൂളുകൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ ഭാഗമായ വികസനം എത്രമാത്രം വലുതാണ്. എല്ലാ മേഖലയിലും, എല്ലാ രംഗത്തും വളരെ മികച്ച മുന്നേറ്റം നേടിയെടുക്കാൻ കേരളത്തിന് സാധിച്ചു. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് സ്വീകരിച്ച വഞ്ചനാപരമായ നിലപാട് നിലനിൽക്കുമ്പോഴും കേരളത്തിന്റെ വികസനപന്ഥാവിനെ ഏറ്റവും സമർത്ഥമായി മുന്നോട്ടുകൊണ്ടുപോകുവാൻ തുടർഭരണത്തിന് നേതൃത്വം നൽകുന്ന പിണറായി വിജയൻ സർക്കാരിന് സാധിക്കുന്നുവെന്നത് അഭിമാനകരമായ കാര്യമാണ്. ഇക്കാര്യമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപനത്തിന്റെ ഭാഗമായി ഏറ്റവും ശക്തമായി ഇവിടെ അവതരിപ്പിച്ചത്. ഒരു പ്രതിരോധ രാഷ്ട്രീയമാണത്, ഒരു ബദൽ വികസന കാഴ്ചപ്പാടാണ്. ഞങ്ങളെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ അജണ്ടക്കുമുമ്പിൽ സംസ്ഥാനം നിൽക്കില്ല. ബദൽ ആശയങ്ങളുമായി സംസ്ഥാനം മുന്നോട്ടുപോകുകയും അത് അവതരിപ്പിച്ച് നടപ്പാക്കി മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് സാധിക്കുകയും ചെയ്തു.

ജമാഅത്തെ ഇസ്ലാമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുകയുണ്ടായി. ഏതെങ്കിലും ഒരു ഫോട്ടോ എടുത്ത് കാണിച്ചിട്ട് ഞങ്ങളും അവരും തമ്മിൽ.... നേതാക്കന്മാരാകുമ്പോൾ പല ഫങ്ഷനുകളിൽ പല സ്ഥലത്തുവച്ച് ഒന്നിച്ച് കാണുകയും സംസാരിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇന്നലെ പുതിയതായി വന്ന അംഗവും ഭരണപക്ഷം പച്ചയായ വർഗ്ഗീയത പറഞ്ഞുവെന്ന് പറയുന്നത് കേട്ടു. ഏത് കാലത്താണ് അങ്ങനെ പറഞ്ഞത്. മുഖ്യമന്ത്രി കസേരയിൽ ഇരിക്കുന്ന മനുഷ്യൻ ഈ കേരളത്തിൽ സ്വയംഭൂവായി വന്ന ഒരാളല്ല. അദ്ദേഹത്തിന് തീഷ്ണമായ രാഷ്ട്രീയ അനുഭവങ്ങളുണ്ട്. അദ്ദേഹത്തിന് മാത്രമല്ല, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. എം. എം. മണി എന്നിങ്ങനെ വളരെ ബഹുമാന്യരായ മുതിർന്ന നേതാക്കന്മാർ ഭരണപക്ഷത്തും അതുപോലെ പ്രതിപക്ഷത്തുമുണ്ട്. കേരളത്തിൽ വർഗ്ഗീയതയോട് ഇടതുപക്ഷ ജനധിപത്യ മുന്നണി ഏതെങ്കിലും തരത്തിൽ വിട്ടുവീഴ്ച ചെയ്തുവെന്ന് പറഞ്ഞാൽ സാമാന്യബുദ്ധിക്ക് നിരക്കുന്ന ആരെങ്കിലും വിശ്വസിക്കുന്ന കാര്യമാണോ? കേരളത്തിൽ സി.പി.ഐ.(എം.)-ന് ആർ.എസ്.എസ്.-ന്റെ വോട്ട് എക്കാലത്തും വേണ്ടായെന്ന പരസ്യ

നിലപാട് സ്വീകരിച്ചിട്ടുണ്ട്. പ്രതിപക്ഷം അങ്ങനെയൊരു നിലപാട് സ്വീകരിക്കുമോ? യു.ഡി.എഫ്.-ന്റെ ഭാഗമായിട്ടോ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ ഭാഗമായിട്ടോ ഞങ്ങൾക്ക് ജമാഅത്തെ ഇസ്ലാമിയുടെ വോട്ട് വേണ്ടായെന്ന് ആരെങ്കിലും പറഞ്ഞോ? എന്താണ് നിങ്ങൾ പറയാത്തത്? ഈരാറ്റുപേട്ട നഗരസഭയിൽ യു.ഡി.എഫ്.-ന്റെ സഖ്യകക്ഷിയായാണ് കഴിഞ്ഞ നഗരസഭ തിരഞ്ഞെടുപ്പിൽ നിങ്ങൾ മത്സരിച്ചത്. ഇപ്പോൾ അവിടം ഭരിക്കുന്നത് എങ്ങനെയാണ്; ആരാണ് ഇവർക്ക് സ്വീകാര്യതയുണ്ടാക്കിക്കൊടുക്കുന്നത്? സംഘപരിവാർ, ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. എന്നീ സംഘടനകളുടെ ലക്ഷ്യം എന്താണെന്ന് ഞങ്ങൾക്ക് അറിയാം. ഒരു പിണറായി വിരുദ്ധ അന്തരീക്ഷം കേരളത്തിലുണ്ടാക്കലാണ്. ഒരു ഭാഗത്ത് ആർ.എസ്.എസ്. പിണറായി വിജയൻ ഹിന്ദുവിനെതിരെ, മറുഭാഗത്ത് ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. പിണറായി വിജയൻ മുസ്ലീംമിനെതിരെ. കേരളത്തിൽ ഇങ്ങനെ സംഘടിതമായ ഒരു നീക്കം നിങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എന്തെല്ലാം അഴിമതി കഥകൾ. മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല പരിണിതപ്രജ്ഞനും വളരെ

അവധാനതയുള്ളതും ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട കോൺഗ്രസ് നേതാക്കളിൽ ഒരാളുമാണ്. ചട്ടം 285 പ്രകാരം അദ്ദേഹം എഴുതി നൽകിയത് അനുസരിച്ച് വലിയ പ്രഖ്യാപനത്തിനായി ഇവിടെ എല്ലാവരും കാതോർത്തിരിക്കുകയാണ്. ബ്രൂവറി അഴിമതിയിൽ, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിനെ കൊണ്ട് മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യിച്ചു എന്നാണ് പറയുന്നത്. എല്ലാം മുഖ്യമന്ത്രിയുടെ പേരിലാണ്. അതിലെന്താണ് വസ്തുത; എന്തെങ്കിലും വസ്തുതയുള്ള കാര്യമാണോ അത്? നമ്മുടെ സംസ്ഥാനത്ത് ഒരു സംരംഭം ആരംഭിക്കുമ്പോൾ ടെണ്ടർ ചെയ്തിട്ടാണോ ആരംഭിക്കുന്നത്; ഇക്കാര്യങ്ങൾ അറിയാത്ത ആളാണോ അദ്ദേഹം; ആര് ആർക്ക് കാശ് കൊടുത്തു; കാശ് വാങ്ങുന്ന ആളാണോ ശ്രീ. പിണറായി വിജയൻ? അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം പരിശോധിക്കുമ്പോൾ, അനാവശ്യമായി ഒരാളിൽനിന്ന് ഒരു ഗ്ലാസ് ചായ പോലും വാങ്ങിക്കുടിച്ച പാരമ്പര്യമില്ലാത്ത രാഷ്ട്രീയ നേതാവാണ് ശ്രീ. പിണറായി വിജയൻ എന്ന കാര്യം കേരളത്തിൽ എല്ലാവർക്കും അറിയാവുന്നതല്ലേ; അത് സ്തുതിപാഠനത്തിന്റെ ഭാഗമാണോ; നിങ്ങളിൽ കുറച്ചുപേർ ഇപ്പോൾ സ്തുതിപാഠനത്തിന്റെ കാര്യവുമായി

ഇറങ്ങിയിരിക്കുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് മുസ്ലീം ലീഗിന്റെ പ്രമുഖനായ നേതാവാണ്. അദ്ദേഹത്തെക്കുറിച്ച് ഒരുപാട് പാട്ടുകൾ മുസ്ലീം ലീഗിന്റെ വെബ്സൈറ്റുകളിൽ നിന്നും കാണാൻ കഴിയും. ഞങ്ങൾക്കതിൽ ഒരു അരോചകവുമില്ല, ശരിയായിട്ടുള്ള കാര്യമാണ്. രാഷ്ട്രീയപരമായി വിമർശനമുണ്ടാകും, ലീഗിനെ സംബന്ധിച്ച് അദ്ദേഹം പ്രധാനപ്പെട്ട ഒരു നേതാവാണ്. ശ്രീ. എ. കെ. ആന്റണി, ഉമ്മൻ ചാണ്ടി ഇവരെക്കുറിച്ചെല്ലാം ഒട്ടേറെ വാഴ്ത്തലുകളും പുകഴ്ത്തലുകളുമുണ്ട്. ഉമ്മൻ ചാണ്ടി അന്തരിച്ചതിനുശേഷം പുതുപ്പള്ളിയിലെ പള്ളി വാഴ്ത്തപ്പെട്ട ഒരു സ്ഥലമായി. ആളുകൾ അവിടെയെത്തി പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിൽ ഞങ്ങൾക്കെന്താണ് വിരോധം? അതിനെതിരെ ഞങ്ങളാരെങ്കിലും ഒരക്ഷരം മോശമായി പരാമർശിച്ചോ? നിങ്ങൾ കേരളത്തിൽ ഉണ്ടാക്കിയെടുക്കുന്ന അന്തരീക്ഷം ഏത് തരത്തിലുള്ളതാണ്; എ.ഐ. ക്യാമറ വിവാദം, സ്പ്രിംഗ്ളർ ഇടപാട്, ഡാറ്റ കൊള്ള ഇതെല്ലാം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന അഴിമതിയാണെന്നാണ് വാദിക്കുന്നത്. വസ്തുതയ്ക്ക് നിരക്കുന്ന കാര്യങ്ങൾ അല്ലേ അവതരിപ്പിക്കേണ്ടത്; സംസ്ഥാനത്ത് ഒരു കമ്പനി തുടങ്ങാൻ കഴിയുന്ന സാഹചര്യമാണെങ്കിൽ, അത് തുടങ്ങാൻ വേണ്ടി നിയമപരമായി

അംഗീകാരം നേടിയെടുക്കാവുന്നതാണ്. അതിന് കാശ് വാങ്ങിയെന്ന് പറയുന്നത് എന്ത് രാഷ്ട്രീയ മര്യാദയാണ്; ഇതൊരു പുകമറ സൃഷ്ടിക്കലാണ്. പുകമറ സൃഷ്ടിച്ച് ഒരാളെ തേജോവധം ചെയ്യാൻ ശ്രമിക്കുകയാണോ; വസ്തുത അതൊന്നുമല്ലല്ലോ. ഏത് വസ്തുതയുടെ ഭാഗമായാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നത്; ജലവിതരണം ഏർപ്പെടുത്തണമോ വേണ്ടയോ എന്നത് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് തീരുമാനിക്കേണ്ട കാര്യമാണ്. അവർ ജല സംഭരണിയെക്കുറിച്ചൊക്കെ സൂചിപ്പിക്കുന്നുണ്ട്. കണ്ണൂരിൽ സ്ഥിതിചെയ്യുന്ന വിസ്മയ വാട്ടർ തീം പാർക്കിൽ ലക്ഷക്കണക്കിന് ലിറ്റർ വെള്ളം ശേഖരിച്ചാണ് അവർ പാർക്കിന്റെ പ്രവർത്തനം നടത്തുന്നത്. പുതിയ ഒരുപാട് സംവിധാനങ്ങൾ ഉണ്ടാകാം. അതിന്റെ ഭാഗമായി കാര്യങ്ങൾ ചെയ്തുകൂടേ; ഇത് ആസൂത്രിതമായ ഒരു ശ്രമമാണ്. ആ ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇവിടെ പുതുതായി ഒന്നും തുടങ്ങാൻ ഞങ്ങൾ അനുവദിക്കില്ലെന്ന് അവർ പറയുന്നത്. ഇവിടെ പുതിയ വ്യവസായങ്ങൾ വരാൻ പാടില്ല, അതിവേഗ റെയിൽവേ, അർദ്ധ അതിവേഗ റെയിൽവേ ഒന്നും ഇവിടെ പറ്റില്ല, പുതിയ സംരംഭങ്ങൾ പാടില്ല, ആളുകൾക്ക് ജോലി ലഭിക്കുന്ന കാര്യങ്ങൾ വരാൻ പാടില്ല,  ഇത് എന്തൊരു പ്രതിപക്ഷ

നിലപാടാണ്. ഇതിന്റെ ഭാഗമായി കേരളത്തെ എങ്ങോട്ടേയ്ക്ക് കൊണ്ടുപോകാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഇവിടെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് അവസരം ലഭ്യമാകുകയാണ്. ടി അവസരം ലഭ്യമാക്കാൻ ആവശ്യമായ കാര്യങ്ങൾ നിർവഹിക്കാൻ കഴിയുന്ന ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റെന്ന നിലയിൽ അതും ഗവൺമെന്റിന്റെ ചുമതലയല്ലേ; ആ ചുമതല നിർവഹിക്കാനല്ലേ മുഖ്യമന്ത്രിയേയും ഗവൺമെന്റിനെയും കേരളത്തിലെ ജനങ്ങൾ തുടർഭരണത്തിന്റെ ഭാഗമായി ഇവിടെ തിരഞ്ഞെടുത്തിരിക്കുന്നത്; എന്നാൽ ബഹുമാന്യനായ കൽപ്പറ്റ അംഗം ശ്രീ. ടി. സിദ്ദിഖ് ഇവിടെ പ്രഖ്യാപിക്കുന്നത് ഇതുമായി നിങ്ങൾ മുന്നോട്ടുപോയാൽ അത് നടപ്പാക്കാൻ അനുവദിക്കില്ല എന്നാണ്. എന്നാൽ ഒരു കാര്യം ഞങ്ങളും പറയാം. ശ്രീ. പിണറായി വിജയൻ എന്ന വ്യക്തിയാണ് കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിൽ ഇരിക്കുന്നതെങ്കിൽ, ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് കേരളം ഭരിക്കുന്നതെങ്കിൽ, പ്രകടന പത്രികയിൽ പറഞ്ഞ ഒരു കാര്യം, അത് സിൽവർ ലൈൻ ആയാലും ഏത് വികസന പദ്ധതിയായാലും ആര് കൊടികുത്തിയാലും അത് പൂർത്തിയാക്കി മാത്രമേ ഈ സർക്കാർ മുന്നോട്ടുപോകുകയുള്ളൂ. ഇക്കാര്യത്തിൽ ഒരു തർക്കവും

നിങ്ങൾക്ക് വേണ്ട. ഇവിടെ വികസനത്തെ മുടക്കാൻ ശ്രമിക്കുകയാണ്. മുടക്കുന്നതിന്റെ തന്ത്രം ഞങ്ങൾക്ക് നന്നായി അറിയാം. ഇവിടെ വീണ്ടും ഒരു അധികാര തുടർച്ചയുണ്ടാകും. പദ്ധതി നിർവഹണത്തിന് ആവശ്യമായ വിഹിതം കേന്ദ്രസർക്കാർ അനുവദിക്കാത്തത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. വികസനത്തെ മുരടിപ്പിക്കാൻ നടത്തുന്ന ശ്രമമാണെന്ന് നാട്ടിലെ ജനങ്ങൾക്ക് ഏറ്റവും നന്നായി അറിയാം. ഇവിടെ ഒരു മഴവിൽ സഖ്യമായി രൂപപ്പെട്ടിരിക്കുകയാണ്. യു.ഡി.എഫും അതിന്റെ ഭാഗമായ രാഷ്ട്രീയ കക്ഷികളും ജമാഅത്തെ ഇസ്‌ലാമി, എസ്.ഡി.പി.ഐ., ബി.ജെ.പി., സംഘപരിവാർ എന്നിവരെല്ലാം ചേർന്ന് കേരളത്തിന്റെ മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രീയത്തെ തകർക്കാൻ ശ്രമിക്കുകയാണ്. അപവാദ പ്രചാരണങ്ങളിലൂടെ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ മുന്നണി സർക്കാരിനെയും അതിലെ രാഷ്ട്രീയത്തെയും തേജോവധം ചെയ്യാൻ കേരളത്തിലെ മതനിരപേക്ഷ ജനാധിപത്യ വിശ്വാസികളായ ജനങ്ങൾ സമ്മതിക്കില്ല, അതിന് അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുന്ന അഭിമാന പോരാട്ടത്തിന്റെ ദിനങ്ങളായി ഈ കേരളം മാറും. ഇക്കാര്യങ്ങൾക്കെല്ലാം സഹായകരമാകുന്ന ഒരു ബദൽ പ്രതിരോധമാണ് ഈ

നയപ്രഖ്യാപന രേഖ. അതിനെ ശക്തമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരുപാട് ആവർത്തന വിരസതകളും നയമില്ലായ്മയുമുണ്ട്. എന്തൊക്കെ പ്രഖ്യാപിച്ചാലും നടപ്പാക്കാൻ കഴിയാത്ത സ്ഥിതിയിലാണ് കേരളം. നമ്മുടെ സംസ്ഥാനം ഇതുവരെ കാണാത്ത രൂക്ഷമായ ധനപ്രതിസന്ധിയിലൂടെ കടന്നുപോകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഒരു ഗവൺമെന്റിന്റെ പ്രൈം റസ്പോൺസിബിലിറ്റി എന്താണ്; നികുതി പിരിക്കുക, നികുതി വരുമാനമുണ്ടാക്കുക, നികുതി വരുമാനം ഉപയോഗിച്ച് ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തുക എന്നതാണ്. ആദ്യത്തെ ഉത്തരവാദിത്വത്തിൽ, അതായത് നികുതി പിരിവിൽതന്നെ നിങ്ങൾ ദയനീയമായി പരാജയപ്പെട്ടു. ഞാൻ എപ്പോഴും സഭയിൽ സൂചിപ്പിക്കുന്നത് ആവർത്തിക്കുന്നില്ല. ഇന്ത്യയിൽ ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഏറ്റവും കൂടുതൽ നികുതി വരുമാനമുണ്ടാക്കേണ്ട സംസ്ഥാനം കേരളമാകേണ്ടിയിരുന്നു. കാരണം എൻഡ് പോയിന്റിലാണ് ടാക്സ്. ഇതൊരു കൺസ്യൂമർ സ്റ്റേറ്റാണ്.

കേരളത്തിലേയ്ക്ക് തൊണ്ണൂറ് ശതമാനവും കമ്മോഡിറ്റീസ് വരുന്നത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ്. എന്നാൽ നമുക്ക്, ശരാശരി 10% പോലും നികുതി വരുമാനമുണ്ടാക്കാൻ കഴിഞ്ഞില്ല. പല മാനുഫാക്ചറിംഗ് സ്റ്റേറ്റുകളും വലിയ പ്രതിസന്ധിയിലായിരുന്നു. പക്ഷെ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് അവർ അതെല്ലാം തീർപ്പാക്കുകയും ഇന്ന് നമ്മളെക്കാൾ കൂടുതൽ നികുതി വരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു. അതായത് ഭീകരമായ നികുതി ചോർച്ച കേരളത്തിലുണ്ട്. നികുതി പിരിച്ചെടുക്കുക, പണമുണ്ടാക്കി പാവങ്ങളെ സഹായിക്കുക, വികസന പ്രവർത്തനം നടത്തുക എന്ന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ നിങ്ങൾ ആദ്യമേ പരാജയപ്പെട്ടു. ഈ സമീപകാലത്തൊന്നും കരകയറാൻ പറ്റാത്ത രീതിയിലുള്ള രൂക്ഷമായ കടക്കെണിയിലേയ്ക്ക് ആഴ്ന്നിറങ്ങിയിരിക്കുന്നു.

റേഷൻ പ്രശ്നം തീർക്കാൻ കഴിയുന്നില്ലെന്ന് ഇന്നലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സാമ്പത്തിക പ്രതിസന്ധി മാറിയാൽ മാത്രമേ റേഷൻ പ്രതിസന്ധി തീർക്കാൻ കഴിയുകയുള്ളൂ. റേഷൻ കടകൾ പ്രവർത്തിക്കുന്നില്ല. രൂക്ഷമായ വിലക്കയറ്റമുണ്ടാകുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചുമതല

എന്താണ്; മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുകയെന്നതാണ്. മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി സാധനങ്ങളുടെ വില കുറയ്ക്കാം. എത്രായിരം കോടി രൂപയാണ് നിങ്ങൾ സപ്ലൈകോയ്ക്ക് നൽകാനുള്ളത്; പതിമൂന്ന് സബ്സിഡി ഇനങ്ങൾ കൃത്യമായി മാവേലി സ്റ്റോറിൽ കൊടുക്കാൻ കഴിയുന്നുണ്ടോ? പൊതുമാർക്കറ്റിലെ വില  നിങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയുന്നില്ല. രൂക്ഷമായ വിലക്കയറ്റത്തിന്റെ ഭാരം മുഴുവൻ സാധാരണക്കാരായ മനുഷ്യർ താങ്ങുകയാണ്. ഓർഗാനിക്കായിട്ടുള്ളതും കൃത്രിമമായിട്ടുള്ളതുമായ വിലക്കയറ്റങ്ങളുണ്ടാകാം. കൃത്യമായി ഇന്റർവെൻഷൻ നടത്താൻ പണമില്ലാതെ സപ്ലൈകോ വിഷമിക്കുന്ന സാഹചര്യമാണ്. ഏറ്റവും ചെറിയ തോതിൽ സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന  ആൾക്കാർ വിഷമിച്ചുനിൽക്കുന്ന അവസ്ഥ കണ്ടിട്ടാണ് ഞാൻ ഇങ്ങോട്ടേയ്ക്ക് വരുന്നത്. അവർക്ക് അധിക ബാങ്ക് വായ്പകളും ജപ്തി നടപടികളും നേരിടേണ്ടിവരുന്നുണ്ട്. സാധാരണ ബിസിനസ്സുകാരായ അവർക്ക് 200 കോടി രൂപയാണ് നൽകാനുള്ളത്. കേരളത്തിൽ  ഉൽപാദകർക്ക് കഴിഞ്ഞ ഒന്നരക്കൊല്ലമായി പണം നൽകുന്നില്ല. വലിയ സപ്ലൈയേഴ്സിനും തുക

നൽകാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ മാവേലിസ്റ്റോറുകളും നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല.

ആശുപത്രികളിൽ മരുന്നില്ല. 'മരുന്ന് തീർന്ന് ഗവൺമെന്റ് ആശുപത്രികൾ', 'കോടികൾ കുടിശ്ശിക, വിതരണം നിലച്ചു', 'കോഴിക്കോട് മെഡിക്കൽ കോളേജിൽ രൂക്ഷമായ സ്ഥിതി', 'ആന്റിബയോട്ടിക് ഉൾപ്പെടെ തീർന്ന് എറണാകുളം', 'സർജറി മുടങ്ങി കോട്ടയം മെഡിക്കൽ കോളേജ്', 'കൊല്ലത്ത് ഇൻസുലിൻ-ഡയാലിസിസ് മരുന്നില്ല'. ഇത് ആരോഗ്യവകുപ്പുമന്ത്രിയുടെ പ്രശ്നമല്ല. മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കൃത്യമായി പണം കൊടുക്കാത്തതുകൊണ്ട് അവരുടെ സപ്ലൈയേഴ്സ് കൃത്യമായി മരുന്ന് കൊടുക്കുന്നില്ല. മരുന്നില്ല, റേഷൻ അരിയില്ല, മാവേലി സ്റ്റോറിൽ സാധനങ്ങളുമില്ല. കാരുണ്യ ചികിത്സയുടെ ഭാഗമായി എത്രകോടി രൂപയാണ് സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും നൽകാനുള്ളത്? ഇനി മുതൽ കാർഡ് സ്വീകരിക്കേണ്ടതില്ലെന്ന് സ്വകാര്യ ആശുപത്രികളുടെ മാനേജ്മെന്റ് യോഗം ചേർന്ന് തീരുമാനിച്ചു. KASP-ൽ പുതിയ രജിസ്ട്രേഷൻ നടത്തേണ്ടതില്ലെന്ന്

ഗവൺമെന്റ് തീരുമാനിച്ചു. കാരുണ്യ ചികിത്സയില്ലാതെയായി. ഇതെല്ലാം പാവപ്പെട്ട ജനങ്ങളല്ലേ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത്.

കർഷകർ വലിയ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ വേണ്ടിയുള്ള യാതൊരു ഇടപെടലും സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകുന്നില്ല. കാർഷിക മേഖല വലിയ തകർച്ച നേരിടുന്നു. കൃഷിയിൽ നിന്ന് ആളുകൾ പിന്മാറുന്നു. ഇത്തരം പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യാൻ ഏതെങ്കിലും തരത്തിലുള്ള സമീപനമുണ്ടോ? മണ്ണെണ്ണയുടെ ലഭ്യതക്കുറവ്, മത്സ്യ ലഭ്യതയില്ലായ്മ, ക്ലൈമറ്റ് ചെയ്ഞ്ച് എന്നീ പല കാരണങ്ങൾക്കൊണ്ട് മത്സ്യത്തൊഴിലാളി മേഖല വറുതിയിലാണ്. ഓരോ സെക്ടറുകളിലും ആളുകൾ ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിലേക്ക് പോകുകയാണ്. ജനങ്ങൾ പ്രതിസന്ധിയിലാകുമ്പോൾ അവരെ സഹായിക്കാൻ അവർ തിരഞ്ഞെടുത്ത ഗവൺമെന്റിന്റെ സാന്നിധ്യം ഉണ്ടാകണമെന്ന് ആഗ്രഹിക്കും. ഈ കഷ്ടപ്പെടുന്ന, പ്രയാസപ്പെടുന്ന ജനപഥങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിങ്ങളുടെ സാന്നിധ്യമോ ഇടപെടലോ ഉണ്ടോ?

ഞാൻ ഇന്നലെ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് സംസാരിച്ചു. 47,000 ജീവനക്കാരുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 22,000 ജീവനക്കാരായി കുറഞ്ഞു. ഞങ്ങൾ അധികാരത്തിലിരിക്കുമ്പോൾ വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കി. ഒരു യൂണിറ്റ് വൈദ്യുതിക്ക് 20 പൈസ കുറച്ച് കൊടുക്കുകയും അതുവരെയുള്ള കടങ്ങൾ കുറക്കുകയും ചെയ്തു. 2016-ൽ അധികാരത്തിൽനിന്ന് ഞങ്ങൾ പുറത്തിറങ്ങുമ്പോൾ വൈദ്യുതി ബോർഡിന്റെ കടം 1,083 കോടി രൂപയായിരുന്നു. ഇപ്പോൾ വൈദ്യുതി ബോർഡിന്റെ കടം എത്രയാണ്, 45,000 കോടി രൂപയാണ്. ഉമ്മൻ ചാണ്ടി സർക്കാർ 25 വർഷത്തേയ്ക്ക് 4 രൂപ 29 പൈസയ്ക്ക് വൈദ്യുതി വാങ്ങുവാനുള്ള കരാർ ഉണ്ടാക്കിയിരുന്നു. ഏഴുകൊല്ലം നിങ്ങളുടെ ഗവൺമെന്റും ഈ വിലയ്ക്ക് വൈദ്യുതി വാങ്ങിച്ചിരുന്നു. പക്ഷേ പെട്ടെന്നൊരു സുപ്രഭാതത്തിൽ നിങ്ങൾ ആ വൈദ്യുതി കരാർ റദ്ദാക്കിയപ്പോൾ ഞങ്ങൾ അതിനെ എതിർത്തില്ല. 4 രൂപ 29 പൈസയ്ക്ക് വൈദ്യുതി വാങ്ങിയത് അഴിമതിയാണെങ്കിൽ നിങ്ങൾ

ഒരു പൈസ കുറച്ച് വൈദ്യുതി വാങ്ങിയാൽ മതിയെന്ന് ഞാൻ പറഞ്ഞു. നിങ്ങൾ ഇപ്പോൾ എത്ര പൈസയ്ക്കാണ് വൈദ്യുതി വാങ്ങുന്നത്. ഒരു യൂണിറ്റിന് 25 വർഷത്തേയ്ക്ക് 4 രൂപ 29 പൈസ എഗ്രിമെന്റ് വച്ചത് നിങ്ങൾ റദ്ദാക്കിയശേഷം 8 രൂപ മുതൽ 14 രൂപ 30 പൈസയ്ക്കാണ് വൈദ്യുതി വാങ്ങിയത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,.....

ശ്രീ. വി. ഡി. സതീശൻ:സർ, അങ്ങ് അവിടെ ഇരിക്കൂ. അങ്ങേയ്ക്ക് മറുപടി പറയാനുള്ള അവസരം ലഭിക്കും. ഞാൻ കംപ്ലീറ്റ് ചെയ്യട്ടെ. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയാനുള്ള അവസരം നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാനം ലഭിക്കും. ഞാനൊന്ന് കംപ്ലീറ്റ് ചെയ്തോട്ടെ. എനിക്ക് കുറച്ച് സമയമേ ഉള്ളൂ. അല്ലെങ്കിൽ സീനിയറായ അങ്ങേയ്ക്ക് ഞാൻ വഴങ്ങാതിരിക്കുമോ? വകുപ്പുകളെക്കുറിച്ച് വിമർശിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് നയപ്രഖ്യാപന പ്രസംഗത്തിൽ മറുപടി പറയാനുള്ള അവസരമുണ്ട്.

ഒരു ദിവസം പതിനഞ്ച് കോടി രൂപ മുതൽ ഇരുപതു കോടി രൂപവരെ വൈദ്യുതി ബോർഡിന് നഷ്ടമുണ്ടായി. മാസങ്ങളായി അതിന്റെ പാപഭാരം ആരുടെ തലയിലാണ്, ജനങ്ങളുടെ തലയിൽ. നിങ്ങൾ ഇപ്രാവശ്യം വൈദ്യുതി ചാർജ് കൂട്ടിയപ്പോൾ രണ്ടുപ്രാവശ്യത്തെ ഒരുമിച്ചുകൂട്ടി. നിങ്ങൾ ഉണ്ടാക്കി വച്ച കെടുകാര്യസ്ഥത, നിങ്ങൾ നടത്തിയ അഴിമതി എന്നിവയുടെ ഫലമായി മാർച്ച് മുതൽ ജനങ്ങൾ കൂട്ടിയ വൈദ്യുതി ചാർജ് അടയ്ക്കേണ്ടതായി വരും. അദാനിയുടെ കമ്പനിക്ക് നൽകാൻ വേണ്ടി 4 രൂപ 29 പൈസയ്ക്ക് വൈദ്യുതി വാങ്ങാനുള്ള എഗ്രിമെന്റ് റദ്ദാക്കി 14 രൂപ 30 പൈസയ്ക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങിച്ച ഗവൺമെന്റാണിത്. Transformers and Electricals Kerala Limited (TELK), Traco Cable Company Limited (TRACO) എന്നിവ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാണ്. കമ്പനികളിൽ ജീവനക്കാരുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നു. ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ് പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് സംസാരിച്ചു. മുഴുവൻ കശുവണ്ടി ഫാക്ടറികളും

പൂട്ടിക്കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കൈത്തറി, കയർ, ബാംബൂ എന്നിവ ഉൾപ്പെടെയുള്ള മേഖലകൾ പ്രതിസന്ധിയിലാണ്. കശുവണ്ടി മേഖലയിലെ പ്രശ്നം പരിഹരിക്കാൻ നിങ്ങൾ എന്ത് ഇടപെടലാണ് നടത്തിയത്. നൂറ് കണക്കിന് കശുവണ്ടി ഫാക്ടറി ഉടമകൾ ഇന്ന് ജപ്തി ഭീഷണിയിലാണ്. ഈ വ്യവസായങ്ങൾ മുഴുവൻ കേരളത്തിൽനിന്ന് തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കും പോകുകയാണ്. കശുവണ്ടി ഫാക്ടറികളിൽ ജോലി ചെയ്യുന്ന ആളുകൾ സാധാരണക്കാരല്ലേ, പാവപ്പെട്ട മനുഷ്യരല്ലേ, ആയിരക്കണക്കിന് സ്ത്രീകൾ അവിടെനിന്നും കിട്ടുന്ന ചെറിയ വരുമാനം കൊണ്ടല്ലേ ജീവിക്കുന്നത്. അങ്ങനെയുള്ള അവരുടെ തൊഴിലിടങ്ങൾ ഇല്ലാതായില്ലേ. തൊഴിലിടങ്ങളിൽ ചുമട്ടുതൊഴിലാളികൾക്ക് വരെ  ജോലി കുറഞ്ഞു.  ഈ സാമൂഹ്യമാറ്റം/സാമ്പത്തികമാറ്റം കേരളത്തിന്റെ ഗവൺമെന്റ് ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയുടെ പരിണിത ഫലങ്ങളാണെന്ന് നിങ്ങൾ അറിയണം.

ക്രൈം വർദ്ധിച്ചു, മയക്കുമരുന്നിന്റെ ഉപയോഗത്തെക്കുറിച്ച് ഇന്നിവിടെ സംസാരിച്ചു. മയക്കുമരുന്ന് നിയന്ത്രിക്കാൻ, കൺട്രോൾ ചെയ്യാൻ, അതിന്റെ സോഴ്സ് അറിയാൻ എക്സൈസ് വകുപ്പ് എന്താണ് ചെയ്യുന്നത്? അവർ നോക്കുകുത്തികളായി നിൽക്കുകയാണ്. ആകെ പിടിക്കുന്നത് പത്തോ ഇരുപത്തിയഞ്ചോ ഗ്രാം കഞ്ചാവാണ്. ഇവിടേക്ക് വലിയ ലോഡ് കെമിക്കൽ സാധനങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്, അവ പിടിക്കുന്നുണ്ടോ? വ്യാപകമായ മയക്കുമരുന്നിന്റെ കേന്ദ്രമായി കേരളം മാറി. അതിനെത്തുടർന്നുള്ള ക്രൈമിന്റെ സ്വഭാവം നോക്കൂ. ഇവിടെ പലരും സംസാരിച്ച വിഷയമായതുകൊണ്ട് ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ഇന്നലെ സ്ത്രീ സുരക്ഷയെക്കുറിച്ച് സംസാരിച്ചു. സ്ത്രീ സുരക്ഷ പേരിനുമാത്രമായി മാറി. അഴിമതിക്ക് വല്ല കുറവുമുണ്ടോ?

കൊവിഡ് കാലത്ത് കൊള്ള നടത്തിയെന്ന് ഞങ്ങൾ പറഞ്ഞു. ഞങ്ങൾ ഉന്നയിച്ച ആരോപണം സി&എ.ജി. റിപ്പോർട്ടിൽ അടിവരയിട്ടു. പി.പി.ഇ കിറ്റ് വാങ്ങിക്കുന്നതിലും ഗ്ലൗസ് വാങ്ങിക്കുന്നതിലും മരുന്ന് വിതരണത്തിലും

നടന്ന അഴിമതിയെക്കുറിച്ച് ഇന്നലെ ഞാൻ ഒരു റിപ്പോർട്ട് പുറത്ത് വിട്ടു. ഇന്ന് ഒരു പുതിയ കാര്യംകൂടി പറയുകയാണ്. 28-03-2020-ന് Kerala Medical Services Corporation Limited (KMSCL) അനിത ടെക്സിക്കോട്ട് എന്ന കമ്പനിക്ക് ഇ-മെയിൽ അയയ്ക്കുന്നു. 550 രൂപയ്ക്ക് 25,000 കിറ്റ് വാങ്ങാൻ താൽപര്യം പ്രകടിപ്പിച്ചുകൊണ്ടാണ് ഇ-മെയിൽ അയയ്ക്കുന്നത്. പക്ഷേ അതേ ദിവസം വൈകിട്ട് 5.55-ന് KMSCL-ന്റെ നോട്ടിൽ എഴുതുന്നു, negotiate ചെയ്തപ്പോൾ അനിത ടെക്സിക്കോട്ട് എന്ന കമ്പനി 550 രൂപ കുറയ്ക്കാൻ തയ്യാറായില്ലായെന്ന്. അതുകൊണ്ട് അവർക്ക് 25,000 കിറ്റുകൾ കൊടുക്കുന്നില്ലായെന്നും പതിനായിരം കിറ്റുകൾ മാത്രമേ അവിടെനിന്നും വാങ്ങിക്കുന്നുള്ളൂയെന്നും വൈകുന്നേരം 5.55-നാണ് ഫയലിൽ രേഖപ്പെടുത്തിയത്. അതായത് 550 രൂപ കുറയ്ക്കാൻവേണ്ടി negotiate ചെയ്തിട്ട് അവർ സമ്മതിക്കുന്നില്ലെന്നും അതുകൊണ്ട് 25,000 കിറ്റെന്നുള്ളത് പതിനായിരം കിറ്റാക്കി കുറയ്ക്കേണ്ടി വന്നു എന്നാണ് പറയുന്നത്. ഇത് വൈകുന്നേരം 5.55-നാണ് എഴുതുന്നത്. അതേദിവസം വൈകുന്നേരം 7.48-

ന് സാൻ ഫാർമ എന്ന കമ്പനിക്ക് KMSCL ഈ പ്രൊപ്പോസൽ അംഗീകരിച്ചുയെന്ന് കാണിച്ചുകൊണ്ട് മെയിൽ അയയ്ക്കുന്നു. അവരുടെ പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്നത് ഒരു പി.പി.ഇ. കിറ്റിന് 1550 രൂപയാണെന്നാണ്. അവരിൽനിന്നും 15000 പി.പി.ഇ. കിറ്റ് വാങ്ങാൻവേണ്ടി നൂറ് ശതമാനം അഡ്വാൻസ് നൽകുകയും ചെയ്തു. അതായത് വൈകുന്നേരം 5.55-ന് പറയുന്നു 550 രൂപ കമ്പനി negotiate ചെയ്യാൻ തയ്യാറാകാത്തതുകൊണ്ട് അവർക്ക് പതിനായിരം കിറ്റായി കുറയ്ക്കുന്നുയെന്ന്. എന്നിട്ട് അമ്പതുശതമാനം മാത്രമാണ് അഡ്വാൻസായി നൽകിയത്. അതിനുശേഷം 7.48-ന് സാൻ ഫാർമയോട് പറയുന്നു പതിനായിരം കിറ്റ് 1550 രൂപയ്ക്ക് നൽകാൻ. അവർക്ക് നൂറ് ശതമാനം അഡ്വാൻസും നൽകി. 550 രൂപയ്ക്ക് പി.പി.ഇ. കിറ്റ് നൽകിയവർക്ക് അമ്പതു ശതമാനം അഡ്വാൻസും 1550 രൂപയ്ക്ക് പി.പി.ഇ. കിറ്റ് നൽകിയവർക്ക് നൂറ് ശതമാനം അഡ്വാൻസും. ഇതിനെക്കാൾ വലിയ അഴിമതി എന്താണ്? ഇത് KMSCL-ന്റെ രേഖയാണ് (പേപ്പർ ഉയർത്തി കാണിക്കുന്നു).

ആ കാലത്ത് നിങ്ങൾ 26 സർക്കാർ ആശുപത്രികളിലേക്ക് expiry date കഴിഞ്ഞ മരുന്ന് കൊടുത്തു. ആരാണ് സർക്കാർ ആശുപത്രികളിലേക്ക് പോകുന്നത്; പാവങ്ങൾ, കുഞ്ഞുങ്ങൾ. Expiry date കഴിഞ്ഞ മരുന്നിന് എന്താ കുഴപ്പം? അതിന്റെ രാസമാറ്റം സംഭവിച്ച് ജീവഹാനിവരെയുണ്ടാകും. മെഡിക്കൽ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ ആറുമാസത്തേക്ക് expiry ഉള്ളതും expiry കഴിഞ്ഞതുമായ മരുന്നുകൾ വിതരണം നടത്താൻ പാടില്ല. കത്തിച്ചുകളയണം, നശിപ്പിച്ചുകളയണം എന്നാണ്. അവർ ചില കമ്പനികൾക്ക് മരുന്ന് നൽകും, ചില വൃത്തികെട്ട കമ്പനികളുണ്ട്. അവർ എന്തുചെയ്യുമെന്ന് അറിയുമോ. ചില സർക്കാരുകൾക്ക്, ചില കോർപ്പറേഷനുകൾക്ക്, ചില മെഡിക്കൽ സ്റ്റോറുകൾക്ക് ഈ expiry date കഴിഞ്ഞ മരുന്ന് കൊടുക്കും ഇരുപത് ശതമാനം വിലയ്ക്ക്. ബാക്കി 80 ശതമാനം കമ്മീഷനാണ്. നൂറ് കോടി രൂപയുടെ മരുന്ന് ഒരു കമ്പനിക്ക് ഓർഡർ ചെയ്താൽ നൂറ് കോടി രൂപ കമ്പനിയിലേക്ക് പോകും. അവർക്ക്

ഇരുപതുകോടി മതി. 80 കോടി രൂപ തിരിച്ചുകിട്ടും. കാരണം അത് നശിപ്പിക്കാൻവേണ്ടി വച്ചിരിക്കുന്ന മരുന്നാണ്. ആ മരുന്നെടുത്ത് പാവങ്ങൾക്ക് കൊടുക്കുകയാണ്. നിങ്ങൾ 80,000-ത്തിലധികം ബാച്ച് മരുന്ന് വന്നിട്ട് 8,000 ബാച്ച് മാത്രമേ പരിശോധിച്ചുള്ളൂ, ക്വാളിറ്റി ടെസ്റ്റ്. പതിനാല് പ്രധാനപ്പെട്ട ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ ഒറ്റ മരുന്നുപോലും നിങ്ങൾ ക്വാളിറ്റി ടെസ്റ്റ് നടത്തിയില്ല. ക്വാളിറ്റി ടെസ്റ്റ് നടത്തിയില്ലെങ്കിൽ വരുന്ന മരുന്ന് ഏതാ? ധാരണയാണ്. KMSCL-ലെ ആളുകളും കമ്പനികളും ചേർന്ന് ധാരണയാണ്. ഇത് ക്വാളിറ്റി ടെസ്റ്റിന് വിടില്ല. ക്വാളിറ്റി ടെസ്റ്റിന് വിട്ടില്ലെങ്കിൽ ചാത്തൻ മരുന്ന് വരും. പൊള്ളാച്ചിയിലൊക്കെ മരുന്ന് ഉണ്ടാക്കുന്നുണ്ട്. ഇരുപത്തിയഞ്ച് രൂപ വിലയുള്ള ഗുളിക അമ്പതു പൈസയ്ക്ക് കിട്ടുകയാണ്. അവർ ഉണ്ടാക്കിതരും ഇതേ പാക്കായിട്ട്. Pfizer-ന്റെയും മറ്റ് വലിയ കമ്പനിയുടെയൊക്കെ അവരെ ഞെട്ടിക്കുന്ന തരത്തിലുള്ള പാക്കിങ് ആക്കി അവർ തരും. ഇതുപോലെയുള്ള ചാത്തൻ മരുന്നുകൾ ക്വാളിറ്റി ടെസ്റ്റ് ഒരു ബാച്ചിൽപോലും നടത്താതെ expiry date കഴിഞ്ഞ മരുന്നുകൾ

സർക്കാർ ആശുപത്രികളിൽ നൽകി നമ്മുടെ കുഞ്ഞുങ്ങൾ, കുടുംബക്കാർ അവർ ഇതൊക്കെ വാങ്ങി കഴിക്കുന്നത് സർക്കാർ ആശുപത്രികളിൽനിന്നല്ലേ. എന്തൊരു അഴിമതിയാണ് ആ കോവിഡ് കാലത്ത് നടന്നത്. കൊള്ളയല്ലേ ആ സമയത്ത് മുഴുവൻ നടത്തിയത്? ബ്രൂവറിയുടെ കാര്യം ശ്രീ. രമേശ് ചെന്നിത്തല വളരെ കൃത്യമായി പറഞ്ഞതുകൊണ്ട് അത് ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ഒരു കമ്പനി അപേക്ഷ കൊടുത്തു, അതിന് അനുമതി നൽകിയെന്നാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത്. ഇങ്ങനെ ഒരു ബ്രൂവറി പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, എഥനോൾ പ്ലാന്റ്, Indian - Made Foreign Liquor (IMFL), ബോട്ടിലിങ് യൂണിറ്റ്, ബ്രാണ്ടി പ്ലാന്റ്, വൈൻ പ്ലാന്റ് എന്നിവ തുടങ്ങുന്നതിനുള്ള അനുമതി ഒരു കമ്പനിക്കാണ് നൽകിയിരിക്കുന്നത്. അക്കാര്യം ഈ കമ്പനിയല്ലാതെ പാലക്കാട് ജില്ലയിലും തൃശ്ശൂർ ജില്ലയിലും പ്രവർത്തിക്കുന്ന ഒരു കമ്പനിപോലും അറിഞ്ഞിട്ടില്ല. മധ്യപ്രദേശിലും പഞ്ചാബിലും പ്രവർത്തിക്കുന്ന ഒയാസിസ് എന്ന കമ്പനി മാത്രമാണ് ആദ്യം അറിഞ്ഞത്. അവർ വന്ന് അപേക്ഷ കൊടുത്തു. ആ കമ്പനി രണ്ട് വർഷം മുമ്പ് എലപ്പുള്ളി പഞ്ചായത്തിൽ കോളേജ്

തുടങ്ങാനെന്ന പേരിൽ 26 ഏക്കർ സ്ഥലം വാങ്ങി. അവർ രണ്ട് വർഷം മുമ്പേ ഇക്കാര്യം പ്ലാൻ ചെയ്തിരുന്നു. കേരളത്തിലെ ഡിസ്റ്റിലറി കമ്പനികളോ മറ്റൊരാളോപോലും അറിയാതെ ഈ മഹാരാഷ്ട്ര കമ്പനി മാത്രം കേരളാ ഗവൺമെന്റ് ബ്രൂവറിക്ക് അനുമതി കൊടുക്കാൻ പോകുന്നത് എങ്ങനെ അറിഞ്ഞു? പ്ലാന്റ് തുടങ്ങാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിലും സഭയിലെ ആദ്യ ദിവസം ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി നടത്തിയ പ്രസംഗത്തിലുമൊക്കെ ആ കമ്പനിയെക്കുറിച്ചുള്ള പ്രകീർത്തിക്കലായിരുന്നു ഉണ്ടായിരുന്നത്. അപ്പോഴാണ് ഞങ്ങൾ ഈ കമ്പനിയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ പുറത്തുകൊണ്ടുവന്നത്. ഈ കമ്പനിയുടമ ഡൽഹിയിലെ കുപ്രസിദ്ധമായ liquor scam-ൽ അറസ്റ്റ് ചെയ്യപ്പെട്ടയാളാണ്. മുമ്പ് പഞ്ചാബിൽ ഒരു കമ്പനി തുടങ്ങിയിട്ട് നാല് കിലോമീറ്ററോളം ദൂരത്തുള്ള വെള്ളം മുഴുവൻ pollute ചെയ്ത കമ്പനിയാണിത്. സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡും പഞ്ചാബ് പൊല്യൂഷൻ കൺട്രോൾ ബോർഡുമാണ് കേസെടുത്തത്. അതായത്, മദ്യമുണ്ടാക്കുമ്പോഴുണ്ടാകുന്ന ഇൻഡസ്ട്രിയൽ വേസ്റ്റ് മുഴുവൻ ബോർവെല്ലിൽക്കൂടി ഗ്രൗണ്ട് വാട്ടറിൽ കലർത്തുന്ന ക്രൂരത ചെയ്ത

കമ്പനിയാണിത്. ആ കമ്പനിയെക്കുറിച്ച് സർക്കാർ ഉത്തരവിൽ എന്തൊരു പ്രകീർത്തനമാണ് നടത്തിയിരിക്കുന്നത്. ആ കമ്പനിയുടെ propoganda മാനേജരെപ്പോലെയാണ് ആ കമ്പനിയെക്കുറിച്ച് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സംസാരിക്കുന്നത്. ഈ ലോകത്ത് മറ്റൊരാളും അറിയാതെ കുപ്രസിദ്ധവും Shady Company-യുമായ ആ കമ്പനി മാത്രം അറിഞ്ഞുകൊണ്ട് അവരുടെ അപേക്ഷ മാത്രമാണ് സ്വീകരിച്ചത്.

കുടിക്കാൻ വെള്ളമില്ലാത്ത പാലക്കാട്; 200 ദശലക്ഷം യൂണിറ്റാണ് മലമ്പുഴ അണക്കെട്ടിന്റെ കപ്പാസിറ്റി. പാലക്കാടിനും പരിസര പ്രദേശത്തിനും 400 ദശലക്ഷം യൂണിറ്റ് വെള്ളമാണ് ആവശ്യമുള്ളത്. ഒരു ദിവസം 80 ദശലക്ഷം ലിറ്റർ വെള്ളമാണ് ഈ കമ്പനിക്ക് നൽകിയത്. നാട്ടിലെ പാവങ്ങൾക്ക് കുടിവെള്ളം വേണ്ട, ഇവർക്ക് കൊടുക്കും. വാട്ടർ അതോറിറ്റി ഒന്നും അറിഞ്ഞിട്ടില്ല; എന്നാലും അവർക്ക് കൊടുക്കുമെന്നാണ് ഇപ്പോൾ പറയുന്നത്. കമ്പനി പൂർത്തിയാകുമ്പോൾ 80 ദശലക്ഷം യൂണിറ്റ് വെള്ളമാണ് നൽകേണ്ടത്. വെള്ളമില്ലാത്ത, ഭൂഗർഭ ജലവിതാനം താഴേയ്ക്കുപോയ പാലക്കാട് വെള്ളം കൊടുക്കണം.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.)-ന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 61 കോടി രൂപയുടെ കരുതൽ ധനമാണ് ഫിക്സഡ് ഡെപ്പോസിറ്റായി ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത്. 8.69 ശതമാനമായിരുന്നു ഫെഡറൽ ബാങ്കിന്റെ പലിശ. മൂന്നുനാല് മാസം കഴിഞ്ഞപ്പോൾ ആരുമറിയാതെ ആ ഫിക്സഡ് ഡെപ്പോസിറ്റ് പിൻവലിച്ച് debenture-ആയി അനിൽ അംബാനിയുടെ കമ്പനിയിൽ നിക്ഷേപിച്ചു. ആ കമ്പനി അന്ന് പൊളിഞ്ഞുകൊണ്ടിരിക്കുകയാണെന്ന് അന്ന് എല്ലാ നാഷണൽ ഡെയിലിയിലും വാർത്ത വന്നിരുന്നു. അനിൽ അംബാനിയുടെ ഈ കമ്പനിയിൽ പണം നിക്ഷേപിച്ച സമയത്ത് അവരുടെ സഹോദര-സ്ഥാപനത്തിനെതിരായി ഇന്ത്യയിലെ എല്ലാ ദേശസാൽകൃത ബാങ്കുകളും നാഷണൽ കമ്പനി ലാ ട്രിബ്യൂണലിൽ (NCLT) കേസ് നൽകിയിരിക്കുകയാണ്. എന്തിനാണ് കേസ് നൽകിയതെന്നറിയാമോ? 50000 കോടി രൂപ വായ്പയെടുത്തിട്ട് ഒരു തുകപോലും തിരികെ അടച്ചിട്ടില്ല. കമ്പനി തകർന്നുതരിപ്പണമായി. ഇന്ത്യയിലെ ദേശസാൽകൃത ബാങ്കുകൾക്ക് 50000 കോടി രൂപ നൽകാനുള്ള കമ്പനിയുടെ ഗ്രൂപ്പിലാണ് നിയമം ലംഘിച്ച്

ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചിരുന്ന തുക കോർപ്പറേഷന്റെ ബോർഡ് അറിയാതെ നിക്ഷേപിച്ചത്. അടുത്ത വർഷം കമ്പനി അടച്ചുപൂട്ടുകയും Liquidate ചെയ്യുകയും ചെയ്തു; നമ്മുടെ തുക നഷ്ടപ്പെട്ടു. ഇപ്പോൾ നമുക്ക് പലിശയടക്കം 110 കോടി രൂപ ലഭിക്കേണ്ടതുണ്ട്. Liquidate ചെയ്തപ്പോൾ ആകെ ഏഴര കോടി രൂപ കിട്ടി. ഈ സംസ്ഥാനത്തിന്റെ 103 കോടി രൂപ നഷ്ടപ്പെട്ടു. ആരാണ് ഉത്തരവാദി; ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ച പണം കൊണ്ടുപോയി മുങ്ങാൻ പോകുന്ന, തകരുമെന്ന് ഉറപ്പുള്ള, കടം കയറി മുടിഞ്ഞ അനിൽ അംബാനിയുടെ കമ്പനിയിലെ debenture-ൽ എന്തിനാണ് നിക്ഷേപിച്ചത്? കമ്മീഷൻ വാങ്ങി നിക്ഷേപിച്ചതാണ്. എന്തെങ്കിലും നടപടി നിങ്ങൾ സ്വീകരിച്ചോ; നിങ്ങൾക്കെന്തെങ്കിലും മറുപടിയുണ്ടോ; ആരെങ്കിലും ഇങ്ങനെ ചെയ്യുമോ? ആവശ്യം വരുമ്പോൾ ഉപയോഗിക്കേണ്ട കരുതൽ ധനം/ഫിക്സഡ് ഡിപ്പോസിറ്റ് കൊണ്ടുപോയി debenture-ലോ സ്റ്റോക്കിലോ ആരെങ്കിലും നിക്ഷേപിക്കുമോ? നിങ്ങൾ എന്തും ചെയ്യാൻ മടിക്കില്ല. ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിരുന്ന തുകയെടുത്ത് അടച്ചുപൂട്ടാൻ പോകുന്ന കമ്പനിയിൽ നിക്ഷേപിച്ചു. ആ കമ്പനിക്ക് ഡബിൾ 'എ പ്ലസ്' റേറ്റിംഗ് ഉണ്ടെന്നാണ് ശ്രീ. തോമസ് ഐസക് പറഞ്ഞത്. ഞാൻ ആ റേറ്റിംഗ്

ഏജൻസിയുടെ മുഴുവൻ റിപ്പോർട്ടും വായിച്ചു. അതിനുശേഷം മറുപടി പറയാൻ ശ്രീ. തോമസ് ഐസക്കിനെയും ധനകാര്യ വകുപ്പുമന്ത്രിയെയും കണ്ടിട്ടില്ല. റിപ്പോർട്ടിൽ credit watch എന്നാണ് എഴുതിയിരിക്കുന്നത്, അത് സൂചിപ്പിക്കുന്നത് അപകടത്തിലാണെന്നാണ്. റേറ്റിംഗ് ഏജൻസി നൽകിയ റേറ്റിംഗിൽ ഇവരുടെ sister concern-ന് 'ഡി' ഗ്രേഡാണെന്നാണ് പറഞ്ഞിട്ടുള്ളത്. കമ്പനി തകർന്നിരിക്കുന്നതിനാൽ watch ചെയ്ത് സൂക്ഷിച്ച് വേണം നിക്ഷേപിക്കാനെന്നാണ് പറയുന്നത്. ഈ കമ്പനിക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിന്റെയും സെബിയുടെയും അംഗീകാരമില്ല. അംഗീകാരമില്ലാത്ത അടച്ചുപൂട്ടാൻ പോകുന്ന കമ്പനിയിലാണ് ഫെഡറൽ ബാങ്കിലുണ്ടായിരുന്ന ഫിക്സഡ് ഡെപ്പോസിറ്റ് കൊണ്ടുപോയി നിക്ഷേപിച്ച് നഷ്ടം വരുത്തിയത്. അത്തരത്തിൽ എണ്ണിയാലൊടുങ്ങാത്ത അഴിമതികൾ ധാരാളമുണ്ട്.

സ്മാർട്ട് സിറ്റി, 2007-ൽ സർക്കാരുമായുണ്ടാക്കിയ കരാർപ്രകാരം ടീകോം വ്യവസ്ഥകൾ ലംഘിച്ചാൽ അവരിൽനിന്നാണ് സർക്കാർ ചെലവാക്കിയ മുതൽമുടക്കും നഷ്ടപരിഹാരവും ഈടാക്കേണ്ടതെന്നിരിക്കെ പദ്ധതിയിൽ വീഴ്ച വരുത്തിയ ടീകോം-ന് സർക്കാർ അങ്ങോട്ട് പണം നൽകുന്നത് എന്ത് താൽപര്യത്തിന്റെ പുറത്താണ്? There was an

agreement between TECOM and Government of Kerala. ഗവൺമെന്റ് കരാർ വ്യവസ്ഥകൾ violate ചെയ്താൽ ഉത്തരവാദിത്വം ഗവൺമെന്റിനും ടീകോം violate ചെയ്താൽ ഉത്തരവാദിത്വം ടീകോം-നും എന്ന രീതിയാണുള്ളത്. ടീകോം കരാർ വ്യവസ്ഥ violate ചെയ്തെന്നും ഓരോ phase-ലും ചെയ്യേണ്ട ജോലികൾ പൂർത്തീകരിച്ചില്ലെന്നും അതുകൊണ്ട് കരാർ അവസാനിപ്പിക്കുകയാണെന്നുമാണ് ഗവൺമെന്റ് പറഞ്ഞത്. അപ്പോൾ അവരുടെ കൈയിൽനിന്നുമാണ് നഷ്ടപരിഹാരം ഈടാക്കേണ്ടത്. ഈ സർക്കാർ എന്താണ് ചെയ്തത്? അവർ നിബന്ധകൾ violate ചെയ്തതിന് അവർക്ക് നഷ്ടപരിഹാരം നൽകി. എന്തൊക്കെയാണിവിടെ നടക്കുന്നത്; ആരുടെ പണമാണിത്? പാവപ്പെട്ടവന്റെ, സാധാരണക്കാരന്റെ പണമെടുത്തല്ലേ കമിഴ്ന്ന് വീണാൽ കാൽപ്പണവുമായി പൊങ്ങുന്ന കൊള്ളക്കാരുടെ സർക്കാരായി നിങ്ങൾ മാറിയത്. എന്തൊരു അഴിമതിയും കെടുകാര്യസ്ഥതയുമാണ് ഇവിടെ നടക്കുന്നത്. കേരളത്തെ നിങ്ങൾ സാമ്പത്തികമായി തകർത്തുതരിപ്പണമാക്കി.

സമയപരിമിതിമൂലം ഈ സർക്കാരിന്റെ അഴിമതിയുടെ പകുതി കാര്യങ്ങൾപോലും ഇവിടെ പറയാൻ സാധിച്ചില്ല. ഞാൻ എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു. ഈ നയപ്രഖ്യാപന പ്രസംഗത്തിന് പിന്തുണ പറഞ്ഞുകൊണ്ട് നടത്തിയ നന്ദി പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ ഓഫീസിൽ ലഭ്യമായ കണക്കുകൾ പരിശോധിച്ചായിരിക്കും ഇന്നിവിടെ പ്രസംഗം നടത്തിയത്. എന്നാൽ യഥാർത്ഥ വസ്തുത ഈ സഭ അറിയാനും നാട് അറിയേണ്ടതുമുള്ളതുകൊണ്ട് സൂചിപ്പിക്കുകയാണ്. ഇത് ഭരണ-പ്രതിപക്ഷ വിഷയങ്ങളുടെ തർക്കത്തിന്റെ കാര്യമല്ല.

കേരളത്തിലെ പൊതുവിതരണ സംവിധാനം ഇന്ത്യയ്ക്ക് മാതൃകയാണ്. ഇവിടെ ചില സമരങ്ങളും സമരത്തിന്റെ നോട്ടീസുമൊക്കെ ഉണ്ടാകാറുണ്ട്, അതെല്ലാം ചർച്ച ചെയ്ത് പരിഹരിക്കാറുമുണ്ട്. എന്താണ് വസ്തുത? കഴിഞ്ഞ 1-ാം തീയതി മുതൽ ട്രാൻസ്പോർട്ട് കോൺട്രാക്ടർമാരുടെ പണിമുടക്കുണ്ടായിട്ടും കേരളത്തിൽ ഇന്ന് (23-01-2025) 123086 കുടുംബങ്ങൾ റേഷൻ കടകളിൽനിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇന്നലെ (23-01-2025) 286775-ഉം 21-01-2025-ന് 296650-ഉം 20-01-

2025-ന് 240213-ഉം കുടുംബങ്ങളാണ് റേഷൻ കടകളിൽനിന്ന് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. 22-01-2025 കഴിയുമ്പോൾ 5084598 കുടുംബങ്ങൾ, അതായത് 53.62 ശതമാനം ആളുകൾ കേരളത്തിലെ റേഷൻ കടകളിൽനിന്നും റേഷനും അരിയും വാങ്ങി കൃത്യമായി പോകുകയാണ്. പണിമുടക്കുണ്ടെങ്കിലും അതിനനുസൃതമായ സ്റ്റോക്ക് സംവിധാനങ്ങൾ എർപ്പെടുത്തിയതുകൊണ്ടും ഫലപ്രദമായ പൊതുവിതരണ സംവിധാനമായതുകൊണ്ടുമാണ് പൊതുവിതരണം ഇത്രയും ഭംഗിയായി നമുക്ക് നടത്താൻ സാധിച്ചത്.

ഒരു കാര്യം കൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്, കഴിഞ്ഞ ഡിസംബർ മാസം 7822607 കുടുംബങ്ങൾ 82.5 ശതമാനം, നവംബർ മാസം 7805599 കുടുംബങ്ങൾ 82.38 ശതമാനം, സെപ്റ്റംബർ മാസം 80 ലക്ഷത്തിൽപ്പരം കുടുംബങ്ങൾ, ഇങ്ങനെ ഓരോ മാസം പരിശോധിച്ചാലും 82-85 ശതമാനംവരെയുള്ള ജനങ്ങൾ കൃത്യമായി റേഷൻ കടകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുകയാണ്. മുൻഗണനാ/ബി.പി.എൽ. വിഭാഗത്തിലായി 98-99 ശതമാനം കുടുംബങ്ങൾ കൃത്യമായി റേഷൻ വാങ്ങുന്ന ഒരു സംവിധാനം കേരളത്തിലുണ്ട്. രാജ്യത്തിന് മാതൃകയായിട്ടുള്ള

പൊതുവിതരണ സംവിധാനത്തെക്കുറിച്ച് കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രസ്താവന നടത്തുന്നത് ഈ സഭയിൽ സ്ഥിരമായതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്.

കേരള സർക്കാർ കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ 459578 കുടുംബങ്ങൾക്ക് മുൻഗണനാ/ബി.പി.എൽ. കാർഡ് നൽകിയ ഗവൺമെന്റാണ്. കേരളത്തിലെ മുഴുവൻ ആളുകളുടെ കൈകളിലും റേഷൻ കാർഡ് എത്തിക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി 512521 കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡ് നൽകിയ ഗവൺമെന്റാണിത്. വസ്തുത**ക**ളും വിഷയങ്ങളും അവതരിപ്പിക്കുന്നതിന് ഞാൻ എതിരല്ല; അതെല്ലാം അവതരിപ്പിക്കാം. പക്ഷെ ഇവിടെ തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണവും പച്ചക്കള്ളം പറയുന്ന രീതിയുമാണ് പ്രതിപക്ഷം അനുവർത്തിക്കുന്നത്. ഇക്കാര്യങ്ങൾ, സഭാ രേഖയിലുണ്ടാകണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇവിടെ എല്ലാ കാര്യങ്ങളും വ്യക്തമായി സൂചിപ്പിച്ചത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയെയും സമൂഹത്തെയും തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ ആരോഗ്യരംഗവുമായി

ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇവിടെ പറഞ്ഞതുകൊണ്ട് അത് തിരുത്തണമെന്നും അദ്ദേഹം പരാമർശിച്ച മൂന്ന് കാര്യങ്ങൾക്കും കൃത്യമായ മറുപടി പറയമെന്നും ഞാൻ ആഗ്രഹിക്കുകയാണ്. ആദ്യത്തേത് KASP (Karunya Arogya Suraksha Padhathi)-മായി ബന്ധപ്പെട്ട കാര്യമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇൻഷ്വറൻസിലൂടെ ചികിത്സാ ധനസഹായം നൽകിയിരുന്നത് 30,000/- രൂപയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ വിവിധ ഇൻഷ്വറൻസ് സ്കീമുകൾ ഏകോപിപ്പിച്ചുകൊണ്ട് 2019-ൽ State Health Agency (SHA) നിലവിൽ വന്നു. അതിനുശേഷം ചികിത്സാ ധനസഹായം 30,000/- രൂപയിൽനിന്ന് ഒരു കുടുംബത്തിന് 5 ലക്ഷം രൂപയായി ഉയർത്തി. ഈ സർക്കാരിന്റെ പ്രാരംഭകാലത്ത്, 2021-22 സാമ്പത്തിക വർഷത്തിൽ 2.5 ലക്ഷം പേർക്കുള്ള സൗജന്യ ചികത്സാ ക്ലെയിമുകളാണുണ്ടായിരുന്നത്. ഞാൻ പറയുന്നത് വസ്തുതകളാണ്, ആർക്കുവേണമെങ്കിലും പരിശോധിക്കാം. കഴിഞ്ഞ വർഷം അതായത് 2024 മാത്രം പരിഗണിച്ചാൽ 6.75 ലക്ഷം ക്ലെയിമുകളാണ് നമുക്ക് ലഭിച്ചിരിക്കുന്നതും നമ്മൾ കൊടുത്തുതീർത്തിരിക്കുന്നതും. സംസ്ഥാനത്ത് സൗജന്യ ചികിത്സയിൽ മൂന്നിരട്ടിയിലധികം വർധനയുണ്ടായി. KASP-ൽ

പുതിയ ആളുകളെ ചേർക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. ആരാണ് ചേർക്കാത്തത്? കേന്ദ്രസർക്കാരാണ് ജനങ്ങളെ ചേർക്കാത്തത്. ഇക്കാര്യം എന്തുകൊണ്ടാണ് അദ്ദേഹം പറയാത്തത്? അർഹരായ പുതിയ ആളുകളെ KASP-ൽ ഉൾപ്പെടുത്തണമെന്ന് പലതവണ അഭ്യർഥിച്ചെങ്കിലും കേന്ദ്രം അനുവദിക്കുന്നില്ല. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. 1600 കോടി രൂപയാണ് ഓരോ വർഷവും സൗജന്യ ചികിത്സയ്ക്കായി നൽകുന്നത്. അത് നമ്മൾ പറയുന്നതല്ല, സൗജന്യ ചികിത്സ നൽകുന്നതിൽ ഒന്നാം സ്ഥാനം നേടിയ കേരളത്തിന് കേന്ദ്രസർക്കാർ കഴിഞ്ഞ മൂന്നുവർഷം തുടർച്ചയായി സർട്ടിഫിക്കറ്റുകൾ നൽകുകയാണ്. 1600 കോടി രൂപ സംസ്ഥാന സർക്കാർ നൽകുമ്പോൾ കേന്ദ്രസർക്കാർ നൽകുന്ന തുകയെത്രയാണെന്നുകൂടി നമ്മൾ പരിശോധിക്കണം. 130 കോടി രൂപയ്ക്കും 150 കോടി രൂപയ്ക്കും ഇടയിലുള്ള തുകയാണ് കേന്ദ്രസർക്കാർ നൽകുന്നത്, അതായത് 8-9 ശതമാനത്തിൽ താഴെമാത്രമാണ് കേന്ദ്രവിഹിതമായി അവർ നൽകുന്നത്. ഈ നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് അവർ ശ്രമിക്കുന്നത്.

KMSCL (Kerala Medical Services Corporation Ltd.)-മായി ബന്ധപ്പെട്ട കാര്യം ബഹു. പ്രതിപക്ഷനേതാവ് ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ KMSCL-ന്റെ procedure എങ്ങനെയാണെന്ന് കാണുന്നതിന് വിനയപൂർവം ഞാൻ ക്ഷണിക്കുകയാണ്. കേരളം മാത്രമാണ് KMSCL വഴി ക്വാളിറ്റി ഉറപ്പാക്കി മരുന്നുകൾ വാങ്ങുന്നത്. കേന്ദ്ര ഡ്രഗ്സ് കൺട്രോളർ അംഗീകരിച്ചിട്ടുള്ള ക്വാളിറ്റി സ്റ്റാൻഡേർഡുപ്രകാരം വരുന്ന മരുന്നുകൾ മാത്രമാണ് വാങ്ങുന്നതെന്ന് ഉറപ്പാക്കുന്ന സ്ഥാപനമാണ് KMSCL. ആ രീതിയിലാണ് മരുന്നുകൾ procure ചെയ്യുന്നത്. കൊല്ലത്ത് ഇൻസുലിൻ ലഭ്യമാകാനില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി, അവിടെ 60000 vial ഇൻസുലിൻ ഉണ്ടെന്ന കാര്യം ഇന്ന് രാവിലെയും ഞാൻ പരിശോധിച്ചതാണ്. എറണാകുളത്ത് ആന്റിബയോട്ടിക്കുകൾ ഇല്ലെന്ന് പറയുകയുണ്ടായി; എന്നാൽ അവിടെയും ആന്റിബയോട്ടിക്കുകൾ ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ താൽക്കാലികമായ ഒരു പ്രശ്നമുണ്ടായി; സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കോഴിക്കോട് മെഡിക്കൽ കോളേജാണ്, അതിനാലാണ് അവിടെ പ്രശ്നങ്ങളുണ്ടായത്. ഒരു ഉദാഹരണം

മാത്രം പറയാം, ഞാൻ എല്ലാ സ്കീമുകളെക്കുറിച്ചും പറയുന്നില്ല. ഈ സർക്കാരിന്റെ തുടക്കകാലത്ത് 8000 ഡയാലിസിസാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ സൗജന്യമായി ചെയ്തിരുന്നത്. ഇന്ന് 21000 ഡയാലിസിസാണ് അവിടെ ചെയ്യുന്നത്. രണ്ടുരീതിയിലാണ് തുക അനുവദിക്കുന്നത്, KMSCL-ന്റെ നോർമൽ സപ്ലൈ ചെയിനിൽ എല്ലാ മരുന്നുകളുമുണ്ടെന്നുള്ളത് സ്റ്റേറ്റ് ensure ചെയ്യുന്നുണ്ട്. പക്ഷേ ഇങ്ങനെയുള്ള ചില സ്കീമുകളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ HDC (Hospital Daily Cash) ഫണ്ടുമുഖേന ലോക്കലായുള്ള ചില procurement നടക്കുന്നുണ്ട്. ഇത്രയധികം വർധനയുണ്ടായ സാഹചര്യത്തിൽ മെഡിക്കൽ കോളേജെന്ന നിലയിൽ local procurement-ന് സാധിക്കാതെ വന്ന സാഹചര്യത്തിൽ സ്റ്റേറ്റ് ഇടപെട്ടുകൊണ്ട് കാരുണ്യ പദ്ധതി മുഖേന മരുന്ന് നൽകി താൽക്കാലികമായി പ്രശ്നം പരിഹരിച്ചുവരുന്നുമുണ്ട്.

മറ്റൊരു കാര്യം, സി.&എ.ജി.-യുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ സർക്കാർ ആശുപത്രികളെയും സർക്കാർ സംവിധാനങ്ങളെയും അപകീർത്തിപ്പെടുത്തുന്നതിനുള്ള പല ശ്രമങ്ങളും പല കോണുകളിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ അടുത്ത കാലത്തായി മരുന്നിൽ

ആണി കണ്ടതുമായി ബന്ധപ്പെട്ട വാർത്ത വന്നതിന്റെ സത്യാവസ്ഥ എന്താണെന്നറിയാതെ മിക്ക മാധ്യമങ്ങളും പ്രസ്തുത വാർത്ത പ്രചരിപ്പിക്കുകയുണ്ടായി. അതിനുള്ള ഒരു സാധ്യതയുമില്ലെന്ന് ശാസ്ത്രീയമായി തെളിയിക്കാൻ കഴിയും. ഈ വിഷയത്തിൽ പോലീസന്വേഷണത്തിനായി പരാതി നൽകിയിട്ടുണ്ട്. അത് KMSCL സപ്ലൈ ചെയ്ത മരുന്നല്ലെന്നുള്ളത് യാഥാർഥ്യമാണ്, അതിന്റെ അന്വേഷണ റിപ്പോർട്ടുകൾ പുറത്തുവരട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചാത്തൻ മരുന്ന് എന്നുപറഞ്ഞതുകൊണ്ടാണ് ഞാൻ അക്കാര്യം ഇവിടെ പറഞ്ഞത്. ഒരിക്കലും നമ്മൾ ഈ സഭയിൽ അത് പറയാൻ പാടില്ല. KMSCL ക്വാളിറ്റി assure ചെയ്ത മരുന്നുകളാണ് നൽകുന്നത്. സി.&എ.ജി.-യുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ ഈ പറഞ്ഞ കാലഘട്ടത്തിൽ expiry date കഴിഞ്ഞ മരുന്ന് നൽകിയെന്നുള്ളതാണ്. അവരുടെ ഡ്രാഫ്റ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിക്കുകയും കൃത്യമായ മറുപടി നൽകിയതുമാണ്. കേരളം പോലുള്ള സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നമ്മുടെ ആരോഗ്യപ്രവർത്തകർ expiry date കഴിഞ്ഞ മരുന്ന് നൽകിയിട്ടില്ല. ഇക്കാര്യം സി.&എ.ജി.-യെ അറിയിച്ചെങ്കിലും

അവരുടെ ഫൈനൽ റിപ്പോർട്ടിൽ ഡ്രാഫ്റ്റ് റിപ്പോർട്ടിലേതുപോലെതന്നെ വന്നുവെന്നതാണ് നമ്മൾ കാണുന്നത്.

പി.പി.ഇ. കിറ്റുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടിയുണ്ട്. മഹാമാരി കൊടുംപിരികൊണ്ടുനിൽക്കുന്ന കാലഘട്ടത്തിൽ ആഗോളതലത്തിൽ പി.പി.ഇ. കിറ്റിനും അനുബന്ധ സാമഗ്രികൾക്കും ദൗർലഭ്യം നേരിട്ടുകൊണ്ടിരുന്നപ്പോൾ ഏതുവിധേനയും ഗ്ലൗസുൾപ്പെടെ പി.പി.ഇ. കിറ്റുകൾ വാങ്ങി സംഭരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളത്. നമ്മുടെ ആരോഗ്യപ്രവർത്തകരായ ഡോക്ടർമാരും നേഴ്സുമാരും ഫീൽഡിൽ പ്രവർത്തിക്കുന്നവരും; മൃതദേഹങ്ങൾ അടക്കം ചെയ്യാൻ ആളില്ലാതിരുന്നതും വീടുകളിലേക്ക് മൃതദേഹം കൊണ്ടുവരാൻ സാധിക്കാതിരുന്നതും പി.പി.ഇ. കിറ്റുകൾ ഇട്ടുകൊണ്ട് മൃതദേഹങ്ങൾ മറവുചെയ്തിരുന്നതുമായ ഒരു കാലഘട്ടത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് ഓർക്കണം. ആ കാലഘട്ടത്തിൽ മനുഷ്യജീവൻ സംരക്ഷിക്കുന്നതിന് സാധ്യമായതെല്ലാം സർക്കാർ ചെയ്തിട്ടുണ്ട്. അത് പലതവണ വിശദീകരിച്ചിട്ടുള്ളതാണ്, 2023-ലും ഇക്കാര്യം സഭയിൽ വിശദീകരിച്ചിട്ടുള്ളതാണ്. നമ്മുടെ ഒരു പുഴയിലൂടെയും മൃതദേഹം ഒഴുകി

നടന്നിട്ടില്ല, ഓക്സിജനും വെന്റിലേറ്ററും കിട്ടാതെ ഒരാളും ഇവിടെ മരിച്ചിട്ടില്ല, വികസിത രാജ്യങ്ങളിൽ അത് സംഭവിച്ചിട്ടുണ്ടെന്നുള്ളത് നമ്മൾ കാണണം. അവിടെനിന്നും മുതിർന്ന പൗരന്മാരെയടക്കം ഇവിടേക്ക് ചികിത്സയ്ക്കായി കൊണ്ടുവന്ന സാഹചര്യമുണ്ടെന്നതും നാം ഓർക്കണം. രാഷ്ട്രീയമായി വ്യത്യസ്തകളുണ്ടെങ്കിലും കേരളത്തിന്റെ പൊതുമനസ് തിരിച്ചറിഞ്ഞുകൊണ്ട് അതിനൊപ്പം ഇത്തരത്തിൽ അടിസ്ഥാനമില്ലാത്ത കാര്യങ്ങളിലേക്കും പ്രത്യേകിച്ച് KASP സംബന്ധിച്ചുള്ളതും മരുന്ന് സംബന്ധിച്ചുള്ളതും വസ്തുതാവിരുദ്ധമായ കാര്യങ്ങളിലേക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പോകരുതെന്ന് അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ഇതിങ്ങനെ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുകയാണോ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, എന്റെ പേര് പരാമർശിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾക്ക് എനിക്ക് explanation നൽകണം.

മി. സ്പീക്കർ: യെസ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പറയുന്നത് ഞാൻ അടിസ്ഥാനരഹിതമായ ആരോപണമാണ്

KMSCL-നെക്കുറിച്ച് പറഞ്ഞതെന്നാണ്. സി.&എ.ജി., ഒരു constitutional body ആണ്, ഇവിടെ ടേബിളിൽ വച്ചിരിക്കുന്ന അവരുടെ റിപ്പോർട്ടിലെ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. രണ്ടാമതായി നിങ്ങളുടെ Medical Services Corporation-ന്റെ ലെറ്ററാണ് ഞാൻ ഇവിടെ സഭയിൽ ഹാജരാക്കിയത്. ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകിയാൽ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കാം. 5.55-ന് 550/- രൂപയുടെ മരുന്ന് വേണ്ടെന്ന് പറയുകയും 7.48-ന് 1550/- രൂപയുടെ മരുന്ന് വാങ്ങുകയും ചെയ്തിട്ട് കോവിഡ് കാലമാണെന്ന് പറയുന്നതെന്തിനാണ്? ഇത് നാട്ടുകാരുടെ പണമാണ്, അത് അഴിമതിയാണ്. ഞങ്ങൾ നോക്കിക്കൊള്ളാം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, നമ്മുടെ നിയമസഭയ്ക്ക് ഒരു പവിത്രതയും പ്രാധാന്യവുമുണ്ട്. ഒരു മരുന്നിന് ചാത്തൻ മരുന്ന് എന്ന പേര് പറഞ്ഞത് ശരിയല്ല. 'ചാത്തൻ പൂട്ടാൻ പോകട്ടെ ചാക്കോ നാട് ഭരിക്കട്ടെ' എന്നത് വിമോചന സമരകാലത്ത് ഉയർന്ന മുദ്രാവാക്യമാണ്. നമ്മുടെയൊക്കെ മനസ്സിൽ, ഒരു ജനതയോട് കാണിക്കുന്ന മോശം പ്രയോഗമാണ് പ്രസ്തുത വാക്കെന്നതിനാൽ ഇത്തരത്തിലുള്ള പ്രയോഗം

സഭാരേഖയിൽ ഉണ്ടാകാതിരിക്കുന്നത് നല്ലതാണെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പരിശോധിച്ച് ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ സമയത്തിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. അദ്ദേഹത്തിന് അനുവദിച്ച സമയമനുസരിച്ച് എനിക്ക് 3 മണിക്കൂറും 45 മിനിറ്റിലുമധികം സംസാരിക്കാൻ അവകാശമുണ്ടാകും. അത്രയൊന്നും സമയം ഞാനെടുക്കില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുതൽ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ വരെയുള്ളവർ ചർച്ച നടത്തിക്കഴിഞ്ഞു. അവർ ഉന്നയിച്ച വിഷയങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. അത് പിന്നീട് എടുക്കാം. കേരളത്തിൽ നാനാജാതി മതസ്ഥർ മതനിരപേക്ഷതയും ജനാധിപത്യ മൂല്യങ്ങളുമാണ് ഉയർത്തിപ്പിടിക്കുന്നത്. എൽ.ഡി.എഫ്.-ന്റെ സത്യസന്ധമായ നിലപാട് പൊതുസമൂഹത്തിന് ബോധ്യമായ കാര്യമാണ്. കേരളത്തിൽ സംഘ് പരിവാർ ശക്തികൾക്ക് വേരൂന്നാൻ സഹായിക്കുന്ന

അപകടകരമായ രാഷ്ട്രീയം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടക്കുന്നുവെന്നുള്ളത് ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. മറ്റൊന്ന് വ്യാജപ്രചരണങ്ങളാണ്; വ്യാജപ്രചരണങ്ങൾക്ക് അധികം ആയുസ്സുണ്ടാകില്ലെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. 2016 മുതൽ എൽ.ഡി.എഫ്. സർക്കാരാണ് അധികാരത്തിലിരിക്കുന്നത്. തിരഞ്ഞെടുപ്പ് ഘട്ടത്തിൽ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന്റെ പുരോഗതി ഓരോ വർഷവും ജനസമക്ഷം അവതരിപ്പിച്ചുകൊണ്ടാണ് ഞങ്ങൾ പോകുന്നത്. സംസ്ഥാനത്ത് മാറ്റങ്ങളൊന്നും നടക്കില്ലെന്നും പ്രഖ്യാപിക്കപ്പെട്ട പല പദ്ധതികളും പ്രായോഗികമാവില്ലെന്നുമുള്ള നിരാശാജനകമായ ഒരു ബോധ്യം ജനങ്ങൾക്കുണ്ടായിരുന്നു. പല പദ്ധതികളും നടക്കില്ലെന്ന ചിന്തയാണ് 2016-ൽ കേരളത്തിൽ പൊതുവെയുണ്ടായിരുന്നത്. എന്നാൽ അത്തരം പദ്ധതികൾ നടപ്പിൽ വന്നതോടുകൂടി ജനങ്ങളുടെ മനോഭാവത്തിൽത്തന്നെ മാറ്റം വന്നു. ജനങ്ങളുടെ ആരോഗ്യകരമായ സമീപനത്തിൽ നിന്നുതന്നെ അത് മനസ്സിലാക്കാൻ കഴിയും. പദ്ധതികളുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി,

കൊച്ചി-ഇടമൺ പവർ ഹൈവേ എന്നിവയെല്ലാം നടക്കില്ലെന്നുകണ്ട് അതുമായി ബന്ധപ്പെട്ട ജോലി ചെയ്യാൻ വന്നവർ തിരികെപ്പോയ നാടാണ് നമ്മുടേത്. അതെല്ലാം ഇപ്പോൾ നല്ലനിലയിൽ നടക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഗെയിൽ പൈപ്പ് ലൈൻ, പവർ ഹൈവേ എന്നീ പദ്ധതികൾ യാഥാർത്ഥ്യമായിക്കഴിഞ്ഞു. മഞ്ചേശ്വരം മുതൽ പാറശ്ശാലവരെ യാത്ര ചെയ്യുന്ന ഏതൊരാൾക്കും ദേശീയ പാതയുടെ വികസനനില കാണാൻ സാധിക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. 2028-ഓടെ പ്രസ്തുത പദ്ധതി പൂർണ്ണതയിലെത്തിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യഥാർത്ഥത്തിൽ 2045 ആണ് പദ്ധതി പൂർത്തിയാകേണ്ട വർഷമായി കണക്കാക്കിയിരുന്നത്. എന്നാൽ അത് നല്ലരീതിയിൽ പ്രവൃത്തി പുരോഗമിച്ച് 2028-ഓടെ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാജ്യത്തെ ആദ്യത്തെ സമർപ്പിത ട്രാൻഷിപ്‌മെന്റ് തുറമുഖമാണ് വിഴിഞ്ഞം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മദർഷിപ്പുകൾ ഇതിനകംതന്നെ വിഴിഞ്ഞം തുറമുഖത്ത് എത്തിക്കഴിഞ്ഞു. ട്രയൽ റൺ

വേളയിൽത്തന്നെ 137 കപ്പലുകളും 275000 കണ്ടെയ്നറുകളും വിഴിഞ്ഞം തുറമുഖത്തിന് കൈകാര്യം ചെയ്യാൻ കഴിഞ്ഞു. തുറമുഖത്തിന്റെ ഉന്നത നിലവാരമാണത് കാട്ടിത്തരുന്നത്. തുറമുഖ അനുഭവങ്ങളിൽത്തന്നെ ഒരു റെക്കോർഡാണിത്. കഴിഞ്ഞ എട്ടുവർഷക്കാലയളവിൽ പശ്ചാത്തല സൗകര്യ വികസനത്തിൽ വലിയ കുതിപ്പാണ് നമുക്ക് നേടാൻ സാധിച്ചത്. നമ്മുടെ നാടിന് വലിയൊരു ദുഷ്പേര് നിലനിന്നിരുന്നു. ദീർഘകാലം വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട പി. കുഞ്ഞാലിക്കുട്ടി സാഹിബിന് അക്കാര്യങ്ങൾ നന്നായി അറിയാം. ഈ നാട് ഒരു വ്യവസായ നിക്ഷേപ സൗഹൃദ നാടല്ല എന്നൊരു പ്രചരണമായിരുന്നു പൊതുവിൽ ഉണ്ടായിരുന്നത്. ആ പ്രചരണത്തിന്റെ മറ്റ് വശങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. എന്നാൽ അത്തരം പ്രചാരകർക്കൊന്നും ഇന്നത് പ്രചരിപ്പിക്കാൻ കഴിയില്ല. ഇക്കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനമാണ് അതിനിടയാക്കിയതെന്ന് അഭിമാനപൂർവം ഞങ്ങൾക്ക് പറയാൻ സാധിക്കും. കാരണം ഇവിടെ ശക്തമായി ഉണ്ടായിരുന്ന ചുവപ്പുനാട മുറിച്ച് കേരളത്തിൽ വരുന്ന സംരംഭകർക്ക് അനുകൂല സമീപനം സ്വീകരിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇന്ന് രാജ്യത്തെ

സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് സൂചികയിൽ ഒന്നാം സ്ഥാനത്താണ് കേരളം നിൽക്കുന്നത്. വിജ്ഞാനാധിഷ്ഠിത സംരംഭങ്ങൾ നമ്മുടെ സംസ്ഥാനത്ത് വലിയ തോതിലാണ് ഉയർന്നുവരുന്നത്. സ്റ്റാർട്ടപ്പുകളുടെ വളർച്ചയിൽ സംസ്ഥാനത്തിന്റെ മുന്നേറ്റം കണ്ടില്ലെന്നുനടിക്കാൻ ആർക്കും കഴിയില്ല. രാജ്യത്തെ വിദഗ്ധരും നിഷ്പക്ഷമതികളുമെല്ലാം സംസ്ഥാനത്തെ അക്കാര്യത്തിൽ അഭിനന്ദിച്ചുകൊണ്ടിരിക്കുകയാണ്. 2011-16 കാലഘട്ടത്തിൽ കേരളത്തിൽ ആരംഭിച്ചത് 300 സ്റ്റാർട്ടപ്പുകളായിരുന്നു. എന്നാൽ 2016-നുശേഷം ഇതുവരെ 6100-ഓളം സ്റ്റാർട്ടപ്പുകളാണ് സംസ്ഥാനത്ത് ആരംഭിച്ചത്. ഇതുവഴി 5,800 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും 60000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഐ.ടി. വ്യവസായ രംഗത്ത് കേരളം ഗണ്യമായ പുരോഗതി കൈവരിക്കുകയാണ്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 34,123 കോടി രൂപയായിരുന്നു ഐ.ടി. രംഗത്തെ കയറ്റുമതി. നിലവിൽ അത് 90000 കോടി രൂപ കടന്നിരിക്കുകയാണ്. 2016-ൽ ഐ.ടി. പാർക്കുകളിൽ തൊഴിലെടുത്തത് 78068 പേരായിരുന്നു. എന്നാൽ ഇന്ന് 147200 പേരാണ്

ഐ.ടി. പാർക്കുകളിൽ ജോലി ചെയ്യുന്നത്. വ്യവസായ മേഖലയിൽ മികച്ച പുരോഗതിയാണ് കേരളം കൈവരിച്ചിട്ടുള്ളത്. അത് ആർക്കും കാണാൻ കഴിയുന്ന വസ്തുതയാണ്. സംരംഭക വർഷത്തിന്റെ ഭാഗമായി 341636 സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞു. ഇതുവഴി 21,920.88 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. 724590 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി. ഇതിൽ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിച്ചത് വനിതകളാണെന്നതാണ്. പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണിത്.

കേരളത്തിന്റെ കാർഷികമേഖല 2016-ൽ തളർന്നുകിടക്കുകയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ കാർഷികമേഖലയെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി ശക്തമായ നടപടികളാണ് സ്വീകരിച്ചത്. നെൽകൃഷി രണ്ടര ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കാൻ സാധിച്ചത് അതിന്റെ തെളിവായി കാണാൻ കഴിയും. പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.2 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഉൽപാദന-വിപണന മേഖലകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് യുവതലമുറയെയടക്കം കൃഷിയിലേക്ക് ആകർഷിക്കാനുള്ള നടപടികളാണ് സർക്കാർ

സ്വീകരിച്ചുവരുന്നത്. കാർഷിക മൂല്യവർധനവിനും അതിനുതകുന്ന നടപടികളും സ്വീകരിച്ചുവരികയാണ്. നാളികേരത്തെക്കുറിച്ച് സഭയിൽ നേരത്തെ പരാമർശിക്കുകയുണ്ടായി. സംസ്ഥാനത്ത് ഏകദേശം നാളികേര കൃഷി തന്നെ ഇല്ലാതാക്കുന്ന നടപടികളാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത്. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷമാണ് കാർഷിക മേഖലയിൽ വലിയ ഉണർവുണ്ടായത്. നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയായി വർധിപ്പിച്ചു. നാളികേര ഉൽപാദനം വർധിപ്പിക്കുന്നതിനായി ആരംഭിച്ച കേരഗ്രാമം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 98 കേരഗ്രാമങ്ങളാണ് യാഥാർഥ്യമാക്കിയത്. 1264000 തെങ്ങിൻതൈകളാണ് വിതരണം ചെയ്തത്. കാർഷിക രംഗത്തെപ്പറ്റി പറയുമ്പോൾ ആസിയാൻ കരാറിനെ ഓർക്കാതിരിക്കാൻ പറ്റില്ല. ആസിയാൻ കരാർ ഒപ്പുവച്ചതിന് നേതൃത്വം കൊടുത്ത പാർട്ടിയാണല്ലോ കോൺഗ്രസ്. കേരളത്തിലെ യു.ഡി.എഫ്.-ഉം ആസിയാൻ കരാറിനെ ആവേശപൂർവ്വം സ്വാഗതം ചെയ്തവരാണ്. ആസിയാൻ കരാറിനെതിരെ സമരം ചെയ്ത ഇടതുപക്ഷത്തെ വല്ലാതെ പരിഹസിക്കുകയായിരുന്നു അന്ന്

യു.ഡി.എഫ്. ചെയ്തത്. റബ്ബർ കൃഷിയുടെ നട്ടെല്ലൊടിച്ചത് ആസിയാൻ കരാറാണ്. ആകാവുന്ന വിധത്തിൽ റബ്ബർ കർഷകരെ ദ്രോഹിക്കുന്ന നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ റബ്ബർ സബ്സിഡിക്കുള്ള തുക 600 കോടി രൂപയായി ഉയർത്തുകയും റബ്ബർ റീപ്ലാന്റിംഗ് സബ്സിഡി 50,000/- രൂപയായി ഉയർത്തണമെന്നും റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും സംസ്ഥാന സർക്കാർ റബ്ബറിന്റെ താങ്ങുവില 150/- രൂപയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെ, ക്ഷീര സഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ കർമ്മപദ്ധതികൾക്കാണ് സർക്കാർ ലക്ഷ്യംവച്ചിട്ടുള്ളത്. സംസ്ഥാനത്ത് 50 ഫോക്കസ് ബ്ലോക്കുകളെ തിരഞ്ഞെടുത്ത് സർക്കാർ വകുപ്പ് ബജറ്റ് വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതവും പ്രയോജനപ്പെടുത്തി പതിനായിരം ഉരുക്കളെ കർഷകർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട 40 പഞ്ചായത്തുകളിൽ 'ക്ഷീര ഗ്രാമം' പദ്ധതി

നടപ്പാക്കുകയാണ്. അത് ഈ മേഖലയിലെ ഒരു വലിയ കാൽവയ്പായിരിക്കും. ശാസ്ത്ര സാങ്കേതിക രംഗത്ത് കേരളം വലിയ മുന്നേറ്റം നടത്തുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ, ഡിജിറ്റൽ സയൻസ് പാർക്ക്, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇവയെല്ലാം ഈ സർക്കാരിന്റെ കാലത്ത് യാഥാർത്ഥ്യമായതാണ്. ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങൾ വിശദമായി വിവരിക്കാൻ തുടങ്ങിയാൽ വലിയ സമയമെടുക്കും. അതെല്ലാം നയപ്രഖ്യാപന പ്രസംഗത്തിലും നേരത്തെയുള്ള ചർച്ചകളിലും പ്രതിപാദിക്കപ്പെട്ടതായതുകൊണ്ട് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എങ്കിലും ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നവരുടെ എണ്ണം 34,43,414 ആയിരുന്നു. അന്ന് 18 മാസം കുടിശ്ശികയുണ്ടായിരുന്നു. 600/- രൂപയായിരുന്നു അന്നത്തെ പെൻഷൻ. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പെൻഷൻ ഇനത്തിൽ ആകെ വിതരണം ചെയ്തത് 9011 കോടി രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 35154 കോടി രൂപ വിതരണം ചെയ്യുകയും ഈ

എൽ.ഡി.എഫ്. സർക്കാർ ഇതുവരെ 35400 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. നിലവിൽ 63,67,000 പേർക്ക് 1600/- രൂപ വീതം സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുകയാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിഹിതമെടുത്താൽ ഏതാണ്ട് 98 ശതമാനം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. രാജ്യത്തെ ഏറ്റവും സമഗ്രമായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി കേരളത്തിലാണ് നടപ്പാക്കുന്നത്. നാമമാത്രമായ കേന്ദ്രവിഹിതം, അതായത് പെൻഷൻ നൽകാൻവേണ്ട തുകയുടെ വെറും 2 ശതമാനം മാത്രമാണ് കേന്ദ്രവിഹിതം. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെൻഷനുകളിൽ വാർധക്യകാല പെൻഷൻ, ദേശീയ വിധവാ പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്ന് പെൻഷനുകൾക്കാണ് കേന്ദ്രവിഹിതമുള്ളത്. അത് 6,80,000 പേർക്കാണ് ലഭിക്കുന്നത്. കേന്ദ്ര വിഹിതം 300/- രൂപ വീതം മാത്രമാണ്. ഈ കേന്ദ്രവിഹിതവും കൃത്യമായി ലഭിക്കുന്നില്ലെന്നത് വേറൊരു ഭാഗമാണ്. 2023 ജൂലൈ മുതൽ അനുവദിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കേന്ദ്രവിഹിതവും സംസ്ഥാന സർക്കാരാണ് നൽകിയത്. അതിനായി ചെലവഴിച്ച 429 കോടി

രൂപ ഇപ്പോഴും കേന്ദ്രസർക്കാർ നൽകാൻ തയ്യാറായിട്ടില്ല. ആ ബാധ്യതയും സംസ്ഥാന സർക്കാർ വഹിക്കേണ്ട സ്ഥിതിയാണുള്ളത്.

കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടൊരു മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. യു.ഡി.എഫ്. ഭരണകാലത്ത് പ്രത്യേകിച്ച് കയർ, മത്സ്യം, കൈത്തറി, ഖാദി തുടങ്ങിയ എല്ലാ മേഖലകളും അതിദയനീയാവസ്ഥയിലായിരുന്നു. തൊഴിലാളികൾ പട്ടിണിയിലേക്ക് വഴുതിവീഴുന്ന അവസ്ഥയായിരുന്നു. സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽമേഖലകളെയാകെ പുനരുജ്ജീവിപ്പിക്കാനായി എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം ഞങ്ങൾ പറയുകയാണ്. പരമ്പരാഗത മേഖലയ്ക്കുള്ള ഇൻകം സപ്പോർട്ട് സ്കീമിന് 2011-16-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 210 കോടി രൂപയായിരുന്നു നൽകിയത്. എന്നാൽ എൽ.ഡി.എഫ്. കഴിഞ്ഞ എട്ട് വർഷക്കാലം 550 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഖാദി മേഖലയെടുത്താൽ യു.ഡി.എഫ്. സർക്കാർ 260 കോടി രൂപയാണ് 2011-16 കാലയളവിൽ നൽകിയത്. എന്നാൽ ഈ എട്ട് വർഷം 437 കോടി രൂപയാണ് എൽ.ഡി.എഫ്. സർക്കാർ നൽകിയത്. കയർ മേഖലയിൽ 599 കോടി

രൂപയാണ് യു.ഡി.എഫ്.-ന്റെ അഞ്ച് വർഷക്കാലയളവിൽ നൽകിയത്. എന്നാൽ എൽ.ഡി.എഫ്.-ന്റെ എട്ട് വർഷം 1600 കോടി രൂപയാണ് നൽകിയത്. കശുവണ്ടി മേഖലയ്ക്കായി യു.ഡി.എഫ്.-ന്റെ അഞ്ച് വർഷക്കാലയളവിൽ 236 കോടി രൂപയായിരുന്നു നൽകിയിരുന്നതെങ്കിൽ എൽ.ഡി.എഫ്.-ന്റെ എട്ട് വർഷക്കാലയളവിൽ 660 കോടി രൂപയാണ് നൽകിയത്. കരകൗശല മേഖലയ്ക്ക് യു.ഡി.എഫ്.-ന്റെ അഞ്ച് വർഷത്തിൽ 25 കോടി രൂപയാണ് നൽകിയതെങ്കിൽ എൽ.ഡി.എഫ്-ന്റെ എട്ട് വർഷം 52 കോടി രൂപ നൽകിയത്. പരമ്പരാഗത തൊഴിൽ മേഖലയെ കൂടുതൽ ശാക്തീകരിച്ച് മുന്നോട്ടുപോകാനാണ് ശ്രമിച്ചിട്ടുള്ളത്. യഥാർഥത്തിൽ തൊഴിലാളിക്ഷേമം ഉറപ്പുവരുത്തി ആധുനികവത്കരണവും കൂടുതൽ വിപണിയും ഉറപ്പുവരുത്തി മുന്നോട്ടുപോകാനുള്ള ശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. കേരളത്തിൽ 2011-16 കാലഘട്ടത്തിൽ ഭവനനിർമ്മാണ മേഖലയിൽ ഒരു ഭവന പദ്ധതികളുമുണ്ടായിരുന്നില്ല. ആകെ നിർമ്മിച്ച് നൽകിയത് 3,000 വീടുകളായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ എട്ട് വർഷക്കാലമെടുത്താൽ 4,27,736 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 1,11,306 വീടുകളുടെ പണി

നടന്നുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് പാർപ്പിടങ്ങളൊരുക്കാൻ പ്രത്യേക പദ്ധതിയില്ലാതിരുന്നതിനാൽ എൽ.ഡി.എഫ്. സർക്കാർ 'ലൈഫ് മിഷൻ' ആവിഷ്കരിച്ചുകൊണ്ടാണ് ഇത് പൂർത്തീകരിക്കാൻ ശ്രമിച്ചത്. അതുപോലെ, മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ പ്രത്യേക പദ്ധതിയൊന്നും യു.ഡി.എഫ്.-നുണ്ടായിരുന്നില്ല. എന്നാൽ 'പുനർഗേഹം' പദ്ധതി നടപ്പാക്കിക്കൊണ്ട് എൽ.ഡി.എഫ്. സർക്കാർ അതിനായി ശ്രമിച്ചുവരികയാണ്. 390 ഫ്ലാറ്റുകളും 2188 വീടുകളുമുൾപ്പെടെ ഈ പദ്ധതി മുഖേന 2578-ഓളം കുടുംബങ്ങൾക്ക് ഭവനങ്ങൾ ലഭ്യമാക്കാനായിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലായി 1184 ഫ്ലാറ്റുകളുടെയും 1240 വീടുകളുടെയും നിർമ്മാണം പുരോഗമിക്കുകയാണ്. ഇതിനുപുറമേ 'ലൈഫ്' പദ്ധതിയിൽ ഫിഷറീസ് വിഭാഗത്തിൽ 4268 പേർക്കും വീട് നൽകിയിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷക്കാലയളവിൽ ഫിഷറീസ് മേഖലയിൽ ആകെ 12104 കുടുംബങ്ങൾക്ക് വീട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് സ്വന്തം ഭൂമിയിൽ അവകാശമേതുമില്ലാതെ ജീവിക്കേണ്ടി വരുന്ന പാർശ്വവൽക്യത സമൂഹത്തിന്റെ നേർചിത്രമായിരുന്ന യു.ഡി.എഫ്.

ഭരണത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. പട്ടയം നൽകാൻ ആത്മാർത്ഥമായ പരിശ്രമങ്ങൾ അക്കാലത്തുണ്ടായില്ല. എൽ.ഡി.എഫ്.-ന്റെ കാലത്ത് ഇക്കഴിഞ്ഞ 8 വർഷംകൊണ്ട് 3,57,898 പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. ഇനി ശേഷിക്കുന്ന കാലയളവുകൊണ്ട് ഒന്നര ലക്ഷം പട്ടയങ്ങൾകൂടി വിതരണം ചെയ്ത് ആകെ 5 ലക്ഷം പട്ടയം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ആരോഗ്യമേഖലയെ കരിവാരി തേയ്ക്കാൻ ശ്രമിച്ചത് നമ്മളെല്ലാം കണ്ടതല്ലോ; അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ് കഴിഞ്ഞിട്ടുമുണ്ട്. യു.ഡി.എഫ്. കാലത്തെ ആശുപത്രികൾ എങ്ങനെയായിരുന്നുവെന്ന് ഓർക്കുന്നുണ്ടാകുമല്ലോ; അന്ന് ആരോഗ്യരംഗംതന്നെ വെന്റിലേറ്ററിലായിരുന്നു. ഡോക്ടർമാർ, മരുന്നുകൾ, ആവശ്യമായ മറ്റ് സജ്ജീകരണങ്ങൾ ഒന്നുമില്ലാതിരുന്ന പൊതുജനാരോഗ്യ സംവിധാനമായിരുന്നു. അന്നത്തെ ശോചനീയാവസ്ഥ ആർക്കും പെട്ടെന്ന് മറക്കാൻ സാധിക്കില്ല. സർക്കാർ മേഖലയിൽ ആരോഗ്യരംഗം കുത്തഴിഞ്ഞ അവസ്ഥയിലായിരുന്നു. അതിന്റെ ഫലം സ്വകാര്യ മേഖലയിലെ കടുത്ത ചൂഷണവും. ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ ഗണ്യമായ

തോതിൽ വർധിപ്പിക്കാനാണ് 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ആർദ്രം മിഷനിലൂടെ ശ്രമിച്ചത്. ആരോഗ്യമേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു, മരുന്നുക്ഷാമം ഇല്ലാതെയാക്കി, സാമൂഹ്യാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഇപ്പോൾ 688 കുടുംബാരോഗ്യകേന്ദ്രങ്ങൾ യാഥാർത്ഥ്യമായി, ബാക്കിയുള്ളവ പെട്ടെന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2016-ൽ യു.ഡി.എഫ്.-ന്റെ കാലത്ത് ആരോഗ്യമേഖലയ്ക്കുള്ള ബജറ്റ് വിഹിതം 665 കോടി രൂപയായിരുന്നു. അത് ഓർമ്മിക്കാൻ കുറിച്ച് വയ്ക്കുന്നത് നല്ലതാണ്; ഇപ്പോൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് കൊടുക്കുന്നത് 665-ന്റെ സ്ഥാനത്ത് 2800 കോടിയോളം രൂപയിലെത്തി നിൽക്കുകയാണ്. പ്രതിവർഷം 1600 കോടി രൂപയുടെ സൗജന്യചികിത്സ നൽകി രാജ്യത്തുതന്നെ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പാക്കുകയാണ് എൽ.ഡി.എഫ്. സർക്കാർ. സർക്കാർ ആശുപത്രികളിൽ ട്രോമാ കെയർ നെറ്റ്‌വർക്ക് സംവിധാനം സാക്ഷാത്കരിക്കും. സാന്ത്വനപരിചരണ മേഖലയിൽ സാന്ത്വന പരിചരണ ഗ്രിഡും ആരംഭിക്കും. പൊതുവിദ്യാഭ്യാസ രംഗമെടുത്താൽ, യു.ഡി.എഫ്.-ന്റെ 2011-16 കാലഘട്ടം

എല്ലാവർക്കും ഓർമ്മയുള്ള കാലമായിരിക്കുമല്ലോ; കുട്ടികൾ പൊതുവിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോകുന്നൊരവസ്ഥ, പാഠപുസ്തകങ്ങൾ കൃത്യമായി നൽകാത്തൊരവസ്ഥ, ഫോട്ടോസ്റ്റാറ്റെടുത്ത് കുട്ടികൾക്ക് പഠിക്കേണ്ടിവരുന്ന അവസ്ഥ എന്നിങ്ങനെയെല്ലാമുള്ള ഗതികേടായിരുന്നു അന്നുണ്ടായിരുന്നത്. മാത്രവുമല്ല, ലാഭകരമല്ലെന്നുപറഞ്ഞുകൊണ്ട് ഈ സ്കൂളുകൾ അടച്ചുപൂട്ടുന്ന സ്ഥിതി, കണ്ണായസ്ഥലങ്ങളിലെ സ്കൂളുകൾ ഇത്തരത്തിൽ വിൽപ്പന നടത്താൻ മാനേജർമാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന നില, എന്നാൽ പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താനുള്ള നടപടിയായിട്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന മിഷൻ പ്രവർത്തനമാരംഭിച്ചത്. അതിന്റെ ഭാഗമായി സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ വർധിച്ചു. നമ്മുടെ പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നത് അവസാനിച്ചുവെന്ന് മാത്രമല്ല, 10 ലക്ഷം കുട്ടികൾ കൂടുതലായി വന്നുചേരുന്നൊരവസ്ഥയുണ്ടായി. 2016 മുതൽ ഇങ്ങോട്ട് പൊതുവിദ്യാലയങ്ങളിൽ 5000 കോടിയോളം രൂപയുടെ നിക്ഷേപമാണ് നടന്നിട്ടുള്ളത്. ഇതിൽ 3000 കോടിയോളം രൂപ കിഫ്ബി മുഖേനയും 2000

കോടിയോളം രൂപ പ്ലാൻ ഫണ്ടും ഇതര ഫണ്ടുകളും മുഖേനയുമാണ് അനുവദിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേകമായ എന്തെങ്കിലും പദ്ധതികളുണ്ടായിരുന്നോ? ഒരു പദ്ധതികളുമുണ്ടായിരുന്നില്ല; അന്ന് ഒരു ദിവസംപോലും സർവകലാശാലകളിൽ പഠിപ്പിച്ചിട്ടില്ലാത്ത വ്യക്തികളെവരെ വൈസ് ചാൻസലറാക്കുന്ന നിലയായിരുന്നു. ഇവരിൽനിന്ന് പഠിച്ചതാണോയെന്ന് അറിയില്ല; ഇപ്പോൾ യു.ജി.സി. ഇത്തരത്തിലൊരു നിർദേശം വച്ചിട്ടുണ്ട്. വൈസ് ചാൻസലറാകാനുള്ള യോഗ്യതയിൽ അവർ കോളേജിൽ പഠിപ്പിക്കണമെന്നില്ലെന്നും വ്യവസായി ആയാൽമതിയെന്നും പറഞ്ഞിരുന്നു. എൽ.ഡി.എഫ്. ഭരണത്തിലാണ് സർവകലാശാലകൾക്ക് യഥാർത്ഥത്തിൽ ജീവൻ തിരിച്ച് ലഭിച്ചത്. മികവിന്റെ കാര്യത്തിൽ വലിയ മുന്നേറ്റമാണ് ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ളത്. എൽ.ഡി.എഫ്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി കേരളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തെ എട്ട് സർവകലാശാലകൾക്ക് (National Assessment and Accreditation Council) NAAC അക്രഡിറ്റേഷൻ ലഭിച്ചു. 359

കോളേജുകൾക്കും NAAC അക്രഡിറ്റേഷൻ ലഭിച്ചു. ഇതിൽ 82 കോളേജുകൾക്ക് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലാണിത് ലഭിച്ചത്. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖല വേണ്ടത്ര നിലവാരമില്ലാത്ത നിലയാണെന്ന് നേരത്തെ പ്രതിപക്ഷ ഉപനേതാവ് പ്രസ്താവിക്കുകയുണ്ടായി. ഇപ്പോൾ അദ്ദേഹം ഇവിടെയില്ല; അതിനെ നമ്മൾ കാണേണ്ടത്, നമ്മുടെ സർവകലാശാലകളിൽ കേരള യൂണിവേഴ്സിറ്റിയും എം.ജി. യൂണിവേഴ്സിറ്റിയും A++ ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്. കാലടി സർവകലാശാല A+ ഗ്രേഡും കരസ്ഥമാക്കി. ഉന്നതവിദ്യാഭ്യാസ മേഖലയിലെ റാങ്കിംഗ് എടുത്ത് പരിശോധിച്ചാൽ, ഇന്ത്യയിലെ യൂണിവേഴ്സിറ്റികളുടെ നിലവാരമെടുത്താൽ ആദ്യത്തെ പന്ത്രണ്ടിൽ മൂന്നെണ്ണം നമ്മുടെ കേരളത്തിലെ യൂണിവേഴ്സിറ്റികളാണ്. അപ്പോൾ ഒരു ഡെസൻ എടുത്താൽ മൂന്നെണ്ണം നമ്മളാണ്. അതിൽ ഒൻപത്- കേരള യൂണിവേഴ്സിറ്റി, പത്ത്- കൊച്ചിൻ യൂണിവേഴ്സിറ്റി, പതിനൊന്ന്- ഗാന്ധി യൂണിവേഴ്സിറ്റി, നാൽപത്തിമൂന്ന്- കാലിക്കറ്റ് യൂണിവേഴ്സിറ്റി. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വലിയതോതിൽ വർധിച്ചുവെന്നതാണ് നാം കാണേണ്ടത്. സർവകലാശാലയിലെ ഗവേഷണ ഫലങ്ങൾ സാമൂഹ്യാവശ്യത്തിന്

ഉപയോഗപ്പെടുത്തുന്നതിനായി ട്രാൻസിലേഷൻ ലാബുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണിത്. ഭാവിയിൽ കേരളത്തെ ഒരു നോളേജ് എക്കോണമിയായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഏറ്റവും നിർണ്ണായകമാകുന്നത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റമാണ്. അതിനായുള്ള പരിശ്രമത്തിലാണ് എൽ.ഡി.എഫ്. സർക്കാരുള്ളത്. ഇവിടെയെടുത്ത് പറയേണ്ടൊരു വസ്തുതയുണ്ട്. അത് രാജ്യത്തെമ്പാടും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വലിയ ഭീഷണി നേരിടുന്നുവെന്നുള്ളതാണ്. അവയുടെ സ്വയംഭരണാവകാശത്തിനുനേരെ കടയ്ക്കൽ കത്തിവയ്ക്കുന്ന നിലപാടാണ് സംഘ് പരിവാർ ശക്തികൾ സ്വീകരിക്കുന്നത്. ഇത് കൃത്യമായി തിരിച്ചറിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കേരളത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കാനുള്ള ശ്രമങ്ങൾക്കെതിരെ നിയമനടപടികളുമായി മുന്നോട്ടുപോകുന്നു. സർവകലാശാലകളെ കൈപ്പിടിയിൽ ഒതുക്കാനുള്ള ശ്രമങ്ങൾ ഗവർണ്ണറെ ഉപയോഗിച്ചുകൊണ്ട് കേന്ദ്രസർക്കാരും സംഘ്പരിവാർ ശക്തികളും നടത്തി. സർവകലാശാലകളുടെ ജനാധിപത്യസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനാണ് കേരളത്തിലെ സർവകലാശാലകൾക്ക് ഒരു വിദ്യാഭ്യാസ വിചക്ഷണനെ

ചാൻസലറാക്കാൻ എൽ.ഡി.എഫ്. സർക്കാർ സഭയിലൊരു ബിൽ അവതരിപ്പിച്ചത്. അത് നിയമമാകാതിരിക്കാൻ ബി.ജെ.പി.-ക്കും സംഘ്പരിവാറിനും വലിയ വ്യഗ്രതയാണ് കാണുന്നത്. ഈ സഭയിൽ അവർക്ക് അംഗമില്ലാത്തതുകൊണ്ട് ഇവിടെ അവരുടെ വികാരം പ്രകടിപ്പിക്കാൻ കഴിഞ്ഞില്ല, പക്ഷേ അക്കാര്യത്തിൽ പൂർണ്ണമായ നിലപാട് സ്വീകരിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞോയെന്ന് ചിന്തിക്കേണ്ടതാണ്. സംഘ് പരിവാർ അനുയായികളെ പിൻവാതിലിലൂടെ ചാൻസലർ നാമനിർദേശം ചെയ്യതിനെ ഞങ്ങൾ എതിർത്തിരുന്നു. അപ്പോൾ കെ.പി.സി.സി. അധ്യക്ഷൻ പറഞ്ഞത് ഓർക്കുന്നത് നല്ലതാണ്. 'അവരും ഒരു രാഷ്ട്രീയ പാർട്ടിയല്ലേ; അവർക്ക് എന്താണൊരു കുഴപ്പം' ഇങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ വാചകം. അദ്ദേഹം തമസ്കരിച്ചൊരു കാര്യം, ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെ സർവകലാശാല സമിതികളിൽ പ്രവേശിക്കാൻ കഴിയാത്ത സംഘ് പരിവാർ അനുയായികളെ നാമനിർദേശത്തിലൂടെ കുത്തിത്തിരുകുന്ന പ്രവണതയാണ് അദ്ദേഹം കാണാതിരുന്നത്. പിൻവാതിൽ നാമനിർദേശങ്ങൾ വരുമ്പോൾ അതിൽ രണ്ട് സീറ്റ് ലഭിച്ചാൽ നല്ലതെന്ന മനോഭാവമാണ് കെ.പി.സി.സി.

അധ്യക്ഷൻ പ്രകടിപ്പിച്ചത്. ചാൻസലർ പദവി ദുരുപയോഗം ചെയ്തുകൊണ്ട് കേരളത്തിലെ സർവകലാശാലകളിൽ സംഘ് പരിവാറുകാർ എന്ന കാരണംകൊണ്ട് മാത്രം മറ്റ് യോഗ്യതകൾ യാതൊന്നും ഇല്ലാത്തവരെ തിരുകി കയറ്റൽ നടപടികളെ പരിപൂർണ്ണമായും അനുകൂലിക്കുന്ന അപഹാസ്യമായ സമീപനവും ഇവിടെ സ്വീകരിക്കുന്നത് നാം കണ്ടു. അതിന്റെ ഭാഗമായി ഒന്നോ രണ്ടോ സെനറ്റ് അംഗങ്ങളെ ലഭിച്ചാൽ അത് വലിയ കാര്യമെന്ന മട്ടിലാണ് ഒരു നിലപാടെടുക്കുന്നത് നാം കണ്ടത്. നിങ്ങൾ കാണേണ്ടത് മതനിരപേക്ഷ കേരളത്തെയും സർവകലാശാലകളുടെ ജനാധിപത്യ സ്വയംഭരണ സ്വഭാവത്തെയുമാണ് നിങ്ങൾ ഒറ്റുകൊടുക്കുന്നതെന്നതാണ്. നിങ്ങൾ ഈ ഇരട്ടത്താപ്പ് നടത്തുമ്പോൾ അത് സമൂഹം കാണുന്നുണ്ടെന്നത് തിരിച്ചറിയണം. ഇപ്പോൾ യു.ജി.സി.-യുടെ കരട് മാർഗനിർദേശങ്ങൾ പുറത്തുവന്നു. ശക്തമായി അതിനെതിരെ നമ്മളും തമിഴ്നാടും രംഗത്ത് വന്നിട്ടുണ്ട്. ഇവിടെ ആ കാര്യത്തിൽ നമുക്ക് ഒറ്റക്കെട്ടായി നിൽക്കാൻ കഴിഞ്ഞത് സ്വാഗതാർഹമായ കാര്യമാണ്. പക്ഷെ ഇത്തരത്തിൽ ഒന്നിച്ചുള്ള ശബ്ദമുയർത്തുന്നതിന് അൽപ്പം താമസിച്ചുപോകൽ ഉണ്ടാകുന്നില്ലേ എന്നത് നിങ്ങൾ പരിശോധിക്കുന്നത് നല്ലതാണ്.

ഏതായാലും 'Better late than never' എന്ന ആപ്തവാക്യം നമുക്ക് നല്ലതുപോലെ ഓർക്കാം. സർവകലാശാലകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കാനും നിയമസഭ പാസ്സാക്കുന്ന ബില്ലുകൾ നിയമമാകുന്നതിന് തടസ്സപ്പെടുത്തുന്ന ജനാധിപത്യവിരുദ്ധ സമീപനത്തിനെതിരെയും ഞങ്ങൾ നിയമപോരാട്ടം ഇപ്പോൾ നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ ഈ നിയമസഭ പാസ്സാക്കിയ നിയമമുൾപ്പെടെയാണ് അംഗീകാരം ലഭിക്കാതിരിക്കുന്നത്, അതിൽ നമുക്ക് ഒന്നിച്ച് നിൽക്കാൻ കഴിയണം. ജനാധിപത്യ സംവിധാനത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടമാണെന്ന് കണ്ടുകൊണ്ടുള്ള യോജിച്ച നിലപാട് സ്വീകരിക്കാനാകണം എന്നുകൂടിയാണ് അഭ്യർഥിക്കാനുള്ളത്. നമ്മുടെ കേരളത്തിലെ വിനോദസഞ്ചാര മേഖല വളരെ പ്രധാനപ്പെട്ട ഒരു രംഗമാണെന്ന് എല്ലാവർക്കുമറിയാം. ഇവിടെ യു.ഡി.എഫ്. ഭരണകാലമെടുത്താൽ ആ ടൂറിസം മേഖല അവഗണനയുടെ കയ്പ്പുനീർ കുടിച്ച കാലമായിരുന്നു. കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ പത്ത് ശതമാനത്തിലധികം വിനോദസഞ്ചാര മേഖലയുടെ സംഭാവനയായിരുന്നു. ഇത്രയും പ്രധാനപ്പെട്ട ഒരു മേഖലയുടെ വളർച്ചയ്ക്കുവേണ്ട നൂതനമായ പദ്ധതികൾ യു.ഡി.എഫ്.-ന്റെ

കാലത്തൊന്നുമുണ്ടായിട്ടില്ല. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ക്രിയാത്മകമായ ഇടപെടലാണ് നടത്തിയത്. അതിന്റെ ഭാഗമായി ടൂറിസം രംഗത്ത് നല്ല കുതിച്ചുചാട്ടം നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ നമ്മുടെ നിയന്ത്രണത്തിലല്ലായിരുന്നു കോവിഡ് കാലം. ആ കോവിഡ് മഹാമാരി ലോകത്താകെ തന്നെ ടൂറിസം മേഖലയ്ക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തിയത്. ഏതാണ്ട് രണ്ട് വർഷത്തോളം അതിന്റെ പ്രത്യാഘാതങ്ങൾ നീണ്ടുനിന്നു. കോവിഡിനുശേഷം നമ്മുടെ വിനോദസഞ്ചാര മേഖല മടങ്ങിവരവിന്റെ പാതയിലാണ് നിൽക്കുന്നത്. സഞ്ചാരികളുടെ എണ്ണം പരിശോധിച്ചാൽ കോവിഡിനുശേഷം റിക്കോർഡ് വർധനവുണ്ടായിട്ടുണ്ട്. കോവിഡിന് മുമ്പ് 21.12 ശതമാനം വർധനവാണുണ്ടായിരുന്നത്. ലോകത്ത് കണ്ടിരിക്കേണ്ട സ്ഥലങ്ങൾ ദി ന്യൂയോർക്ക് ടൈംസ് അടയാളപ്പെടുത്തിയപ്പോൾ ഇന്ത്യയിൽനിന്ന് ആകെ ഉൾപ്പെടുത്തിയത് കേരളത്തെ മാത്രമാണ്. ബേപ്പൂർ മാതൃക ഉത്തരവാദിത്വ ടൂറിസം പദ്ധതിക്ക് വലിയ ദേശീയ അംഗീകാരം ലഭിച്ചു. കടലുണ്ടി, കുമരകം എന്നീ സ്ഥലങ്ങൾക്ക് മികച്ച ടൂറിസം വില്ലേജുകൾക്കുള്ള ദേശീയ അംഗീകാരം നൽകി. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാരികളുടെ

എണ്ണത്തിൽ കുറവുണ്ടായിട്ടും അത് മറികടക്കുന്നതിനായി പ്രത്യേക ക്യാമ്പയിനുകൾ നമുക്ക് സംഘടിപ്പിക്കാനായി. വിനോദസഞ്ചാര വികസനം എല്ലായിടത്തും ഒരുപോലെ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ മലബാർ മേഖലയിൽ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. സാധാരണക്കാരന് അന്യമായിരുന്ന സർക്കാർ റെസ്റ്റ് ഹൗസുകൾ. ഇപ്പോൾ പീപ്പിൾസ് റെസ്റ്റ് ഹൗസുകളാക്കി മാറ്റി വിദേശസഞ്ചാരികൾക്ക് ഉൾപ്പെടെ അത് ലഭ്യമാക്കുന്ന നിലയെടുത്തിട്ടുണ്ട്. കേരളം ഇരുട്ടിലാണ്ട ഒരു കാലം നേരത്തെ ഉണ്ടായിരുന്ന എന്നുള്ളത് നമുക്കറിയാം. അതിന് മാറ്റങ്ങൾ വന്നു. വൈദ്യുതിരംഗം നല്ലനിലയിൽ അഭിവൃദ്ധിപ്പെട്ടുപോകുകയാണ്. 2016-21 കാലത്ത് 400 മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിക്കാനായത്. കേരളത്തിന്റെ പ്രസരണ ഇടനാഴി 220 കിലോ വാട്ട് ആയിരുന്നത് 400 കിലോ വാട്ടിലേക്ക് ഉയർത്താൻ 10000 കോടിയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിയാണ് നാം നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി തൃശ്ശൂർ, അരീക്കോട് 400 കെ.വി. ലൈൻ 2019-ൽ കമ്മീഷൻ ചെയ്തു. വെല്ലുവിളികൾ മറികടന്ന് ഇടമൺ-കൊച്ചി പവർ ഹൈവേ പൂർത്തിയാക്കി. അരീക്കോട് നിന്ന് മാനന്തവാടി വഴി കാസർഗോഡ് വരെ 400 കെ.വി. ഗ്രീൻ

കോറിഡോർ സ്ഥാപിക്കാനുള്ള നടപടികളുമായി. അതുസംബന്ധിച്ച് നല്ല വിവരങ്ങളാണ് ഇന്ന് ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി കൈമാറുന്നത് കണ്ടത്. തിരുനെൽവേലി-ഇടമൺ 400 കെ.വി. അന്തർ സംസ്ഥാന കോറിഡോറും തമിഴ്നാട്ടിലെ പുഗലൂർനിന്ന് തൃശ്ശൂരിലേക്കുള്ള എച്ച്.വി.ഡി.സി. ലൈനും പൂർത്തിയാക്കി. ഉഡുപ്പി, കാസർഗോഡ് 400 കെ.വി. അന്തർസംസ്ഥാന ട്രാൻസ്മിഷൻ ലൈനിന് അംഗീകാരം നേടാനായി ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ കേരളത്തിൽ കേരള ബാങ്ക് യാഥാർത്ഥ്യമായപ്പോൾ സഹകരണ മേഖല നല്ല കുതിപ്പിന്റെ പാതയിലാണ് ഇപ്പോൾ നിൽക്കുന്നത്. കേന്ദ്രത്തിന്റെ പകപോക്കൽ സമീപനത്തിലും കേരളത്തിലെ സഹകരണ രംഗം പുറകോട്ട് പോയിട്ടില്ല മുന്നോട്ടുതന്നെ കുതിക്കുകയാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനീകരണം പൂർണ്ണതയിൽ എത്തിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന കോമൺ സോഫ്റ്റ്‌വെയർ അതിവേഗതയിൽത്തന്നെ നടപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇത് സാധ്യമാകുന്നതിലൂടെ എല്ലാ കാര്യത്തിലുമൊരു ഏകീകൃത സ്വഭാവം കൈവരിക്കാനാകും. അത് ഇന്നത്തെ കാലത്ത് ഏറ്റവും

ഒഴിച്ചുകൂടാനാകാത്തത് എന്നതന്നെയാണ് കാണുന്നത്. അതിന് വലിയ മുൻതൂക്കം കൊടുത്തിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേരള ബാങ്കിന്റെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ 200 എണ്ണമായി ഉയർത്തി. നിലവിൽ 40 എണ്ണമാണ് ആരംഭിച്ചിരിക്കുന്നത്. മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ എത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള ഉൽപന്നങ്ങൾക്ക് വിപണിക്കായുള്ള സൗകര്യങ്ങളും നിലവിൽ സഹകരണ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇവിടെ എൽ.ഡി.എഫ്. സർക്കാർ ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. നിലവിലെ 54.5 ശതമാനം ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 'വെൽ സെൻസസ്' വഴി സംസ്ഥാനത്തെ മുഴുവൻ കിണറുകൾ, കുഴൽക്കിണറുകൾ, കുളങ്ങൾ, നീരുറവകൾ തുടങ്ങിയ എല്ലാവിധ ഭൂജല സ്രോതസ്സുകളുടെയും സ്ഥാനം, തരം, ആഴം, ജലലഭ്യത, ഉപയോഗം, മണ്ണിന്റെ ഘടന എന്നിങ്ങനെയുള്ള എല്ലാ വിവരങ്ങളും ശേഖരിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. 'വെൽ സെൻസസ്' പൂർത്തിയാകുന്നതോടെ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലെയും ഭൂജലവിഭവശേഷി

മനസ്സിലാക്കാനും വരൾച്ചാ സാധ്യത മേഖലകൾ കണ്ടെത്തി ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കാനും വരൾച്ചാ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ശുദ്ധജല ലഭ്യത ഉറപ്പാക്കാനും ജലജന്യ രോഗങ്ങൾ തടയാനും സാധിക്കും. സംസ്ഥാനത്തൊട്ടാകെ 3540 ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ആയിരം കോടി രൂപ ചെലവിടാൻ ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിദാരിദ്ര്യ നിർമ്മാർജനത്തിന് കൃത്യമായ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 64006 കുടുംബങ്ങളാണ് അതിദരിദ്രരായി നേരത്തെയുണ്ടായിരുന്നത്. അതിൽ 69.59 ശതമാനം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കാനായി. 2025 നവംബർ ഒന്നോടെ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറും. ദുരിതാശ്വാസനിധിയുടെ അവസ്ഥ നോക്കിയാൽ കഴിഞ്ഞ എട്ടുവർഷംകൊണ്ട് 8400 കോടി രൂപയാണ് ദുരിതാശ്വാസനിധിയായി നൽകിയിട്ടുള്ളത്.

പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ച് നേരത്തെ ഇവിടെ ബഹുമാന്യനായ മന്ത്രി സംസാരിച്ചിരുന്നു. യു.ഡി.എഫ്. കാലത്ത് പൊതുവിതരണ സമ്പ്രദായം തകരാറിലായിരുന്നുവെന്ന്

നമുക്കെല്ലാവർക്കുമറിയാം. വലിയ തോതിലുള്ള കഥകൾ അക്കാലത്ത് പ്രചരിച്ചതും നമ്മുടെയെല്ലാം ഓർമ്മയിലുണ്ട്. ഞാൻ അക്കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനാണ് നാം നല്ല ശ്രമം നടത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായി എട്ടുവർഷംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ പതിനാലായിരം കോടി രൂപയാണ് ചെലവഴിച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെലവഴിച്ചത് 5242 കോടി രൂപയായിരുന്നു. എൻ.എസ്.ഒ. (നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ)-യുടെ കണക്കുപ്രകാരം രാജ്യത്ത് ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണ്. അതിനുകാരണം പൊതുവിതരണ സമ്പ്രദായം ശക്തിപ്പെട്ടതുതന്നെയാണ്. 1929 കൺസ്യൂമർഫെഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് കോവിഡ് കാലത്ത് സർക്കാർ ആരംഭിച്ചത്. വിലക്കയറ്റം പിടിച്ചുനിർത്താൻ 14000 റേഷൻ ഷോപ്പുകളും സജ്ജമാക്കി. കൂടാതെ ജനകീയ ഹോട്ടലുകൾ, സുഭിക്ഷ ഔട്ട്‌ലെറ്റുകൾ എന്നിവയെല്ലാം വലിയതോതിൽ സമൂഹം അംഗീകരിച്ച കാര്യങ്ങളാണ്. ജനക്ഷേമ നടപടികളിലൂടെ വിപണിയിൽ കൃത്യമായി ഇടപെടുന്നതുകൊണ്ടാണ് പണപ്പെരുപ്പവും വിലക്കയറ്റവും കേരളത്തിൽ

പിടിച്ചു നിർത്താനാകുന്നത്. 1450-ൽ അധികം റേഷൻകടകളെ കെ-സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 2000 കെ-സ്റ്റോറുകൾകൂടി കേരളത്തിൽ പ്രവർത്തനസജ്ജമാക്കും. ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാലേകാൽ ലക്ഷത്തോളം മുൻഗണനാ കാർഡുകൾ ലഭ്യമാക്കാനായി. മാവേലി സ്റ്റോർ മുഖേന പതിമൂന്നിനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷമെടുത്താൽ, 109 സപ്ലൈകോ വിതരണ ശാലകളാണ് നവീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.

ദേശീയപാതയിൽ സംഭവിച്ചമാറ്റം നാട് പൊതുവിൽ കണ്ടുകൊണ്ടിരിക്കുന്നതാണ്. മഞ്ചേശ്വരം മുതൽ പാറശ്ശാലവരെയുള്ള മണ്ഡലങ്ങളുടെ പ്രതിനിധികളാണല്ലോ ഇവിടെയുള്ളത്; എല്ലാവരും യാത്ര ചെയ്യുന്നവരാണ്; റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് വന്നമാറ്റം കാണാതിരിക്കാൻ കഴിയില്ലല്ലോ. ദേശീയപാതയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത് കാണാതിരിക്കാനും കഴിയില്ല. കഴിഞ്ഞ ദിവസം ഒരു പ്രതിനിധി പറയുന്നത് കേട്ടു; 2013-ൽ യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ട ഭൂമിയേറ്റെടുക്കൽ നടപടിമൂലമാണ് ദേശീയപാത പണി

പൂർത്തിയായതെന്ന്. അതിനൊക്കെ ഒന്നുംപറയാതിരിക്കുന്നതല്ലേ നല്ലത്. ഭരണത്തിലുള്ളപ്പോൾ കേരളത്തിലെ ദേശീയപാതയുടെ വികസനത്തിൽ ചെറുവിരൽ അനക്കാൻ തയ്യാറായോ, എന്നുമാത്രമല്ല പ്രതിപക്ഷത്തായപ്പോൾ അത് ഏതുവിധേനയും മുടക്കാൻ ശ്രമിച്ചതും കണ്ടതല്ലേ. 2011-16 കാലഘട്ടത്തിൽ ദേശീയപാത വികസനത്തിൽ കാണിച്ച അലംഭാവത്തെക്കുറിച്ച് നമുക്ക് അറിവുള്ളതാണ്. എന്നാൽ അന്ന് പ്രതിപക്ഷത്തിരുന്ന എൽ.ഡി.എഫ്. ദേശീയപാത വികസനത്തിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിരുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, ചെയർമാൻ 20-03-2013-ന് അന്നത്തെ കേരള മുഖ്യമന്ത്രിക്ക് എഴുതിയ ഒരു കത്തുണ്ട്. ആ കത്തിൽ അദ്ദേഹം പറഞ്ഞത് കേരളത്തിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട എല്ലാ ജോലിയും ഉപേക്ഷിക്കാൻ തങ്ങൾ നിർബന്ധിതമാവുകയാണെന്നാണ്. ആ അറിയിപ്പ് ലഭിച്ചു, തുടർന്ന് 2013-ൽ കേന്ദ്രസർക്കാർ എൻ.എച്ച്.-17-ന്റെ കേരള-കർണ്ണാടക അതിർത്തി മുതൽ ഇടപ്പള്ളിവരെയുള്ള സ്ട്രെച്ചും എൻ.എച്ച്.-47-ന്റെ (നിലവിലെ എൻ.എച്ച്.-66) ചേർത്തല-കഴക്കൂട്ടം സ്ട്രെച്ചും ദേശീയ ഹൈവേ വികസന പദ്ധതിയിൽനിന്നും ഡീ-നോട്ടിഫൈ ചെയ്തു. സമയബന്ധിതമായി സ്ഥലം

ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ കേരളത്തിൽ ദേശീയപാത വികസനം അവസാനിപ്പിക്കുമെന്ന് ദേശീയപാത അതോറിറ്റി വ്യക്തമാക്കി. അതിനുശേഷവും ഒന്നും നടക്കാതെ വന്നു. തുടർന്ന് അവർ ദേശീയപാത അതോറിറ്റി ഓഫീസ് അടച്ച് കേരളം വിട്ടു. ഇതെല്ലാം നമ്മുടെ നാട്ടിൽ സംഭവിച്ച കാര്യങ്ങളാണ്. 45 മീറ്ററിൽ ദേശീയപാത നിർമ്മിക്കണമെന്ന ആവശ്യം സർവകക്ഷിയോഗത്തിൽ അംഗീകരിക്കപ്പെട്ടു. എന്റെ പാർട്ടിയുടെ പ്രതിനിധിയെന്ന നിലയിൽ അന്നത്തെ യോഗത്തിൽ പങ്കെടുത്ത ആളായിരുന്നു ഞാൻ. സർവസമ്മതമായി അംഗീകരിച്ച കാര്യമാണത്. എന്നാൽ ഭൂമി ഏറ്റെടുക്കാൻ മാത്രം ഗവൺമെന്റ് തയ്യാറായില്ല. നിക്ഷിപ്ത താൽപര്യക്കാർക്ക് മുന്നിൽ യു.ഡി.എഫ്. മുട്ടുവിറയ്ക്കുകയാണുണ്ടായത്. 2016 വരെയുള്ള കാലയളവിൽ 27 കി.മീ. നീളമുള്ളതും പുതുതായി ഭൂമി ഏറ്റെടുക്കേണ്ടതില്ലാത്തതുമായ തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം മാത്രമാണ് ആരംഭിച്ചത്. 2015-ൽ ആയിരുന്നു അത് ആരംഭിച്ചത്. ആകെയുള്ള 645 കിലോമീറ്ററിൽ 27 കി.മീ. ആണ് തിരുവനന്തപുരം ബൈപ്പാസ് എന്നതും നാം ഓർക്കേണ്ടതാണ്. 2016-ൽ എൽ.ഡി.എഫ്. ഭരണത്തിൽ എത്തിയതോടെ കാര്യങ്ങൾ ആകെ മാറി. അതിന്റെ വിശദമായ

കണക്കുകൾ ഞാൻ അവതരിപ്പിക്കുന്നില്ല. ഏതായാലും നമുക്ക് നല്ല ജനപിന്തുണയാണ് അക്കാര്യത്തിൽ ലഭിച്ചത്. പക്ഷെ, നാം ഒരു പിഴ ഒടുക്കേണ്ടിവന്നു. കേരളത്തിലെ ഉയർന്ന ഭൂമിവില ചൂണ്ടിക്കാണിച്ച് ഭൂമിവിലയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടു. അപ്രകാരം ആ തുക മുൻകൂറായി ദേശീയപാത അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. അത്തരത്തിലാണ് ദേശീയപാത വികസനത്തെ നമ്മൾ മുന്നോട്ടുനയിച്ചത്. ഇതുവരെ 6769 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക സംസ്ഥാന സർക്കാർ ചെലവഴിച്ചിരുന്നില്ലെങ്കിൽ ദേശീയപാത വികസനം യാഥാർത്ഥ്യമാകുമായിരുന്നില്ല. 2011-16 കാലയളവിൽ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ പ്രസ്തുത അധിക ബാധ്യതയുണ്ടാകുമായിരുന്നില്ല. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്ക ദൂരീകരിക്കാൻ സർക്കാരിന് കഴിഞ്ഞു. നിലവിൽ ദേശീയപാത 66-ന്റെ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. തിരുവനന്തപുരം ബൈപ്പാസ്, കഴക്കൂട്ടം ഫ്ലൈ ഓവർ; പാലോളി, മൂരാട് പാലങ്ങൾ; നീലേശ്വർ റെയിൽവെ ഓവർബ്രിഡ്ജ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മലപ്പുറം

ജില്ലയിൽ ദേശീയപാത വികസനം അന്തിമഘട്ടത്തിലേക്ക് നീങ്ങുകയാണ്. വെങ്ങളം-രാമനാട്ടുകര, തലപ്പാടി-ചെങ്കള റീച്ചുകളും അന്തിമഘട്ടത്തിലാണ്. അരൂർ-തുറവൂർ ഫ്ലൈ ഓവർ പ്രവൃത്തിയും അതിവേഗം പുരോഗമിക്കുകയാണ്. വലിയമാറ്റമാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. ഏറെക്കാലമായി ഇഴഞ്ഞുനീങ്ങിയിരുന്ന 'കുതിരാൻ ടണൽ' പ്രവൃത്തി പൂർത്തിയാക്കാനായി. കൃത്യമായ ആസൂത്രണത്തോടെയും ഏകോപിത പ്രവർത്തനങ്ങളിലൂടെയുമാണ് കുതിരാൻ ടണൽ പൂർത്തിയാക്കിയത്. അതുപോലെ മൂന്നാർ-ബോഡിമെട്ട്, നാട്ടുകാൽ-താണാവ് എന്നീ പ്രദേശങ്ങളിലെ ദേശീയപാത പ്രവൃത്തിയും പൂർത്തിയാക്കാൻ സാധിച്ചു.

കേരളത്തെ നല്ല ക്രമസമാധാനമുള്ള സംസ്ഥാനമെന്ന നിലയിലാണ് വിലയിരുത്തുന്നത്. ക്രമസമാധാനപാലനം തങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ പോലീസിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന അന്തരീക്ഷമാണ് കേരളത്തിൽ നിലനിൽക്കുന്നത്. കുറ്റാന്വേഷണ മികവിൽ ദേശീയതലത്തിൽതന്നെ മുൻനിരയിലുള്ള സംസ്ഥാന പോലീസ് കഴിഞ്ഞ വർഷം തെളിയിച്ച പ്രമുഖ കേസുകൾ വലിയ വാർത്തയായതാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ

എം.ഡി.എം.എ. വേട്ടയിൽ 3.407 കിലോഗ്രാം എം.ഡി.എം.എ.-യും പ്രതിയെയും കാസർഗോഡ് പോലീസിന് പിടികൂടാൻ കഴിഞ്ഞു. രാജ്യത്ത് ആദ്യമായി മയക്കുമരുന്ന് നിർമ്മാണകേന്ദ്രം ഹൈദരാബാദിൽ കണ്ടെത്തുകയും ഉടമസ്ഥനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കേരള പോലീസാണ് അത് ചെയ്തത്. 7 കോടി 64 ലക്ഷം രൂപയുടെ കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ തട്ടിപ്പിന്റെ മുഖ്യപ്രതികളെ ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് പിടികൂടി. അന്തർ സംസ്ഥാന ലഹരി കടത്ത് സംഘത്തലവനെ ഒഡീഷയിൽനിന്ന് പിടികൂടി. കേരളം കണ്ട ഏറ്റവും വലിയ ആസൂത്രിത എ.ടി.എം. കൊള്ള നടത്തിയ പ്രതികളെ തൃശ്ശൂർ പോലീസ് പിടികൂടി. സൈബർ തട്ടിപ്പിലൂടെ 4 കോടി രൂപ അപഹരിച്ച പ്രതികളെ രാജസ്ഥാനിൽനിന്നും കോഴിക്കോട് സിറ്റി സൈബർ പോലീസ് പിടികൂടി. കണ്ണൂർ വളപട്ടണത്തെ വ്യാപാരിയുടെ വീട്ടിൽനിന്നും ഒരു കോടി രൂപയും 300 പവൻ സ്വർണ്ണവും കവർന്ന കേസിലെ പ്രതിയെ കണ്ണൂർ സിറ്റി പോലീസ് വിദഗ്ധമായി പിടികൂടി. ഇപ്പോൾ വ്യാപകമായ വെർച്വൽ അറസ്റ്റ് തട്ടിപ്പിന്റെ മുഖ്യപ്രതിയെ ബംഗാളിൽനിന്നും കേരള പോലീസ് പിടികൂടി. കാസർഗോഡ് പൂച്ചക്കാട് സ്വദേശിയായ വ്യാപാരിയിൽനിന്നും

മന്ത്രവാദത്തിന്റെ പേരിൽ 5 കിലോഗ്രാമോളം സ്വർണ്ണം തട്ടിയെടുക്കുകയും കൊലപ്പെടുത്തുകയും ചെയ്ത കേസിലെ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തു. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഭീതി പടർത്തിയ കുറുവാ സംഘാംഗത്തെ അറസ്റ്റ് ചെയ്തു. ചെറുവണ്ണൂർ ജ്വല്ലറി കവർച്ച കേസ് പ്രതികളെ നേപ്പാൾ അതിർത്തിയിൽനിന്നും പോലീസ് അറസ്റ്റ് ചെയ്തു. ഇതെല്ലാം ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. കഴിഞ്ഞദിവസം കോടതി, പ്രതിക്ക് വധശിക്ഷ വിധിച്ച ഷാരോൺ വധക്കേസ് പോലീസ് കുറ്റാന്വേഷണ മികവിന്റെ മറ്റൊരു ഉദാഹരണം കൂടിയാണ്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി ഫലപ്രദമാകുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കുട്ടികൾക്കെതിരെ 2023-ൽ 5903 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ഈ വർഷം ഇത് 4727 ആയി ചുരുങ്ങി. കഴിഞ്ഞ വർഷം 22 കുട്ടികളാണ് സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. മുൻവർഷം ഇത് 33 ആയിരുന്നു. 102 കുട്ടികളെ കഴിഞ്ഞവർഷം തട്ടിക്കൊണ്ടുപോയി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2023-ൽ ഇത് 191 ആയിരുന്നു. സ്ത്രീകൾക്കെതിരായ അതിക്രമത്തിൽ 18980 കേസുകളാണ് 2023-ൽ രജിസ്റ്റർ ചെയ്തത്.

കഴിഞ്ഞവർഷം ഇത് 17152 ആയി കുറഞ്ഞു. 2636 ബലാത്സംഗകേസുകളും 3949 അതിക്രമകേസുകളുമാണ് കഴിഞ്ഞവർഷം റിപ്പോർട്ട് ചെയ്തത്. സ്ത്രീധനപീഡനത്തിന്റെ പേരിൽ 3 പേർക്കാണ് ജീവൻ നഷ്ടമായത്. മുൻവർഷം ഇത് 8 ആയിരുന്നു. ഭർത്താക്കന്മാരുടെ ക്രൂരതയ്ക്ക് ഇരയാക്കപ്പെട്ട 4710 കേസുകൾ 2023-ൽ രജിസ്റ്റർ ചെയ്തപ്പോൾ കഴിഞ്ഞവർഷം ഇത് 4172 ആയി ചുരുങ്ങി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചത്. 'പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്' ഇതിൽ പ്രധാനമാണ്. സ്ത്രീകൾക്കെതിരായ അതിക്രമം സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യാനും നിയമവിഷയങ്ങളിൽ അവഗാഹമുണ്ടാക്കാനും വനിത പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിരുന്നു.

സംസ്ഥാന സർക്കാരിന്റെ ഏകോപനവും ചുമതലാ നിർവഹണബോധവും കൃത്യമായി വെളിവാക്കിയ സമീപനാളുകളിലെ രണ്ട് ദൃഷ്ടാന്തങ്ങളാണുള്ളത്. ഒന്ന് ശബരിമല തീർത്ഥാടകർക്ക് സുഗമമായ ദർശനമൊരുക്കിയത്, രണ്ട് സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ നടത്തിപ്പ്. ശബരിമല തീർത്ഥാടനകാലത്ത് പ്രതിമാസം തൊണ്ണൂറായിരത്തിന്

മുകളിൽ തീർഥാടകർ ശബരിമല ദർശനത്തിനായി എത്തിയിരുന്നു. അവർക്കെല്ലാം ഒരു ബുദ്ധിമുട്ടുംകൂടാതെ ദർശനം സാധ്യമാക്കാനായി. കഴിഞ്ഞവർഷത്തെ സീസണിൽ 4677922 ഭക്തന്മാരാണ് ദർശനം നടത്തിയത്. ഈ വർഷം 5309906 ഭക്തന്മാർ ദർശനം നടത്തി. അതായത് 631984 ഭക്തന്മാർ അധികമായി ഈ വർഷം ദർശനം നടത്തിയിരുന്നു. 'സുഖദർശനം, സുരക്ഷിത ദർശനം' എന്ന ലക്ഷ്യത്തോടെ ഏകോപിതമായ പ്രവർത്തനമാണ് നടന്നത്. ഈ സീസണിൽ 18866 പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് സുരക്ഷാ നിയന്ത്രണ ഡ്യൂട്ടിക്ക് നിയോഗിച്ചു. ആകെ 425000 വാഹനങ്ങൾ പാർക്കിങ്ങിനെത്തി. കെ.എസ്.ആർ.ടി.സി. ഈ വർഷം 147192 പമ്പ-നിലയ്ക്കൽ ചെയിൻ സർവീസുകളും 18628 ദീർഘദൂര സർവീസുകളും നടത്തി. ഈ സർക്കാർ ഇതുവരെ ശബരിമലയുടെ വികസനത്തിനാകെ 1033 കോടി 62 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്.

സംസ്ഥാന സ്കൂൾ കലോത്സവത്തെക്കുറിച്ച് പറയുമ്പോൾ, 25 കലാവേദികളിൽ 249 മത്സര ഇനങ്ങളിൽ പതിനയ്യായിരത്തിലധികം മത്സരാർഥികൾ പങ്കെടുത്ത മഹാമേള ഏറ്റവും മാതൃകാപരമായി

പൂർത്തിയാക്കാൻ കഴിഞ്ഞു. ജനപ്രതിനിധികൾ ചെയർമാന്മാരായും അധ്യാപക സംഘടനാ പ്രതിനിധികൾ കൺവീനർമാരായും 19 സബ്കമ്മിറ്റികളാണ് കലോത്സവത്തെ നയിച്ചത്. ഇക്കാര്യത്തിൽ നമ്മുടെ കൂട്ടായ്മയുടെ വിജയമാണ് ദൃശ്യമായത്. ഇത് നമ്മുടെ നാടിനാകെ അഭിമാനിക്കാൻ വക നൽകുന്നതാണ്. അത്തമൊരു സ്പിരിറ്റ് എല്ലാ കാര്യത്തിലും സ്വീകരിക്കാനാകണമെന്നതാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

നമ്മുടെ സംസ്ഥാനത്തോട് ഉപരോധസമാനമായ സാമ്പത്തിക ഉപരോധമാണ് കേന്ദ്രസർക്കാർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ പരമാവധി കക്ഷികളെയും മുഖ്യമന്ത്രിമാരെയും അണിനിരത്തിക്കൊണ്ടാണ് ഡൽഹിയിൽ കേന്ദ്രഗവൺമെന്റിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനെതിരെയുള്ള ശ്രദ്ധ ആകർഷിക്കാൻവേണ്ടിയുള്ള പ്രക്ഷോഭരീതി അംഗീകരിച്ചത്. പക്ഷെ അതിനെ പിന്താങ്ങിയില്ലെന്ന് മാത്രമല്ല, ഇകഴ്ത്തിക്കാണിക്കാനാണ് ഇവിടത്തെ പ്രതിപക്ഷം ശ്രമിച്ചത്. മാത്രമല്ല, ഞങ്ങൾ അതിന് എല്ലാവരെയും ക്ഷണിച്ചിരുന്നു. കോൺഗ്രസുമായി ബന്ധപ്പെട്ട ആളുകളെ അതിൽ പങ്കെടുക്കുന്നതിൽനിന്നും പിന്തിരിപ്പിക്കാനും ഇവർ ശ്രമിച്ചുവെന്നുള്ളതാണ് കാണാൻ കഴിയുന്നത്. കേരളത്തിൽ ധൂർത്തും

കടക്കെണിയുമാണെന്ന് പറഞ്ഞ് നടത്തിയ പ്രചാരണങ്ങളെല്ലാം വസ്തുതാവിരുദ്ധമായിരുന്നുവെന്ന് കണക്കുകൾ തന്നെ സൂചിപ്പിക്കുന്നുണ്ട്. കേരളത്തോട് ഉപരോധ സമാനമായ സമീപനം സ്വീകരിക്കുന്ന ബി.ജെ.പി. സർക്കാരിനെ എന്തിനാണ് ആ ഘട്ടത്തിൽ പിന്താങ്ങുന്ന നിലപാട് സ്വീകരിച്ചതെന്ന് നിങ്ങൾ ഇപ്പോഴെങ്കിലും ആലോചിക്കാൻ തയ്യാറാകണം. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി നൽകാനും കുടിശ്ശിക വന്ന ഗഡുക്കൾ സമയബന്ധിതമായി വിതരണം ചെയ്യാനുമാണ് ഞങ്ങൾ നടപടി സ്വീകരിക്കുന്നത്. വാഗ്ദാനം ചെയ്തതുപോലെ പെൻഷന്റെ രണ്ട് ഗഡുക്കൾ ഈ സാമ്പത്തികവർഷം തന്നെ വിതരണം ചെയ്തുകഴിഞ്ഞു. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലും സമയബന്ധിതമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നത് നേരത്തെതന്നെ വ്യക്തമാക്കിയതാണ്. അതിലൊക്കെ പ്രതിപക്ഷം നടത്തുന്ന പ്രചാരണങ്ങൾ അടിസ്ഥാനമില്ലാത്തതാണെന്ന് എല്ലാവർക്കും ബോധ്യമാകുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, മുണ്ടക്കൈ ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് കാണിച്ച വിമുഖതയും കേന്ദ്ര സർക്കാരിന്റെ സഹായം വേണ്ട

രീതിയിൽ നമുക്ക് ലഭിച്ചില്ലെന്നതും നാം പൊതുവെ കണ്ടതും അതിനെതിരെ യോജിച്ച നിലപാട് സ്വീകരിക്കുന്നതുമാണ്. അക്കാര്യത്തിൽ കേരളത്തിലെ എം.പി.-മാർ എല്ലാം ഒന്നിച്ചുനിന്ന് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചുവെന്നത് സ്വാഗതാർഹമായ കാര്യംതന്നെയാണ്. ആ സമീപന മാറ്റത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്.

കേന്ദ്ര സർക്കാരിന്റെ ഇത്തരം സമീപനങ്ങൾക്കിടയിലും പുനരധിവാസ പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. ഒരു തരത്തിലുള്ള ആശങ്കയും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് നേരത്തെ ഒരു സൂചന അതിനെക്കുറിച്ച് നൽകി. അക്കാര്യത്തിൽ സമയബന്ധിതമായിതന്നെ ടൗൺഷിപ്പുകൾ ഒരുക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. വീടുകൾ, സ്കൂൾ, അങ്കണവാടി, ബഡ്സ് സ്കൂൾ, കമ്മ്യൂണിറ്റി സെന്റർ, ഹെൽത്ത് സെന്റർ ആൻഡ് ലാബ്, ഹോസ്പിറ്റൽ, വെറ്ററിനറി ക്ലിനിക്ക് ഇതെല്ലാം ഓരോ ടൗൺഷിപ്പിലുമുണ്ടാകും. രണ്ട് ടൗൺഷിപ്പുകൾക്കുമായി 401 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. പുനർനിർമ്മാണ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 2221 കോടി രൂപ വേണ്ടിവരുമെന്നാണ് Post-Disaster Needs

Assessment-ലൂടെ നാം കണക്കാക്കിയിട്ടുള്ളത്. അക്കാര്യത്തിൽ ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചുവരികയാണ്.

പശ്ചാത്തലസൗകര്യ വികസനം നടപ്പാക്കുന്നതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാനത്ത് ഭവനരഹിതരില്ലാത്ത, അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കാനും ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുമായി ബന്ധപ്പെട്ട കര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. ഇങ്ങനെ കരാറിലേർപ്പെട്ടതുകൂടി കണക്കിലെടുത്താൽ 539042 കുടുംബങ്ങൾക്ക് ഭവനം നൽകാനുള്ള നടപടികൾ നിലവിൽ പൂർത്തിയായിവരികയാണ്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു റെക്കോർഡായിരിക്കും.

ഒരു വിഭാഗം ജനങ്ങളുടെയും ആശങ്കകൾ പരിഗണിക്കാതെ ഒരു നിയമനിർമ്മാണവും സർക്കാർ നടത്തുകയില്ലെന്ന് ഞങ്ങൾ നേരത്തെ പ്രഖ്യാപിച്ചതാണ്. കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ 1960-ലെ ഭൂവിനിയോഗ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചട്ടങ്ങളിൽ ഭേദഗതി വിജ്ഞാപനം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കഴിഞ്ഞ എട്ട് വർഷത്തിൽ പട്ടയങ്ങൾ വിതരണം ചെയ്തതിന്റെ എണ്ണം 357898 എന്നത് നേരത്തെ ഞാൻ വ്യക്തമാക്കിയിരുന്നു.

മനുഷ്യനും വന്യജീവികളുമായുള്ള സംഘർഷം കുറയ്ക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ കേന്ദ്ര നിയമം നിലനിൽക്കുന്നുണ്ട്. അത് സർക്കാരിന് പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്. അടിയന്തരാവസ്ഥ കാലത്ത് നിലവിൽ വന്ന 42-ാം ഭരണഘടനാ ഭേദഗതി പ്രകാരമാണ് ഉന്നത വിദ്യാഭ്യാസത്തോടൊപ്പം വനം, വന്യജീവി വിഷയങ്ങളും സംസ്ഥാന ലിസ്റ്റിൽനിന്നും സമവർത്തി ലിസ്റ്റിലെ ഇനം 25, 17 (17 എ, 17 ബി) ആയി മാറ്റപ്പെട്ടത്. അന്ന് നിലവിലിരുന്ന സാഹചര്യത്തിൽ സ്വതന്ത്രമായ ചർച്ചകൾ അസാധ്യമായിരുന്നു, അക്കാര്യം എല്ലാവർക്കുമറിയാമല്ലോ. കേന്ദ്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുകയാണ്.

കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുകയാണ്. കോൺഗ്രസും ബി.ജെ.പി.-യുമാണ് കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കക്ഷികൾ. ആ സർക്കാരുകൾ ഉദ്യോഗാർഥികൾക്ക് തൊഴിലവസരങ്ങൾ നിഷേധിച്ചുകൊണ്ട് ഒഴിവുകൾ നികത്താതെയും കരാർ തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ടും മുന്നോട്ടുനീങ്ങിയപ്പോൾ കേരളത്തിൽ സർക്കാർ

സർവീസിലുള്ള നിയമനങ്ങൾ കൃത്യമായി നടക്കുകയാണ്. കഴിഞ്ഞ എട്ടുവർഷക്കാലത്ത് 268949 നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടത്തിയത്. യു.പി.എസ്.സി.-യുടെ കണക്കെടുത്താൽ രാജ്യത്ത് ആകെ നടക്കുന്ന പി.എസ്.സി. നിയമനങ്ങളുടെ നാൽപത് ശതമാനം കേരളത്തിലാണെന്ന് കാണാൻ സാധിക്കും.

നമ്മുടെ സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ 2016 മുതൽ 2021 വരെ അധികാരത്തിലിരുന്നപ്പോൾ പുതിയൊരു വികസന പരിപ്രേക്ഷ്യമാണ് നാടിന് മുമ്പിൽ അവതരിപ്പിച്ചത്, അതുതന്നെയാണ് തുടരുന്നതും. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ പദ്ധതികൾ നടപ്പാക്കിവരുന്നത്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ, പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക ക്ഷേമപദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. ഇത് രാജ്യത്തിനാകെ മാതൃകയായ കാര്യമാണ്. ഞങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് ജനങ്ങൾ നല്ല രീതിയിൽ പിന്തുണ നൽകുന്നുവെന്നതാണ് കാണാൻ സാധിക്കുന്ന വസ്തുത.

ഇവിടെ നടന്ന ചർച്ചയിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ ഭാഗത്തോട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്തോ ഒരു ഇഷ്ടക്കേട് പ്രകടിപ്പിക്കുന്ന നിലയുണ്ടായി. അദ്ദേഹം ഇപ്പോൾ സഭയിലില്ല. സഹകരണ മേഖലയെക്കുറിച്ച് പറയുമ്പോൾ എന്തുകൊണ്ടാണ് അങ്ങനെയൊരു വേവലാതി പ്രകടിപ്പിക്കാനിടയായത് എന്ന് അറിയില്ല. അദ്ദേഹത്തിന്റെ പരാതി കരുവന്നൂരിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്നതാണ്. അങ്ങനെയാണെങ്കിൽ വയനാടിനെക്കുറിച്ചും ഒന്നും പറഞ്ഞില്ലല്ലോ. എൻ. എം. വിജയനും മകനും മാത്രമല്ല സഹകരണ മേഖലയിലെ കെടുകാര്യസ്ഥതയുടെ രക്തസാക്ഷികൾ; മറ്റനേകം പേരില്ലേ? പുൽപ്പള്ളി കേളക്കവല ചെമ്പകമൂല കിഴക്കേ ഇടിക്കലൊത്ത് രാജേന്ദ്രൻ നായരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയുമോ എന്നറിയില്ല, അറിയാതിരിക്കാൻ വഴിയില്ല. വായ്പാ തട്ടിപ്പിനിരയായി താൻ അറിയാതെ ലക്ഷങ്ങളുടെ കടബാധ്യത പേറി ആത്മഹത്യ ചെയ്യേണ്ടിവന്ന മനുഷ്യനാണ് അദ്ദേഹം. 2016-17-ൽ പുൽപ്പള്ളി ബാങ്കിൽ കെ.പി.സി.സി. ജനറൽ സെക്രട്ടറി കെ. കെ. എബ്രഹാം പ്രസിഡന്റായിരുന്ന കാലത്ത് നേരത്തെ പറഞ്ഞ രാജേന്ദ്രൻ

നായർ എഴുപത് സെന്റ് വസ്തു ഈടായി നൽകി 70,000/- രൂപ വായ്പയെടുത്തു. പ്രസിഡന്റും മറ്റ് ഭരണസമിതി അംഗങ്ങളും ചേർന്ന് രാജേന്ദ്രൻ നായരുടെ പേരിൽ 24,30,000/- രൂപ വായ്പയായി തട്ടിയെടുത്തു. പലിശ ഉൾപ്പെടെ നാല്പത്തിയാറ് ലക്ഷത്തോളം രൂപയുടെ ബാധ്യതയുണ്ടായി. ഇത് തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് രാജേന്ദ്രൻ നായർക്ക് ബാങ്കിൽനിന്നും നോട്ടീസ് ലഭിച്ചു. അദ്ദേഹത്തിന് മാത്രമല്ല, മറ്റ് 27 കർഷകരെയും തട്ടിപ്പിന് ഇരകളാക്കി. ബാങ്ക് പ്രസിഡന്റും കെ.പി.സി.സി. ജനറൽ സെക്രട്ടറിയുമായ വ്യക്തി ഈ കേസിൽ ജയിൽ മോചിതനായപ്പോൾ കോൺഗ്രസ് അദ്ദേഹത്തിന് സ്വീകരണം നൽകി. എൻ. എം. വിജയന്റെ മരണത്തിന് പിന്നിലുള്ളവർക്കും ഇതേ സ്വീകരണമായിരിക്കും കോൺഗ്രസ് നൽകുക എന്നാണ് പ്രതീക്ഷിക്കാവുന്നത്. ഇവിടെ നാം ഓർക്കേണ്ട ഒരു കാര്യമുണ്ട്, വലിയ പ്രസ്ഥാനമായി പടർന്ന് പന്തലിച്ചുകിടക്കുന്ന സഹകരണ മേഖലയിലെ അങ്ങേയറ്റം ചെറിയ വിഭാഗങ്ങളിലാണ് ഇത്തരം പ്രശ്നങ്ങളുള്ളത്. അത് വേണ്ട രീതിയിൽ അവസാനിപ്പിക്കാൻ യോജിച്ച ശ്രമമാണ് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. അതിൽ തെറ്റ് ചെയ്യുന്നവരെ സംരക്ഷിക്കുന്ന നിലപാട് ആരായാലും സ്വീകരിക്കാൻ പാടില്ല.

അതായിരിക്കണം നാം സ്വീകരിക്കേണ്ട പൊതുവായ സമീപനം. സഹകരണ മേഖലയിൽ കാണാൻ പാടില്ലാത്ത ചില പ്രവണതകൾ അത്യപൂർവമായി ഇപ്പോൾ ഉണ്ടാകുന്നുവെന്നുള്ളത് നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. അത് തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിച്ചുപോകുന്നതിന് എല്ലാവരും ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്. എന്നാൽ ഈയൊരു വളരെ നേരിയ കൂട്ടരെ കണ്ടുകൊണ്ട് സഹകരണ മേഖല ആകെ കുഴപ്പമാണ് എന്നൊരു അന്തരീക്ഷം സൃഷ്ടിക്കുന്നത് ഗുണകരമായ കാര്യമല്ല. സഹകരണ മേഖല ആകെ കുഴപ്പമുള്ള മേഖലയല്ല, ഇപ്പോഴും വളരെ വിശ്വസ്തതയോടെ പ്രവർത്തിച്ചുപോകുന്ന മേഖലയാണ്. അതിന്റെ വിശ്വാസ്യത തകർക്കുന്ന തരത്തിലുള്ള ഒരു പ്രചാരണത്തിലേക്ക് ആരും കടക്കാതിരിക്കാൻ ശ്രദ്ധിക്കണം. അതാണ് പ്രത്യേകമായി ഈ ഘട്ടത്തിൽ ഓർമ്മിപ്പിക്കാനുള്ളത്. സഹകരണ മേഖലയെ ശക്തിപ്പെടുത്താനുള്ള യോജിച്ച നീക്കത്തിന് എല്ലാവരുടെയും സഹകരണം ഈ ഘട്ടത്തിൽ അഭ്യർഥിക്കുന്നു.

മറ്റൊരു കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, ജൽ ജീവൻ പദ്ധതിക്ക് 3650 കോടി രൂപ ഡൽഹിയിൽനിന്നും വാങ്ങി. അതിൽ 3306

കോടി രൂപ ഇപ്പോൾ മിച്ചം കൊടുക്കാതെ കൈവശം വച്ചിരിക്കുകയാണ് എന്നാണ് പറഞ്ഞത്. ജൽ ജീവൻ മിഷന് അനുവദിച്ച തുകയിൽ മിച്ചമായി ഒന്നും കൈവശം വച്ചിട്ടില്ല. ഈ വർഷത്തെ മൊത്തം അലോക്കേഷൻ 3900 കോടി രൂപയാണ്. അതിൽ പകുതി കേന്ദ്ര വിഹിതവും പകുതി സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര വിഹിതം തവണകളായാണ് നൽകുന്നത്. ഓരോ തവണ തുക നൽകുമ്പോഴും അതിന് തുല്യമായ സംസ്ഥാന വിഹിതം ഇട്ടും അപ്പോൾ അടുത്ത ഇൻസ്റ്റാൾമെന്റ് നൽകും. അതുപ്രകാരം ഈ വർഷം കേന്ദ്രത്തിന്റെ 1900 കോടി രൂപ അലോക്കേഷനിൽ 960 കോടിയോളം രൂപ ലഭിച്ചു. അതിന് തുല്യമായ സംസ്ഥാന വിഹിതം 960 കോടി രൂപ ഇട്ടിട്ടുണ്ട്. ഇനി അടുത്ത ഇൻസ്റ്റാൾമെന്റിനായി കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്. അല്ലാതെ ലഭിച്ച പണത്തിൽ മിച്ചമായി ഒന്നുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം കടക്കെണിയെക്കുറിച്ചാണ്. അക്കാര്യം സംബന്ധിച്ച് മറ്റൊരു അർത്ഥത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് നേരത്തെ ആവർത്തിക്കുന്നതും കേട്ടു. 'കേരളത്തിന്റെ കടഭാരം താങ്ങാനാവാത്തതാണ്, സംസ്ഥാനം കടക്കെണിയിലാണ് ഇതാണ് പ്രതിപക്ഷവും ചില വലതുപക്ഷ മാധ്യമങ്ങളും

നിരന്തരം പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇവർ പറയുന്നതുകേട്ടാൽ തോന്നും 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 'കടം' എന്നുപറയുന്ന ഏർപ്പാട് ഈ സംസ്ഥാനത്തുണ്ടായതെന്ന്. അതിന്റെ ഭാഗമായി കടം ലക്ഷക്കണക്കിന് കോടി രൂപയാണ് എന്നൊക്കെ പറഞ്ഞുകൊണ്ട് പരിഭ്രാന്തി സൃഷ്ടിക്കാനാണ് ശ്രമം നടത്തുന്നത്. ലോകമെമ്പാടുമുള്ള പൊതു ധനകാര്യ വിശകലനത്തിന്റെ അടിസ്ഥാന തത്വമനുസരിച്ച് കടത്തെ ആഭ്യന്തര വരുമാനത്തിന്റെ അനുപാതമായാണ് പറയപ്പെടുന്നത്. ഇതിൻപ്രകാരം 2020-21-ൽ കേരളത്തിന്റെ കടം ആഭ്യന്തര വരുമാനത്തിന്റെ 38 ശതമാനമായിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദേശീയതലത്തിലും മറ്റുരാജ്യങ്ങളിലും വരുമാനമിടിയുകയും ചെലവ് കൂടുകയും ചെയ്തപ്പോൾ കട ഭാരം പൊതുവിൽ വർധിച്ചിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷമായപ്പോൾ കേരളത്തിന്റെ കട-ആഭ്യന്തര ഉൽപാദന അനുപാതം 34 ശതമാനമായി കുറയുകയാണ് ചെയ്തത്. നേരത്തെ 38 ശതമാനമുണ്ടായിരുന്നത് 34 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. ക്രമാനുഗതമായി ഇനിയും കുറച്ചുകൊണ്ടുവരാനാണ് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതായത്,

കടഭാരം വർധിക്കുകയല്ല എന്നർഥം. കേരളം തോന്നിയതുപോലെ കടമെടുക്കുന്നുവെന്ന് ഇവിടെ ഒരംഗം പറയുകയുണ്ടായി. യാതൊരു ഉത്തരവാദിത്വവുമില്ലാത്ത ഇത്തരം പ്രസ്താവനകൾ നല്ല പരിണതപ്രജ്ഞരായ രാഷ്ട്രീയ നേതാക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നത് അങ്ങേയറ്റം ഖേദകരമായ കാര്യമാണ്. 2003-ലാണ് കേരള നിയമസഭ ധന ഉത്തരവാദിത്വ നിയമം പാസ്സാക്കിയത്. അതിൻപ്രകാരം ഇപ്പോൾ നമ്മുടെ കടമെടുപ്പ് പരിധി ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനമാണ്. ഊർജ മേഖലയിലെ പരിഷ്കരണങ്ങൾക്ക് വിധേയമായി 0.5 ശതമാനം കൂടി എടുക്കാൻ നമുക്ക് അവകാശമുണ്ട്. 2023-24-ൽ ആഭ്യന്തര വരുമാനത്തിന്റെ 2.99 ശതമാനമാണ് കേരളം കടമെടുത്തിട്ടുള്ളത്. അതായത്, ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണ് നാം നിൽക്കുന്നത്, ഒരു കടവർധനവയുമില്ല. കിഫ്ബിപോലുള്ള സ്ഥാപനങ്ങളെടുക്കുന്ന കടം സർക്കാർ നൽകുന്ന ഗാരന്റിയുടെ അടിസ്ഥാനത്തിലാണ്. അത് സർക്കാരിന്റെ കടമല്ല. ഗാരന്റി നൽകുന്നതിന് പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിയമവും നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. തമിഴ്നാട്, രാജസ്ഥാൻ, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിലവിലുള്ള നിയമത്തിന് സമാനമായ നിയമമാണ് കേരളത്തിലുമുള്ളത്. ഈ

നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണ് ഗാരന്റി നൽകുന്നത്. ആഭ്യന്തര വരുമാനത്തിന്റെ പത്ത് ശതമാനമോ തൊട്ട്മുൻവർഷത്തെ റവന്യൂ വരുമാനത്തിന് തുല്യമായ സംഖ്യയോ ഇവയിൽ ഏതാണോ കുറവ് അതാണ് ഗാരന്റിയുടെ പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. ഇത്തരം നിബന്ധനകൾക്ക് വിധേയമായാണ് കേരളത്തിൽ കടമെടുപ്പ് നടന്നുവരുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നടപടികളിലൂടെയാണ് മറ്റ് സംസ്ഥാനങ്ങളെപോലെ കേരളവും കടമെടുക്കുന്നത്. കടക്കെണിയാണ്, തോന്നിയതുപോലെ കടമെടുക്കുന്നുവെന്നെല്ലാം പറയുന്നത് നമ്മുടെ സംസ്ഥാനത്തെ തഴംതാഴ്ത്താൻ നടത്തുന്ന വ്യാജപ്രചാരണം മാത്രമാണ്. ഉത്തരവാദിത്തപ്പെട്ട നേതാക്കൾ ഇതിൽനിന്നും പിന്തിരിയണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

മറ്റൊന്ന്, അടിയന്തരാവസ്ഥ കാലത്ത് സംഘപരിവാറുമായി ഒരുമിച്ച് ജയിലിൽ കിടന്നു, ഒരു പ്ലേറ്റിൽ ഭക്ഷണം കഴിച്ചു എന്നൊക്കെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. അതിൽ അദ്ദേഹത്തിന് തെറ്റിദ്ധാരണയൊന്നും വേണ്ട. സംഘപരിവാറുമായി ഒരുമിച്ച് ഭക്ഷണം കഴിക്കാനൊന്നും ഞാൻ ഒരുകാലത്തും പോയിട്ടില്ല. അവർ എന്നോട് എങ്ങനെയാണ് പെരുമാറിയിരുന്നതെന്ന് ഞാൻ ഇപ്പോൾ പറയേണ്ടതില്ല.

അതൊക്കെ ചരിത്രത്തിന്റെ ഭാഗമായ കാര്യങ്ങളാണ്. ഏതായാലും ഞങ്ങളാരും ആർ.എസ്.എസ്. തലവൻമാരുടെ മുന്നിൽ വണങ്ങി നിൽക്കുന്നവരല്ല. നിലവിലുള്ളവരായാലും മരിച്ചുപോയവരായാലും ആരുടെയും പടങ്ങൾക്കുമുമ്പിൽ വണങ്ങി നിൽക്കുന്ന പതിവൊന്നും ഞങ്ങൾക്കില്ലെന്ന കാര്യം ഓർമ്മിക്കുന്നത് നല്ലതാണ്. എന്നെക്കൊണ്ട് അതെല്ലാം പറയിപ്പിക്കുന്നതിനുവേണ്ടിയാണോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നെക്കുറിച്ച് ഇത് പറഞ്ഞതെന്ന സംശയം എനിക്കുണ്ട്. ഏതായാലും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ സഭയിൽ ഇല്ലാത്തതുകൊണ്ട് ഞാൻ കൂടുതലായി അതിലേക്ക് കടക്കുന്നില്ല.

ശമ്പളവും പെൻഷനുമെല്ലാം മുടങ്ങുകയാണെന്ന് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞു. ഏത് ശമ്പളമാണ് മുടങ്ങിയത്? ക്ഷേമ പെൻഷൻ ഇനത്തിൽ പതിനെട്ട് മാസം കുടിശ്ശിക വരുത്തിയതിനെ സംബന്ധിച്ച് നേരത്തെ ഞാൻ പറഞ്ഞിരുന്നു. അത് ഇക്കാലത്തല്ല, തൊട്ടുമുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. 2002-ൽ സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്തത് ആരായിരുന്നു? ജീവനക്കാർ പണിമുടക്കിയപ്പോൾ സർക്കാർ ഓഫീസുകൾ മാസങ്ങളോളം അടഞ്ഞുകിടന്നാലും സംസ്ഥാനത്തിനൊന്നും സംഭവിക്കില്ലെന്ന് പറഞ്ഞത്

ആരായിരുന്നു; 2013-ൽ പങ്കാളിത്ത പെൻഷൻ നടപ്പാക്കിയത് ആരാണ്? അതെല്ലാം കൂടുതലായി പറയാതിരിക്കുന്നതാണ് നല്ലത്.

വയനാട് ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന്റെ 70000 വോട്ടുകൾ നഷ്ടപ്പെട്ടതിൽ ശ്രീ. എൻ. ഷംസുദ്ദീൻ ഉൽക്കണ്ഠ പ്രകടിപ്പിച്ചതായി കണ്ടു. ഞങ്ങൾ അല്പം പിന്നാക്കം പോയിയെന്നത് ശരിയാണ്. പക്ഷേ കോൺഗ്രസ് സിറ്റിംഗ് സീറ്റിൽ 86000 വോട്ട് മറിഞ്ഞ് ബി.ജെ.പി. ജയിക്കുന്നത് ശ്രീ. എൻ. ഷംസുദ്ദീൻ കണ്ടില്ലേ; തൃശ്ശൂരിൽ ബി.ജെ.പി.-യിലേക്ക് കുത്തിയൊലിച്ച 86000 കോൺഗ്രസ്സിന്റെ വോട്ടിനെ സംബന്ധിച്ച് പരിശോധിക്കുന്നതല്ലേ കൂടുതൽ നല്ലത്? 'സി.ജെ.പി.' (കോൺഗ്രസ് ജനതാ പാർട്ടി) എന്ന പദം ശ്രീ. എൻ. ഷംസുദ്ദീന്റെ കൂട്ടാളികൾക്കുതന്നെയാണ് ചേരുന്നത്. അതിന്റെ കണക്ക് അധികം പറയാതിരിക്കുന്നതായിരിക്കും പൊതുവെ നല്ലത്. പട്ടാമ്പി, പാലക്കാട്, ബേപ്പൂർ, വടകര, നേമം വഴി തൃശ്ശൂരിലെത്തി നിൽക്കുന്നതിന്റെയൊന്നും കണക്ക് ഞാനിപ്പോൾ കൂടുതലായി പറയുന്നില്ല.

വയനാടിന് അഞ്ച് പൈസ നൽകാത്ത കേന്ദ്രത്തെക്കുറിച്ച് നയപ്രഖ്യാപനത്തിലൊന്നും പറഞ്ഞില്ലെന്ന് ബഹുമാന്യനായ ടി. സിദ്ദിഖ് പറഞ്ഞു. ഇതെല്ലാം ഞങ്ങൾ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന

കാര്യങ്ങളാണെന്ന് നിങ്ങൾക്ക് അറിയാവുന്നതാണ്. റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനങ്ങൾ നടക്കുന്നില്ലെന്നാണ് ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചത്. അത് വിചിത്രമായ കണ്ടുപിടിത്തമാണ്. പി.എസ്.സി. നിയമനങ്ങളുടെ കാര്യത്തിൽ നമ്മൾ വളരെ മുന്നിലാണ്. അതിന്റെ സാങ്കേതിക വശങ്ങളെ സംബന്ധിച്ച് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ആകെ 268949 നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 161268 നിയമനങ്ങളും ഈ സർക്കാർ 107681 നിയമനങ്ങളുമാണ് നടത്തിയത്. പി.എസ്.സി. നിയമന ശിപാർശകളുടെ എണ്ണം 34000 കടന്നു. 2023-ൽ 34110 പേർക്കും 2024-ൽ 34309 പേർക്കുമാണ് നിയമന ശിപാർശ അയച്ചത്. രാജ്യത്തെ ആകെ ജനസംഖ്യയുടെ രണ്ടര ശതമാനം മാത്രമുള്ള ഒരു സംസ്ഥാനമാണ് കേരളം. ആ സാഹചര്യത്തിലാണ് പ്രതിവർഷം മുപ്പതിനായിരത്തോളം പേർക്ക് സർക്കാർ ഉദ്യോഗം നൽകുന്ന സംസ്ഥാനമായി കേരളം മാറുന്നത്. നിലവിൽ രാജ്യത്താകെ നടന്ന പി.എസ്.സി. നിയമനങ്ങളിൽ നാൽപ്പതിലേറെ ശതമാനവും കേരളത്തിലാണ് നടന്നത്. ഇത് ഞങ്ങളാരും പറയുന്നതല്ല, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്ന കാര്യമാണ്. ശ്രീ. പി.

സി. വിഷ്ണുനാഥ് കശുവണ്ടി ഫാക്ടറികളുടെ കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. അത് അടഞ്ഞുകിടക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. 2011-16 കാലത്തെ അവസ്ഥ അദ്ദേഹത്തിന് അറിയാമായിരിക്കുമെന്നാണ് കരുതുന്നത്. അന്ന് കശുവണ്ടി വ്യവസായത്തിൽ വലിയ തകർച്ചയായിരുന്നു. അതിൽ മാറ്റം വന്നത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. കുടിവറപ്പ് ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അവസ്ഥയാണ് അന്നുണ്ടായിരുന്നത്. ഫാക്ടറികളെല്ലാം അടഞ്ഞുകിടക്കുകയും തൊഴിലാളികളുടെ കൂലി ഗണ്യമായി വെട്ടിക്കുറക്കുകയും ചെയ്തിരുന്നു. 2007-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ തൊഴിലാളികളുടെ കൂലി പുതുക്കിയെന്ന് മാത്രമല്ല 2011-ൽ 45% വർധിപ്പിക്കുകയും ചെയ്തു. കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 280, 288 ദിവസംവരെ ജോലിയും ഉറപ്പുവരുത്തിയിരുന്നു. ഇതെല്ലാമാണ് യു.ഡി.എഫ്. ഭരണത്തിൽ അട്ടിമറിക്കപ്പെട്ടത്. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയില്ലേ; കശുവണ്ടി മേഖലയിൽ വലിയ ഉണർവാണ് കാണാൻ സാധിക്കുന്നത്; കഴിഞ്ഞ എട്ടുവർഷക്കാലത്തിൽ ഈ മേഖലയ്ക്കായി ചെലവഴിച്ചത് 660 കോടി രൂപയാണെന്നുള്ളത് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട പി.

സി. വിഷ്ണുനാഥ് അതുവഴി സഞ്ചരിക്കുമ്പോൾ ചുറ്റുമൊന്ന് കണ്ണോടിച്ചാൽ ഇക്കാര്യങ്ങളൊക്കെ കാണാനും മനസ്സിലാക്കാനും സാധിക്കും.

വിഴിഞ്ഞം പദ്ധതിയെക്കുറിച്ചും അദ്ദേഹം പറയുകയുണ്ടായി. വിഴിഞ്ഞം പദ്ധതിയുടെ കാര്യം പറയുമ്പോൾ, ഭരണത്തിലുള്ളപ്പോഴും പ്രതിപക്ഷത്തായിരുന്നപ്പോഴും വിഴിഞ്ഞം പദ്ധതി വേണമെന്നുള്ള നിലപാടായിരുന്നു ഞങ്ങൾ സ്വീകരിച്ചിരുന്നത്. അത് പരമാവധി വൈകിപ്പിച്ച് യു.ഡി.എഫ്. സർക്കാർ റീ-ടെൻഡർ ചെയ്തു. 2015 ആഗസ്റ്റ് മാസത്തിലാണ് കരാറിലേർപ്പെട്ടത്. യഥാർത്ഥത്തിൽ തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ടുള്ള നീക്കമായിരുന്നു അത്. യു.ഡി.എഫ്. സർക്കാർ ഏർപ്പെട്ട കരാറിലെ പലവ്യവസ്ഥകളോടും എൽ.ഡി.എഫ്.-ന് വിയോജിപ്പുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. ഇക്കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡിന്റെ എതിർപ്പുണ്ടായിരുന്നില്ലേ? ആ എതിർപ്പിനെപ്പോലും ഗൗനിക്കാതെയാണ് അന്ന് സംസ്ഥാന സർക്കാർ അദാനിയുമായി കരാറിൽ ഒപ്പിട്ടത്. സംസ്ഥാന താൽപര്യത്തിന് നിരക്കാത്ത കരാറിലെ വ്യവസ്ഥകളെയാണ് എൽ.ഡി.എഫ്. എതിർത്തിരുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ അദാനിയുമായി ഒപ്പിട്ട കരാർ പ്രകാരം 7525 കോടി ആകെ നിക്ഷേപമുള്ള വിഴിഞ്ഞം പദ്ധതിയിൽ

5071 കോടി രൂപയും സർക്കാർ നിക്ഷേപമാണ്. ബാക്കി 2484 കോടി രൂപ മാത്രമാണ് അദാനി കണ്ടെത്തേണ്ടത്. ബി.ഒ.ടി. വ്യവസ്ഥയിലുള്ള പദ്ധതിയിൽ 20 വർഷം സർക്കാരിന് ലാഭവിഹിതമില്ല. ഇരുപത്തിയൊന്നാമത്തെ വർഷമാണ് ഒരു ശതമാനം ലാഭവിഹിതം ലഭിക്കുന്നത്. പിന്നീടുള്ള ഓരോവർഷവും ഒരു ശതമാനം വീതം അധിക ലാഭവിഹിതം ലഭിക്കും. ആകെ നാൽപ്പത് വർഷത്തേയ്ക്കുള്ള പ്രസ്തുത കരാർ പ്രകാരം പദ്ധതിപ്രദേശത്തെ മുപ്പത് ശതമാനം സ്ഥലം അദാനിക്ക് മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കാം. കരാറിൽനിന്ന് പിൻമാറിയാൽ അദാനിക്ക് സർക്കാർ വൻനഷ്ടപരിഹാരം നൽകണം. 66 ശതമാനം നിക്ഷേപം നടത്തുന്ന സർക്കാരിന് അധികാരമോ ലാഭവിഹിതമോയില്ല എന്നതാണ് പ്രധാന പ്രശ്നം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഒന്ന് വഴങ്ങുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: ഞാൻ പറഞ്ഞ് അവസാനിപ്പിച്ചതിന് ശേഷം സംസാരിക്കാം. ഇത്തരത്തിൽ അദാനിയുടെ താൽപര്യം മാത്രം സംരക്ഷിക്കുന്ന ഒരു കരാറായതുകൊണ്ടാണ് എൽ.ഡി.എഫ്. എതിർത്തത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ സംസ്ഥാന താൽപര്യം മുൻനിർത്തി

കരാറിൽനിന്ന് പിൻമാറില്ലെന്ന് 2016-ലെ തിരഞ്ഞെടുപ്പിനുമുമ്പുതന്നെ ഞങ്ങൾ വ്യക്തമാക്കിയിരുന്നു. ഈ കരാറിനോട് ഞങ്ങളുടെ നിലപാട് വ്യക്തമാക്കിയെങ്കിലും കരാർ കരാറായി വരികയും അത് യാഥാർത്ഥ്യമാകുകയും ചെയ്തു. പിന്നെ ആ കരാർ നടപ്പാക്കുക എന്നുള്ളതുമാത്രമേ ചെയ്യുള്ളൂവെന്ന് തിരഞ്ഞെടുപ്പിനുമുമ്പുതന്നെ ഞങ്ങൾ പ്രഖ്യാപിച്ചിരുന്നു. അദാനിക്ക് വൻ നഷ്ടപരിഹാരം നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ കരാർ റദ്ദാക്കാതെ സർക്കാർ വിഴിഞ്ഞം പദ്ധതി മുന്നോട്ടുകൊണ്ടുപോയി. തുറമുഖത്തിന്റെ നൂറുശതമാനം പ്രവൃത്തിയും നടന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അക്കാലത്ത് വിഴിഞ്ഞം പദ്ധതി മുടക്കാനുള്ള ശ്രമങ്ങളുണ്ടായി. അന്ന് പ്രതിപക്ഷം എന്ത് സമീപനമാണ് സ്വീകരിച്ചതെന്ന് ആലോചിച്ചാൽമതി. ഇപ്പോൾ വഴങ്ങുമോ എന്ന് ചോദിച്ച ശ്രീ. എം. വിൻസെന്റിന്റെ സമീപനം എന്തായിരുന്നു; പൊതുവിൽ പ്രതിപക്ഷത്തിന്റെ സമീപനം എന്നതാലോചിച്ചാൽമതി. വിഴിഞ്ഞം തുറമുഖം ഒരുകാരണവശാലും നിർത്തിവയ്ക്കില്ലെന്ന് എൽ.ഡി.എഫ്. സർക്കാർ ആവർത്തിച്ച് ഉറപ്പുനൽകിയതാണ്. (ബഹളം....)

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രി വഴങ്ങുന്നില്ല, ശ്രീ. എം. വിൻസെന്റ് അവിടെ ഇരിക്കൂ.... പ്ലീസ്...... അനാവശ്യമായി പ്രശ്നം ഉണ്ടാക്കല്ലേ, പ്ലീസ്.......

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ സമയങ്ങളിലെല്ലാം വിഴിഞ്ഞം പദ്ധതിയുടെ ഒന്നാംഘട്ടം ഈ സർക്കാരിന് പൂർത്തീകരിക്കാൻ സാധിച്ചു. (ബഹളം...) ഞാൻ പറയുന്നതെല്ലാം ശ്രദ്ധിച്ചുകേൾക്കൂ. നിങ്ങളുണ്ടാക്കിയ കരാർപ്രകാരം പദ്ധതിയുടെ തുടർഘട്ടങ്ങൾ 2045-ലാണ് പൂർത്തിയാകേണ്ടത്. പക്ഷേ 2028-ഓടെ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്.

നടപ്പാകാത്ത പദ്ധതികൾമാത്രമേ ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളൂവെന്നാണ് ബഹുമാന്യനായ മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സൂചിപ്പിച്ചത്. നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ പ്രഖ്യാപിക്കുന്ന സമീപനം സ്വീകരിക്കുന്ന പ്രതിപക്ഷമാണ്, ഞങ്ങൾ അങ്ങനെയല്ല. ഞങ്ങൾ പറയുന്നതെന്താണോ അത് നടപ്പാക്കാൻ നിൽക്കുന്നവരാണെന്ന് നാടാകെ അംഗീകരിച്ച കാര്യമാണ്. നേരത്തെ നിങ്ങൾ പ്രഖ്യാപിച്ചശേഷം ഉപേക്ഷിച്ച പദ്ധതികളെപ്പറ്റിയാണ് ഞാൻ പറയേണ്ടത്, അത് ഞാൻ കൂടുതലായി പറയുന്നില്ല. ഇടമൺ-കൊച്ചി പവർ

ഹൈവേയും ഗെയിൽ പ്രകൃതി വാതക പൈപ്പ്ലൈനുമെല്ലാം ഉപേക്ഷിച്ചുപോകുന്നനിലയല്ലേ നിങ്ങൾ സ്വീകരിച്ചിരുന്നത്. അത് പൂർത്തിയാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും എൽ.ഡി.എഫ്. സർക്കാരാണ് നടപടികൾ സ്വീകരിച്ചത്. ഇവിടെ ശ്രദ്ധിക്കേണ്ടൊരു കാര്യം, രാജ്യത്തെ ആദ്യ സൂപ്പർ ഫാബ് ലാബ്, ഡിജിറ്റൽ സർവകലാശാല, ഗ്രാഫീൻ സെന്റർ, ഡിജിറ്റൽ സയൻസ് പാർക്ക്, വാട്ടർ മെട്രോ തുടങ്ങിയവയെല്ലാം കേരളത്തിലാണ്. അതൊക്കെ എൽ.ഡി.എഫ്. സർക്കാരാണ് യാഥാർത്ഥ്യമാക്കിയത്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് കാര്യങ്ങൾ കുറച്ച് ഗൗരവത്തോടെകണ്ട് സംസാരിക്കുന്ന ആളായിരുന്നു, എന്താണ് അദ്ദേഹത്തിന് സംഭവിച്ചതെന്നറിയില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ ജീനിൽ അഴിമതി അലിഞ്ഞുചേർന്നിരിക്കുന്നുവെന്നാണ് അദ്ദേഹം നടത്തിയ മറ്റൊരു ആരോപണം. ഇലക്ടറൽ ബോണ്ട് രേഖ സുപ്രീംകോടതി നിർദ്ദേശപ്രകാരം പുറത്തുവന്നപ്പോൾ കോൺഗ്രസിന്റെ ജനിതകരേഖയല്ലേ നമ്മൾ അതിൽകണ്ടത്. ഒരു നയാപൈസപോലും ഇലക്ടറൽ ബോണ്ടായി

വേണ്ടായെന്ന നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. അപ്പോൾ ജീനിന്റെ കഥയൊന്നും തൽക്കാലം ഇങ്ങോട്ടുവേണ്ട എന്നുമാത്രമേ ഞങ്ങൾക്ക് അനുസംബന്ധിച്ച് പറയാനുള്ളൂ. ഡി.എൽ.എഫ്. കേസൊക്കെ എങ്ങനെ ആവിയായിപ്പോയിയെന്നത് മാലോകർക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഞാൻ അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ദില്ലി മദ്യനയത്തെക്കുറിച്ച് പറയുകയുണ്ടായി. അത് അവിടത്തെ കോൺഗ്രസ് ഉയർത്തിക്കൊണ്ടുവന്ന പ്രശ്നമായിരുന്നു. ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയ്ക്ക് കോൺഗ്രസ് എങ്ങനെ മറ്റ് രാഷ്ട്രീയ പാർട്ടികളോട് സമീപനം സ്വീകരിക്കുന്നു എന്നതിന്റെ വ്യക്തമായ ഉദാഹരണം കൂടിയായിരുന്നു അത്. അവിടത്തെ പ്രാദേശികമായ വികാരത്തിന്റെ ഭാഗമായിമാത്രമല്ല, അങ്ങും ആ വികാരത്തോടൊപ്പം ചേരുന്നുവെന്നാണല്ലോ ഇവിടെ പറഞ്ഞ വാചകത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്. അല്പം ആഹ്ലാദത്തോടെയും അഭിമാനത്തോടെയുമായിരിക്കും അത് പറഞ്ഞത്. എന്താണ് അതിൽ ആഹ്ലാദിക്കാനുള്ളത്; ശ്രീ. അരവിന്ദ് കെജ്രിവാളിനെ ജയിലിലാക്കാൻ ഏറ്റവും കൂടുതൽ ഉത്സാഹിച്ചത് അവിടത്തെ കോൺഗ്രസായിരുന്നു. ആദ്യം

ഡൽഹി ഉപമുഖ്യമന്ത്രി ശ്രീ. മനീഷ് സിസോദിയയെ കേന്ദ്ര ഏജൻസി അറസ്റ്റ് ചെയ്തപ്പോൾ കോൺഗ്രസ് അത് സ്വാഗതം ചെയ്യുകയും എന്തുകൊണ്ട് ശ്രീ. അരവിന്ദ് കെജ്‌രിവാളിനെ പിടികൂടുന്നില്ല എന്ന് ചോദിക്കുകയും ചെയ്തത് അങ്ങയുടെ ശ്രദ്ധയിലുണ്ടെന്നാണ് കരുതുന്നത്. ശ്രീ. അരവിന്ദ് കെജ്‌രിവാളിനെക്കൂടി അറസ്റ്റ് ചെയ്യണമെന്നല്ലേ അന്ന് ആവശ്യപ്പെട്ടത്; അദ്ദേഹത്തിനെതിരെ കേസ് നൽകിയത് ഡി.പി.സി.സി. (Delhi Pradesh Congress Committee) പ്രസിഡന്റുതന്നെയായിരുന്നില്ലേ; ഒടുവിൽ ബി.ജെ.പി. മുഖേന കോൺഗ്രസിന്റെ ആ ആഗ്രഹം നടന്നുകിട്ടുകയല്ലേ ചെയ്തത്; പക്ഷേ അനുഭവത്തിൽ നിന്നെങ്കിലും നിങ്ങൾക്ക് തിരുത്താൻ കഴിയുന്നുണ്ടോ? ഡൽഹിയിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാൻപോകുകയാണ്. നേരത്തെ കോൺഗ്രസ് അവിടെ ഭരിച്ചിട്ടുണ്ടെന്നുള്ളത് ഞാൻ മറക്കുന്നില്ല. പക്ഷേ രണ്ട് നിയമസഭാ തിരഞ്ഞെടുപ്പുകളിലും ഒരു സീറ്റുപോലും നേടാൻ കോൺഗ്രസിന് കഴിഞ്ഞിരുന്നില്ല. നിലവിൽ അവിടെ നിങ്ങൾ സീറ്റ് നേടാനാണോ അതോ ബി.ജെ.പി.-യെ ജയിപ്പിക്കാനുള്ള കൊട്ടേഷനാണോ എടുത്തിട്ടുള്ളത്? ആം ആദ്മി പാർട്ടി സർക്കാരിനെ കഴിയാവുന്ന രീതിയിലൊക്കെ

ആക്രമിച്ചുകൊണ്ടാണ് കോൺഗ്രസിന്റെ പ്രചാരണ പത്രിക പുറത്തിറക്കിയത്. മുൻ മുഖ്യമന്ത്രി ഷീലാ ദീക്ഷിത്തിന്റെ മകനാണ്, ശ്രീ. സന്ദീപ് ദീക്ഷിത്ത്, അദ്ദേഹമാണ് ശ്രീ. അരവിന്ദ് കെജ്രിവാളിനെതിരെ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിക്കുന്നത്. അദ്ദേഹത്തിന്റെ പദ്ധതികൾ ആയുധമാക്കിയാണ് ഡൽഹി ലഫ്റ്റനന്റ് ഗവർണ്ണർ ആം ആദ്മി സർക്കാരിനെ വേട്ടയാടുന്നത്. ഡൽഹി സർക്കാരിന്റെ വികസന പദ്ധതികൾക്കെതിരെയെല്ലാം ആരോപണമുന്നയിച്ചുകൊണ്ട് ബി.ജെ.പി.-ക്കാണ് കോൺഗ്രസ് പരവതാനി വിരിക്കുന്നത്. അതാണ് ഡൽഹിയിൽ നമ്മളിപ്പോൾ കാണുന്നത്. കോൺഗ്രസ് നേതാവ് (നിങ്ങളുടെ നേതാവല്ല കോൺഗ്രസ് നേതാവാണെന്നാണ് ഞാൻ ഉദ്ദേശിച്ചത്) ശ്രീ. അജയ് മാക്കൻ ശ്രീ. അരവിന്ദ് കെജ്രിവാളിനെ ദേശദ്രോഹിയെന്ന് വിളിച്ചത് നിങ്ങളുടെ ശ്രദ്ധയിലുണ്ടാകുമല്ലോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഡൽഹിയിൽ ആം ആദ്മി പാർട്ടിയുമായി സഖ്യത്തിലാണ് മത്സരിച്ചത്. പക്ഷേ ഇത്തവണ കോൺഗ്രസുമായി സഖ്യത്തിലില്ലായെന്ന് ആദ്യമായി ആം ആദ്മി പാർട്ടിയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി,

ഞങ്ങളുടെത് ഒരു രാഷ്ട്രീയ പാർട്ടിയാണല്ലോ; ഞങ്ങൾ ഡൽഹിയിൽ തുടർച്ചയായി മൂന്നുതവണ ഭരിച്ച ഒരു പാർട്ടിയാണല്ലോ? കോൺഗ്രസുമായി സഖ്യത്തിലില്ലെന്ന് പറഞ്ഞത് ആം ആദ്മി പാർട്ടിയാണ്. അവരാണ് ഈ നിലപാടെടുത്തുകൊണ്ട് പരസ്യമായി പ്രഖ്യാപനം നടത്തിയത്. ഞങ്ങൾ എന്തുവേണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, പാർട്ടികൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ടാകാം. നയങ്ങളിലും സമീപനങ്ങളിലുമെല്ലാം നമുക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകും. പക്ഷെ, നമ്മൾ രാജ്യത്തിന്റെ മുന്നിൽ പൊതുശത്രുവായി കാണുന്നത് ബി.ജെ.പി.-യെയാണ്. ബി.ജെ.പി. അധികാരം പിടിക്കാൻ നോക്കുമ്പോൾ അതിനെ അതിശക്തമായി എതിർക്കുന്നൊരു പാർട്ടിയെ എതിർത്തുകൊണ്ടല്ല കോൺഗ്രസ് അവിടെ രംഗപ്രവേശനം ചെയ്യേണ്ടത്. അതാണ് ഞാൻ ഉദ്ദേശിച്ചത്. ഒരു പാർട്ടി എന്ന നിലയ്ക്ക് നിങ്ങൾ തമ്മിൽ മറ്റ് അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. അതിന്റെ ഭാഗമായി ബി.ജെ.പി.-ക്ക് സഹായകമാകുന്ന നിലപാട് നിങ്ങളുടെ ഭാഗത്തുനിന്ന് വരാൻ പാടുണ്ടോ? അതല്ലേ ഇതിന്റെ ഭാഗമായി സംഭവിക്കുന്നത്; അക്കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

കിൻഫ്രക്ക് (Kerala Industrial Infrastructure Development Corporation) വെള്ളം കൊടുക്കാൻ ജലസേചന വകുപ്പിന് കഴിയുന്നില്ലെന്നാണ് ഇവിടെ പറഞ്ഞ മറ്റൊരു കാര്യം. ആലുവ എടയപ്പുറത്ത് കിൻഫ്ര വ്യവസായ ശുദ്ധജല പദ്ധതിക്ക് പൈപ്പിടുന്നതിനെതിരെ കുഴിയിലിറങ്ങി പ്രതിഷേധിച്ചത് ആരൊക്കെയായിരുന്നുവെന്ന് അങ്ങ് തന്നെ പരിശോധിച്ച് നോക്കിയാൽ മനസ്സിലാകും. അതിൽ അങ്ങയുടെ കൂടെ ഇരിക്കുന്ന മൂന്ന് ആളുകളുമുണ്ട്.

ലോകമാകെ ആരോഗ്യ അടിയന്തരാവസ്ഥയുടെ ഘട്ടമായിരുന്നു കോവിഡ്-19-ന്റെ കാലഘട്ടം. അക്കാലത്ത് ആരോഗ്യ പ്രവർത്തകർ സ്വന്തം ജീവൻ പണയംവച്ചാണ് ജോലി ചെയ്തുവന്നിരുന്നത്. ആ സാഹചര്യത്തിൽ അവരുടെ ജീവൻ രക്ഷിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന്റേതായതിനാൽ അടിയന്തര സാഹചര്യത്തിൽ ഒരുക്കേണ്ട ജീവൻരക്ഷാ ഉപകരണങ്ങൾ അടിയന്തര സ്വഭാവത്തോടുകൂടിതന്നെ വാങ്ങേണ്ടതായിട്ടുണ്ടായിരുന്നു. അതിനുള്ള നടപടികളാണ് ആ ഘട്ടത്തിൽ സ്വീകരിച്ചത്. പി.പി.ഇ. (Personal protective equipment) കിറ്റ് കോവിഡ്-19-ന്റെ ചികിത്സയ്ക്കും പ്രതിരോധത്തിനും അനിവാര്യമായ

ഘടകമായിരുന്നു. പി.പി.ഇ. കിറ്റ് ഇല്ലാതെ ആരോഗ്യ പ്രവർത്തകർ മരിച്ചുവീഴുന്ന അവസ്ഥ നമുക്ക് ഊഹിക്കാൻപോലും കഴിയില്ലായിരുന്നു. കോവിഡ്-19 വന്നപ്പോൾ മാസ്ക്, സാനിറ്റൈസർ, പി.പി.ഇ. കിറ്റ്, ഓക്സീമീറ്റർ തുടങ്ങിയവയ്ക്കെല്ലാം അസാധാരണമായ ഡിമാൻഡ് ആ ഘട്ടത്തിൽ ഉണ്ടായിരുന്നു. പലതും കിട്ടാത്ത അവസ്ഥയുണ്ടായപ്പോൾ ജനങ്ങൾ പരിഭ്രാന്തിയിൽ വിപണിയിൽ കിട്ടാവുന്നത്രയും മാസ്കുകളും സാന്നിറ്റൈസറുകളും വാങ്ങി കൂട്ടുന്ന സ്ഥിതിയുണ്ടായി. രാജ്യത്തെ ഏറ്റവും പ്രധാന നഗരങ്ങളിൽപ്പോലും ഓക്സിജൻ സിലിണ്ടർ ലഭിക്കാതെ വന്നു. പക്ഷെ, നമ്മുടെ കേരളത്തിൽ അങ്ങനെയൊരു അവസ്ഥയുണ്ടായില്ല. ഇവിടെ ചികിത്സ ലഭ്യമാകാതെ ഒരാൾക്കും വിഷമിക്കേണ്ടിയും വന്നില്ല. പൂർണ്ണവും സൗജന്യവുമായ ചികിത്സയാണ് സർക്കാർ ഉറപ്പുവരുത്തിയത്. അതുവരെ ആരും അഭിമുഖീകരിക്കാത്ത പരിഭ്രാന്തകരമായ സാഹചര്യമായിരുന്നു. എത്രകാലം ഈ മഹാമാരി നിലനിൽക്കും, എന്ന് അവസാനിക്കും എന്നൊന്നും ആർക്കും പ്രവചിക്കാൻ കഴിയാത്ത അവസ്ഥ. ആ സമയത്ത് സ്റ്റോർ പർച്ചേഴ്സ് റൂളിലെ വ്യവസ്ഥകൾ പാലിച്ച് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്ത്, അത് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചതിനുശേഷം ഫിനാൻഷ്യൽ

ബിഡ് ഓപ്പൺ ചെയ്ത് ഫിനാൻഷ്യൽ ഫീസിബിലിറ്റിയും പരിശോധിച്ച് അതിന് രണ്ടിനും അംഗീകാരം ലഭിച്ചതിനുശേഷം ഓപ്പൺ ടെണ്ടറിലേക്കുപോയി കുറഞ്ഞ വിലയും കൂടിയ വിലയും നൽകിയ കമ്പനികളോട് നെഗോസിയേഷൻ നടത്തി അന്തിമ വില ഉറപ്പിച്ചതിനുശേഷം ആവശ്യമെങ്കിൽ നിയമ വകുപ്പിനെയും കാണിച്ച് കരാർ ഒപ്പിട്ടാൽ മതിയായിരുന്നുവെന്നാണോ പ്രതിപക്ഷം ഇപ്പോൾ പറയുന്നത്? ആ ഘട്ടത്തിൽ ഒരു പ്രത്യേക സാഹചര്യമായിരുന്നില്ലേ; ആ സാഹചര്യം നമ്മളെ പലതിനും നിർബന്ധിക്കില്ലേ; അന്ന് എന്താണ് ചെയ്തത്? ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഒരു ഔദ്യോഗിക വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി ആവശ്യമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി അടിയന്തര ആവശ്യത്തിനായുള്ള സാധനങ്ങൾ അതിവേഗത്തിൽ ലഭ്യമാക്കാനാണ് നടപടികൾ സ്വീകരിച്ചത്. അതിന് കാലതാമസം വരുത്തി ആളുകളെ മരണത്തിലേക്ക് തള്ളിവിടാൻ പാടില്ല എന്ന ഒറ്റ ഉദ്ദേശ്യമേയുണ്ടായിരുന്നുള്ളൂ. അത്തരം ഘട്ടങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങൾക്ക് ദൗർലഭ്യതയും വിലക്കൂടുതലും സ്വാഭാവികമാണ്. ആ സന്ദർഭത്തിന്റെ ആവശ്യമനുസരിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒരു അസ്വാഭാവികതയും അതിലില്ല.

പി.പി.ഇ. കിറ്റുകൾ ഉൾപ്പെടെ സുരക്ഷാ സൗകര്യങ്ങൾ ലഭ്യമാകാത്ത അവസ്ഥ കേരളത്തിലുണ്ടായില്ല. കേരളത്തിന് പുറത്ത് ഇത്തരം സുരക്ഷാ ഉപകരണങ്ങൾ ലഭിക്കാതെ കോവിഡ്-19-ന് അടിപ്പെട്ട് ജീവഹാനി വന്ന ആരോഗ്യ പ്രവർത്തകർ നിരവധിയാണ്. പി.പി.ഇ. കിറ്റ് വിഷയത്തിൽ സി.&എ.ജി.-ക്ക് ഉചിതവും വ്യക്തവുമായ മറുപടി സർക്കാർ നൽകിയിട്ടുള്ളതാണ്. ഈ വിഷയം സഭയിലും ഒന്നിലേറെ തവണ ഉന്നയിച്ചിട്ടുള്ളതും മറുപടി പറഞ്ഞിട്ടുള്ളതുമാണ്. മറ്റ് സംസ്ഥാനങ്ങളും ഏജൻസികളും ജീവൻരക്ഷാ ഉപകരണങ്ങൾ വൻതോതിൽ വാങ്ങിക്കൂട്ടുന്ന നിലയാണ് അന്നുണ്ടായിരുന്നത്. അന്ന് പി.പി.ഇ. കിറ്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് 10.23 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായതായി സി.&എ.ജി പറയുന്നുവെന്നാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കോവിഡ്-19 കാലവും സാധാരണ കാലവും തമ്മിലുള്ള വ്യത്യാസം കേവലം കണക്കുകൾ കണ്ടാൽ മനസ്സിലാകുകയില്ല. യാന്ത്രികമായി അക്കങ്ങൾ മാത്രം കൂട്ടി നോക്കുമ്പോൾ യഥാർഥ വസ്തുത കാണാൻ കഴിയില്ല. ഇവിടെ സംഭവിച്ചതും അതുതന്നെയാണ്. 2016-17 മുതൽ ആറ് വർഷത്തെ ഡാറ്റയെടുത്ത് മൊത്തത്തിലുള്ള ഏറ്റക്കുറച്ചിലുകൾ കണക്കാക്കിയാൽ കോവിഡ്-19 എന്ന

അസാധാരണ കാലഘട്ടത്തിലെ നിരക്കും തീരുമാനങ്ങളും കോവഡ്-19-ന് മുമ്പും ശേഷവുമുള്ള കാലഘട്ടത്തിലെ നിരക്കുമായി ഇടകലർത്തി അവ്യക്തത സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ വർഷത്തിലെയും പ്രത്യേകം പ്രതിപാദിക്കുന്നതിന് പകരം മൊത്തത്തിൽ ഇങ്ങനെ പ്രതിപാദിക്കുന്നത് ആശയക്കുഴപ്പമുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. കോവിഡ് മഹാമാരിക്ക് മുമ്പുള്ള 545 രൂപ എന്ന മാർക്കറ്റ് റേറ്റ് താരതമ്യം ചെയ്ത് കോവഡ്-19 കൊടുമ്പിരി കൊള്ളുമ്പോൾ പല അസംസ്കൃത വസ്തുക്കളും ലഭ്യമല്ലാതിരുന്ന സമയത്തോ അല്ലെങ്കിൽ ഗതാഗതം, ഇറക്കുമതി എന്നിവ പ്രയാസം വന്ന സമയത്തോ വന്ന വില വർധന കണക്കിലെടുക്കാതെയാണ് ഇത്തരത്തിൽ പരാമർശം വന്നത്. ഇക്കാര്യത്തിന് 2023 നവംബർ മാസത്തിൽ സർക്കാർ നൽകിയ മറുപടിയിൽ കൃത്യമായ വിശദീകരണം നൽകിയിട്ടും വീണ്ടും ഇതേ വിഷയം ഓഡിറ്റ് പരാമർശമായി ഉന്നയിച്ചിരിക്കുകയാണ്. സി.&എ.ജി., അവരുടെ റിപ്പോർട്ടിൽ എടുത്തുപറയുന്ന കാര്യം സൂചിപ്പിക്കാം. 28-03-2020-ന് ഒരു കമ്പനിക്ക് 25000 പി.പി.ഇ. കിറ്റിന് ഓർഡർ നൽകി, അൻപത് ശതമാനം അഡ്വാൻസും നൽകി. ബാക്കി അൻപത് ശതമാനം തുക മുഴവൻ പി.പി.ഇ.

കിറ്റും കമ്പനി വിതരണം ചെയ്തതിനുശേഷം നൽകാമെന്ന് ഉറപ്പും കൊടുത്തു. 19 ദിവസം കഴിഞ്ഞിട്ടും പതിനായിരം എണ്ണം സപ്ലൈ ചെയ്യാൻ മാത്രമെ അവർക്ക് സാധിച്ചുള്ളൂ. അതിനുശേഷം ഇ-മെയിലായും ഫോൺ കോളുകൾ വഴിയും നിരവധി തവണ ഈ കമ്പനിയുമായി ബന്ധപ്പെട്ടുവെങ്കിലും അവർക്ക് ബാക്കി അൻപത് ശതമാനം അതേ വിലയ്ക്ക് വിതരണം ചെയ്യാൻ സാധിച്ചില്ല. ആ ഘട്ടത്തിൽ സർക്കാരിന് പി.പി.ഇ. കിറ്റ് കിട്ടിയേ തീരൂ. ഓർഡർ ലഭിച്ച കമ്പനിക്ക് പി.പി.ഇ. കിറ്റ് സപ്ലൈ ചെയ്യാനുള്ള കഴിവില്ലെന്ന് അവരുടെ പ്രവർത്തിയിലൂടെ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്പനിയുമായുള്ള പർച്ചേസ് ഉത്തരവ് റദ്ദാക്കിയത്. അവർക്ക് നൽകിയതുപോലെ അൻപത് ശതമാനം തുക അഡ്വാൻസ് നൽകി മറ്റൊരു കമ്പനിക്ക് അൻപതിനായിരം പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള ലെറ്റർ ഓഫ് ഇന്റെന്റ് കെ.എം.എസ്.സി.എൽ. (Kerala Medical Services Corporation Limited) നൽകി. അപ്പോഴാണ് 2020 ഏപ്രിൽ മാസം 15-ാം തീയതി തദ്ദേശീയമായൊരു സ്ഥാപനം പി.പി.ഇ. കിറ്റ് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ മുന്നോട്ടുവന്നത്. അപ്പോൾതന്നെ കൂടിയ വിലയുള്ള ഓർഡർ കാൻസൽ ചെയ്ത് കുറഞ്ഞ വിലയ്ക്ക് 37000 എണ്ണം

വാങ്ങി. ഇതാണ് വസ്തുത. സി.&എ.ജി. റിപ്പോർട്ട് അന്തിമമല്ല. നിയമസഭയിൽ സമർപ്പിക്കപ്പെട്ട ഈ റിപ്പോർട്ട് ശ്രീ. സണ്ണി ജോസഫ് അധ്യക്ഷനായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയാണ് പരിശോധിക്കേണ്ടത്. എല്ലാ വിവരങ്ങളും ആ സാഹചര്യവുമെല്ലാം അവിടെ പരിശോധിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സ്വാഭാവികമായും ഉദ്യോഗസ്ഥന്മാർ നൽകിയ റിപ്പോർട്ടാണ് അങ്ങ് വായിച്ചത്. അതിൽ അവാസ്തവമായ കാര്യങ്ങളാണുള്ളത്. എന്റെ കൈയിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ രേഖകളാണുള്ളത്. 28-3-2020-ന് വൈകുന്നേരം 5.55-ന് ഇവർ ഫയലിൽ കുറിപ്പ് എഴുതുകയാണ്. 550 രൂപയ്ക്ക് 25000 പി.പി.ഇ. കിറ്റുകൾ തരാമെന്ന് പറയുന്ന കമ്പനിയോട് പിന്നെയും വിലകുറയ്ക്കാൻ നെഗോഷിയേറ്റ് ചെയ്യുന്നു. അവർ വില കുറയ്ക്കാൻ തയ്യാറാകാത്തതുകൊണ്ട് ഓഫർ ചെയ്ത 25000 പി.പി.ഇ. കിറ്റുകൾ വാങ്ങാതെ 10000 എണ്ണം മാത്രമാണ് വാങ്ങുന്നത്. 550 രൂപയിൽനിന്ന് കുറയ്ക്കാൻ തയ്യാറാകാത്തതുകൊണ്ടാണ് 15000 പി.പി.ഇ. കിറ്റുകൾ കുറച്ച് വാങ്ങാനുദ്ദേശിച്ചത്. എന്നാൽ അതേദിവസം ഏകദേശം ഒന്നരമണിക്കൂർ

കഴിഞ്ഞപ്പോൾ 7.28-ന് വേറൊരു കമ്പനിയിൽനിന്ന് 1550 രൂപയ്ക്ക് പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിന് ഒന്നരമണിക്കൂർകൊണ്ട് ഇൻഡന്റ് കൊടുക്കുകയാണ്. ഇവർ സപ്ലൈ ചെയ്യാത്തതുകൊണ്ടല്ല. 1550 രൂപയ്ക്ക് തരാമെന്നുപറഞ്ഞ കമ്പനിക്ക് 100 ശതമാനം അഡ്വാൻസും 550 രൂപയ്ക്ക് തരാമെന്ന് പറഞ്ഞ കമ്പനിക്ക് 50 ശതമാനം അഡ്വാൻസും കൊടുത്തിട്ടും ആദ്യം വന്നത് 550 രൂപയുടെ പി.പി.ഇ. കിറ്റുകളാണ്. ഇവർ മുഴുവൻപോലും സപ്ലൈ ചെയ്തിട്ടില്ല, അത് വളരെ വൈകിയാണ് ലഭിച്ചത്. അങ്ങ് ഇത് പരിശോധിക്കണം. മെഡിക്കൽ സർവീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് വലിയ അഴിമതി ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്. അങ്ങ് സി.&എ.ജി. റിപ്പോർട്ട് സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞോളൂ. എന്റെ കൈയിലുള്ള രേഖയാണ് ഞാൻ പറഞ്ഞത്. ഒന്നര മണിക്കൂറിനുള്ളിൽ 550 രൂപ വേണ്ടെന്ന് വച്ച് 1550 രൂപയ്ക്ക് വാങ്ങിയ കഥയാണിത്. അതിന് എന്ത് ന്യായീകരണം പറഞ്ഞാലും ഇതാണ് വാസ്തവം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാനിവിടെ സി.&എ.ജി. റിപ്പോർട്ടിന്റെ ഭാഗമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞകാര്യം പ്രത്യേക പ്രശ്നമാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ

പരിശോധിക്കാം. സർക്കാരിന് ഇതിൽ ഒന്നുംതന്നെ മറച്ചുവയ്ക്കാനില്ല. എല്ലാ വിവരങ്ങളും സി.&എ.ജി.-ക്കും നിയമസഭയ്ക്കും നൽകിയിട്ടുണ്ട്. ബാക്കി കാര്യങ്ങൾ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുന്നതാണ്. ജമാഅത്തെ ഇസ്ലാമി അമീറിനെ ഞാൻ കണ്ടുവെന്ന് ബഹുമാനപ്പെട്ട കെ. പി. എ. മജീദ് ഇവിടെ പറയുകയുണ്ടായി. അതിന്റെ ഫോട്ടോ ഉയർത്തി കാണിക്കുകയും ചെയ്തു. ഞാൻ പോയി അദ്ദേഹത്തെ കണ്ടതാണോ എന്നെ അദ്ദേഹം വന്ന് കണ്ടതാണോയെന്ന് നോക്കിയാൽ മനസ്സിലാകും. ഞാൻ കേരളത്തിന്റെ മുഖ്യമന്ത്രിയെന്നുള്ള നിലയിൽ എന്നെ കാണാൻ പലരും വരില്ലേ; അതിലെന്താണ് മറച്ചുവയ്ക്കാനുള്ളത്; ജമാഅത്തെ ഇസ്ലാമിയുടെ സാധാരണ രീതിയെന്താണ്; അവരുടെ ആളുകൾ എല്ലാവരുടെയും അടുത്തുപോയി കാര്യങ്ങൾ വിശദീകരിക്കാറുണ്ടല്ലോ; നിങ്ങളാരെങ്കിലും അവരോട് വരേണ്ടായെന്ന് പറയുമോ; അതുകൊണ്ട് അവരോടുള്ള നിലപാടിൽ വ്യത്യാസമുണ്ടോ; ഞാനൊരു ഘട്ടത്തിലെകാര്യം ഓർക്കുകയാണ്. ഞാൻ പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ ജമാഅത്തെ ഇസ്ലാമിയുടെ ഒരു കൂട്ടർ എന്നെ കാണാൻ വരികയും എന്നോട് സംസാരിക്കുമ്പോൾ ഇവർ നമ്മുടെ സോളിഡാരിറ്റിയുടെ ആളുകളാണെന്ന്

പറഞ്ഞപ്പോൾ ഇവരെല്ലേ നമ്മുടെ ഏറ്റവും വലിയ സാമൂഹ്യവിരുദ്ധർ എന്ന് ഞാൻ പറയുകയും ചെയ്തു. അത് കേട്ടപ്പോൾ അവർ ചിരിക്കുകയും ചെയ്തു. നിങ്ങൾ ഏത് കാര്യത്തെയാണ് എതിർക്കാതിരുന്നത്; ഈ നാട്ടിൽ വരുന്ന എല്ലാ കാര്യങ്ങളും നിങ്ങൾ എതിർത്തുകൊണ്ടിരിക്കുകയല്ലേ ചെയ്യുന്നത്; എന്നെ കാണാൻ ആരെങ്കിലും വന്നാൽ ഞാൻ അവരെ കാണാൻ സമ്മതിക്കുകയും എനിക്ക് പറയാനുള്ള കാര്യങ്ങൾ അവരോട് പറയുകയും ചെയ്യുന്നതാണ് എന്റെ രീതി. അക്കാര്യം ശ്രീ. കെ. പി. എ. മജീദ് മനസ്സിലാക്കേണ്ടതുണ്ട്. പക്ഷേ യു.ഡി.എഫ്. കൺവീനർ ജമാഅത്തെ ഇസ്ലാമി അമീറിന്റെ വീട്ടിൽപോയി കണ്ടത് അങ്ങയുടെ ഓർമ്മയിലുണ്ടാകുമല്ലോ?

ബഹുമാന്യനായ എം. വിൻസെന്റ് സംസാരിച്ചപ്പോൾ കേന്ദ്രത്തിനെതിരെ ഒന്നും പറഞ്ഞില്ലെന്ന് പറഞ്ഞിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിങ് (VGF) വിഷയത്തിൽ ഒന്നും പറഞ്ഞില്ല. അക്കാര്യങ്ങൾ വ്യക്തമായി നിലപാട് എടുത്തതാണ്. അതിൽ ഒന്നിച്ച് ശബ്ദമുയർത്തേണ്ടതുണ്ടെന്ന നിലപാടാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

മറ്റൊരു കാര്യം, ബ്രൂവറി, എഥനോൾ എന്നൊക്കെ പറഞ്ഞ് കുറച്ചുദിവസങ്ങളായി മത്സരിച്ച് ഇവിടെ പറയുകയാണ്. ഈ സഭയിൽ മറ്റ് ചില നീക്കങ്ങളും വരുന്നുവെന്ന അശരീരികൾ കേൾക്കുന്നുണ്ട്. ഏതായാലും മുൻ പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിലാണ് ഇത് ഗൗരവമായി ഉന്നയിക്കപ്പെട്ടത്. ഇക്കാര്യത്തിൽ സംശയിക്കത്തക്ക വിധത്തിൽ യാതൊന്നുമില്ല. 2022-23-ലെ സർക്കാരിന്റെ മദ്യനയത്തിലെ ആമുഖത്തിൽ പറഞ്ഞകാര്യം ഞാൻ ഉദ്ധരിക്കാം. 'ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും മറ്റ് സംസ്ഥാനങ്ങളിൽനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. മാത്രമല്ല, ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുവായ ENA (Extra Neutral Alcohol) പൂർണ്ണമായി സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. കേരളത്തിൽ നിർമ്മിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ നല്ലൊരുപങ്കും സംസ്ഥാനത്തിന് പുറത്തുള്ള മദ്യ ഉൽപാദന കമ്പനികൾ കേരളത്തിലെ ഡിസ്റ്റിലറികളുടെ ടൈഅപ്പ് വഴി നിർമ്മിക്കുന്നതാണ്. ഇതുമൂലം സംസ്ഥാനത്തിനുണ്ടാകേണ്ട വരുമാനവും തൊഴിലവസരങ്ങളും നഷ്ടപ്പെടുകയാണ്. കേരളത്തിനാവശ്യമായ ഇന്ത്യൻ നിർമ്മിത വിദേശമദ്യമോ ബിയറോ ഇവിടെ ഉൽപാദിപ്പിക്കാൻ കഴിയുന്നില്ല.

കേരളത്തിൽ നിലവിലുള്ള സ്ഥാപനങ്ങളിൽ ഉൽപാദനം വർധിപ്പിക്കുക, പുതിയ യൂണിറ്റുകൾ ആരംഭിക്കുക എന്നിവയാണ് അതിനുള്ള പരിഹാരം. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഇതാണ് 2022-23-ലെ മദ്യ നയത്തിന്റെ ആമുഖം. 24-ാം പാരഗ്രാഫിലെ ഉദ്ധരണിയിൽ "സംസ്ഥാനത്ത് മദ്യ ഉൽപാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകും. ആയതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകും' ' എന്നാണ് പറയുന്നത്. 22-ാം പാരഗ്രാഫിലെ ഉദ്ധരണിയിൽ നിലവിലുള്ള നിയമം അനുസരിച്ച് യോഗ്യതയുള്ളവർക്ക് ബ്രൂവറി ലൈസൻസ് അനുവദിക്കുമെന്നാണ് പറയുന്നത്. 2023-24-ലെ മദ്യനയത്തിന്റെ ആമുഖത്തിൽ സംസ്ഥാനത്തെ ഉപഭോഗത്തിന് ആവശ്യമായി ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും ഇവിടെത്തന്നെ നിർമ്മിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമെന്നും എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. ഇതിൽ കൂടുതൽ എന്ത് വിശദീകരണമാണ് വേണ്ടത്; മദ്യനയത്തിൽ സുവ്യക്തമായി

സർക്കാർ പ്രഖ്യാപിച്ച കാര്യങ്ങളാണ് നടപ്പാക്കാൻ ശ്രമിച്ചിട്ടുള്ളത്. കേരളത്തിൽ നിലവിൽ പത്ത് ഡിസ്റ്റിലറികളും എട്ട് ബ്ലെൻഡിങ് യൂണിറ്റുകളും രണ്ട് ബ്രൂവറിയും പ്രവർത്തിക്കുന്നുണ്ട്. 10 ഡിസ്റ്റിലറികളിൽ ഏഴും ആരംഭിച്ചത് കോൺഗ്രസ്സ് സർക്കാരുകൾ ഭരിക്കുമ്പോഴാണ്. രണ്ട് ബ്രൂവറിയും ആരംഭിച്ചത് കോൺഗ്രസ്സ് കാലത്താണ്. ടെൻഡർ വിളിച്ചിട്ടായിരുന്നോ ഇതിൽ ഏതെങ്കിലും ആരംഭിച്ചത്? വ്യവസായ നിക്ഷേപങ്ങൾ ടെൻഡർ വിളിച്ചല്ല അനുവദിക്കാറുള്ളതെന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യമല്ലേ; നാട്ടിലൊരു വ്യവസായം തുടങ്ങുന്നതിന് ടെൻഡർ വിളിക്കുന്നത് എങ്ങനെയാണ്; ഈ വിഷയത്തിൽ മത്സരാധിഷ്ഠിതമായ കാര്യങ്ങളില്ലാത്തതിനാൽ ടെൻഡർ നടപടികൾ അപ്രസക്തമാണ്. ഇനിയും നിക്ഷേപകർ ഇതുപോലെ ഗുണപരമായ നിർദേശവുമായി വന്നാൽ സർക്കാർ പ്രോൽസാഹിപ്പിക്കുകതന്നെ ചെയ്യും. കേന്ദ്രസർക്കാരിന്റെ എണ്ണ കമ്പനികൾക്കുള്ള എഥനോൾ നിർമ്മാണത്തിന് കേരളത്തിൽനിന്നും സെലക്ഷൻ പ്രോസസ്സിൽ തിരഞ്ഞെടുക്കപ്പെട്ടത് ഇവർ മാത്രമാണ്. കേന്ദ്ര സർക്കാർ സുതാര്യമായ നടപടികളിലൂടെ നടത്തിയ സെലക്ഷൻ പ്രോസസ്സിലൂടെയാണ് ഈ തിരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. 1999-ലെ

ഉത്തരവ് സംബന്ധിച്ച് ഇവിടെ ഉന്നയിച്ചിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന അപേക്ഷകളുടെ കാര്യത്തിലെ തീരുമാനമായാണ് ആ ഉത്തരവ് പുറത്തിറങ്ങിയത്. ഇതിനുശേഷവും കേരളത്തിൽ മദ്യ നിർമ്മാണശാലകൾ ആരംഭിച്ചിട്ടുണ്ട്. 2000-ൽ രണ്ട് ബ്ലെൻഡിങ് ആൻഡ് ബോട്ടിലിങ് പ്ലാന്റുകൾ പ്രവർത്തനം ആരംഭിച്ചു. 2003-ലെ യു.ഡി.എഫ്. ഭരണകാലത്താണ് തൃശ്ശൂരിലെ മലബാർ ബ്രൂവറി ബിയർ നിർമ്മാണം തുടങ്ങിയത്. അതിന് പ്രവർത്തനാനുമതി നൽകാൻ തടസ്സമൊന്നുമുണ്ടായിട്ടില്ല. 2022-ലാണ് പാലക്കാട് മലബാർ ഡിസ്റ്റിലറിക്ക് ബ്ലെൻഡിങ് യൂണിറ്റ് നിർമ്മിക്കാൻ അനുമതി നൽകിയത്. 1999-ലെ ഉത്തരവ് ആ സമയത്തേയ്ക്കുള്ള ഉത്തരവ് മാത്രമാണെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതാണ്. ഇവിടെ സർക്കാർ അംഗീകരിച്ച് പ്രഖ്യാപിച്ച മദ്യനയത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികളേ ഉണ്ടായിട്ടുള്ളൂ. 2024-ൽ 39.55 കോടി ലിറ്റർ ഇ.എൻ.എ.-യും എഥനോളുമെന്നാണ് എക്സൈസ് കണക്കുകൾ പ്രകാരം കേരളത്തിലേക്ക് വന്നിട്ടുള്ളത്. ഡിസ്റ്റിലറിക്കുവേണ്ടി 9 കോടി 21 ലക്ഷം ലിറ്റർ ഇ.എൻ.എ., എണ്ണക്കമ്പനികൾക്കായി 30 കോടി 28 ലക്ഷം ലിറ്റർ എഥനോൾ, 8 കോടി 34 ലക്ഷം ഇൻഡസ്ട്രിയൽ സ്പിരിറ്റ്

എത്തിച്ചുവെന്നാണ് കണക്കുകളിൽ വ്യക്തമാകുന്നത്. ഇതിൽ പകുതിയോളം എത്തിച്ചത് മഹാരാഷ്ട്ര, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നാണ്. 3000 കോടിയിലേറെ രൂപയാണ് ഇങ്ങനെ അന്യസംസ്ഥാനത്തേക്ക് ഒഴുകുന്നത്. ശരാശരി ലിറ്ററിന് 10 രൂപ ട്രാൻസ്പ്പേർട്ടേഷൻ ചാർജ് വരും. അങ്ങനെ വന്നാൽ മാത്രം 400 കോടിയോളം രൂപയാണ് ട്രാൻസ്പ്പോർട്ടേഷൻ ചാർജ്. കേരളത്തിൽ നിർമ്മാണം ആരംഭിച്ചാൽ ട്രാൻസ്പ്പോർട്ടേഷൻ ചാർജ് രണ്ട് രൂപയായി കുറയും. ഈയിനത്തിൽ മാത്രം 300 കോടി രൂപയിലധികം തുക സംസ്ഥാനത്ത് ലാഭിക്കാൻ കഴിയും. 600 കോടി രൂപയുടെ വികസന പദ്ധതി പ്രാദേശിക സാമ്പത്തിക വികസനത്തിന് മുതൽക്കൂട്ടാകും. സ്ഥാപനത്തിന്റെ ഭാഗമായി നടക്കുന്ന വ്യാപാര ഇടപാടുകളും വലിയ നേട്ടമാണ്. 600 കോടി രൂപയുടെ നിക്ഷേപമാണ് പദ്ധതിയിലൂടെ ലഭ്യമാകുന്നത്. അത് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതോടെ 650 പേർക്ക് പ്രത്യക്ഷമായും 2000 പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പാക്കാനാകും. നിക്ഷേപ പദ്ധതി സ്വീകരിക്കണോ വേണ്ടയോ എന്നത് പൂർണ്ണമായും സർക്കാരിന്റെ വിവേചന അധികാരമാണ്. പൂർണ്ണമായും സംസ്ഥാനത്തിന് ഗുണമുള്ള നിർദേശങ്ങൾ ലഭിച്ചാൽ സർക്കാർ തന്നെയാണ് അനുമതി നൽകുന്നത്. പ്രാഥമിക

അനുമതിയാണ് നൽകിയിരിക്കുന്നത്. ഈ ഘട്ടത്തിൽ പഞ്ചായത്തിനെ കൺസൾട്ട് ചെയ്യില്ല. Ease of doing business സിംഗിൾ വിൻഡോ സിസ്റ്റം വഴിയാകും ഈ പദ്ധതിക്ക് ഇനി അംഗീകാരം നൽകുക. ഈ ബോർഡിൽ പഞ്ചായത്തിന്റെ പ്രതിനിധിയും അംഗമാണ്. മികച്ച പദ്ധതികൾ അംഗീകരിച്ചുകൊണ്ടുതന്നെ സർക്കാർ മുന്നോട്ടുപോകും. Ease of doing business-ൽ കേരളം ഒന്നാമതായത് ഈ തുറന്ന നിലപാട് കൊണ്ടുതന്നെയാണ്. ആദ്യഘട്ടത്തിൽ പ്രതിദിനം അൻപതിനായിരം ലിറ്ററും പിന്നീട് പൂർണ്ണതോതിൽ എത്തുമ്പോൾ അഞ്ച് ലക്ഷം ലിറ്ററുമാണ് പ്ലാന്റിന് ആവശ്യമായി വന്നിരിക്കുന്നത്. ജല അതോറിറ്റി വഴിയും മഴവെള്ള സംഭരണിവഴിയുമാണ് ഈ ജലം ലഭിക്കുകയെന്നാണ് സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ പറയുന്നത്. ജല അതോറിറ്റിയുടെ വെള്ളം കിൻഫ്ര ലൈനിൽനിന്നാണ് ലഭ്യമാക്കാൻ നിർദേശിച്ചിരിക്കുന്നത്. കഞ്ചിക്കോട് കിൻഫ്രയിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ ലൈൻ ഇതുവരെയും എത്തിയിട്ടില്ല. ആയതിന്റെ പ്രവൃത്തി പുരോഗമിക്കുകയാണ്. ഈ ലൈൻ എത്തുമ്പോൾ കമ്പനിക്ക് ജലം നൽകാനാകും. നിലവിൽ കിൻഫ്രയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മഴവെള്ളസംഭരണി വഴിയും മറ്റ്

ജലസ്രോതസ്സുകൾ വഴിയും ലഭിക്കുന്ന ജലം വിതരണം ചെയ്യുന്നുണ്ട്. പ്രതിദിനം 8 ലക്ഷം ലിറ്റർ വരെയാണ് നൽകുന്നത്. വ്യവസായ സ്ഥാപനങ്ങൾക്ക് ജലം നൽകുന്നത് മഹാപാപമല്ല. കുടിവെള്ളവും ജലസേചനവും ഉറപ്പാക്കി വ്യവസായ സ്ഥാപനങ്ങൾക്കും വെള്ളം കൊടുക്കാം. 31-01-2015-ലെ G.O.(Rt) No. 90/2015/WRD പ്രകാരം കിൻഫ്രയിലേയ്ക്കുള്ള ലൈനിന് അംഗീകാരം കൊടുത്തത് 2011-2016-ലെ ഉമ്മൻ ചാണ്ടി സർക്കാരായിരുന്നു.

ജവാൻ മദ്യം ഉൽപാദിപ്പിക്കുന്ന മലബാർ ഡിസ്റ്റിലറിക്ക് വെള്ളം കൊടുക്കാൻ ജലസേചന വകുപ്പിന് കഴിയുന്നില്ലെന്ന ആരോപണം തെറ്റാണ്. മലബാർ ഡിസ്റ്റിലറിയിൽ ഏത് മദ്യം ഉൽപാദിപ്പിക്കണമെന്നത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല; സാങ്കേതികാനുമതി ഘട്ടത്തിലാണ് പദ്ധതി നിലവിലുള്ളത്. ജവാൻ മദ്യം ഉൽപാദിപ്പിക്കുന്നത് തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സിലാണ്. ഇവിടെ ജലദൗർലഭ്യം കൊണ്ട് ഒരു പ്രശ്നവും നിലവിലില്ല. ഇ.എൻ.എ.-യുടെ ലഭ്യതക്കുറവുമൂലമാണ് കുറച്ചുകാലം മുമ്പ് ജവാൻ നിർമ്മാണത്തിന് തടസ്സം നേരിട്ടത്. ആ പ്രശ്നമുൾപ്പെടെ പരിഹരിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. സീറോ ഡിസ്ചാർജ്

യൂണിറ്റ് സ്ഥാപിക്കപ്പെടുന്നതിനാൽ മാലിന്യമൊന്നും പുറത്തുതള്ളുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കും. കമ്പനിയുടെ ടെക്നോളജിക്ക് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ, കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്ലാന്റ് സജ്ജമായാൽ പാരിസ്ഥിതികാനുമതി വാങ്ങിയശേഷം പ്രവർത്തനമാരംഭിക്കാൻ കഴിയും. വിവിധ കാർഷികോല്പന്നങ്ങളുപയോഗിച്ച് സ്പിരിറ്റ് നിർമ്മിക്കുന്ന ദക്ഷിണേന്ത്യയിലെ ആദ്യത്തെ മൾട്ടി-ഫീഡ് ഡിസ്റ്റിലറി പ്രോജക്ടാണ് പാലക്കാടുള്ളത്. ഇതോടൊപ്പം കോജനറേഷൻ വഴി 6 മെഗാവാട്ട് വൈദ്യുതി ഉൽപാദനവും ലക്ഷ്യമിടുന്നു. കമ്പനിയിൽ ഉൽപാദനപ്രക്രിയയിലുണ്ടാകുന്ന താപോർജത്തിൽനിന്നും ടർബൈൻ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുമെന്നാണ് പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ 3 മെഗാവാട്ട് കമ്പനിയുടെ ആവശ്യത്തിനും ശേഷിക്കുന്ന 3 മെഗാവാട്ട് ഗ്രിഡിലേയ്ക്കും നൽകും. ഉപയോഗശൂന്യമായ അരി, വെജിറ്റബിൾ വേസ്റ്റ്, മരച്ചീനി, ഗോതമ്പ്, സ്വീറ്റ് പൊട്ടറ്റോ, ചോളം എന്നിവയാണ് അസംസ്കൃതവസ്തുക്കൾ. ഇത് കാർഷികമേഖലയ്ക്ക് പുത്തനുണർവേകും. എക്സൈസ് വകുപ്പ്, ബാർ എന്നൊക്കെ കേൾക്കുമ്പോൾ അഴിമതി

ഓർമവരുന്നത് മുൻ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ജനിതകപ്രവർത്തനം തന്നെയാണ്. അതുപക്ഷേ ഞങ്ങളുടേതല്ല.... ഏതായാലും ആ പാപഭാരം ഇങ്ങോട്ട് കെട്ടിവയ്ക്കേണ്ടതില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, മദ്യനയത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അങ്ങ് മദ്യനയം കൊണ്ടുവന്നത് എന്തിനുവേണ്ടിയാണെന്ന് അരിയാഹാരം കഴിക്കുന്ന കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാം. 2018-ൽ നേരത്തെ ഒരു ശ്രമം പരാജയപ്പെട്ടപ്പോഴാണ് പുതിയ മദ്യനയം കൊണ്ടുവന്നത്. ഇവിടെ സിംപിളായ രണ്ട് പ്രശ്നങ്ങളാണ്. കൊക്കക്കോള കമ്പനിയെ പൂട്ടിച്ചവരാണ് പാലക്കാട്ടെ ജനങ്ങളും നിങ്ങളും. മഴനിഴൽ പ്രദേശമായതിനാൽ കുടിവെള്ളമില്ലെന്നുള്ളതാണ് അവിടെയുള്ള അടിസ്ഥാനപ്രശ്നം. കുടിവെള്ളമില്ലാതെ ബുദ്ധിമുട്ടുന്ന ജനങ്ങളുടെ തലയിൽ... Overseas Commercial Private Limited-ന് കോടിക്കണക്കിന് ലിറ്റർ വെള്ളമുപയോഗിച്ചുകൊണ്ടുള്ള ഒരു പ്ലാന്റ് നിർമ്മിക്കുന്നതിന്റെ സാംഗത്യമെന്താണ്? എഥനോൾ നിർമ്മിക്കാൻ വേണ്ടിയാണെന്ന് അങ്ങ് പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനമായ

എണ്ണക്കമ്പനികൾ ഈ കമ്പനിക്ക് സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുന്നത് എഥനോൾ നിർമ്മാണത്തിനാണ്. പെട്രോളിലും ഡീസലിലും എഥനോൾ മിക്സ് ചെയ്യേണ്ടത് ആവശ്യമായതിനാലാണ് എഥനോൾ നിർമ്മിക്കാൻവേണ്ടി ഈ കമ്പനിക്ക് അനുവാദം കൊടുത്തത്. അല്ലാതെ അങ്ങ് പറഞ്ഞിട്ടുള്ള ബ്രാണ്ടി നിർമ്മാണമോ സ്പിരിറ്റ് നിർമ്മാണമോ മറ്റ് കാര്യങ്ങൾക്കോ അല്ല ഇവർ ക്വാളിഫൈ ചെയ്തിട്ടുള്ളത്. അങ്ങ് പറയുന്നത് ഈ കമ്പനിക്ക് അനുകൂലമായി പറയുന്ന വാദം മാത്രമാണ്. ജനങ്ങൾ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന മഴനിഴൽ പ്രദേശമായ അവിടെ പഞ്ചായത്തുപോലും അറിയാതെ ഇങ്ങനെയൊരു പദ്ധതി കൊണ്ടുവരുമ്പോൾ അതുണ്ടാക്കുന്ന സാമൂഹികപ്രശ്നങ്ങളാണ് ഇവിടെ പ്രശ്നം. പിന്നെ അങ്ങ് ടെൻഡർ വിളിക്കണമെന്ന് പറഞ്ഞു. സി. അച്യുതമേനോന്റെ ഗവൺമെന്റിന്റെ കാലത്ത് ടെൻഡർ വിളിച്ചതിന്റെ അടിസ്ഥാനത്തിലാണ് 1999-ലെ ഓർഡർ വന്നത്. ഇക്കാര്യം അങ്ങ് പരിശോധിച്ചുനോക്കുക.... ഇത്രയും വലിയൊരു പദ്ധതി അവിടെ വരുമ്പോൾ ആരുമറിയാതെ ഒരു കമ്പനിയെ വിളിച്ചിട്ട് അവർക്കത് കൊടുക്കുന്നതിലുള്ള അപാകതയും

അഴിമതിയും തന്നെയാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് വാസ്തവമല്ലെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തീർച്ചയായും. അങ്ങ് കേരളത്തിലെ പ്രധാനപ്പെട്ടയാളാണെന്ന ധാരണയിൽ കേരളത്തിന്റെ താല്പര്യവുംകൂടി മനസിൽ വച്ചുകൊണ്ട് നീങ്ങണമെന്നുമാത്രമെ എനിക്ക് അഭ്യർഥിക്കാനുള്ളൂ. ഒരു പദ്ധതി നടപ്പാക്കാൻ ഒരു കമ്പനി വരുമ്പോൾ സാധാരണഗതിയിൽ അതിന് ടെൻഡറിന് പോകില്ല. ഇപ്പോൾ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കാൻവേണ്ടി ടാറ്റ ഗ്രൂപ്പ് വരുന്നെന്ന് വിചാരിക്കുക. ടാറ്റ ഗ്രൂപ്പിനോട് ഞങ്ങൾ വേറെ ടെൻഡർ വിളിക്കട്ടെ... എന്നിട്ട് നിങ്ങളുടെ കാറിന്റെ നിർമ്മാണം ഇവിടെ നടത്താൻ പറ്റുമോ എന്നുള്ളത് ആലോചിക്കാം എന്ന് പറയാൻ കഴിയുമോ? ശരിയായരീതിയിൽ നമുക്ക് അംഗീകരിക്കാൻ പറ്റിയ ഒരു പദ്ധതിയാണോ എന്നുള്ളതാണല്ലോ പരിശോധിക്കുന്നത്. അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഇനിയും വന്നാൽ ഇനിയും നൽകുമെന്നുള്ളത് തന്നെയാണ് ഈ നയത്തിന്റെ അർഥം. അങ്ങ് ഇവിടെ പ്രകടിപ്പിച്ച ആശങ്ക വെള്ളത്തിന്റേതാണ്. വെള്ളത്തിന് ഏതെങ്കിലും തരത്തിൽ പ്രയാസങ്ങളുണ്ടാക്കുന്ന സാഹചര്യം സർക്കാർ സൃഷ്ടിക്കില്ല. അവിടെയുള്ള

കൃഷിക്കാരുടെയും കുടിവെള്ളം വേണ്ടവരുടെയെല്ലാം താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ നടപടി നടപ്പാക്കിയിരിക്കുന്നതിനാൽ ഒരാശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. ഏതായാലും നമ്മുടെ സംസ്ഥാനത്ത് വരുന്ന ഒരു പദ്ധതി എന്ന നിലയ്ക്കാണ് ഇതിനെ കാണേണ്ടത്.

ഇവിടെ KFC (Kerala Financial Corporation)-യെപ്പറ്റി പറഞ്ഞ കാര്യത്തിൽ, RCFL (Reliance Commercial Finance Ltd.)-ൽ നടത്തിയ നിക്ഷേപവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കമ്പനി മാനേജ്മെന്റ് തന്നെ വ്യക്തമാക്കിയതാണ്. കേന്ദ്ര നിയമമായ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്ടിന്റെ വകുപ്പ് 34 അനുസരിച്ച് KFC-യുടെ നിക്ഷേപ തീരുമാനങ്ങളെല്ലാം കമ്പനി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് നടത്തിയിട്ടുള്ളത്. 2016 ജൂൺ 28-ന് ചേർന്ന ബോർഡ് യോഗമാണ് നിക്ഷേപ തീരുമാനമെടുത്തത്. ആർ.ബി.ഐ., SEBI അംഗീകൃത ക്രെഡിറ്റ് റേറ്റിങ് ഏജൻസികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് $AA^+$ റേറ്റിംഗുള്ള RCFL-ൽ നിക്ഷേപം നടത്താൻ തീരുമാനിച്ചത്. അന്ന് വിപണിയിലുണ്ടായിരുന്ന ഏറ്റവും മികച്ച നിരക്കായ 9.1 ശതമാനം വരുമാനം പരിഗണിച്ചായിരുന്നു തീരുമാനം. ആർ.ബി.ഐ.,

SEBI അംഗീകൃത ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ AA+ റേറ്റിംഗ് നൽകുന്നൊരു സ്ഥാപനത്തിൽ നിക്ഷേപിക്കുന്നത് നഷ്ടസാധ്യത കുറയുമെന്നതും പരിഗണിച്ചിരുന്നു. 2017-18-ൽ ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളുടേതുമായി 10,000 കോടിയോളം രൂപ RCFL-ൽ നിക്ഷേപമുണ്ടായിരുന്നു. ആ സ്ഥാപനം കടുത്ത പ്രതിസന്ധിയിലാകുന്നതിനുമുമ്പുവരെ വായ്പകളുടെ തിരിച്ചടവ് കൃത്യമായിരുന്നു. 2018 ജൂണിനുശേഷം പണവിപണിയിലുണ്ടായ പ്രതിസന്ധികളും ചില പ്രധാന സ്ഥാപനങ്ങളുടെ തകർച്ചയും RCFL-നെ ബാധിച്ചതാണ് KFC-യുടെ നിക്ഷേപം തിരിച്ചുകിട്ടുന്നതിന് പ്രതിസന്ധിയുണ്ടാക്കിയത്. റിലയൻസ് കമ്മ്യൂണിക്കേഷൻ എന്ന സബ്സിഡിയറി കമ്പനിയുടെ മാതൃകമ്പനിയായ റിലയൻസ് ക്യാപ്പിറ്റലിലുണ്ടായിരുന്ന ബാധ്യതകൾ കണക്കിലെടുത്താണ് പിന്നീട് RCFL-നെ ക്രെഡിറ്റ് വാച്ചിങ് റേറ്റിങ്ങിൽ റേറ്റിങ് ഏജൻസികളുൾപ്പെടുത്തിയത്. RCFL തങ്ങളുടെ വായ്പാബാധ്യതകൾ തിരിച്ചുനൽകുന്നതിൽ വീഴ്ചവരുത്തിയതോടെ RBI ഇടപെട്ട് പ്രശ്നപരിഹാരത്തിന് തുടക്കംകുറിച്ചു. നിക്ഷേപകരിലൊന്നായ ബാങ്ക് ഓഫ്

ബറോഡയെ ലീഡ് ബാങ്കായി നിയോഗിച്ച് പരിഹാരപദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെയെല്ലാം ചേർത്ത് നിക്ഷേപകരുമായി ഒരു ധാരണാപത്രമുണ്ടാക്കി. അതനുസരിച്ച് RCFL-ലെ വിവിധ നിക്ഷേപങ്ങളുടെ തരംതിരിവ് നടത്തിയപ്പോൾ KFC നിക്ഷേപിച്ചതിന്റെ 24.96 ശതമാനം മടക്കിക്കിട്ടുമെന്ന നിലയാണുണ്ടായത്. ഇത് KFC അംഗീകരിച്ചില്ല; അവർ തർക്കമുന്നയിച്ച് മുംബൈ ഹൈക്കോടതിയെ സമീപിച്ചു. RCFL-ന്റെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതിന് നടത്തിയ ടെൻഡറിൽ Authum Investment and Infrastructure എന്ന കമ്പനി തിരഞ്ഞെടുക്കപ്പെട്ടു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഹർജിയുടെ അടിസ്ഥാനത്തിൽ ചർച്ചയ്ക്ക് തയ്യാറായ Authum Investment and Infrastructure കമ്പനി KFC-യ്ക്ക് മാത്രം നിക്ഷേപത്തിന്റെ 52 ശതമാനം വരെ മടക്കിനൽകാമെന്ന വാഗ്ദാനം മുന്നോട്ടുവച്ചു. ഈ വാഗ്ദാനം നിലനിൽക്കുമ്പോഴും നിക്ഷേപിച്ച തുക മുഴുവനും തിരികെ ലഭിക്കാനായി മുബൈ ഹൈക്കോടതിയിലെ നിയമനടപടികൾ KFC തുടരുകയാണ്. ഇതാണ് അതുമായി ബന്ധപ്പെട്ട് വ്യക്തമാക്കാനുള്ള കാര്യം. ദേശീയ തലത്തിലുള്ള ചില വിഷയങ്ങൾകൂടി പറയാനുണ്ട്. പക്ഷേ

അതിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ ദീർഘമായി പോകുന്നില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ പുതിയൊരു വികസന പരിപ്രേക്ഷ്യം സൃഷ്ടിച്ചുകൊണ്ടാണ് സംസ്ഥാനം മുന്നേറുന്നത്. രാജ്യത്തിനാകെ മാതൃകയായൊരു നിലയാണിത്. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇവിടെ അധികാരത്തിലുള്ളതുകൊണ്ടാണ് കേരളത്തിന് ഇവിടെ നിൽക്കാൻ സാധിക്കുന്നത്. ഞങ്ങളെ ഏതുവിധേനയും ക്ഷീണിപ്പിച്ച് സംഘ്പരിവാറിനെ ശക്തിപ്പെടുത്താനുള്ള നീക്കങ്ങൾ ഇവിടെ വിലപോകില്ലെന്ന ഉറപ്പ് ഞങ്ങൾക്കുണ്ട്. അതിനാണ് കേൺഗ്രസ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളം വ്യത്യസ്ത മേഖലകളിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ത്വരിതപ്പെടുത്തി നവകേരളം സാധ്യമാക്കാനുതകുന്ന ഒരു നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. കേരളത്തിലെ സർക്കാരും ഇടതുപക്ഷ ജനാധിപത്യമുന്നണിയും കേന്ദ്ര സർക്കാരിനെ വിമർശിക്കുമ്പോൾ അത് ഏറ്റെടുക്കാത്ത കൂട്ടരാണ് കേന്ദ്ര സർക്കാരിനെതിരെ വിമർശനമില്ലെന്ന് പറയുന്നതെന്ന് നാം ഓർക്കേണ്ടതായിട്ടുണ്ട്. ഡൽഹിയിൽ നടത്തിയ സമരത്തെക്കുറിച്ചും

അതിനോട് സ്വീകരിച്ച നിലപാടുകളെ സംബന്ധിച്ചും ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ സമീപനമല്ല, മറിച്ച്, സംസ്ഥാന സർക്കാരിന്റെ ധൂർത്താണ് ധനപ്രതിസന്ധിയുടെ കാരണമെന്നാണ് കോൺഗ്രസ് എടുക്കുന്ന നിലപാട്. അത് ഫലത്തിൽ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിനെ പരോക്ഷമായി പിന്താങ്ങുന്ന/ അവരെ രക്ഷിച്ചെടുക്കാനുള്ളൊരു ശ്രമത്തിന്റെ ഭാഗമായി വന്നതാണ്. ചിലഘട്ടങ്ങളിൽ ബി.ജെ.പി.-യെ സഹായിക്കുന്ന നീക്കങ്ങൾ രാജ്യത്തെമ്പാടും ഉണ്ടാകുന്നുവെന്നത് നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. കോൺഗ്രസിന്റെ ഭാഗത്തുനിന്നും ഇതുണ്ടാകുന്നുണ്ട്. കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ, പി.സി.സി. പ്രസിഡന്റുമാർ, എം.പി.-മാർ, എം.എൽ.എ.,-മാർ അങ്ങനെ സമുന്നതരായ നേതാക്കന്മാർ ഒന്നിനുപുറകെ ഒന്നായി ബി.ജെ.പി.-യിലേയ്ക്ക് ചേക്കേറിയതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കഴിഞ്ഞ എട്ടര വർഷത്തെ കാര്യം പരിശോധിച്ചാൽ ഒറ്റ വർഗ്ഗീയ സംഘർഷം പോലുമുണ്ടാകാത്ത രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. സംഘ്പരിവാർ താൽപര്യങ്ങൾക്ക് അനുസൃതമായി കേരളത്തിൽ കഴിഞ്ഞ എട്ടരവർഷത്തിനിടയിൽ നിരവധി നിലപാടുകൾ കോൺഗ്രസ്

എടുക്കുന്നത് നമ്മൾ കണ്ടതാണ്. തൃശ്ശൂരിലെ വോട്ട് മാറിപോയതും അവിടെ ബി.ജെ.പി. സ്ഥാനാർഥി ജയിച്ചതുമെല്ലാം നമ്മുടെ ശ്രദ്ധയിലുള്ള കാര്യമാണ്. എന്തിനും ഏതിനും എതിർപ്പുമായി വരുന്നത് സാധാരണഗതിയിൽ നാട് അംഗീകരിക്കുന്നില്ലെന്നത് മനസ്സിലാക്കുന്നത് നല്ലതായിരിക്കും. ചൂരൽ മലയിലെയും മുണ്ടക്കൈയിലെയും അതിജീവിതർക്കായി നെടുമ്പാല, എൽസ്റ്റോൺ എസ്റ്റേറ്റുകളിൽ ടൗൺഷിപ്പുകൾ ഒരുക്കുകയാണ്. വളരെ പെട്ടെന്നത് പൂർണ്ണതയിലേയ്ക്കെത്തിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയാണ് പൊതുവെയുള്ളത്. കേരളത്തിന്റെ മാനവവികസന വിഭവശേഷി വിനിയോഗിച്ചുകൊണ്ട് ഇവിടെയൊരു വിജ്ഞാന സമൂഹം പടുത്തുയർത്താനും ക്ഷേമ പദ്ധതികൾക്ക് ഊന്നൽ നൽകാനും ദുരന്താഘാതശേഷിയുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കാനും ഇവിടെ നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം പാസാക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.......... ഓർഡർ......... ശ്രീ. ടി. പി. രാമകൃഷ്ണൻ 2025 ജനുവരി 21-ാം തീയതി സഭയിൽ അവതരിപ്പിച്ച " 2025 ജനുവരി 17-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപത്തിന് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതി ആരും പ്രസ്സ് ചെയ്തില്ല.)

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം അംഗീകരിക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: വോയിസ് വോട്ടിംഗാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും ഫെബ്രുവരി മാസം 7-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഫെബ്രുവരി മാസം 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.)

*********